■ ഡോ. പി.കെ.പോക്കർ

ഭാഷയെ ശക്തിപ്പെടുത്തുന്നതിന് ഇൻസ്റ്റിട്യൂട്ടുകളും സർവകലാശാലാ വകുപ്പുകളുമുണ്ട്. അവ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുന്നതെന്തുകൊണ്ട്?



# എന്തുകൊണ്ട് മലയാളം?

മലയാളഭാഷയെ കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ട കേരളം ഇനി എത്രകാലം മലയാളികളുടെ മാതൃഭൂമി എന്ന് അഭിമാനിക്കുന്നവരുടെ നാടായി അവശേഷിക്കും? ഈ ഒരു ചോദ്യം വെറുതെ അങ്ങ് ചോദിച്ചേക്കുകയാണെന്ന് ആരും കരുതിയേക്കരുത്. കേരളത്തിലെ മലയാളം പഠിപ്പിക്കുന്ന അധ്യാപകർ പോലും അവരുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലാണ് പഠിപ്പിക്കുന്നത്. ഇത് ഏതെങ്കിലും ഒരധ്യാപകന്റെ വ്യക്തിപരമായ ന്യൂനതയോ പരിമിതിയോ മാത്രമായി ചുരുക്കുന്നത് ശരിയല്ല. എങ്കിലും നമ്മുടെ ഗ്രാമങ്ങളിൽ നിന്ന് മലയാളത്തെ സ്നേഹിച്ച് മലയാള ഭാഷ പഠിച്ച് സ്കൂളിലും കോളേജിലും അധ്യാപകരായവർപോലും സ്വന്തം കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിലേക്ക് അയച്ച് പഠിപ്പിക്കാൻ തീരുമാനിക്കുന്നതിലേക്ക് എന്തുകൊണ്ടാണ് എത്തിയതെന്ന് തീർച്ചയായും അന്വേഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. കാരണം അത്തരമൊരന്വേഷണത്തിലൂടെ മലയാള ഭാഷയ്ക്ക് സംഭവിക്കാൻ പോകുന്ന ദുരവസ്ഥ നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞേക്കും.

പ്രത്യേക സാഹചര്യത്തിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്നതോ, മറ്റ് സംസ്ഥാനങ്ങളിലോ രാജ്യങ്ങളിലോ ജോലി ചെയ്യുമ്പോൾ കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം നൽകുന്നതോ പോലെയല്ല കേരളീയർക്കിടയിൽ ഇന്ന് സംക്രമിക്കുന്ന 'ഇംഗ്ലീഷ് പൂജയെ' കാണേണ്ടത്. മറിച്ച് അധിനിവേശത്തിന്റെ യുക്തിക്ക് കീഴടങ്ങി മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യരുടെ അന്തസ്സാരശൂന്യമായ പരിണാമമമായി വേണം ഈ പ്രവണതയെ കാണാൻ. ഇത്തരമൊരു പ്രവണത ആഗോളവത്കരണത്തിന്റെ കാലത്ത് സ്വഭാവികമായും ഉയർന്നുവരാവുന്നതാണ്. എന്നാൽ കേരളീയർക്കിടയിൽ ഈ പ്രവണത ആഗോളവത്കരണപൂർവഘട്ടത്തിൽ തന്നെ വ്യാപിച്ചിട്ടുണ്ടെന്നതാണ് യാഥാർഥ്യം. ഇതുമായി ബന്ധപ്പെട്ട് പല ചോദ്യങ്ങളും ഉയർന്നുവരുന്നുണ്ട്. അവ ഓരോന്നും പരിശോധിക്കേണ്ടത് കേരളത്തെ മലയാളികളുടെ മാതൃഭൂമിയാക്കി നിലനിർത്തണമെന്നാഗ്രഹിക്കുന്നവർക്ക് ഒഴിവാക്കാനാവാത്തതുമാണ്.

ഒന്നാമതായി ഇംഗ്ലീഷ് മാധ്യമത്തിൽ മാത്രം കുട്ടികൾ പഠിച്ചാൽ എന്താണ് കുഴപ്പം? ഒരു ജനതയുടെ ഭാഷാഭിമാനം രൂപപ്പെടുന്നത് അവരുടെ ഇടപെടലുകളും, വിദ്യാഭ്യാസവും, തൊഴിലും രൂപപ്പെടുന്ന സാഹചര്യത്തിൽ നിന്നാണ്. നമ്മുടെ ബുദ്ധിജീവികളിലൊരു വിഭാഗം മലയാളം 'മംഗ്ലീഷ്' ആവുന്നതിനെക്കുറിച്ച് വേവലാതിപ്പെടുന്നത് കേൾക്കാറുണ്ട്. ഏത് ഭാഷയും കാലത്തോടൊപ്പം മാറുമെന്നും മറ്റ് ഭാഷകളിൽ നിന്ന് വാക്കുകളും പ്രയോഗങ്ങളും സ്വീകരിക്കുമെന്നും ആർക്കാണറിയാത്തത്! എങ്കിലും യഥാർഥ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാനാണ് നാം ഇത്തരം അനാവശ്യ സംവാദങ്ങളിലേക്ക് നീങ്ങുന്നതെന്ന് കാണാം. കേരളീയരുടെ, ചുരുങ്ങിയത് സ്കൂൾ വിദ്യാഭ്യാസമെങ്കിലും മലയാളം മാധ്യമത്തിലായാൽ മാത്രമേ നമ്മുടെ കുട്ടികളിലും രക്ഷിതാക്കളിലും മാതൃഭാഷാഭിമാനം വളരുകയുള്ളൂ. മിക്കവാറും കേരളീയർ ജനിച്ചുവീഴുന്നത് മലയാളം സംസാരിക്കുന്ന രക്ഷിതാക്കളുടെ പരിസരത്താണ്. ജന്മസിദ്ധമായും ചുറ്റുപാടിൽനിന്നും ആർജിക്കുന്ന കഴിവിൽ നിന്നും മാതൃഭാഷ പ്രയോഗിക്കാനും മാതൃഭാഷയിൽ ചിന്തിക്കാനും കുട്ടികൾ ശേഷി പ്രകടിപ്പിക്കുമെന്ന കാര്യത്തിൽ ഇന്ന് സംശയത്തിനവകാശമില്ല. ഒരുകാലത്ത് ബ്രാഹ്മണക്കുട്ടികളെ കൃത്യമമായി സംസ്കൃതം പരിശീലിപ്പിച്ചതിന്റെ ദുരന്തം വി.ടി.ഭട്ടതിരിപ്പാട് കർമ്മവിപാകത്തിൽ വിവരിക്കുന്നുണ്ട്. അടുക്കളയിൽ നിന്ന് 'പല ഇങ്ങട്ട് എടുക്ക്' എന്ന് പറയുന്നതിന് പകരം 'കുത്ര ആസനം ദദർശ' എന്നും മറ്റും ബുദ്ധി മുട്ടി സംസാരിക്കാൻ നിർബന്ധിക്കപ്പെട്ടതാണ് വി.ടി ഓർക്കുന്നത്. നമ്മുടെ ഇംഗ്ലീഷ് മീഡിയം കുട്ടികൾ ഇന്ന് അതിനേക്കാൾ വലിയ ക്ലേശമാണ് അനുഭവിക്കുന്നത്. സ്കൂളിൽ ഇംഗ്ലീഷ് മാത്രം. വീട്ടിൽ ഇംഗ്ലീഷ് മനസ്സിലാവുന്നവരും മനസ്സിലാവാത്തവരും! തെരുവിലിറങ്ങിയാൽ ഇംഗ്ലീഷ് വിനിമയം ചെയ്യാൻ കഴിയാത്ത സ്ഥിതി. ടെലിവിഷൻ ചാനലുകളിലെ ജനപ്രിയ കോമാളി വേഷങ്ങളായി നമ്മുടെ കുട്ടികൾ സദാ അഭിനയിച്ചുകൊണ്ടിരുന്നാൽ അവരുടെ ജീവിതം എത്രമാത്രം കപടവും അന്തസ്സാരശൂന്യവുമായിത്തീരും? ഇതൊന്നും സത്യസന്ധമായി ചർച്ച ചെയ്യാൻപോലും നമ്മുടെ പൊതുസ്ഥലം ഉപയോഗിക്കാൻ കഴിയുന്നില്ലെന്നതാണ് അതിനേക്കാൾ വലിയ ഖേദം.

അടുത്ത കാലത്ത് എന്റെ ഒരു സുഹൃത്ത് അദ്ദേഹത്തിന്റെ കുട്ടി ഇഷ്ടപ്പെടുന്നത് പാശ്ചാത്യസംഗീതത്തെയും സംഗീതജ്ഞരെയും മാത്രമാണെന്നും, മലയാള ഗാനങ്ങളോ ഗാനരചയിതാക്കളോ ഒട്ടും സ്വീകാര്യമല്ലെന്നും അൽപ്പം ദുഃഖത്തോട് കൂടി എഴുതുകയുണ്ടായി. അന്യ സംസ്ഥാനങ്ങളിൽ ജോലി ചെയ്യേണ്ടി വന്നതിനാൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിപ്പിക്കേണ്ടിവന്നതുകൊണ്ട് ആ കുട്ടിയും അച്ഛനും നിസ്സഹായരാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. എക്കാലത്തും ഏത് സമൂഹത്തിലും മറ്റ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരും താമസിക്കുന്നവരും കുട്ടികളെ പഠിപ്പിക്കുന്നവരും ഉണ്ടായിട്ടുണ്ട്. എന്നാൽ

അങ്ങനെ ചെയ്യേണ്ടിവരുന്ന ചെറു ന്യൂനപക്ഷത്തിന് വേണ്ടി പൊതുവിദ്യാഭ്യാസത്തിന്റെ ഗതി മാറ്റി വിടുന്ന സ്ഥിതി ഒരു രാജ്യത്തും ഒരു കാലത്തും ഉണ്ടായിട്ടില്ല. ആഗോളവത്കരണകാലത്ത് സാമ്പത്തിക സമൃദ്ധിയിലേക്ക് നീങ്ങിയ ചൈനയിൽ പോലും പൊതുവിദ്യാഭ്യാസം അവരുടെ സ്വന്തം ഭാഷകളിലാണ് നടക്കുന്നത്. ഴാങ് ദറിദ അന്യദേശക്കാർക്ക് കത്തെഴുതുന്നത് പോലും ഫ്രഞ്ച് ഭാഷയിലായിരുന്നു! എന്നിട്ടും അദ്ദേഹത്തെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന ലോകത്തിന് തിരസ്കരിക്കാനോ അവഗണിക്കാനോ കഴിഞ്ഞില്ല. കാരണം ഫ്രഞ്ച് ജനത അവരുടെ ഭാഷാഭിമാനം ഇന്നുവരെ ആരുടെ മുന്നിലും പണയം വച്ചിട്ടില്ല!

ഇംഗ്ലീഷ് വിധേയത്വം മാത്രമല്ല ഇംഗ്ലീഷിന്റെ ഉച്ചാരണത്തെക്കുറിച്ച് പോലും അധിനിവേശം ഉത്പാദിപ്പിച്ച അന്ധവിശ്വാസത്തെ മറികടക്കാൻ ഇന്നും മലയാളിക്ക് സാധിച്ചിട്ടില്ല. ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിൽ മാനകീകരണം നടത്തുന്നതിലൂടെ ലോകവ്യാപകമായും ഇന്ത്യയിൽ പ്രത്യേകിച്ചും സാംസ്കാരികമായ അധമബോധവും അപകർഷതയും ഉത്പാദിപ്പിച്ചതിനെപ്പറ്റി ഗായത്രീചക്രബർത്തി സ്പിവാക്കും, സൂസീതാരുവും വിശദമായി പ്രതിപാദിക്കുന്നുണ്ട്.

[A Salutary example is the famous standardization (done in London, under British Supervision) of the speech of the educated Indian who happened also to be upper caste, urban and western educated - to produce a norm for spoken English in India. Those who fail, for whatever reason, to achieve this or any other standard that was set up for them, if we are to go by the attitudes dominant today, are designated as Weaker Students, or move viciously, as lacking merit. (Subject to change, Susietharu.ed) ഇംഗ്ലീഷിന്റെ ആധിപത്യവുമായുള്ള നമ്മുടെ ധൈഷണികവും സാംസ്കാരികവുമായ കീഴടങ്ങൽ പരാമർശിക്കാതെ മലയാളത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കാൻ പോലും കഴിയില്ല. കോഴിക്കോട്ടും തിരുവല്ലയിലും ജനിച്ചുവളർന്നവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേർന്ന് തൊഴിലും സമ്പത്തും ആർജ്ജിച്ചത് ഇംഗ്ലീഷ് മാധ്യമങ്ങളിൽ പഠിക്കുന്നതിന് മുമ്പാണ്. പുതിയ തലമുറയേക്കാൾ അന്വേഷണാത്മകവും സാഹസികവുമായ ഇടപെടലിനുള്ള ശേഷി ആ തലമുറ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചൈനയിലെയും ജപ്പാനിലെയും ഫ്രാൻസിലെയും ജർമനിയിലെയും തൊഴിലാളികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിചെയ്യുന്നതുകൊണ്ട് ആ രാജ്യങ്ങൾ അധ്യയനമാധ്യമം ഇംഗ്ലീഷാക്കി മാറ്റിയിട്ടില്ല. ഏകാത്മകത്വം പ്രാപിക്കുകയെന്നതിന്റ ഇന്നത്തെ അർഥം വിവിധ സാംസ്കാരിക കൂട്ടായ്മകളെയും ഭാഷാ ദേശീയതകളെയും തകർത്തുകൊണ്ട് അവ ഇല്ലാതാക്കുക എന്നു മാത്രമാണ്.

ജവഹർലാൽനെഹ്റു പ്രശംസിക്കുന്ന പ്രാചീന ഇന്ത്യയിലെ ശാസ്ത്രജ്ഞരും ഗണിത വിദ്വാന്മാരും (*ഇന്ത്യയെ കണ്ടെത്തൽ*) ഇംഗ്ലീഷ് മാധ്യമങ്ങളിൽ പഠിച്ചവരായിരുന്നില്ല! ഒരുപക്ഷേ ദേശരാഷ്ട്രത്തെക്കുറിച്ച് ആധുനികത ഉത്പാദിപ്പിച്ച ബോധത്തിൽ അന്തർലീനമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകം സാമ്രാജ്യത്വവിരുദ്ധസ്വത്വത്തെ ഉയർത്തിപ്പിടിക്കുക എന്നതായിരുന്നു. ദേശത്തിനകത്ത് പ്രാന്തവത്കരിക്കപ്പെട്ട ഉപദേശീയതകളും സ്വത്വരൂപീകരണങ്ങളും അവഗണിക്കപ്പെട്ടെങ്കിലും സാമ്രാജ്യവിരോധത്തിലധിഷ്ഠിതമായ ഒരു സ്വത്വസങ്കല്പത്തെ പരിപോഷിപ്പിക്കാൻ ആധുനിക ദേശരാഷ്ട്രസങ്കൽപ്പം ഉപകരിച്ചിട്ടുണ്ട്. ഇന്ത്യയിലുള്ള വിവിധ ഭാഷാദേശിയതകളെ സമ്പുഷ്ടമാക്കാൻ സഹായിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളും മറ്റും വിവിധ സംസ്ഥാനങ്ങളിൽ രൂപീകരിക്കപ്പെട്ടതിന്റെ പിന്നിൽ ഇങ്ങനെ രൂപപ്പെട്ട ഒരു വികസനാധിഷ്ഠിത - വിദ്യാഭ്യാസ സങ്കൽപ്പം പ്രവർത്തിച്ചിട്ടുണ്ടെന്ന് കാണാം. എന്നാൽ മിക്കവാറും എല്ലാകാര്യങ്ങളിലും സംഭവിക്കാറുള്ളതുപോലെ കേരളത്തിലെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ സ്വയം പ്രഖ്യാപിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ പറയുന്ന കാര്യങ്ങളിൽ കേന്ദ്രീകരിച്ചല്ല ഒരിക്കലും പ്രവർത്തിച്ചതെന്ന ദുഃഖസത്യം പറയാതിരിക്കാൻ വയ്യ. ഇംഗ്ലീഷ് മാധ്യമങ്ങളിൽ സ്വന്തം കുട്ടികളെ അയയ്ക്കുന്ന മലയാള മാധ്യമം സ്കൂളിലെ അധ്യാപകരെപ്പോലെയാണ് മിക്കവാറും ഭരണനേതൃത്വവും അക്കാദമീഷ്യൻമാരും ഇക്കാര്യത്തിൽ സമീപനം സ്വീകരിച്ചത്. മലയാള ഭാഷയെ ആധുനിക ജ്ഞാനം വിനിമയം ചെയ്യാനുള്ള ഉപാധിയാക്കിമാറ്റാനുള്ള വിവിധ പ്രവർത്തനങ്ങളാണ് മെമ്മോറാണ്ടത്തിൽ വിഭാവനം ചെയ്യുന്നത്. ഭാഷയെ സമ്പന്നമാക്കാനും പ്രയോഗക്ഷമമാക്കാനും ആധുനികജ്ഞാനത്തിന്റെ ഫലപ്രദമായ വിനിമയോപാധിയാക്കാനും ആവശ്യമായ ഇരുപതോളം പ്രവർത്തനങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് മെമ്മോറാണ്ടത്തിൽ ഏറ്റെടുക്കേണ്ട ലക്ഷ്യങ്ങളായി പറയുന്നത്. ഏത് ഭരണം വന്നാലും ആരെല്ലാം മേലധികാരിയായാലും ഒരു സ്ഥാപനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യവും സ്വാതന്ത്ര്യവും നൽകാത്ത കാലത്തോളം ആ സ്ഥാപനത്തിന് മുന്നോട്ട് പോകാൻ കഴിയില്ലെന്നതാണ് സത്യം. മലയാള ഭാഷയോട് ഇന്നത്തേതുപോലെ പുച്ഛവും പരിഹാസവും രൂപപ്പെടാത്ത ആഗോളവത്കരണപൂർവഘട്ടത്തിൽ പോലും മലയാളികൾക്ക് ആവേശകരമായിത്തീരേണ്ട സന്ദർഭങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സൃഷ്ടിച്ചിട്ടുണ്ടോ എന്ന കാര്യം സൂക്ഷ്മമായി പരിശോധിക്കേണ്ടതാണ്. മെമ്മോറാണ്ടം പുറം രണ്ടിൽ പറയുന്നത്.




“To help the malayalam language as vehile for bringing about emotional and social integration in the country”. അതായത് വൈകാരികവും സാമൂഹികവുമായ ഏകീകരണത്തിന് സഹായിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമെന്നാണ് ചുരുക്കം. കേന്ദ്രസർക്കാർ ഏതാണ്ട് നാല് പതിറ്റാണ്ടുകൾക്ക്മുമ്പ് തന്നെ ഭീമമായ തുക നൽകി തുടങ്ങിയ ഇത്തരം സ്ഥാപനങ്ങൾ എന്തുകൊണ്ട് (മിക്കസ്ഥാപനങ്ങളിലും) ലക്ഷ്യം കാണാതെ പോയി എന്നതും ഗവേഷണ വിഷയമാക്കേണ്ടതാണ്. വിഭിന്ന ഭാഷകളുമായി മലയാളികളെ ബന്ധപ്പെടുത്താനും ശാസ്ത്രസാങ്കേതിക വിദ്യകൾ പഠിക്കാനും പഠിപ്പിക്കാനും ഉതകുംവിധം മലയാളത്തെ വളർത്തിയെടുക്കാനും എല്ലാ പ്രബലരചനകളും മലയാളത്തിലേക്കും മലയാള രചനകളെ ഇതരഭാഷകളിലേക്കും വിവർത്തനം ചെയ്യാനും മെമ്മോറാണ്ടം നിർദ്ദേശിക്കുന്നുണ്ട്. എന്നാലിത്തരത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ട് മലയാളഭാഷയെയോ മലയാളികളെയോ വേണ്ടുംവിധം ഉത്തേജിപ്പിക്കാൻ ഈ സ്ഥാപനത്തിന് നാളിതുവരെ കഴിഞ്ഞിട്ടില്ലെന്നതാണ്

യാഥാർത്ഥ്യം.

കേരളീയപൊതുമണ്ഡലത്തിൽ എഴുപതുകളാകുമ്പോഴേക്കും മുപ്പതുകളിൽ ശക്തിപ്രാപിച്ച നവോത്ഥാനം സ്തംഭിച്ചുകഴിഞ്ഞിരുന്നു എന്നതാണ് വസ്തുത. സയിദ് സാനാഉള്ള മക്തി തങ്ങളുൾപ്പെടെ മതാചാര്യൻമാർ പോലും മലയാളം പഠിക്കണമെന്നും ആൺകുട്ടികളും പെൺകുട്ടികളും ഒരേ വിദ്യാലയങ്ങളിൽ പഠിക്കണമെന്നും ആഹ്വാനം ചെയ്ത കേരളം വിമോചനസമരത്തിൽ മുങ്ങിപ്പോയെന്ന യാഥാർഥ്യം കാണാതെ സമൂഹത്തിന്റെ പിൻമടക്കം വിശകലനം ചെയ്യാൻ കഴിയില്ല. അടിസ്ഥാനപരമായ മാറ്റങ്ങൾക്കെതിരായി ജനങ്ങളെ ഇളക്കിവിടാൻ ജാതി-മത സംഘടനകൾക്ക് സാധിക്കുമെന്ന സന്ദേശമാണ് വിമോചനസമരം കേരളീയരിലേക്ക് പ്രക്ഷേപിച്ചത്. കമ്മ്യൂണിസ്റ്റിതര മതനിരപേക്ഷകക്ഷികൾ കൂടി പിന്തുണച്ചതുകൊണ്ടാണ് വിമോചനസമരം വിജയിച്ചതെന്ന് ഇന്ന് നമുക്കറിയാം. "ക്രിസ്ത്യൻ സഭകളും നായർ സമുദായനേതൃത്വവും കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ ആരംഭിച്ച സമരത്തിന് പിന്തുണനൽകേണ്ട സാഹചര്യത്തിലേക്ക് കേരളത്തിലെ പ്രധാന പ്രതിപക്ഷകക്ഷികളായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും, ബി.എസ്.പിയും, വിപ്ലവപ്രസ്ഥാനമായ ആർ.എസ്.പിയും അങ്ങനെ എത്തിച്ചേരുന്നു."(പട്ടം താണുപിള്ള അജയ്യനായ ജനനായകൻ, രാജീവ് ഗോപാലകൃഷ്ണൻ, പു.202). ഈയൊരു പങ്കാളിത്തത്തിന് ഗൗരവമായ പ്രത്യാഘ്യാതമുണ്ടെന്ന് കാണിക്കാനാണ് ഇവിടെ ഈ ഉദ്ധരണി നൽകുന്നത്. പ്രത്യക്ഷത്തിൽ മതനിരപേക്ഷ ജനാധിപത്യവാദികൾക്ക് പിന്തുണക്കാൻ കഴിയാത്ത നായർ-ക്രിസ്ത്യൻ കൂട്ടുകെട്ട് പോലും വിജയിക്കുന്നതിലൂടെ ഉണ്ടാക്കിയ സാംസ്കാരികാന്തരീക്ഷം ഇന്നും മലയാളികളെ പിന്തുടരുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. മൗലീകമായ അന്വേഷണങ്ങൾക്ക് ആവശ്യമായ ഇച്ഛാശക്തിപ്രകടിപ്പിക്കാൻ കഴിയുന്ന ഭൗതികസാഹചര്യം ഒരു രാഷ്ട്രീയ നിർമിതി കൂടിയാണ്. അത്തരമൊരു രാഷ്ട്രീയനിർമിതി 1960 കൾക്ക് ശേഷം കേരളത്തിൽ സംഭവിച്ചിട്ടില്ലെന്നതാണ് യാഥാർഥ്യം. മൗലീകമായ മാറ്റങ്ങൾക്കോ, അന്വേഷണങ്ങൾക്കോ ആവശ്യമായ സന്നദ്ധതയോ ആർജവമോ പ്രകടിപ്പിക്കാൻ കഴിയാത്ത വിധം രാഷ്ട്രീയ ഇച്ഛാശക്തിയിൽ സ്തംഭനം സൃഷ്ടിച്ചുകൊണ്ടാണ് വിമോചനസമരം അതിന്റെ കാണാപ്പുറങ്ങൾ സൃഷ്ടിച്ചത്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ആരംഭിക്കുകയും പ്രവർത്തിക്കുകയും ചെയ്തു എന്നതിലുപരി അവ എങ്ങനെ പ്രവർത്തിക്കുന്നു, എന്താണതിന്റെ ദൗത്യം, പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ കഴിയുമോ മുതലായ ഒരു കാര്യവും കേരളത്തിലെ രാഷ്ട്രീയ നേതൃത്വമോ ഭരണനേതൃത്വമോ ഇന്നോളം അന്വേഷിച്ചതായി തോന്നുന്നില്ല. സർവകലാശാലകൾക്ക് യു.ജി.സിയിൽ നിന്ന് വലിയ സാമ്പത്തിക സഹായവും നിയതമായ ഒരു ഘടനയുമുള്ളതിനാൽ അവ അങ്ങനെ നടന്നുപോകുന്നു എന്ന് മാത്രം. എന്നാൽ അവിടങ്ങളിലും പഠനഗവേഷണ രംഗത്ത് മൗലീകമായ അന്വേഷണമോ ഇടപെടലുകളോ സാധ്യമാക്കുന്ന സന്ദർഭങ്ങളോ സൃഷ്ടിക്കാൻ നമുക്ക് കഴിയാറില്ല. ആരെയും, എവിടെയും സ്പർശിക്കാതെ തൊലിപ്പുറത്തുള്ള ഇടപെടലിനപ്പുറം ആർക്കും ഒന്നും ചെയ്യാൻ കഴിയാത്തതിനാൽ മുതലാളിത്തത്തിന്റെ അനിച്ഛാപരമായ മാറ്റങ്ങൾക്ക് (Invohintary Changes) വെറുതെ അങ്ങ് കീഴടങ്ങുക മാത്രമാണ് നാം ചെയ്യുന്നത്. ഇപ്പോൾ കൊട്ടിഘോഷിക്കുന്ന സെമസ്റ്റർ സമ്പ്രദായം എന്തോ വലിയ കണ്ടുപിടിത്തം പോലെയാണ് അവതരിപ്പിക്കപ്പെടുന്നത്. 1977-79-ൽ കോഴിക്കോട് സർവകലാശാലയിൽ സെമസ്റ്റർ സമ്പ്രദായത്തിൽ പഠിച്ച ഒരു വ്യക്തിയാണ് ഞാൻ. പിന്നീട് എന്തുകൊണ്ട് സെമസ്റ്റർ സമ്പ്രദായം അവസാനിപ്പിച്ചെന്നും അക്കാദമിക രംഗത്തും ഭരണരംഗത്തുമുള്ള ആരെങ്കിലും അങ്ങനെ സെമസ്റ്റർ നിർത്തിയതിനെക്കുറിച്ച് ഗൗരവമായി അന്വേഷിക്കുകയോ ഇടപെടുകയോ ചെയ്തോ എന്നും ഇന്ന് അന്വേഷിക്കേണ്ടതാണ്. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാക്കമ്പനി ഇന്ത്യ ഭരിച്ചപ്പോൾ ഇന്ത്യക്കാരെ തൊഴിലാളികളാക്കി മാറ്റാൻ അവർ നടത്തിയ ഇടപെടലിന്റെ തുടർച്ചയില്ലാതെ മലയാളി കേരളീയരുടെ സ്വത്വത്തെ മുൻനിർത്തി യാതൊരു ഇടപെടലും ഇന്നുവരെ നടത്തിയിട്ടില്ല. അതുകൊണ്ടാണ് ഒരു കാലത്ത് മലയാളം പഠിച്ച് പ്രസക്തിയും യു.ജി.സിയും നേടിയ എഴുത്തുകാരും അധ്യാപകരും പോലും ഇന്ന് മലയാളത്തെ ഉപേക്ഷിക്കുന്നത്. മലയാളത്തെ ഉയർത്തിപ്പിടിക്കണമെങ്കിൽ നമുക്ക് നമ്മുടെ ഭാഷാ സ്വത്വത്തെ ഉയർത്തിപ്പിടിക്കാൻ കഴിയണം. പ്രഭാഷണവേദികളിൽ വള്ളത്തോളിനെ ഉദ്ധരിച്ചാൽ മാത്രം നേടാൻ കഴിയുന്നതല്ല ഭാഷാഭിമാനം. മറിച്ച് നമ്മുടെ ജീവിതത്തെയും സാമൂഹികബന്ധങ്ങളെയും നിലനിർത്താനും മുന്നോട്ട് കൊണ്ടുപോകാനും അനിവാര്യമായ ആശയവിനിമയ ഉപാധി മലയാളമാണെന്ന തിരിച്ചറിവ് ആദ്യമായി ഉണ്ടാവണം. അതിന് വേണ്ട വിവിധങ്ങളായ നടപടികളെക്കുറിച്ച് ചിന്തിക്കാനെങ്കിലും കഴിയുന്നില്ലെങ്കിൽ "Sorry മലയാളമാണോ എഴുതാനറിയില്ല" എന്ന് പറയാനുള്ള വിനയം പോലും നമ്മുടെ പുതിയ തലമുറയ്ക്ക് നഷ്ടപ്പെടും. മലയാള ഭാഷാപഠനത്തെക്കുറിച്ച് വൈക്കം മുഹമ്മദ്ബഷീർ വേവലാതിപ്പെടുമ്പോൾ (ന്റുപ്പാപ്പക്കൊരാനേണ്ടാർന്നു) പൗരോഹിത്യമായിരുന്നു മുന്നിലുണ്ടായിരുന്നത്. എന്നാൽ ഇന്ന് മലയാളം പഠിക്കുന്ന കുട്ടികൾ തലകുനിക്കുന്നത്. അധിനിവേശയുക്തിക്ക് കീഴടങ്ങി സ്വന്തം സ്വത്വം പോലും തിരിച്ചറിയാത്ത ആധുനിക മനുഷ്യന്റെ പൊങ്ങച്ചങ്ങൾക്കുമുന്നിലാണ്. തീർച്ചയായും വരും കാലം മലയാളം തന്നെയാവട്ടെ നമ്മുടെ മുഖ്യസംവാദം.■

*ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം*



**വി.ആർ.പ്രബോധചന്ദ്രൻ നായർ** : ഭാഷ നേരിടുന്ന വെല്ലുവിളികൾ മലയാളി നേരിടുന്ന മറ്റു പ്രശ്നങ്ങൾക്കും മീതെയാണ്. ഒരിക്കൽ ഞാൻ ഒരു ലേഖനത്തിന് ശീർഷകം നൽകിയത് 'മലയാളം മലയാളിയോളം' എന്നാണ്. മലയാളി എത്രത്തോളം വളരുന്നുവോ, മലയാളം എത്രത്തോളം വളരണം എന്ന് മലയാളി ആഗ്രഹിക്കുന്നുവോ അത്രത്തോളം മലയാളം വളരും. അത്രത്തോളമേ മലയാളം വളരൂ. ലോകഭാഷകളിൽ ഒട്ടുമിക്കതിന്റെയും വളർച്ച പഠിക്കാൻ അവസരം ലഭിച്ച ഒരാളെന്ന നിലയ്ക്ക് ഇതു സ്ഥാപിക്കുന്നതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്താൻ എനിക്കു സാധിക്കും. ഇംഗ്ലീഷുകാർ സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമ ആയപ്പോൾ ഇംഗ്ലീഷുഭാഷ ലോകത്തിലെല്ലായിടത്തും പ്രചരിച്ചു. ഹീബ്രു സംസാരിക്കുന്ന ജനത ലോകത്തിലെല്ലായിടത്തും ചിന്നിച്ചിതറി. 2000 കൊല്ലത്തോളം അവർ അലഞ്ഞുതിരിഞ്ഞു. 1948ൽ ഹീബ്രുജനത ഒരു രാഷ്ട്രമായി സ്വയം പ്രഖ്യാപിക്കുകയും ഒരുമിച്ചു ജീവിക്കാം എന്ന് തീരുമാനിക്കുകയും ചെയ്തു. മലയാളി ചെയ്തുകൊണ്ടിരിക്കുന്നതിന് നേരെ വിപരീതമാണിത്. ആളുകളെ പുറത്തേക്ക് അയയ്ക്കുകയും ഇങ്ങോട്ട് വരാൻ അനുവദിക്കാതെ അവരുടെ പണം മാത്രം സ്വാഗതം ചെയ്യുകയുമാണ് മലയാളിയുടെ ശീലം. അതിൽ നിന്നു വ്യത്യസ്തമായി 2000 ത്തോളം കൊല്ലം നിത്യജീവിതവുമായി യാതൊരു ബന്ധവുമില്ലാതിരുന്ന ഹീബ്രുവിനെ അവർ അവിടെ "ജീവന്റെ ഭാഷ"യായി പ്രഖ്യാപിച്ചു. എല്ലാം ഹീബ്രുവിൽക്കൂടിയായി. മെഡിക്കൽ വിദ്യാഭ്യാസം ഇന്ന് ഹീബ്രുവിലാണ്. അവരുടെ ദേവാലയങ്ങളിൽ മാത്രം ഉപയോഗിച്ചിരുന്ന ഭാഷ ഹീബ്രു ജനതയുടെ സമസ്തമേഖലകളിലും സ്വാധീനം ചെലുത്തുന്നു. ഭരണഭാഷയായി, പത്രങ്ങളുടെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയും വാഹകഭാഷയായി – അങ്ങനെ




*ഇടത്തുനിന്ന്: ഡോ. അച്യുത്ശങ്കർ എസ്.നായർ, ഡോ.കെ.എസ്.രവികുമാർ, ഡോ.വി.ആർ.പ്രബോധചന്ദ്രൻ നായർ, പ്രൊഫ.എം.പി.ലളിതാഭായി, ഡോ.പി.കെ.രാജശേഖരൻ*

**ആഗോളവത്കരണം സൃഷ്ടിക്കുന്ന സുപ്രധാന പ്രത്യാഘാതങ്ങളിൽ ഒന്ന് പ്രാദേശികഭാഷകളുടെയും പ്രാദേശിക സംസ്കാരത്തിന്റെയും തളർച്ചയും തകർച്ചയുമാണ്. ഭാഷ കേവലം ആശയവിനിമയോപാധി മാത്രമല്ല, സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും സ്വത്വബോധത്തിന്റെയും രൂപം കൂടിയാണ്. ഒരു ജനതയുടെ ഭാഷ വെല്ലുവിളി നേരിടുമ്പോൾ അത് അവരുടെ സംസ്കാരത്തെയും സ്വത്വബോധത്തെയും മാറ്റിമറിക്കുകയും ഇല്ലാതാക്കുകയും വേരുകൾ നഷ്ടപ്പെട്ട സമൂഹമാക്കി അവരെ പരിണമിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രവണതകളെല്ലാം മലയാളത്തിനും ബാധകമാണ്. കേവലം പത്തുനൂറ്റാണ്ടിന്റെ ചരിത്രമേ മലയാളത്തിന് പണ്ഡിതൻമാർ കല്പിച്ചിട്ടുള്ളൂ. തമിഴിന്റെ തായ്‌വഴിയായിപ്പിറന്ന് സംസ്കൃതത്തിന്റെ തഴുകലിലൂടെ പുഷ്ടിപ്രാപിച്ച മലയാളഭാഷയെ ഈ വെല്ലുവിളികൾ എങ്ങനെയാണ് ബാധിക്കുക? 50 വർഷങ്ങൾക്കുശേഷം മലയാളഭാഷയുടെ രൂപവും ഘടനയും എന്തായിരിക്കും? ഒരു ജനത എന്ന നിലയിൽ കേരളീയരെ അതെങ്ങനെ ബാധിക്കും? ഇക്കാര്യങ്ങളിലുള്ള അന്വേഷണത്തിന്റെ ഭാഗമായാണ് *മലയാളഭാഷയുടെ ഭാവി*യെ സംബന്ധിച്ച ഈ സംവാദം 'ജനപഥം' സംഘടിപ്പിച്ചത്. കേരള സർവകലാശാല ലിംഗ്വിസ്റ്റിക് വകുപ്പ് മുൻമേധാവിയും ഭാഷാവിദഗ്ധനുമായ ഡോ.വി.ആർ.പ്രബോധചന്ദ്രൻ നായർ, സർവകലാശാലാ തലത്തിൽ മലയാളഭാഷാധ്യാപകരായ പ്രൊഫ.എം.പി.ലളിതാഭായി, ഡോ.കെ.എസ്.രവികുമാർ സാങ്കേതികവിദഗ്ധനും കേരള സർവകലാശാല ബയോഇൻഫർമാറ്റിക്സ് സെന്റർ അധ്യാപകനുമായ ഡോ. അച്യുത്ശങ്കർ എസ്.നായർ, പത്രപ്രവർത്തകനായ ഡോ.പി.കെ.രാജശേഖരൻ എന്നിവരാണ് ഈ സംവാദത്തിൽ പങ്കെടുക്കുന്നത്.**

# മലയാളം 50 വർഷങ്ങൾക്കുശേഷം

എല്ലാമെല്ലാം ആയിത്തീർന്നു ഹീബ്രു. സർക്കാരിന്റെ ധീരമായ നടപടിയാണ് ഇതിനുപിന്നിൽ. അമേരിക്കയിലെ സെൻട്രൽ വാഷിങ്ടണിൽ ധാരാളം ഹീബ്രു ഭാഷക്കാരുണ്ട്. അമേരിക്കയുടെ ഭരണാധികാരി ആരായിരിക്കണം എന്ന് തീരുമാനിക്കുന്നതിൽ പോലും വേണ്ടത്ര ശക്തി ചെലുത്താൻ തക്ക വൈഭവം അവർ നേടിക്കഴിഞ്ഞു. അവരുടെ ഭാഷയ്ക്ക് അത്രയധികം ശക്തി കൈവന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മലയാളി എത്രത്തോളം വളരുമോ അത്രത്തോളം മലയാളവും വളരുമെന്ന്. മലയാളികൾ ഇല്ലാതാകുകയാണെങ്കിൽ മലയാളവും ഇല്ലാതാകും. ഇംഗ്ലീഷ് ചാനലിൽ ഉള്ള ഒരു ദ്വീപിൽ 'മാൻക്സ്' (MANX) എന്നൊരു ഭാഷയുണ്ടായിരുന്നു. ഈ ദ്വീപിലെ അവസാനത്തെ മാൻക്സ് ഭാഷാഭാഷി 1957 ൽ മരിച്ചുപോയി. അതോടുകൂടി ആ ഭാഷ ഇല്ലാതായി. പക്ഷേ ഇപ്പോഴും ബ്രിട്ടീഷ്പാർലമെന്റിൽ പാസാക്കുന്ന ഏതെങ്കിലും നിയമം മാൻക്സ് ദ്വീപിൽ നടപ്പിലാക്കണമെങ്കിൽ അതു മാൻക്സ് ഭാഷയിൽ രേഖപ്പെടുത്തി അവരുടെ കോർപ്പറേഷൻ നോട്ടീസ് ബോർഡിൽ പതിക്കണമെന്നാണ് നിയമം. . വെയിൽസിൽ

വെൽഷ്ഭാഷ വളരാതെ ഇംഗ്ലീഷുകാർ നോക്കിക്കൊണ്ടിരുന്നു. എന്നാൽ ഞങ്ങൾ വളർന്നേ അടങ്ങൂ എന്ന വാശിയിൽ വെയ്ൽസുകാർ വെൽഷിനെ വളർത്തിക്കൊണ്ടുവരികയാണ്.

നമ്മുടെ തൊട്ടപ്പുറത്ത് തമിഴ്നാട്ടിൽ ഏത് ബോർഡ് എഴുതിയാലും ആ ബോർഡിന്റെ മുകൾഭാഗത്തെ മൂന്നിൽ രണ്ടുഭാഗം തമിഴിലായിരിക്കണം, അതിന് തൊട്ടുതാഴെയുള്ള ഭാഗം ഇംഗ്ലീഷിലായിരിക്കണം എന്നാണ് നിയമം. ഇതിന്റെ അർഥം ഹിന്ദിയിൽ ബോർഡൊന്നും വേണ്ട എന്നതുതന്നെ. നാഗർകോവിൽ റേഡിയോ സ്റ്റേഷനിൽ വളരെക്കാലം മുൻപ് റേഡിയോ സ്റ്റേഷൻ തുടങ്ങിയപ്പോൾ ഞാൻ മലയാളം പരിപാടികൾ ഏത് സമയത്താണ് പ്രക്ഷേപണം ചെയ്യുന്നത് എന്ന് എഴുതി ചോദിച്ചു. അതിന് കിട്ടിയ മറുപടി മലയാളം പരിപാടികൾക്ക് അങ്ങനെ പ്രത്യേകിച്ച് സമയമൊന്നും വച്ചിട്ടില്ല എന്നാണ്. അതേസമയം 'റേഡിയോ ലിസ്ബൺ' ഇപ്പോഴും കൊങ്കണിഭാഷ, പണ്ട് ഗോവയോട് പോർച്ചുഗീസുകാർക്ക് ഉണ്ടായിരുന്ന ബന്ധത്തിന്റെ സ്മാരകമെന്നോണം, പ്രക്ഷേപണം ചെയ്യുന്നു. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് എന്താണ്? വേണമെങ്കിൽ ഭാഷയെ വളർത്താനോ കൊല്ലാനോ സാധിക്കും. അതുപോലെ കേരള യൂണിവേഴ്സിറ്റി തമിഴ് ഡിപ്പാർട്ട്മെന്റിന്റെ മുന്നിൽ തമിഴിലും ഇംഗ്ലീഷിലും മാത്രമേ ബോർഡ് ഉള്ളൂ. ഇത് മലയാളം നിലവിലുള്ള ഭൂപ്രദേശമാണെങ്കിലും മലയാളത്തിലെഴുതണമെന്ന് അവർക്കു തോന്നിയില്ല. മലയാളത്തിൽ എഴുതിവച്ചില്ലെങ്കിലും ചോദിക്കാൻ ആരുമില്ല എന്നതുകൊണ്ടാണിത്. നമുക്കിവിടെ ഭരണയന്ത്രത്തിന്റെ ഒരു ഇടപെടൽ വേണ്ടുംവണ്ണമില്ല. അടുത്തകൊല്ലം മുതലെങ്കിലും പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന ബോർഡുകളുടെ മുകളിലുള്ള മൂന്നിൽ രണ്ട് ഭാഗം മലയാളത്തിലും അതിന്റെ താഴെ പ്രസക്തമായ മറ്റേതെങ്കിലും ഭാഷയിലും എഴുതണമെന്ന് നിർദേശിക്കാനുള്ള ധൈര്യം മലയാളിക്കുണ്ടോ? മറ്റ് ഭാഷകളെ നിരസിക്കണമെന്ന് ഞാൻ പറയില്ല, പക്ഷേ, മലയാളത്തിന് ഒരു സ്ഥാനം വേണം എന്ന് മലയാളി തന്നെ തീരുമാനിക്കണം.

ഒരു ഭാഷയുടെ ഭാവി കൃത്യമായി നമുക്ക് ഇൻഡെക്സ് ചെയ്യാൻ സാധിക്കും. ഭാഷയ്ക്ക് നിരവധി ഡൊമെയിനുകൾ അഥവാ മണ്ഡലങ്ങൾ ഉണ്ട്. ഭരണ, വിദ്യാഭ്യാസമണ്ഡലങ്ങൾ ഉദാഹരണം. ഭരണമണ്ഡലത്തിൽ മലയാളം മലയാളി എത്രത്തോളം ഉപയോഗിക്കുന്നുണ്ട്? വിദ്യാഭ്യാസമാധ്യമം എന്ന നിലയിൽ മലയാളത്തിന് എവിടെ വരെ പ്രവേശനമുണ്ട്. മലയാളത്തിൽ പറഞ്ഞുകൂടാത്തതോ പഠിപ്പിച്ചുകൂടാത്തതോ ആയ ഒരു വിഷയവും ഒരു തലത്തിലുമില്ല. ഏറ്റവും ജനപ്രിയം എന്ന് പറയുന്ന, ആവാസ്തവികതയുടെ പ്രകടനം എന്ന് പറയാവുന്ന എന്നാൽ വാസ്തവികതയുടെ പ്രകടനം എന്ന് നാം പേരിട്ടുവിളിക്കുന്ന 'റിയാലിറ്റി ഷോ'കളിൽ പോലും മലയാളഭാഷയുടേതിനേക്കാൾ കൂടുതൽ മറ്റു ഭാഷകളിലുള്ള ഗാനങ്ങളാണ്. സാംസ്കാരിക മേഖലയിൽ 'ഡൊമെയിൻ' എന്നു ഞാൻ പറഞ്ഞല്ലോ. നമ്മുടെ സാംസ്കാരികമണ്ഡലം ചുരുങ്ങിച്ചുരുങ്ങി വരുന്നതിനുദാഹരണങ്ങളാണ് ഞാൻ പറഞ്ഞത്. പെണ്ണുകാണൽച്ചടങ്ങിൽ ഡ്രോയിങ് റൂമിൽ ഇംഗ്ലീഷിൽ നാം സംസാരിക്കും. അടുക്കള ഭാഗത്ത് മലയാളത്തിലായിരിക്കും സംസാരം. കല്യാണക്ഷണക്കത്ത് ഇംഗ്ലീഷിലും സഞ്ചയന കാർഡ് മലയാളത്തിലുമാണ് അച്ചടിക്കുന്നത്. മലയാളം അടുക്കളപ്പുറത്ത് സംസാരിക്കുന്നതും സഞ്ചയനകാർഡിൽ ഉപയോഗിക്കുന്നതുമായ ഭാഷയായി മാറിയിരിക്കുന്നു. ഏറ്റവും വലിയ മലയാളപണ്ഡിതനായിരുന്ന എ.ആർ.രാജരാജവർമയുടെ വിഖ്യാത വ്യാകരണഗ്രന്ഥത്തിന്റെ 'അവതാരിക' അദ്ദേഹത്തിന്റെ പ്രശസ്തശിഷ്യനായ സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ള എഴുതിയത് ഇംഗ്ലീഷിലാണ്. ഇംഗ്ലീഷിന് അന്തസ്സും വലിപ്പവും ആഭിജാത്യവും മലയാളത്തിനെക്കാൾ കൂടുതലുണ്ട് എന്ന ചിന്ത മലയാളിയിൽ നല്ലതുപോലെയുണ്ട്.

മറ്റൊരു മണ്ഡലം വിദ്യാഭ്യാസമാണ്. 'ശുദ്ധമലയാളം' എന്ന സങ്കല്പം ഉണ്ടെങ്കിൽ ആ സങ്കല്പം നാം നടപ്പിലാക്കേണ്ടത് നമ്മുടെ പാഠപുസ്തകങ്ങളിലൂടെയാണ്. അധ്യാപകൻ അറിവിന്റെ ഹിമാലയ പർവതമാണെങ്കിൽ അതിന്റെ ഒരംശം മാത്രമേ വിദ്യാർഥികളിലെത്തുന്നുള്ളൂ. അപ്പോൾ മെച്ചപ്പെടേണ്ടത് അധ്യാപകരും കൂടിയാണ്. സർവകലാശാലകളാണ്.

**പി.കെ. രാജശേഖരൻ :** മലയാളഭാഷ തകരും എന്ന അശങ്ക എനിക്കില്ല. ഈ ഭാഷ തുടരുക തന്നെ ചെയ്യും. യൂണിവേഴ്സിറ്റികൾ ഉള്ളതുകൊണ്ടല്ല ഭാഷ തുടരാൻ പോകുന്നത്. മറിച്ച് മലയാളത്തിൽ സിനിമയും പത്രങ്ങളും ഉള്ളതുകൊണ്ടാണ്. പാഠപുസ്തകങ്ങളുടെ നൂറിരട്ടിയിലധികമാണ് കേരളത്തിലെ പത്രങ്ങളും ആനുകാലികങ്ങളും അച്ചടിക്കുന്നത്. നമ്മുടെ സിനിമയ്ക്കും ഒരു ക്ഷീണവും വന്നിട്ടില്ല. ആ സ്ഥിതിക്ക് മലയാളം മരിച്ചുപോകും എന്ന ആശങ്ക എനിക്കില്ല. പക്ഷേ 50 വർഷം കഴിയുമ്പോൾ ഇന്നുണ്ടായിരുന്നതുപോലെയല്ല തുടരാൻ പോകുന്നത്. നിലവിലുള്ള രോഗങ്ങൾ പലതും കൂടിവരാൻ സാധ്യതയുണ്ട്. രോഗാതുരമായ ഒരു ശരീരവുമായി മലയാളം നിലനിൽക്കും. അങ്ങനെ നിലനിൽക്കുന്നതിന്റെ പ്രധാന കാരണം നമ്മുടെ പാഠപുസ്തകങ്ങളിലും പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്ന തെറ്റുകളാണ്. തെറ്റുകളുടെ ഒരു ഘോഷയാത്ര അച്ചടിയിൽ മാത്രമല്ല ഉച്ചാരണത്തിലും കടന്നുവരുന്നു. ഈ അടുത്തകാലത്ത് മലയാളത്തിൽ പുതിയൊരു സ്വരം അല്ലെങ്കിൽ ശബ്ദം ആധിപത്യം പുലർത്തുന്നു. 'ഭ' യുടെ ഉച്ചാരണം. 'ഭയം' എന്നതിന് 'ഫയം' എന്ന് ഉച്ചരിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. നല്ല സ്കൂളിൽ പഠിക്കുന്ന കുട്ടി 'ഫ' എന്നുച്ചരിക്കുമ്പോൾ സാമാന്യവിദ്യാഭ്യാസം മാത്രമുള്ള രക്ഷിതാക്കൾ ഈ വാക്കിന്റെ ഉച്ചാരണം 'ഫ' എന്നതുന്നെ എന്നു തെറ്റിദ്ധരിച്ച് അങ്ങനെ ഉച്ചരിച്ചു തുടങ്ങിയിരിക്കുന്നു. ഹയർസെക്കൻഡറി രണ്ടാംവർഷ പാഠപുസ്തകം ഞാൻ വായിച്ചുനോക്കി. ആശയത്തെ സംബന്ധിച്ച് എനിക്ക് പ്രത്യേകിച്ച് എതിരഭിപ്രായമോ പരാതിയോ ഇല്ല. പാഠപുസ്തകത്തിന്റെ ഭാഷയെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഇതിന്റെ തുടക്കത്തിൽ ഒന്നാം പേജിൽ 'ഹയർസെക്കന്ററി' എന്നാണ് അച്ചടിച്ചിരിക്കുന്നത്. സെക്കൻഡറിയുടെ സ്പെല്ലിങ് secondary എന്നാണ്. അപ്പോൾ 'ൻഡ' എന്നാണ് എഴുതേണ്ടത്. 'സെക്കന്ററി' എന്നെഴുതി തെറ്റു കുട്ടികളെ പഠിപ്പിക്കുകയാണ്. സർക്കാർ റിലീസുകളിലും ഇതുണ്ട്. മാത്രമല്ല ഈ പുസ്തകത്തിൽ 'തിരുവന്തപുരം' എന്ന് അച്ചടിച്ചിട്ടുണ്ട്. പ്രൂഫ് നോക്കിയിട്ടില്ല എന്ന് വ്യക്തം. നമ്മുടെ കുട്ടികൾ പഠിക്കുന്ന പുസ്തകത്തിലാണ് ഈ തെറ്റുകൾ. 'ദേശസേവനം അനുഷ്ഠിക്ക'ണമെന്നുള്ള ഭരണഘടനയിലെ വാക്യം 'ദേശീയ സേവനം' എന്നാക്കി മാറ്റിയിരിക്കുന്നു. അതുപോലെ 'പരിഷ്കരണം' എന്നെഴുതുമ്പോൾ 'ക' ഇരട്ടിക്കണോ എന്നുള്ളതും ഒരു പ്രശ്നമാണ്. ഇരട്ടിക്കാതിരിക്കുന്നതാണ് ഭംഗി. ഇതേ പുസ്തകത്തിൽ 'ആനുകാലിക സാഹിത്യം' എന്നൊരു വാക്കുണ്ട്. ആനുകാലികം എന്നാൽ 'ഒരു നിശ്ചിതകാലയളവിനെ സൂചിപ്പിക്കുന്നത്' എന്നാണ്. സമകാലികസാഹിത്യം എന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. മുന്നോട്ട് വായിച്ചാൽ ഇനിയും തെറ്റുകൾ കാണാം. അപ്പോൾ ഭാഷയ്ക്ക് രോഗങ്ങൾ വർധിച്ചുവരുന്നതു തടയാൻ നമ്മുടെ യൂണിവേഴ്സിറ്റികളും മറ്റ് വിദ്യാഭാസ ഏജൻസികളും നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. കാരണം ഈ തകരാർ വരുന്നത് വിദ്യാഭ്യാസത്തിന്റെ നിർമാണ കേന്ദ്രങ്ങളും നയരൂപീകരണകേന്ദ്രങ്ങളുമായ സ്ഥാപനങ്ങളിൽ നിന്നാണ്. അവയുടെ പ്രവർത്തനത്തിന് സഹായകരമാകും വിധം, ഭാഷയ്ക്കുണ്ടാകുന്ന രോഗങ്ങൾ മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളാണ് ഈ ചർച്ചയിൽ നാം മുന്നോട്ട് വക്കേണ്ടത്.

**എം.പി.ലളിതാഭായി :** ഒ.എൻ.വി.സാറിന്റെ നേതൃത്വത്തിൽ മലയാളത്തെ രക്ഷിക്കുന്നതിന് ഒരു കൂട്ടായ്മ കുറച്ചുകാലം മുൻപുണ്ടായിരുന്നു. അതിൽ ഞാനുമൊരംഗമായിരുന്നു. അതുകൊണ്ട് നല്ല ഫലങ്ങൾ ഉണ്ടാകുന്നില്ലെന്നു ഞാൻ കരുതുന്നില്ല. ഉണ്ട്, ഇതുപോലുള്ള ശ്രമങ്ങൾ അതിന്റെ വിജയമാണ്. മലയാളഭാഷകൊണ്ടു ജീവിക്കുന്ന വ്യക്തികൂടിയായതുകൊണ്ട് ഭാഷ മരിക്കുന്നതുപോയിട്ട് ചെറിയരോഗം വരുന്നതുപോലും എന്നെ വേദനിപ്പിക്കും. മലയാളഭാഷയോട് ഒരു മതിപ്പുകുറവ് നാം മലയാളികളിൽ കണ്ടുവരുന്നുവെന്നത് നിഷേധിക്കാൻ കഴിയാത്ത ഒന്നാണ്. സർവകലാശാലകൾ മലയാളത്തെ സെക്കൻഡ് ലാങ്ഗ്വേജ് ആയി തരംതാഴ്ത്തിയത് മലയാളത്തോടു കാണിച്ചുകൊണ്ടിരിക്കുന്ന വലിയ ഒരു ക്രൂരതയാണ്. ഏതു നാട്ടിലും മാതൃഭാഷതന്നെയാണ് ഒന്നാം ഭാഷ. അതു പഠിക്കാതെ ഒരു കുട്ടിക്ക് പത്താംക്ലാസ് ജയിക്കാൻ കഴിയില്ല. ഇവിടുന്നൊരുകുട്ടി മഹാരാഷ്ട്രയിൽ പോയപ്പോൾ ഒരു മാസം കൊണ്ട് മറാഠി

പഠിച്ച് പരീക്ഷയെഴുതേണ്ടിവന്നു. സ്കൂൾ മുതൽ സർവകലാശാലവരെ എല്ലാതലത്തിലും ഒരു ഭാഷയായിട്ട് മലയാളം പഠിപ്പിക്കാൻ നമുക്കു കഴിയണം. ആഴത്തിലേക്കു പോകണമെന്നല്ല, മറിച്ച്, പ്രസിദ്ധരായ സാഹിത്യകാരൻമാരെ, കവികളെ, നിരൂപകരെ ഭാഷയെ, വാക്കുകളെ, സംസ്കാരത്തെ ഒക്കെ പഠിക്കുന്ന ഒരു പേപ്പർ നിർബന്ധമാക്കണം. മുൻപ് പ്രീഡിഗ്രിയുള്ളപ്പോൾ മലയാളം പഠിക്കാൻ കുട്ടികൾ വരാത്ത സ്ഥിതിയുണ്ടായിരുന്നു. മലയാളത്തിനു മാർക്കു ലഭിക്കില്ല എന്നതായിരുന്നു പ്രശ്നം. അതു സർവകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അവിടെ അധ്യാപകർ തീരുമാനിച്ചത് വാരിക്കോരി മാർക്കുനൽകാനാണ്. എന്തെങ്കിലും എഴുതിയാൽ മാർക്കുകിട്ടുന്ന ഈ അവസ്ഥ മലയാളത്തെ രക്ഷിക്കാൻ പര്യാപ്തമായില്ല. എഴുത്തച്ഛനെപ്പോലും തിരിച്ചറിയാത്തവർ മലയാളം ബിരുദമെടുത്ത് വരുന്ന അവസ്ഥ ഭാഷയ്ക്കു ഭൂഷണമല്ലല്ലോ. ഇതു മാറ്റാൻ അധ്യാപകൻ തന്നെ മുൻകൈയെടുക്കണം. ഇപ്പോൾ സ്കൂളുകളിൽ പി.ടി.എയുടെ ചെലവിൽ ഇംഗ്ലീഷ് മീഡിയം നഴ്സറി തുടങ്ങിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾ വരണമല്ലോ. ഇംഗ്ലീഷ് നമുക്കുവേണം. മലയാളത്തെ പ്രോത്സാഹിപ്പിക്കണം എന്നു പറഞ്ഞാൻ ഇംഗ്ലീഷ് വിരുദ്ധമാകണം എന്ന നിലപാട് ചിലർക്കുണ്ട്. അതു തെറ്റാണ്. പലപ്പോഴും ഇവിടെ പ്രശ്നം മലയാളവും അറിഞ്ഞുകൂട ഇംഗ്ലീഷും അറിഞ്ഞുകൂട എന്ന നിലയിൽ ഒരു തലമുറ വളരുന്നു എന്നതാണ്. അൺ എയിഡഡ് സ്കൂളുകൾ ഉൾപ്പെടെ നിലവാരമില്ലാത്ത ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നവരാണവർ.

മലയാള ഭാഷയിൽ നിരവധി ഭാഷകളിലെ വാക്കുകൾ കടന്നു വന്നിട്ടുണ്ട്. അതിനോട് എതിർപ്പു പ്രകടിപ്പിക്കേണ്ടതില്ല. അങ്ങനെയാണ് ഭാഷ വളരുന്നത്. പൊതുവെ പറഞ്ഞാൽ മലയാളിക്കു മലയാളത്തോടുള്ള മനോഭാവമാണ് പ്രശ്നം. എന്നോട് ജോലിയെക്കുറിച്ച് അന്വേഷിക്കുന്നവരോട് കോളേജ് ലക്ചറർ എന്നു പറയുമ്പോൾ അവരുടെ മുഖത്ത് ഒരു മതിപ്പു ഉളവാകുന്നത് ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ അടുത്ത നിമിഷം ഏതു വിഷയമെന്ന ചോദ്യത്തിനു മലയാളം എന്നുപറയുമ്പോൾ ആ മതിപ്പല്പം കുറയുന്നതായും തോന്നിയിട്ടുണ്ട്. നിങ്ങൾ പറയുന്നതിൽ തന്നെ അൽപം അപകർഷസ്വരം കാണും, ഇനി പ്പറയുമ്പോൾ ഞെളിഞ്ഞുനിന്ന് മലയാളം എന്ന് അഭിമാനത്തോടെ പറയണമെന്ന് എന്റെ വകുപ്പു മേധാവിപറഞ്ഞു. അതിനുശേഷം ഞാനങ്ങനെയാണ് പറയാറ്. അപ്പോൾ മനോഭാവം തന്നെയാണ് പ്രശ്നമെന്നെനിക്കുതോന്നുന്നു.

**കെ.എസ്. രവികുമാർ** : മലയാളം മുൻഷിമാരെന്നു പറയുന്ന മഹാപണ്ഡിതൻമാർക്ക് മറ്റുവിഷയങ്ങൾ പഠിപ്പിക്കുന്നവർക്കു നൽകുന്നതിനെക്കാൾ കുറഞ്ഞ ശമ്പളം നിശ്ചയിച്ചിരുന്ന നാടാണ് നമ്മുടേത്. സ്വന്തം ഭാഷയെക്കുറിച്ച് അഭിമാനമില്ലാത്തതുകൊണ്ടാണിത്. അതാണ് മലയാളത്തിന്റെ പ്രശ്നവും.

ഭാഷയെക്കുറിച്ചുള്ള ചർച്ചകളിൽ രണ്ടുതരത്തിലുള്ള തീവ്രവാദങ്ങൾ ഉണ്ടാകാറുണ്ട്. ഒന്ന് എല്ലാം മലയാളത്തിൽ വേണമെന്ന വാദം. രണ്ട്, അന്യഭാഷാസ്വാധീനം ഏതളവുവരെയും ആകാമെന്നവാദം, മലയാള ഭാഷയ്ക്ക് അധിനിവേശപരമായ കാര്യങ്ങളെ ഉൾക്കൊള്ളാനുള്ള സഹജ സ്വഭാവം ഉണ്ട്. പണ്ടുമുതലേയുള്ള വിദേശബന്ധം വഴിയുള്ള സംസ്കാരവിനിമയത്തിലൂടെ ഒട്ടേറെ കാര്യങ്ങൾ നാം സ്വാംശീകരിച്ചിട്ടുണ്ട്. അതുവഴി നമ്മുടെ സംസ്കാരത്തിൽ വിദേശസംസ്കാരങ്ങളുടെ ഒട്ടേറെ അംശങ്ങൾ ലയിച്ചുചേർന്നിട്ടുണ്ട്. അത് ഭാഷയുടെ കാര്യത്തിലും ഉണ്ടായിട്ടുണ്ട്. അറബിക്, പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് എന്തിന് ചൈനീസ് ഭാഷയിലേതുൾപ്പെടെ നിരവധിവാക്കുകൾ നാം കടംകൊണ്ടിട്ടുണ്ട്. അങ്ങനെ അന്യഭാഷാപദങ്ങൾ സ്വീകരിക്കുന്നതും അന്യസംസ്കാര രീതികളും ശൈലീപ്രകാശനങ്ങളുമൊക്കെ സ്വീകരിക്കുന്നതും വേണ്ടതുതന്നെ. പക്ഷേ ഭാഷയുടെ തനിമ ഇല്ലാതാക്കുന്ന മട്ടിൽ അന്യഭാഷാസംസ്കാരം സംക്രമിക്കുന്ന രീതി ആശാസ്യമല്ല. വാസ്തവത്തിൽ ഈ രണ്ടുവാദങ്ങൾക്കിടയിലാണ് ശരി.

ഇംഗ്ലീഷ് പദങ്ങൾക്കു തത്തുല്യമായ പദങ്ങൾ തമിഴിൽ അനായാസേന നിർമിക്കുന്നുണ്ട്. മലയാളത്തിൽ ഈ പരിഭാഷാപ്രക്രിയ പലപ്പോഴും വികലമായി പോവുകയാണ് ചെയ്യാറ്. ഉദാഹരണത്തിന് സ്കൂൾക്ലാസുകളിൽ ആദ്യകാലത്ത് ബോയിലിങ് പോയിന്റിന് ക്വഥനാങ്കം എന്നു പരിഭാഷ നൽകിയിരുന്നു. പിന്നീട് കുറച്ചുകൂടെ ലളിതമലയാളമായ തിളനില വന്നിട്ടുണ്ട്. ഇന്നിപ്പോൾ നമ്മുടെ സംഭാഷണഭാഷയിൽ, പ്രത്യേകിച്ചും ചെറുപ്പക്കാർ ഉപയോഗിക്കുന്ന, മറുഭാഷാവാക്കുകളുടെ അളവ് കൂടിപ്പോകുന്നു എന്നതാണ് അപകടം. 70–75 ശതമാനം വരെ അതു വരുന്നുണ്ട്. മുതിർന്ന പ്രായക്കാർക്ക് സ്വാഭാവികമായി വരുന്ന പല വാക്കുകളും ചെറുപ്പക്കാർക്ക് കിട്ടുന്നില്ല. ഇ.വി.കൃഷ്ണപിള്ള പരിഹാസപൂർവം പറഞ്ഞ വാചകമുണ്ട്. "മലയാളത്തിൽ ഐഡിയാസ് എസ്ക്പ്രസ് ചെയ്യാൻ ഡിഫിക്കൽറ്റി ആണെന്ന്." ഈ വാചകം ഇന്നിപ്പോൾ ഒരു അസ്വാഭാവികതയുമില്ലാതെ സ്വീകരിക്കപ്പെടുന്നു. യഥാർഥത്തിൽ ശുദ്ധമലയാളം സംസാരിക്കുന്ന കൂട്ടർ രാഷ്ട്രീയക്കാർ മാത്രമാണ്.

സിനിമയെക്കുറിച്ചും പത്രമാധ്യമങ്ങളെക്കുറിച്ചും ഇവിടെ പറഞ്ഞു. അതിലും ഒരു അപകടമുണ്ട്. തിയേറ്ററുകളിൽ ഓടുന്ന സിനിമ അധികവും തമിഴ് സിനിമയാണ്. അത് സിനിമയുടെ മേൻമയാകാം. എന്നാൽ ഭാഷാസംക്രമണത്തിന്റെ ഒരു തലമായും അതു വരുന്നുണ്ട്. പത്രങ്ങളും മറ്റു മാധ്യമങ്ങളുമാണ് ഭാഷയെ നിലനിറുത്തി വളർത്തുന്ന ഒരു പ്രധാന ഘടകം എന്നതിൽ സംശയമില്ല. പത്രങ്ങൾ നമ്മുടെ ഭാഷയുടെ സ്വഭാവത്തിൽ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. പഴയകാല വാർത്താശൈലിയിൽ നിന്നുമാറി ആധുനിക ഗദ്യത്തെ സ്റ്റാൻഡഡൈസ് ചെയ്യുന്നതിൽ പത്രങ്ങൾ വലിയ പങ്കുവഹിച്ചു. പക്ഷേ ഇപ്പോൾ പലപ്പോഴും അവിടെ നിന്നു പുറകോട്ടുപോകും വിധം പത്രഭാഷയിൽ വൈകല്യം കൂടിവരുന്നു.

**അച്യുത് ശങ്കർ എസ്. നായർ**

മലയാള ഭാഷ മരിക്കില്ല എന്ന അഭിപ്രായം എനിക്കില്ല. ഭാരതീയ ഭാഷകളിൽ തന്നെ 'മൃതഭാഷ' എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ഭാഷകളുടെ ഒരു പട്ടിക തന്നെ നിരത്താൻ സാധിക്കും. 'മലയാളം മരിക്കാതിരിക്കട്ടെ' എന്നാണ് എന്റെ പ്രാർഥന. മരണം പോലെ തന്നെയാണ് തിരിച്ചറിയാനാവാത്ത രൂപാന്തരവും. 50 വർഷത്തിനുശേഷമുള്ള മലയാളം എന്തായിരിക്കുമെന്ന് ചോദിച്ചാൽ തീർച്ചയായും മുഖം തിരിച്ചറിയാനാവാത്ത വിധം രൂപമാറ്റം സംഭവിച്ച അവസ്ഥയിലാകാൻ സാധ്യതയുണ്ട്. അതിന് വ്യക്തമായ ചില കാരണങ്ങളും തെളിവുകളും ഉണ്ട്. കാരണങ്ങൾ പ്രധാനമായും നാലാണ്. ഒന്ന് ആഗോളവത്കരണം, രണ്ട് മലയാളികളുടെ കടൽ കടന്നുള്ള സ്വപ്നം. മൂന്ന്, സാങ്കേതികവിദ്യ. നാല്, എല്ലാവരും സൂചിപ്പിച്ചപോലെ, മലയാളിയുടെ മനോഭാവം.

ഇവിടെ മലയാളം രണ്ടാംഭാഷയായി കണക്കാക്കപ്പെടുന്നത് മലയാളിയുടെ മനസ്സിൽ മലയാളത്തിനുള്ള സ്ഥാനം ആ ക്രമത്തിലായതുകൊണ്ടാണ്. മലയാളിയുടെ മനസ്സിൽ ഇംഗ്ലീഷ് തന്നെയാണ് ഒന്നാം ഭാഷ. അത് പരസ്യമായി തള്ളിപ്പറയുകയും രഹസ്യമായി വേഴ്ച നടത്തുകയും ചെയ്യുന്ന സമൂഹമാണ് നമ്മുടേത് എന്ന് എനിക്ക് എന്റെ മനസ്സിൽ നോക്കി പറയാൻ സാധിക്കും. ഞാൻ അങ്ങനെയാണ് എന്നതു തന്നെ കാരണം. എന്നാൽ മലയാളത്തെ മാത്രമായി പ്രതിക്കൂട്ടിൽ നിർത്തുക സാധ്യമല്ല. മറ്റ് ഇന്ത്യൻ ഭാഷകൾ നേരിടുന്ന സമ്മർദം മലയാളത്തിനുമുണ്ട്. ഡിക്ഷനറികളുടെ തലതൊട്ടപ്പനായ ഡേവിഡ് ക്രിസ്റ്റൻ ഈയിടെ വിചിത്രമായ ഒരു പ്രസ്താവന നടത്തി. "2028 ആകുമ്പോഴേക്കും ലോകത്തിൽ ഏറ്റവും കൂടുതൽ

> മരണം പോലെ തന്നെയാണ് തിരിച്ചറിയാനാവാത്ത രൂപാന്തരവും. 50 വർഷത്തിനുശേഷമുള്ള മലയാളം എന്തായിരിക്കുമെന്ന് ചോദിച്ചാൽ തീർച്ചയായും മുഖം തിരിച്ചറിയാനാവാത്ത വിധം രൂപമാറ്റം സംഭവിച്ച അവസ്ഥയിലാകാൻ സാധ്യതയുണ്ട്.

ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന ജനസമൂഹം ഇന്ത്യയിലായിരിക്കും." അതുകൊണ്ടു തന്നെ മലയാളത്തിന്റെ പ്രസക്തി നഷ്ട പ്പെടുന്നതിൽ അത്ഭുതമില്ല. .

ഇവിടെ വ്യത്യസ്ത രീതിയിൽ പദങ്ങൾ എഴുതുന്നതിനെപ്പറ്റി പറഞ്ഞു. എനിക്ക് തോന്നുന്നത് അമേരിക്കക്കാരൻ ഇത്തര മൊരു ചർച്ച നടത്തില്ല. ഒരു പദം തന്നെ വ്യത്യസ്ത അക്ഷരങ്ങളിലൂടെ സൂചിപ്പിക്കു ന്നതിന് അവിടെ സ്വാതന്ത്ര്യമുണ്ട്. 'കളർ' എന്നെഴുതാൻ Colour എന്നോ color എന്നോ ഉപയോഗിക്കാം. ഭാഷയുടെ പുറത്ത് ഒരു വേഴ്ച നടത്താനുള്ള സ്വാതന്ത്ര്യം അവിടെയുണ്ട്.

**പി.കെ. രാജശേഖരൻ :** എന്തും എഴു താമെന്നാണോ വാദം.

**അച്യുത് ശങ്കർ എസ്. നായർ :** ഇംഗ്ലീ ഷ് പദം മലയാളത്തിലെഴുതുമ്പോൾ പൂർണ മായ ശരിലിപി പോലെഴുതാനാകില്ല. Secondary എന്നെഴുതുന്നതിന് സെക്കന്ററി എന്നെഴുതിയാലും സെക്കൻഡറി എന്നെ ഴുതിയാലും പൂർണമായി ശരിയാകയില്ല. Apple-ലെ A യ്ക്കുള്ള ശരിയായ ലിപി മലയാളത്തിലില്ലെന്ന് പ്രബോധചന്ദ്രൻ സാറും സമ്മതിക്കും.

**വി.ആർ പ്രബോധചന്ദ്രൻ നായർ :** ശരി യാണ്

**അച്യുത് ശങ്കർ എസ്. നായർ :** രണ്ടു രീതിയിലെഴുതുന്നതും തെറ്റാകുമ്പോൾ ഒന്നു തെരഞ്ഞെടുത്തേ മതിയാകൂ.

**പി.കെ. രാജശേഖരൻ :** അതിനു നിയമ ങ്ങളുണ്ട്.

**അച്യുത് ശങ്കർ എസ്. നായർ :** ഭാഷ യുടെ കാര്യത്തിൽ അത്തരം വീക്ഷണ ത്തോട് ഞാൻ യോജിക്കുന്നില്ല. അതുകൊ ണ്ടാണ് നമുക്കിവിടെ ഒരു സംവാദംതന്നെ വേണ്ടിവന്നത്.

പ്രബോധചന്ദ്രൻ സാർ പറഞ്ഞപോലെ ഭാഷയെ സംബന്ധിച്ച് സർക്കാർ ഉത്തരവു കളോ എ. ആറിനെപ്പോലുള്ള പണ്ഡി തൻമാരുടെ വ്യാകരണ നിയമങ്ങളോ ജന ങ്ങൾ സ്വീകരിച്ചുകൊള്ളണമെന്നില്ല. അവർ കാലത്തിനനുസരിച്ച മാറ്റങ്ങൾ അതിൽ വരുത്തിക്കൊണ്ടിരിക്കും. ആ സ്വാതന്ത്ര്യം ഭാഷവളരാൻ അനിവാര്യമാണെന്നെനിക്കു തോന്നുന്നു. കേരളത്തിന്റെ പലഭാഗത്തും മഴവില്ലിന്റെ സൗന്ദര്യത്തോടെയും വൈവി ധ്യത്തോടെയും ഈ ഭാഷ നിലനിൽക്കു ന്നത് തിരുത്തപ്പെടേണ്ട ഒന്നല്ല.

**പി.കെ. രാജശേഖരൻ :** പ്രാദേശിക വൈവിധ്യമാകാം. പക്ഷേ, എന്തും പ്രയോ ഗിക്കാനുള്ള വ്യക്തിപരമായ സ്വാത ന്ത്ര്യവും ഇഷ്ടാനിഷ്ടവും ഭാഷയെ നിർണ യിച്ചാൽ അപകടമാകും.

**അച്യുത് ശങ്കർ എസ്.നായർ :** ശരിയാ ണ്. ഞാനെന്റെ വാദത്തിലേക്കു വരാം. ഭാവിയെക്കുറിച്ചുള്ള എന്റെ പ്രവചന മെന്നോ ഭീതിയെന്നോ പറയാവുന്ന ഒരു കാര്യമുണ്ട്. മലയാളം, മലബാർ, മലയാളി എന്നീ മൂന്ന് വാക്കുകളോട് സാമ്യമുള്ള ഒരു രാജ്യം ലോകത്തുണ്ട്- മലയ. ഇന്നത്തെ മലേഷ്യ. അവിടെ റൂമി എന്ന അറബിയോട് സാമ്യമുള്ള എഴുത്തുശൈലിയാണുണ്ടായി രുന്നത്. എന്നാൽ ആ ശൈലി പൂർണ മായും തിരസ്കരിച്ചുകൊണ്ട് ഇംഗ്ലീഷ് ഭാഷ യിൽ എഴുതുന്ന ഒരു രീതിയാണ് ഇന്ന വർ സ്വീകരിച്ചിരിക്കുന്നത്. ആ ദുര്യോഗം മലയാളത്തിനും സംഭവിച്ചേക്കുമെന്നാ ണെന്റെ ഭയം. അതിന്റെ പല ലക്ഷണ ങ്ങളും കാണുന്നുണ്ട്. ഈയിടെ സർവക ലാശാലയിലെ ഒരു ചടങ്ങിൽ പ്രസംഗിച്ച ഒരാൾ സദസിലെ ഭൂരിപക്ഷം വരുന്ന പെൺകുട്ടികളോടു സംസാരിക്കവെ, കണ്ണകി ബ്രസ്റ്റ് പറിച്ചെറിഞ്ഞു എന്നു പറ ഞ്ഞു. മലയാളത്തിൽ പറഞ്ഞാലും ആ ശരീ രഭാഗം മാറുന്നില്ല. എന്നിട്ടും അങ്ങനെ പറ ഞ്ഞത് മലയാളിയുടെ മനോഭാവത്തിന്റെ പ്രശ്നമാണ്. മലയാളം വാക്ക് കൂടുതൽ അശ്ലീലമാണെന്ന മനോഭാവം. മലയാളപ ത്രങ്ങളിൽ ഇംഗ്ലീഷ്‌വാക്കുകളും മലയാളം വാക്കുകളും വേർതിരിച്ചാൽ 50 വർഷ ത്തിനു മുൻപ് കിട്ടിക്കൊണ്ടിരുന്നതിന്റെ 10 ഇരട്ടിവരും. ഇത് പത്രങ്ങളുടെ വാണിജ്യ പരമായ കാരണങ്ങളാലാണ്. ആഗോളവത് കരണത്തിന്റെ ഫലം. പത്രമാധ്യമങ്ങളുടെ വാണിജ്യവത്കരണം ഭാഷയെ സ്വാധീ നിച്ചു എന്നതിൽ തർക്കമില്ല, എന്നാൽ അവ ഭാഷയെ നശിപ്പിക്കാൻ തക്ക ശക്തി കൈവരിക്കുന്നു എന്നത് അനുവദനീയമ ല്ല. രണ്ടുവിധത്തിൽ മലയാളപത്രങ്ങളിലൂടെ ഇംഗ്ലീഷ് തിളച്ച്പൊങ്ങുകയാണ്. ഒന്ന് ഇംഗ്ലീഷ് പദങ്ങൾ മലയാള അക്ഷരത്തിൽ എഴുതിയിരിക്കുന്നത്. അതു പലരും സൂചി പ്പിച്ചു. മറ്റൊന്ന് മലയാളത്തിനിടക്ക് ഇംഗ്ലീഷ് അക്ഷരങ്ങൾ അതേപടി എഴുതുന്ന ശൈലി. അതും കൂടിവരുന്നു. രണ്ടുവർഷ ങ്ങൾക്കു മുൻപ് പ്രമുഖ പത്രങ്ങളിൽ എല്ലാ ടെലിവിഷൻ പരിപാടികളുടെ പേരും മല യാളത്തിൽ അച്ചടിച്ചിരുന്നു. കുറെക്കഴിഞ്ഞ പ്പോൾ ഇംഗ്ലീഷ് പരിപാടികളുടെ പേരുകൾ ഇംഗ്ലീഷിലടിക്കാൻ തുടങ്ങി. ഇപ്പോൾ ഹിന്ദി പരിപാടികളുടെ പേരും ഇംഗ്ലീഷിൽ അച്ച ടിക്കാൻ തുടങ്ങിയിരിക്കുന്നു. അടുത്ത പടി യെന്താവും? ഇംഗ്ലീഷ് പേരുള്ള മലയാളം പരിപാടികളുടെ പേരുകളും ഇംഗ്ലീഷിലടി ക്കാൻ തുടങ്ങും. മലയാളത്തിലെ ടി.വി. പരിപാടികളുടെ 40 ശതമാനം പേരുകളും ഇംഗ്ലീഷ് പദങ്ങളിലാണ്. ക്രോസ്ഫയ റെന്നും ബുക്ക്ഷെൽഫെന്നുമൊക്കെ മല യാളം പരിപാടികളാണ്. അടുത്തപടി? മലയാളമറിയാമെങ്കിലും മലയാളം ലിപിയ റിയാത്ത വിദേശമലയാളിക്ക് തമ്പാനൂരിൽ പത്രം കിട്ടുന്ന അതേസമയത്ത് വാഷിങ്ട ണിൽ അത് കോപ്പിയെടുക്കണമെങ്കിൽ നല്ലത് ഇംഗ്ലീഷ് അക്ഷരങ്ങളിലുള്ള മലയാ ളമാകും. ഇതിനെതിരെ നാം ഒന്നും ചെയ്യു ന്നില്ലെങ്കിൽ 50 വർഷത്തിനുശേഷം മരണ ത്തിനു തുല്യമായ രൂപാന്തരമാകും മലയാ ളത്തിനു സംഭവിക്കുക. പുതുതലമുറ 26 അക്ഷരങ്ങളുള്ള ഇംഗ്ലീഷിനെ സൗകര്യപ്ര ദമായി കാണുന്നു. എസ്.എം.എസുകൾ ഇന്ന് നാം ഇംഗ്ലീഷ് ലിപിയിലാണയയ്ക്കു ന്നത്. പല ഇ-മെയിലുകളിലും മലയാളം ഇംഗ്ലീഷിലെഴുതുന്നു. സൈബർ ലോക ത്തിലെ മലയാളസാന്നിധ്യം വർധിക്കുന്നു എന്നത് വലിയ സംഭാവനയാകുന്നില്ല. 5000 പേജുള്ള വിക്കിപ്പീഡിയപോലും സാങ്കേ തിക വിദ്യയുടെ വിശാലലോകത്ത് ചെറിയ സംരംഭമാണ്.

മറ്റൊരു പ്രധാനവിഷയം പുതിയപദങ്ങ ളുടെ കണ്ടെത്തലോ നിർമിതിയോ ആണ്. പുതിയപദങ്ങൾ ഭാഷയുടെ ജീവൽസ്പന്ദ നങ്ങളാണ്. എന്നാൽ മലയാളത്തിന്റെ പുത്തൻ പദപരീക്ഷണങ്ങൾ ഒന്നും തന്നെ മലയാളിക്ക് സ്വീകാര്യമാകുന്നില്ല എന്നതാ ണ്.

'വെബ്സൈറ്റിന്' 'ജാലിക' എന്നപദം കണ്ടെത്തി ഉപയോഗിച്ച പത്രം മാസ ങ്ങൾക്കുള്ളിൽ അത് പിൻവലിക്കുമ്പോൾ എന്ത് സന്ദേശമാണ് അവ നമുക്ക് നൽകു ന്നത്? പക്ഷേ, പുതിയ വാക്കുകൾ മലയാ ളത്തിൽ ഉണ്ടാക്കാൻ സാധിക്കില്ല എന്നു ധരിക്കുന്നത് തീർച്ചയായും തെറ്റാണ്. ഉദാ ഹരണമായി 1937-ൽ കേരള യൂണിവേ ഴ്സിറ്റി സ്ഥാപിതമായപ്പോൾ ആദ്യമായി പ്രസിദ്ധം ചെയ്ത പുസ്കതകങ്ങളിൽ ഒന്ന് ശ്രീ ജോസഫ് രചിച്ച 'വൈദ്യുതീവിലാസം' എന്ന ശാസ്ത്രപുസ്തകമാണ്. അതിൽ വൈദ്യുതിയുടെ 'ഫ്രീക്വൻസി'യെ മലയാ ളീകരിച്ചിരിക്കുന്നത് കറണ്ടിന്റെ തെരുതെ രുപ്പ് എന്നാണ്. ആശയം ഒരു തെരുതെരു പ്പോടെ വായനക്കാരന്റെ മനസ്സിൽ കടക്കു ന്നു. ഭാഷയെ സ്വാംശീകരിക്കാനുള്ള ഈ കഴിവാണ് ഇന്ന് നമുക്ക് നഷ്ടമായിരിക്കു ന്നത്.

ഇത്തരം പ്രതികൂലപ്രവണതകളെ കവ ച്ചുവയ്ക്കുന്ന പദ്ധതികൾ യൂണിവേഴ്സി റ്റികളും മറ്റ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകളും ആവി ഷ്കരിച്ചു നടപ്പിലാക്കേണ്ടത് അത്യാവശ്യ മായിത്തീർന്നിരിക്കുന്നു. "50 വർഷങ്ങൾക്കു ശേഷം മലയാളഭാശഷയെക്കുറിച്ചുള്ള സംവാദം 'SAMVADAM' എന്നാകാതിരി ക്കട്ടെ".

**വി.ആർ.പ്രബോധചന്ദ്രൻ നായർ:** ശ്രീ രാജശേഖരൻ പറഞ്ഞു "ഭാഷയിൽ രോഗം മൂർച്ഛിക്കും" എന്ന്. എന്നാൽ രോഗം ഏറെ മൂർച്ഛിച്ചാൽ മരണത്തിൽ കലാശിക്കും. അല്ലെങ്കിൽ ആളെത്തന്നെ തിരിച്ചറിയാൻ കഴിയാതെ വരും. മുഖച്ഛായയും ശരീരപ്ര കൃതവും എല്ലാം മാറിക്കഴിഞ്ഞാൽ ഫല ത്തിൽ ഇല്ലാതായിത്തീരുകയാണ് ചെയ്യുന്ന ത്.

ഭാഷയിൽ സൂക്ഷ്മത, കൃത്യത എന്നിവ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. കുട്ടു പായസത്തിൽ കല്ലുകടിക്കാതിരിക്കുകയില്ല എന്ന് പറയുന്നതുപോലെ നമ്മുടെ പ്രസി ദ്ധീകരണങ്ങളിലെല്ലാം തെറ്റുകൾ കടന്നു കൂടുന്നു. നമ്മൾ 'ന' എന്നെഴുതി രണ്ടു തരത്തിൽ ഉച്ചരിക്കാറുണ്ട്. പദാദിയിൽ വരു മ്പോൾ മലയാളപദമാണെങ്കിൽ നാവിന്റെ തുമ്പ് പല്ലിൽ തൊടണം. എന്നാൽ മാത്രമേ അത് മലയാളമാകുകയുള്ളൂ. ഇതാണ് മല യാളത്തനിമ. 'നാരായണ' എന്നത് തമിഴ് അധ്യാപകർ പഠിപ്പിക്കുമ്പോൾ ഉച്ചാരണം 'പന'യുടെ 'ന' ആണ്. 'ന'എന്നെഴുതു മ്പോൾ അതിൻ രണ്ട് ഉച്ചാരണം ഉണ്ടെന്ന് പറയുന്നതുപോലെ 'ഭ' എന്നെഴുതുമ്പോൾ അതിന്റെ ഉച്ചാരണം പറഞ്ഞുകൊടുക്കാൻ അധ്യാപകന് സാധിക്കണം. എന്നാൽ ഇത് നമ്മുടെ അധ്യാപനപരിശീലന പദ്ധതിക ളിൽ പെടുന്നില്ല എന്നുള്ളതുകൊണ്ടാണ് ആധികാരികമായ മഹാനിഘണ്ടുവിൽ

പോലും ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കാതെ വരുന്നത്. അപ്പോൾ 'ഫാര്യയുടെ ഫംഭി' എന്നൊക്കെ പറയേണ്ടിവരും.

പദമല്ല, വാക്യമാണ് പ്രശ്നം. ചില സിനിമാതാരങ്ങളെയൊക്കെ ഇന്റർവ്യൂ ചെയ്യുമ്പോൾ കേൾക്കാറുണ്ട് 'നല്ല റോൾസൊക്കെ കിട്ടണമെന്ന് ആഗ്രഹമുണ്ട് ബട്ട്......' എന്ന് 'ബട്ട്' എന്നത് ധർമപദമാണ്. മലയാളത്തിലേക്ക് നമുക്ക് 'സാരപദം' എത്രവേണമെങ്കിലും കടമെടുക്കാം. അതെല്ലാം മലയാളത്തിൽ പച്ചപിടിക്കും. Neverthless എന്നൊക്കെ ഭാഷണത്തിൽ ഉപയോഗിച്ചുകഴിഞ്ഞാൽ എന്താണ് സ്ഥിതി? അത് വ്യാകരണികമായ പദമാണ്. വ്യാകരണികമായ പദങ്ങൾ മറ്റൊരുഭാഷയിൽ നിന്ന് ഒരു ഭാഷയും കടമെടുക്കുകയില്ല. അങ്ങനെ കടം എടുക്കുന്നത് ഫാഷന് വേണ്ടി ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിക്കുന്നവർ മാത്രമാണ്. അവിടെയാണ് മലയാളം മലയാളമല്ലാതാകുന്നത്. "സോഷ്യോളജിക്ക് അഡ്മിഷൻ ക്ലോസ് ചെയ്തു. പക്ഷേ വൈസ്ചാൻസലറുടെ സ്പെഷ്യൽ സാംങ്ഷൻ ഉണ്ടെങ്കിൽ കിട്ടും. നമുക്കൊന്ന് ട്രൈ ചെയ്തുനോക്കാം." ഇതാണ് ഇപ്പോഴത്തെ മലയാളം. 'ഇത് ശുദ്ധമാക്കണം' എന്നൊക്കെപ്പറഞ്ഞാൽ എനിക്ക് ചിരിയാണ് വരുന്നത്. ഇതാണ് നല്ല ശുദ്ധമായ സമകാലിക മലയാളം. പിന്നെ മറ്റൊന്നുകൂടിയുണ്ട് – പദനിർമാണ വൈഭവം. Wave length എന്ന് കണ്ടുകഴിഞ്ഞാൽ 'തരംഗദൈർഘ്യം' എന്നു പറയാം. 'അലനീളം' എന്നും പറയാം. 'അലനീളം' എന്നൊക്കെ ഒരു പ്രാവശ്യം ഉപയോഗിക്കാൻ കൊള്ളാം. പക്ഷേ, 'തരംഗദൈർഘ്യം' എന്ന വാക്കിന്റെ ഗുണം അതിൽ നിന്നും മറ്റ് വാക്കുകൾ നമുക്ക് ഉണ്ടാക്കിയെടുക്കാൻ സാധിക്കും എന്നതാണ്. അപ്പോൾ സംസ്കൃതം നമ്മുടെ മനസ്സിൽ ഉറച്ചുകഴിഞ്ഞു. പച്ച മലയാളത്തിനു വേണ്ടി പോയവരെല്ലാം പരാജയപ്പെട്ടിട്ടേയുള്ളൂ.

**പി.കെ.രാജശേഖരൻ :** നാഗ്പൂർ, ജയ്പൂർ, മണിപ്പൂർ എന്നിവ പുരം എന്ന വാക്കിന്റെ ഹിന്ദി രൂപമായ 'പുർ' എന്നാണ്. നമ്മൾ അത് നാഗ്പൂർ, ജയ്പൂർ എന്നൊക്കെ ദീർഘിപ്പിച്ചാണ് എഴുതുന്നത്. സച്ചിൻ ടെൻണ്ടുൽക്കറുടെ മകളുടെ പേര് 'സാറ' എന്നാണ് എല്ലാ പത്രങ്ങളിലും അച്ചടിക്കുന്നത്. 'സാര'യാണത്. 'സഹാര' ഹിന്ദിയിൽ നിന്ന് മലയാളത്തിലെത്തിയപ്പോൾ 'സഹാറ'യായി. ഇങ്ങനെ ദേവനാഗരിയിൽ എഴുതുന്നതുപോലും ശരിയല്ലാത്ത വിധത്തിൽ മലയാളത്തിലെഴുതുന്നു. ഒരു ഭാഷ മലയാളത്തിലെഴുതാൻ പറ്റുന്ന സാഹചര്യത്തിൽ അങ്ങനെ തന്നെ എഴുതണം. 'സെക്കന്റെറി'യിലെ തെറ്റ് അതാണ്. ഭാഷയെ അതിന്റെ ക്ലാസിക്കൽ അംശത്തോടെ നിലനിർത്തണം. അത് സർവകലാശാലകളാണ് ചെയ്യേണ്ടത്. മറുവശത്ത് പ്രായോഗിക/നിത്യോപയോഗഭാഷ എന്നുള്ള നിലയിൽ മലയാളത്തിനെയും നമുക്ക് നിലനിർത്തണം.



മാറിവരുന്നൊരു മലയാളമുണ്ട്. എഫ്.എമ്മുകൾ പോലുള്ളവ ഉപയോഗിക്കുന്നത്. ആകാശവാണിയുടെ മോഡലിൽ ചിട്ടപ്പെടുത്തിയ ഒന്നല്ല അത് പരിചയപ്പെടുത്തുന്നത് പുതിയൊരു ഭാഷയാണ്. ഇത് ലിഖിത ഭാഷയല്ല, ഇത് ഒരു പ്രത്യേക സബ്കൾച്ചറാണ്. ഈ ഭാഷ ഒരു സെമിനാറിൽ ഉപയോഗിക്കില്ല. അതുകൊണ്ട് ആശങ്കപ്പെടേണ്ട ആവശ്യമില്ല.

മലയാളം മരിക്കില്ല. പക്ഷേ നമുക്ക് ഒരു 'തെളിമലയാളം ക്യാമ്പയിൻ' ആവശ്യമുണ്ട്. അതിന് സർവകലാശാലകളും, പ്രസിദ്ധീകരണസ്ഥാപനങ്ങളും മറ്റ് ഏജൻസികളും മുൻകൈ എടുക്കണം. ഒരു ഭാഷാനയം സർക്കാർ തലത്തിൽ രൂപപ്പെടുത്തണം.

**എം.പി.ലളിതാഭായി:** നമ്മുടെ ജീവിതം മാറുന്നു, ശൈലി മാറുന്നു. ഇങ്ങനെ എല്ലാ മാറുമ്പോൾ ഭാഷയിലും അത്തരത്തിലുള്ള പ്രവണതകൾ കടന്നുകൂടുന്നത് സ്വാഭാവികമാത്രം. ഭാഷയുടെ വളർച്ചയെയാണ് അതു സൂചിപ്പിക്കുന്നത്. പക്ഷേ, ഭാഷ സംസ്കാരത്തിന്റെ കൂടി ഭാഗമാകുന്നതുകൊണ്ട് മാറ്റം ശരിയായ ദിശയിലേക്കാണോ നീങ്ങുന്നതെന്ന് പരിശോധിച്ച് തിരുത്താനുള്ള ആർജവം ഒരു ജനതയെന്ന നിലയിൽ നമുക്കുണ്ടാകണം. അത് നഷ്ടപ്പെടരുത്.

**അച്യുത് ശങ്കർ എസ്.നായർ :** ശ്രീ രാജശേഖരൻ സൂചിപ്പിച്ചതിൽ എനിക്ക് വിയോജിപ്പുള്ളത് ഒന്നുമാത്രം. ശരി/തെറ്റ് എന്ന് ഇത്ര ശക്തമായ രീതിയിൽ വാക്കുകളെ കുറിച്ചോ ഉച്ചാരണത്തെക്കുറിച്ചോ പറയുന്നത് ചരിത്രപരമായി ശരിയായ സമീപനം അയിരിക്കില്ല. കാരണം പല പുതിയ പ്രയോഗങ്ങളും നാളെ മലയാളത്തിന്റെ തനിമയായി മാറാം.

**പ്രൊഫ. വി. ആർ. പ്രബോധചന്ദ്രൻ നായർ :** ഇംഗ്ലീഷ് കൈകാര്യം ചെയ്യാനുള്ള കഴിവ് മുന്നോട്ടുപോകാൻ ആവശ്യമാണ്. പക്ഷേ ഇവിടെ ഇംഗ്ലീഷും നേരാവണ്ണം പഠിപ്പിക്കുന്നില്ല എന്നുള്ളതാണ് സത്യം. വാസ്തവത്തിൽ പാർലമെന്റിൽ മെമ്പർമാർക്ക് ഹിന്ദിയിൽ കേരളത്തിലെ കാര്യങ്ങൾപറഞ്ഞുഫലിപ്പിക്കാനുള്ള കഴിവ് വേണ്ടതുണ്ട്. അല്ലെങ്കിൽ എം.പി ആയിക്കഴിഞ്ഞാൽ ആറുമാസത്തിനകം ഹിന്ദി പഠിക്കണമെന്ന് നിഷ്കർഷിക്കണം. മലയാളം എല്ലാ ആളുകളും ഭംഗിയായിപഠിക്കണം. മറ്റുള്ള ഭാഷകളൊക്കെ ആവശ്യത്തിന് പഠിച്ചുവയ്ക്കുക തന്നെ വേണം. നമുക്ക് കേരളത്തിൽ ജാപ്പനീസ് പഠിച്ച കുറച്ചുപേരെങ്കിലും വേണം. ചൈനീസ് പഠിച്ച ആളുകളും വേണം. അതാണ് 'ഭാഷാനയം'. ധർമവും അധർമവും തമ്മിൽ ഭീഷ്മർക്ക് തിരിച്ചറിയാൻ പാടില്ല എന്നതുപോലെ ജീവിതത്തിന്റെ ഭാഗമായ ഭാഷയിലെ ശരി/തെറ്റുകൾ തീർച്ചയായിട്ടും അറുത്തുമുറിച്ചുപറയാൻ സാധിക്കുകയില്ല. പക്ഷേ എവിടെവരെപോകാം എന്നുള്ളത് പ്രധാനപ്പെട്ടകാര്യമാണ്. 'വൃശ്ചികമാസം' എന്നു പറയുന്നതിനു പകരം 'വൃച്ഛികമാസം' എന്നു പറയുന്ന ആൾ പരിഹസിക്കപ്പെടും. അയാൾക്ക് സഭയിൽ വലിയ സ്ഥാനമൊന്നും ഉണ്ടാവുകയില്ല. പക്ഷേ ഇത്തരം പ്രശ്നവാക്കുകൾ ഇരുപതിൽ കൂടുതൽ വരികയില്ല എന്ന് എണ്ണിനോക്കിയവനാണ് ഞാൻ. അവയുടെ ഒരു ലിസ്റ്റുണ്ടാക്കി അധ്യാപകർക്ക് കൊടുക്കേണ്ട ആ

വശ്യമേ ഉള്ളൂ

**എം.പി. ലളിതാഭായി :** ഇംഗ്ലീഷ്മീഡിയം വിദ്യാഭ്യാസത്തെക്കുറിച്ച് എന്താണഭിപ്രായം?

**വി.ആർ. പ്രബോധചന്ദ്രൻ നായർ:** ഏറ്റവും ചെറിയ ക്ലാസുമുതൽ ഇംഗ്ലീഷ് പഠിപ്പിക്കേണ്ട കാര്യമില്ല. ഇംഗ്ലണ്ടിൽ ഇംഗ്ലീഷ് പഠിപ്പിക്കാൻ ഒരുകൊല്ലത്തിൽ കൂടുതൽ എടുക്കാറില്ല. എത്രയോ ആളുകൾ റഷ്യയിൽ പോയിട്ടുണ്ട്. അവർക്ക് റഷ്യൻ പഠിക്കാൻ ഒരുകൊല്ലം മാത്രമേ ആവശ്യമായിവരൂ. ഫ്രാൻസിൽ പോയ ആളുകൾ ഫ്രഞ്ച് പഠിക്കും. ഫ്രഞ്ചിൽ 'തീസിസ്' എഴുതും. അപ്പോൾ ഒന്നാംക്ലാസുമുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതൊക്കെ ഒരു തന്ത്രമാണ്.

**പി.കെ. രാജശേഖരൻ** : ഇംഗ്ലീഷ്മീഡിയം ഒരു പ്രശ്നമല്ല, നല്ല മലയാളം പഠിപ്പിക്കുകയാണെങ്കിൽ.

**അച്യുത്ശങ്കർ എസ്. നായർ :** ഇപ്പോൾ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം പൊതുസമൂഹത്തിന്റെ ഭാഗമായിക്കഴിഞ്ഞു. മലയാളത്തിനു വേണ്ടിയുള്ള കാമ്പയിൻ ഇംഗ്ലീഷ് വിരുദ്ധമാകേണ്ടതില്ല. മലയാളത്തിൽ കാര്യങ്ങൾ പഠിക്കുന്നതിൽ അപകർഷതാബോധമല്ല അഭിമാനമാണ് ഉണ്ടാകേണ്ടത്.■

പ്രൊഫ. പന്മന രാമചന്ദ്രൻ നായർ

# നല്ല ഭാഷാശൈലി സ്വന്തമാക്കാൻ

വികലശൈലികൊണ്ട് ഭാഷയെ മലീമസമാക്കരുതേ.......
ഇടിയപ്പം പോലെയും നൂലപ്പം പോലെയും
ആശയങ്ങളെ കൂട്ടിക്കുരുക്കരുതേ......
അസ്ഥാനത്ത് വാക്കുകൾ തിരുകിക്കയറ്റി
ഗുലുമാലാക്കരുതേ......




നല്ല ഭാഷ എന്നുവച്ചാൽ, തെറ്റില്ലാത്തതും ഫലപ്രദവുമായ ഭാഷയാണ്. കുറെക്കാലം ശ്രദ്ധയോടെ പരിശ്രമിക്കുന്നവർക്ക് സ്വന്തം ഭാഷയിലെ തെറ്റുകൾ മിക്കവാറുമൊക്കെ ഇല്ലാതാക്കാൻ കഴിയും. എന്നാൽ നല്ല ഗദ്യഭാഷ രചിക്കുക എന്നത് പദ്യരചനയെക്കാൾ ക്ലേശകരമാണ്. സാധാരണ വ്യക്തികൾക്കു തോന്നാം, കൊച്ചുകുട്ടികൾ മുതൽ മഹാസാഹിത്യകാരൻമാർ വരെ സംസാരിക്കുന്നതു ഗദ്യം തന്നെയാണല്ലോ എന്ന്. ഫ്രഞ്ചു നാടകകൃത്തായ മോളിയേയുടെ ഒരു കഥാപാത്രം അദ്ഭുതത്തോടെ ഇങ്ങനെ ചോദിച്ചിട്ടുണ്ട്: "എന്ത്! ഞാൻ ഇത്രയുംകാലം സംസാരിച്ചിരുന്നതു മുഴുവൻ ഗദ്യമായിരുന്നെന്നോ"! സാമാന്യരായ മനുഷ്യർക്കൊന്നും മനസ്സിലാവില്ല, നിത്യജീവിതത്തിലെ സംഭാഷണവും ഭംഗിയുള്ള ഗദ്യവും തമ്മിലുള്ള വ്യത്യാസം.

ആവശ്യമനുസരിച്ചു ഭിന്നരൂപങ്ങൾ കൈക്കൊള്ളാൻ നല്ല ഭാഷയ്ക്കു കഴിയണം. ലേഖനത്തിന്റെ ഭാഷ പോരാ ചെറുകഥയ്ക്ക്. നല്ല ഒരു ലേഖനം ഉച്ചഭാഷിണിയിലൂടെ വായിച്ചുകേൾപ്പിച്ചാൽ നല്ല പ്രഭാഷണമാകുമോ? ഭിന്നവിഷയങ്ങളെപ്പറ്റിയുള്ള ലേഖനങ്ങൾക്കു ഭിന്നമായ ഭാഷ ആവശ്യമാണ്. ചെമ്മീൻകൃഷിയെപ്പറ്റിപ്പറയുന്ന ഭാഷ മതിയാകുമോ ഉപനിഷത്തിലെ തത്ത്വങ്ങളെപ്പറ്റിപ്പറയാൻ? നാടകത്തിൽ ഭാഷയ്ക്കു സംഭാഷണരൂപമാണ്. ഇവയിൽ നിന്നെല്ലാം എത്രയോ വ്യത്യസ്തമാണ്, കവിതയുടെ ഭാഷ. നല്ല ഭാഷാശൈലി സ്വായത്തമാകണമെങ്കിൽ ദീർഘകാലത്തെ ശ്രദ്ധാപൂർവമുള്ള പ്രയത്നം ആവശ്യമാണ്. 'മിതം ച സാരം ച വചോ ഹി വാഗ്മിതാ' എന്നൊരു കവിവാക്യമുണ്ട്. മിതവും സാരവത്തുമായ ഭാഷയാണ് വാഗ്മി



ത്വത്തിന്റെ ലക്ഷണം.

ഫലപ്രദവും അങ്ങനെയല്ലാത്തതുമായ ഭാഷാപ്രയോഗങ്ങൾക്ക് ചില വ്യത്യസ്തോദാഹരണങ്ങൾ കാണിക്കാം; വാക്കുകളുടെ ചെറിയ സ്ഥാനമാറ്റം കൊണ്ടുണ്ടാകുന്ന മെച്ചത്തിന് ഒരുദാഹരണം:

"ഈ വേല ചെയ്തത് ആരാണെന്ന് എനിക്കറിയണം".

"ആരാണ് ഈ വേല ചെയ്തതെന്ന് എനിക്കറിയണം".

രണ്ടാമത്തതിൽ ഒരു ചെറിയ മാറ്റമേ വരുത്തിയിട്ടുള്ളൂ. 'ആരാണ്' എന്ന ചോദ്യം ആദ്യമാക്കി. അപ്പോൾ ആശയത്തിന് എത്ര കൂടുതൽ ശക്തി കിട്ടി!

വ്യവഹാരഭാഷ അഥവാ 'വായ്മൊഴി' ഗദ്യത്തിൽ തീരെപ്പാടില്ല എന്ന തെറ്റായ ധാരണ പലർക്കുമുണ്ട്. ഉചിതമായ സ്ഥാനത്ത് വായ്മൊഴിയുടെ ശക്തി അറിഞ്ഞുപയോഗപ്പെടുത്തിയാൽ വരമൊഴിക്കു ശക്തിയും ഭംഗിയും കൂടുമെന്ന് തീർച്ച. സുപ്രസിദ്ധ നിരൂപകനായിരുന്ന എം.പി. പോളിന്റെ വാക്കുകൾ: " 'കടക്കാനല്ലേ പറഞ്ഞത് പുറത്ത്!' എന്നു പറയേണ്ട ഘട്ടത്തിൽ 'ഈ ഗൃഹത്തിൽ നിന്നും ബഹിർഗമിക്കുവാൻ ഞാൻ ആജ്ഞാപിച്ചില്ലയോ' എന്ന് വൈയാകരണപ്രീതിക്കുവേണ്ടി പ്രയോഗിച്ചാൽ, പുറത്ത് പോകേണ്ട ആൾ അകത്തുതന്നെ നിൽക്കുകയേ ഉള്ളൂ."

ഇനി, വാക്കിന്റെ സ്ഥാനം മാറിപ്പോയാൽ വരുന്ന ദോഷത്തിന് ഒരുദാഹരണം:

'പ്രസംഗത്തിനിടയിൽ മദ്യപാനം തീരെപ്പാടില്ലെന്ന് മന്ത്രി വിദ്യാർത്ഥികളെ ഓർമ്മിപ്പിച്ചു.'

നന്നായില്ലേ ഉദ്ബോധനം? 'പ്രസംഗത്തിനിടയിൽ' എന്ന വാക്കിന്റെ സ്ഥാനം മാറിപ്പോയതാണ് കുഴപ്പത്തിനുകാരണം. 'മദ്യപാനം തീരെപ്പാടില്ലെന്ന് മന്ത്രി പ്രസംഗത്തിനിടയിൽ വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു'. ഇപ്പോൾ കുഴപ്പം മാറിയല്ലോ.

ഏത് തരം വായനക്കാരെ ഉദ്ദേശിച്ചാണോ എഴുതുന്നത് അവർക്കു മനസ്സിലാകുന്ന ഭാഷയെ ഉപയോഗിക്കാവൂ. കടുപ്പമുള്ള വാക്കുകൾ ഉപയോഗിക്കുന്നത് പാണ്ഡിത്യം പ്രകടിപ്പിക്കാനുള്ള എളുപ്പവഴിയാണെന്നത്രേ ചില എഴുത്തുകാരുടെ ധാരണ. 'ഊതിയാൽ പറക്കുന്ന ആശയങ്ങൾക്കുവേണ്ടി ഉരുട്ടിക്കയറ്റേണ്ട വാക്കു പയോഗിക്കുന്നവർ' എന്ന് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി ഇക്കൂട്ടരെ പരിഹസിച്ചിട്ടുണ്ട്. എഴുതുന്നത് വായനക്കാർക്കു മനസ്സിലാകുന്നില്ലെങ്കിൽ പിന്നെ എന്തിനാണിവർ എഴുതുന്നത്?

വളച്ചുകെട്ടിപ്പറഞ്ഞാൽ ആശയം സ്പഷ്ടമാവുകയില്ല. എന്നാൽ പറയുന്ന കാര്യം കൂടുതൽ ആകർഷകമാക്കാൻ വളച്ചുകെട്ടിപ്പറച്ചിൽ ചിലപ്പോൾ ഉപയോഗപ്പെട്ടെന്നുവരാം. പ്രസിദ്ധമായ ഒരുദാഹരണം ഇതാ: അഭിജ്ഞാനശാകുന്തളം നാടകത്തിന്റെ ഒന്നാമങ്കത്തിൽ, ശകുന്തളയുടെ സഖിയായ അനസൂയ ദുഷ്ഷന്ത മഹാരാജാവിനോട് ഇങ്ങനെ ചോദിക്കുന്നു: "ആര്യന്റെ മധുരമായ സംഭാഷണം കേട്ട് ധൈര്യപ്പെടുകയാൽ ശങ്ക വിട്ടു ചോദിക്കുകയാണ്, ഏതൊരു രാജർഷി വംശത്തെയാണ് ആര്യൻ അലങ്കരിക്കുന്നത്? ഏത് ദേശക്കാർക്കാണ് ഇപ്പോൾ ആര്യന്റെ വേർപാടുകൊണ്ട് ഉത്കണ്ഠ ഉളവായിരിക്കുന്നത്? എന്ത് സംഗതിവശാലായിരിക്കുമോ ഈ കോമളമായ ശരീരത്തെ തപോവന സഞ്ചാര ക്ലേശത്തിന് പാത്രമാക്കിയിരിക്കുന്നത്?"

ഇവിടെ, അങ്ങയുടെ വംശമേത്? ദേശം ഏത്? ഈ വനത്തിൽ എന്തിനു വന്നു?– ഈ മൂന്ന് കാര്യമല്ലേ അനസൂയ ചോദിക്കുന്നുള്ളൂ? പക്ഷേ, വളച്ചുകെട്ടിയുള്ള ആ ചോദ്യരീതി എത്രയേറെ വിനയാന്വിതവും ഔചിത്യപൂർണവുമായി!

വാക്കിന്റെ അർഥമറിയാതെ എഴുതിക്കളയുന്ന സാഹിത്യകാരൻമാർ പോലുമുണ്ട്. 'ഈ മഹാനായ കവിയുടെ സർഗ്ഗസൃഷ്ടിപരമായ അതുല്യ വൈഭവത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ......' എന്നെഴുതുന്ന ആൾ 'സർഗ്ഗം', 'സൃഷ്ടി' ഇവയ്ക്ക് ഒരേ അർഥമാണെന്ന് അറിയുന്നില്ല. അവയിൽ ഏതെങ്കിലും ഒന്നു മതിയാകുമല്ലോ.

'ഇടിയപ്പം' ശൈലി അഥവാ 'നൂലപ്പം' ശൈലി എന്ന് വിളിക്കാവുന്ന ഒരു ഭാഷാരീതിയുണ്ട്. ചിലർ പ്രസംഗിച്ചാലും എഴുതിയാലും വാക്യങ്ങൾ ഇടിയപ്പം പോലിരിക്കും. എന്നുവച്ചാൽ, ഇഴകൾ ധാരാളം. പക്ഷേ, അവ കുരുങ്ങിക്കിടക്കും. ഇഴകൾ വേർതിരിച്ചെടുക്കാനാവില്ല. കാര്യം മനസ്സിലാവില്ല എന്നു ചുരുക്കം. ഇതാ, ഒരുപ്രസംഗത്തിൽ നിന്ന്:

'നമ്മുടെ ഇന്ത്യാമഹാരാജ്യത്തിന്റെ നിരവധി ജനങ്ങളെ അതായത് ഓരോ പൗരനും എല്ലായ്പോഴും എന്നുവേണ്ടാ ഏകോദരസഹോദരൻമാരായി ഭാരതമാതാവിന്റെ പാവന പാദങ്ങളിൽ ഉണർന്നു സംഘടിച്ച് ഇത്തരുണത്തിൽ .............'

വാക്യം പിന്നെയും നീളുകയാണ്!

എന്തെങ്കിലും മനസ്സിലായോ? ഇല്ല.

വാക്കുകൾക്ക് വെറുതെ നീളം കൂട്ടുന്ന ചിലരുണ്ട്. വേണ്ട പണം, വേണ്ട വിവരം– ഇവ മതിയാകുമെങ്കിലും ഇക്കൂട്ടർ 'വേണ്ടതായ പണം' 'വേണ്ടതായിരിക്കുന്ന പണം'– എന്നെല്ലാം പരത്തിക്കളയും. 'ഉള്ളതായിട്ടുള്ള' എന്ന് ആവർത്തിച്ചുപറയുന്ന ചില പ്രഭാഷകരുമുണ്ട്.

ഏതെങ്കിലുമൊരു നിസ്സാരകാര്യം പറഞ്ഞിട്ട് '............... എന്നും പ്രസ്താവിക്കാൻ എനിക്ക് അളവറ്റ സന്തോഷവും ചാരിതാർഥ്യവുമുണ്ടെന്ന പരമാർഥം എന്റെ പ്രിയപ്പെട്ട നാട്ടുകാരുടെ മുന്നിൽ വെളിപ്പെടുത്താൻ ഞാൻ ലേശവും മടിക്കുന്നില്ല.!'

ഇങ്ങനെ വികലശൈലിയുടെ ചില ഉദാഹരണങ്ങൾ കാണിച്ചത് ഇവയെല്ലാം ഒഴിവാക്കേണ്ടതാണെന്നു ബോദ്ധ്യപ്പെടുത്താനാണല്ലോ. ഇതല്ലാതെ, നല്ല ശൈലിയുടെ രൂപം സ്പഷ്ടമാക്കാൻ എളുപ്പവഴിയൊന്നുമില്ല.

കുട്ടിക്കൃഷ്ണമാരാർ, എം.പി. പോൾ, എസ്. ഗുപ്തൻനായർ – തുടങ്ങിയ ശൈലീവല്ലഭൻമാരുടെ ഗ്രന്ഥങ്ങൾ ശ്രദ്ധയോടെയും ആവർത്തിച്ചും വായിക്കുക. മികച്ച പ്രഭാഷകരുടെ വാഗ്വിലാസം കേട്ടു മനസ്സിലാക്കുക. ഏതു സാഹിത്യ രൂപമായാലും, പല തവണ തിരുത്തിയും മാറ്റിയും എഴുതുക. മൂന്നോ നാലോ തവണ മാറ്റിയെഴുതാതെ ഒരു ചെറിയ ലേഖനം പോലും താൻ പ്രസിദ്ധീകരിച്ചിട്ടില്ലെന്ന് കുട്ടിക്കൃഷ്ണമാരാർ പറഞ്ഞിട്ടുണ്ട്.■

ഡോ.എഴുമറ്റൂർ രാജരാജ വർമ്മ

# ഭരണഭാഷ
## ഉത്തരവുകളും നിർദ്ദേശങ്ങളും

സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഈ നയം പ്രാവർത്തികമാക്കുന്നതിനു വേണ്ടി ഔദ്യോഗിക ഭാഷാവകുപ്പ് വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. വിവിധ വകുപ്പുകളിലെ കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തിയതിന്റെ സൂക്ഷ്മപരിശോധന, വകുപ്പുതല പദകോശങ്ങളുടെയും സഹായക ഗ്രന്ഥങ്ങളുടെയും പ്രസിദ്ധീകരണം, ഔദ്യോഗിക മലയാളം സോഫ്റ്റ് വെയർ നിർമാണം, ഭരണഭാഷാപുരസ്കാരം, മലയാള ദിനാഘോഷവും ഭരണഭാഷ വാരാഘോഷവും ഭാഷാമാറ്റവും വിവിധ ഔദ്യോഗിക സമിതികൾ വഴി പുരോഗതി വിലയിരുത്തൽ, ഔദ്യോഗിക ഭാഷാപരിശീലന പരിപാടി എന്നിവ ഈ ലക്ഷ്യപ്രാപ്തിക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതികളിൽ ഉൾപ്പെടുന്നു. ഭരണഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിന് നിയമസഭാസമിതിയും നിലവിലുണ്ട്.

കേരളത്തിലെ ഔദ്യോഗികഭാഷാനിയമം 1969 ൽ നിലവിൽ വന്നു. 1973 ൽ ഭേദഗതിയും ഉണ്ടായി. ആക്ടിലെ ഒന്ന് ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച് പല കാലങ്ങളിലായി, നാളിതുവരെ 69 സർക്കാർ വകുപ്പുകളിലും സെക്രട്ടറിയേറ്റിലെ അവയുടെ ഭരണ വകുപ്പകളിലും 38 അർദ്ധസർക്കാർ-പൊതുമേഖല-സ്വയം ഭരണ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം കാണുക) . നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷഭാഷകളായ തമിഴ്, കന്നഡ എന്നിവയും ഉപയോഗിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിൽ ഒഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഈ വകുപ്പുകളിലും സ്ഥാപനങ്ങളിലും മലയാളം മാത്രം ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ. ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തുന്ന ഫയലുകളിലും കുറിപ്പു ഫയൽ മലയാളത്തിൽ എഴുതണമെന്നും നിർദേശമുണ്ട്. വിദേശത്തേക്കോ, അന്യസംസ്ഥാനങ്ങൾക്കോ കേന്ദ്ര സർക്കാരിനോ സംസ്ഥാനത്തെ കേന്ദ്രസർക്കാർ ഓഫീസുകൾക്കോ ഭരണഭാഷ മലയാളമാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്കോ കോടതികൾക്കോ ഉള്ള കത്തുകൾ ഇംഗ്ലീഷിലാണ് അയയ്ക്കേണ്ടത്. തിരുവനന്തപുരം, പാലക്കാട്, ഇടുക്കി ജില്ലകളിൽ തമിഴിനും കാസർഗോഡ് ജില്ലയിൽ കന്നഡയ്ക്കും ന്യൂനപക്ഷ ഭാഷാപദവി നൽകിയിട്ടുണ്ട്.

ഭരണഭാഷ മലയാളമാക്കിയിട്ടുള്ള വകുപ്പുകളും സെകക്രട്ടറിയേറ്റിലെ അവയുടെ ഭരണവകുപ്പുകളും സ്ഥാപനങ്ങളും പാലിക്കേണ്ട ഔദ്യോഗിക ഭാഷാ സംബന്ധമായ പൊതു നിർദേശങ്ങളിൽ പ്രധാനപ്പെട്ടവ താഴെകൊടുക്കുന്നു.

1. സർക്കാർ ഓഫീസിന്റെയും ഓഫീസർമാരുടെയും പേരുകൾ മലയാളത്തിലും ഇംഗ്ലീഷിലും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. (സർക്കുലർ 11640/ഔ.ഭാഷ/83 പി.ആന്റ്.എ.ആർ.ഡി 27-10-1983)
2. സർക്കാർ മന്ദിരങ്ങളിലെയും സ്മാരകങ്ങളിലെയും പാലങ്ങളിലെയും മറ്റും

## മലയാളം ഭരണഭാഷയാക്കിയ സർക്കാർ വകുപ്പുകൾ

**1.9.85 മുതൽ (1.8.85 ലെ 7223/ഔ.ഭാ.3/85/ഉഭപവ. നം. വിജ്ഞാപനം)**

പഞ്ചായത്ത്, മുനിസിപ്പൽ ഭരണം, വനം, സഹകരണം, ഗിരിജന ക്ഷേമം (പട്ടികവർഗവികസനവകുപ്പ്), ഹരിജനക്ഷേമം (പട്ടികജാതി വികസനവകുപ്പ്), മത്സ്യബന്ധനം, ആർക്കിയോളജി

**1.11.87 മുതൽ (12.10.87ലെ 7256/ഔ.ഭാ.3/85/ഉഭപവ. നം. വിജ്ഞാപനം)**

ജയിൽ, ഹിന്ദുമത ധർമ്മസ്ഥാപനം, പബ്ലിക് റിലേഷൻസ്, അളവുകളും തൂക്കങ്ങളും, പുരാരേഖ, ക്ഷീരവികസനം, മൃഗസംരക്ഷണം, ഭവനനിർമ്മാണം, സാമൂഹികക്ഷേമം, രജിസ്ട്രേഷൻ

**1.11.89 മുതൽ (6.10.89ലെ 5905/ഔ.ഭാ. 3/88/ഉഭപവ. നം. വിജ്ഞാപനം)**

റവന്യൂ, കൃഷി, ഗ്രാമവികസനം, ഭക്ഷ്യവും സിവിൽസപ്ലൈസും, തൊഴിൽ, പൊതുവിദ്യാഭ്യാസം, നാട്ടുചികിത്സ, ജലഗതാഗതം, സർവേ ആന്റ് ലാന്റ് റിക്കാർഡ്സ്, നികുതി, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിങ്, സാംസ്കാരികപ്രസിദ്ധീകരണം, കാഴ്ചബംഗ്ലാവും മൃഗശാലയും

**1.1.92 മുതൽ (20.12. 91ലെ 7972/ഔ.ഭാ. 3/91/ഉഭപവ. നം. വിജ്ഞാപനം)**

പ്രിന്റിങ്, സ്റ്റേഷനറി, ടൗൺ പ്ലാനിങ്, ഹോമിയോപ്പതി, ഭൂഗർഭജലം, ഭാഗ്യക്കുറി, ലോക്കൽഫണ്ട്, ഫയർ സർവീസ്, പബ്ലിക് ലൈബ്രറി, എക്സൈസ്, ഇൻഷ്വറൻസ് മെഡിക്കൽ സർവീസ്, ദേശീയസമ്പാദ്യം

**1.12.93 മുതൽ (1.12.93ലെ 3721/ഔ.ഭാ. 3/93/ഉഭപവ. നം. വിജ്ഞാപനം)**

എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും, സ്പോർട്ട്സും യുവജനകാര്യവും, കോളെജ് വിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം, തൊഴിലധിഷ്ഠിതവിദ്യാഭ്യാസം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫാക്ടറികളും ബോയിലറികളും, ഗവൺമെന്റ് അനലിറ്റിക്കൽ ലാബറട്ടറി, തുറമുഖ എൻജിനീയറിങ്, ആരോഗ്യം, വ്യവസായവും വാണിജ്യവും, ഇൻഷ്വറൻസ്, കേരള ഗസറ്റിയേഴ്സ്, മെഡിക്കൽ വിദ്യാഭ്യാസം, മൈനിങ്ങും ജിയോളജിയും, മോട്ടോർവാഹനം, പോലീസ്, തുറമുഖം, പബ്ലിക് ഹെൽത്ത് ലാബറട്ടറി, പൊതുമരാമത്ത്, ഇറിഗേഷനും പ്രോജക്ടുകളും, സൈനികക്ഷേമം, ട്രഷറി, വിജിലൻസ്

**22.4.2003 മുതൽ (22.4.2003ലെ 7/03/ഉഭപവ. നം. വിജ്ഞാപനം)**

ഔഷധനിയന്ത്രണവകുപ്പ്

**6.8.2005 മുതൽ (6.8.2005ലെ 21/2005/ഉഭപവ. നം വിജ്ഞാപനം)**

സ്റ്റോഴ്സ് പർച്ചേസ് വകുപ്പ്

1.11.2002 മുതൽ (25.10.2002ലെ 46/2002/ഉഭപവ. നം. വിജ്ഞാപനം, കേരള പബ്ലിക് സർവീസ് കമ്മീഷൻ

26.5.2003 മുതൽ (25.5.2003ലെ 12/2003/ഉഭപവ. നം. വിജ്ഞാപനം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ

**പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങൾ**

സർക്കാരിന്റെ 3/5/2005ലെ സ.ഉ. (അച്ചടിച്ചത്) നം.14/2005/ഉഭപവ. നമ്പർ ഉത്തരവുപ്രകാരം 10 പൊതുമേഖലാ സ്ഥാപനങ്ങളിലും 23 സ്വയംഭരണസ്ഥാപനങ്ങളിലും ഭരണഭാഷ മലയാളമാക്കിയിട്ടുണ്ട്. അവ താഴെ ച്ചേർക്കുന്നു.

**പൊതുമേഖലാസ്ഥാപനങ്ങൾ**

1. കേരള സംസ്ഥാന വിമുക്തഭട പുനരധിവാസന വികസന കോർപ്പറേ

ശിലാഫലകങ്ങളിൽ മലയാളത്തിലാണ് എഴുതേണ്ടത്. രാഷ്ട്രാന്തര പ്രാധാന്യമുള്ള മന്ദിരങ്ങളുടെ ഫലകത്തിൽ ഇംഗ്ലീഷിലും എഴുതാവുന്നതാണ്. (സ.ഉ (അച്ചടിച്ചത്) നം. 2098/73/പി.ഡി./17.4.1973)

3. സെക്രട്ടേറിയറ്റിലെ കീഴുദ്യോഗസ്ഥർ അയയ്ക്കുന്ന കുറിപ്പുകളിൽ ഉത്തരവുകൾ പാസാക്കുന്ന ഉദ്യോഗസ്ഥരും മന്ത്രിമാരും കഴിയുന്നത്ര അവ മലയാളത്തിൽ എഴുതേണ്ടതാണ്. (സർക്കുലർ 50025 ഒ.എൽ/75/വിഡി/20.6.1975)
4. സർക്കാർ വക വാഹനങ്ങളുടെ നമ്പർ പ്ലേറ്റുകളിൽ കേരള സ്റ്റേറ്റ് എന്ന് ഇംഗ്ലീഷിൽ എഴുതുന്നതിനു പകരം കേരള സർക്കാർ എന്നെഴുതുവാൻ ഏർപ്പാടു ചെയ്യേണ്ടതാണ്. (സർക്കുലർ നമ്പർ 4079/ഔ.ഭാ/78/ജി.എ.ഡി/8.2.1978)
5. ഏതെങ്കിലും സാങ്കേതികപദത്തിനോ പ്രയോഗത്തിനോ ഭാഷയിൽ തദ്ഭവമോ തത്സമമോ ആയ അംഗീകൃതപദങ്ങൾ ഇല്ലെങ്കിൽ തത്കാലത്തേക്ക് ആ പദങ്ങൾ അതേപടി ഉപയോഗിക്കാവുന്നതാണ്. (സ. ഉ. (കൈയെഴുത്ത്) നം. 352/81/ജി.എ.ഡി/20.10.1981)
6. മന്ത്രിസഭായോഗത്തിൽ ചർച്ചയ്ക്കുവേണ്ടി സമർപ്പിക്കുന്ന കുറിപ്പുകളും മന്ത്രിസഭാതീരുമാനങ്ങളും മലയാളത്തിലും ഇംഗ്ലീഷിലും എഴുതിയിരിക്കേണ്ടതാണ്. (സ. ഉ. (കൈയെഴുത്ത്) 25/87/ഉ.ഭ.പ.വ/12.10.87)
7. ഇംഗ്ലീഷ് ഭാഷാരീതിക്കു യോജിച്ചവിധം തയ്യാറാക്കിയതും പണ്ടുമുതൽ നടപ്പിലിരിക്കുന്നതുമായ ഫാറങ്ങളും മറ്റും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുമ്പോൾ മലയാളഭാഷാരീതിക്കു യോജിക്കുന്നവണ്ണം അവ മാറ്റുകയും ലളിതമാക്കുകയും ചെയ്യേണ്ടതുണ്ട്. അതിനാൽ ഇപ്പോൾ നിലവിലിരിക്കുന്ന ഫാറങ്ങൾ, സാക്ഷ്യ പത്രങ്ങൾ, പ്രമാണങ്ങൾ തുടങ്ങിയവയുടെ ശരിത്തർജ്ജമ തയ്യാറാക്കുന്നതിനുപകരം അവ മലയാളരീതിക്കു യോജിക്കുന്നവിധം രൂപഭേദം വരുത്തി സൂക്ഷ്മപരിശോധനയ്ക്കായി ഔദ്യോഗികഭാഷാവകുപ്പിന് അയയ്ക്കേണ്ടതാണ്. (സർക്കുലർ 6246/ഔ.ഭാ 1/83/പി.ആൻഡ്.എ.ആർ.ഡി.1/27.6.1983)




8. സർക്കാർ വകുപ്പുകളും പൊതുമേഖലാ-അർധസർക്കാർ സ്ഥാപനങ്ങളും മലയാളപത്രങ്ങൾക്കു നൽകുന്ന പരസ്യങ്ങൾ മലയാളത്തിൽത്തന്നെയായിരിക്കണം. (സ. ഉ. (കൈയെഴുത്ത്) 8/83/പി.ആൻഡ്.എ.ആർ.ഡി./5.7.1983)
9. മലയാളത്തിൽ എഴുതിത്തുടങ്ങുന്ന ഫയലുകൾ ഒരു തലത്തിൽവച്ചും ഇംഗ്ലീഷിലേക്കു മാറ്റാൻ പാടുള്ളതല്ല. (സർക്കുലർ 7175/ഔ.ഭാ 3/83/പി.ആൻഡ്.ഏ.ആർ.ഡി./5.7.1983)
10. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ഭരണറിപ്പോർട്ടുകൾ മലയാളത്തിലും ഉണ്ടായിരിക്കേണ്ടതാണ്. (സ.ഉ(കൈയെഴുത്ത്) നം.11/83/പി.ആൻഡ്. ഏ.ആർഡി./30.7.1983)
11. സംസ്ഥാന മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും കേരളത്തിനകത്തു നടത്തുന്ന യാത്രാപരിപാടികൾ മലയാളത്തിൽത്തന്നെ തയ്യാറാക്കുകയും പുറത്തിറക്കുകയും ചെയ്യേണ്ടതാണ്. (സർക്കുലർ 14041 ഔ.ഭാ 3/83/പി.ആൻഡ്.എ.ആർ.ഡി/6.12.1983)
12. സർക്കാർ ആവശ്യങ്ങൾക്ക് ഓഫീസുകളിൽ നിത്യേന ഉപയോഗിക്കുന്നതും സംസ്ഥാനത്തിനകത്തുമാത്രം ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതുമായ എല്ലാ ഫാറങ്ങളും (1984 ഏപ്രിൽ മുതൽ) മലയാളത്തിൽ മാത്രം അച്ചടി

ഷൻ (കേരള സ്റ്റേറ്റ് എക്സ് സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ കോർപ്പറേഷൻ), 2. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കേരള സ്റ്റേറ്റ് ബാക്ക്വേർഡ് ക്ലാസ്സസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ), 3. കേരള സംസ്ഥാന പട്ടികജാതി ശിപാർശിത വിഭാഗ/പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ ക്ലിപ്തം (കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവേർട്ട്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ദി റെക്കമെന്റഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്), 4. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ വികസന കോർപ്പറേഷൻ ക്ലിപ്തം (കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ്), 5. കേരള ധനകാര്യ കോർപ്പറേഷൻ (കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ), 6. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്), 7. കേരള പവർ ഫൈനാൻസ് കോർപ്പറേഷൻ ക്ലിപ്തം (കേരള പവർ ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്), 8. കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ക്ലിപ്തം (കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്), 9. കേരള റോഡുകൾ-പാലങ്ങൾ വികസന കോർപ്പറേഷൻ ക്ലിപ്തം (റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്), 10. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്).

**സ്വയംഭരണസ്ഥാപനങ്ങൾ**

1. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്), 2. കേരള ആരോഗ്യ ഗവേഷണ ക്ഷേമ സൊസൈറ്റി (കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റി), 3. ഊർജ്ജ വിനിമയ നിയന്ത്രണകേന്ദ്രം (എനർജി മാനേജ്മെന്റ് സെന്റർ), 4. മലബാർ അർബുദ കേന്ദ്ര സൊസൈറ്റി (മലബാർ ക്യാൻസർ സെന്റർ സൊസൈറ്റി), 5. പാരമ്പര്യേതര ഊർജ്ജ-ഗ്രാമസാങ്കേതികവിദ്യാ ഏജൻസി (അനെർട്ട്), 6. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്), 7. കേരള കള്ളു ചെത്തു വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്), 8. കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കെരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്), 9. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള അഗ്രികൾച്ചറൽ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്), 10. കേരള കെട്ടിട പലവക നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ്( കേരള ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്), 11. കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് (കേരള-കാഷ്യു വർക്കേഴ്സ് റിലീഫ് ആന്റ് വെൽഫയർ ഫണ്ട് ബോർഡ്) 12. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്), 13. കേരള വ്യാപാരി ക്ഷേമനിധി ബോർഡ് (കേരള ട്രേഡേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്), 14. കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള ടെയ്ലറിങ് വർക്കേഴ്സ് വെൽഫയർ ഫണ്ട്), 15. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര), 16. അട്ടപ്പാടി മലനിര വികസന സൊസൈറ്റി (അട്ടപ്പാടി ഹിൽസ് ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റി), 17. കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള ഹാൻഡ്ലൂം വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്), 18. കേരള മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്), 19. കേരള ബീഡി/സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള ബീഡി ആൻഡ് സിഗാർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്), 20. കേരള ഈറ്റ-കാട്ടുവള്ളി-തഴപ്പായ് നെയ്ത്തുതൊഴിലാളി ക്ഷേമനിധി ബോർഡ് (കേരള ബാംബു-കാട്ടുവള്ളി ആൻഡ് പൽഡാനസ് ലീഫ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്), 21. മിനിമം കൂലി ഉപദേശക സമിതി ബോർഡ് (മിനിമം വേജസ് അഡ്വൈസറി ബോർഡ്).

**6.2.2006 മുതൽ (2.2.2006 ലെ 3/2006/ഉഭവവ നം. വിജ്ഞാപനം)**

കേരള ജല അതോറിറ്റി, കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി (കാഡ)

ക്കേണ്ടതാണ്. ഭാഷാന്യൂനപക്ഷങ്ങൾ അധികമായി അധിവസിക്കുന്ന സ്ഥലങ്ങളിൽ അവരുടെ ആവശ്യത്തിനായി അത്തരം ഫാറങ്ങളുടെ ആവശ്യമുള്ളത്ര പ്രതികൾ തമിഴിലും കന്നഡയിലും കൂടി അച്ചടിക്കേണ്ടതാണ്. (വിജ്ഞാപനം 7226/ഔ.ഭാഷ/പി.ആൻഡ്. ഏ.ആർ.ഡി./11.1.1984)

13. മലയാളം നിർബന്ധമാക്കിയ വകുപ്പുകളുടെ ഓഫീസുകളിൽ മൊത്തം ടൈപ്പിസ്റ്റ് തസ്തികയ്ക്ക് ആനുപാതികമായി നിലനിർത്താവുന്ന ഇംഗ്ലീഷ്, മലയാളം ടൈപ്പ്റൈറ്ററുകളുടെ എണ്ണം 1:4 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഈ വകുപ്പുകളുടെ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകളിൽ ഈ അനുപാതം 1:3 ആയി നിജപ്പെടുത്തിയിരിക്കുന്നു. മേല്പറഞ്ഞ അനുപാതത്തിൽ കൂടുതലായുള്ള ഇംഗ്ലീഷ് ടൈപ്പ്റൈറ്റർ, സ്റ്റേഷനറി കൺട്രോളറെ ഏല്പിച്ച് പകരം മലയാളം ടൈപ്പ്റൈറ്ററുകൾ കൈപ്പറ്റേണ്ടതാണ്. മലയാളം നിർബന്ധമാക്കിയിട്ടുള്ള വകുപ്പുകളിൽ ഇംഗ്ലീഷ് ടൈപ്പ്റൈറ്റർ അനുവദിക്കുന്നത് ഔദ്യോഗികഭാഷാ വകുപ്പിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി മാത്രമായിരിക്കും. (സ.ഉ. (കൈയെഴുത്ത്) 12/91/ഉഭപവ/27.2.91)

14. 'മലയാളം നമ്മുടെ ഭരണഭാഷ', 'ഹർജികളും നിർദേശങ്ങളും മലയാളത്തിലാണു നൽകേണ്ടത്'. എന്നീ ബോർഡുകൾ എല്ലാ ഓഫീസുകളിലും പ്രദർശിപ്പിക്കേണ്ടതാണ്. (സർക്കുലർ/14859/ഔ.ഭാ 3/98/ഉഭപവ/22.10.1998)

15. ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വകുപ്പുകളുടെ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകളിൽനിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മലയാളത്തിലായിരിക്കണം. എന്നാൽ ഒഴിച്ചുകൂടാനാവാത്ത ഉത്തരവുകളുടെ കാര്യത്തിൽമാത്രം (ഉദാ: അക്കൗണ്ടന്റ് ജനറൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ) ഉത്തരവുകൾ തത്കാലം ഇംഗ്ലീഷിൽ പുറപ്പെടുവിക്കാവുന്നതാണ്. (സ.ഉ. (അച്ചടിച്ചത്) നം.22/99/ഉഭപവ/12.11.1999)

16. കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന എല്ലാ എഴുത്തു പരീക്ഷകൾക്കും ഭാഷാന്യൂനപക്ഷങ്ങൾക്കു നിലവിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് ഒരു പേപ്പർ മലയാളത്തിൽത്തന്നെ ഉണ്ടായിരിക്കേണ്ടതാണ്. (സ.ഉ. (അച്ചടിച്ചത്) നം.5/2000/ഉഭപവ/7.2.2000)

17. ജില്ലാ കളക്ടർമാരുടെയും മറ്റും വാർഷികയോഗത്തിലേക്കു തയ്യാറാക്കുന്ന കുറിപ്പുകൾ മലയാളത്തിലായിരിക്കേണ്ടതാണ്. (അ.കു.513/ഔ.ഭാ 2/2000/ഉഭപവ/20.3.2000)

18. ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ ജില്ലാ ഔദ്യോഗികഭാഷാസമിതിയിൽ പങ്കെടുക്കേണ്ടതും ജില്ലാ-താലൂക്ക് സമിതിയോഗങ്ങളിലെ തീരുമാനങ്ങൾക്കും നിർദേശങ്ങൾക്കും വ്യാപകമായ പ്രചാരം നൽകേണ്ടതും ഇതു സംബന്ധിച്ച ഒരു റിപ്പോർട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന് അയയ്ക്കേണ്ടതുമാണ്. (സ.ഉ. (കൈയെഴുത്ത്) നം.94/01/ഉഭപവ/16.8.2001)

19. ജില്ലാ-താലൂക്ക് ഔദ്യോഗികഭാഷാ സമിതിയോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാ-താലൂക്ക് ഓഫീസർമാർതന്നെ പങ്കെടുക്കേണ്ടതാണ്. ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ പ്രതിനിധിയെ നിയോഗിക്കാവുന്നതാണ്. ഇതിന് ജില്ലാ ഓഫീസർമാർ കളക്ടറുടെയും താലൂക്ക് ഓഫീസർമാർ തഹസിൽദാരുടെയും മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതാണ്. പങ്കെടുക്കാതെയും പ്രതിനിധിയെ അയയ്ക്കാതെയുമിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. (സ. ഉ. (കൈയെഴുത്ത്) നം.94/01/ഉഭപവ/16.8.2001)

20. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന്റെ നേതൃത്വത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ ക്ലാസ് 3 വിഭാഗം സർക്കാർ ഉദ്യോഗസ്ഥർക്കായി നടത്തിവരുന്ന ഔദ്യോഗികഭാഷാ പരിശീലന പരിപാടിയിൽ നിയോഗിക്കപ്പെട്ടിട്ടും പങ്കെടുക്കാതെയിരിക്കുന്ന ഉദ്യോഗസ്ഥരും അവരെ വിടുതൽ ചെയ്യാത്ത ഉദ്യോഗസ്ഥരും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതായി കണക്കാക്കി അവരിൽനിന്ന് സർക്കാരിന് ഇതുമൂലമുണ്ടായ സാമ്പത്തികനഷ്ടം ഈടാക്കുന്നതാണ്. (സ.ഉ. (അച്ചടിച്ചത്) നം.18/2003/ഉഭപവ/16.7.2003)

21. ഔദ്യോഗികഭാഷ മലയാളമാക്കിയിട്ടുള്ള എല്ലാ വകുപ്പുകളെയും മൊത്തത്തിൽ കണക്കാക്കി താലൂക്കുതലത്തിൽ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുകയും ഭാഷാമാറ്റത്തിനു സഹായകമായ വിധത്തിൽ അനുബന്ധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ഒരു ഉദ്യോഗസ്ഥന് അംഗീകാരമെന്ന നിലയിൽ സത്സേവന രേഖ നൽകുന്നതാണ്. (സ.ഉ. അച്ചടിച്ചത് നം.202/2001/ഉഭപവ/21.12.2001)

22. തഹസിൽദാർ അധ്യക്ഷനായുള്ള താലൂക്കുതല ഔദ്യോഗികഭാഷാ സമിതി രണ്ടുമാസത്തിലൊരിക്കലും ജില്ലാകളക്ടർ അധ്യക്ഷനായുള്ള ജില്ലാ ഔദ്യോഗികഭാഷാസമിതി മൂന്നുമാസത്തിലൊരിക്കലും ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സംസ്ഥാനതലസമിതി നാലു മാസത്തിലൊരിക്കലും മുഖ്യമന്ത്രി അധ്യക്ഷനായുള്ള ഉന്നതതല സമിതി ആറുമാസത്തിലൊരിക്കലും യോഗം ചേർന്ന് ഭരണഭാഷാമാറ്റപുരോഗതി വിലയിരുത്തേണ്ടതാണ്. (സ.ഉ. (കൈയെഴുത്ത്) നം.203/2001/ഉഭപവ/21.12.2001)

23. മലയാളം ഔദ്യോഗികഭാഷയാക്കിയിട്ടുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് ഭാഷാമാറ്റത്തിന്റെ ആവശ്യകതയെപ്പറ്റി അറിവുനൽകുന്നതിനും അവർക്ക് മലയാളം ഉപയോഗിക്കുന്നതിനുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിനും മലയാളത്തിന്റെ ഉപയോഗത്തിൽ അവർക്കുള്ള പ്രായോഗികബുദ്ധിമുട്ടുകൾ മനസ്സിലാക്കി പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനും ഓഫീസുകളിൽനിന്ന് ഭാഷാമാറ്റപുരോഗതി സംബന്ധിച്ച് ജില്ലാ ഔദ്യോഗികഭാഷാസമിതികൾക്കു നൽകുന്ന കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനും ഔദ്യോഗികഭാഷ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും മറ്റും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിലെ ഓഫീസർമാരെ ചുമതലപ്പെടുത്തിയിരിക്കുന്നു. (സ.ഉ. അച്ചടിച്ചത് നം.22/2002/ഉഭപവ/30.1.2002)

26. സർക്കാരിന്റെ കീഴിലുള്ള പുസ്തക പ്രസിദ്ധീകരണ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചതും ഇനി പ്രസിദ്ധീകരിക്കുന്നതുമായ ഭാഷാഗ്രന്ഥങ്ങളുടെയും ആ സ്ഥാപനങ്ങളിൽനിന്ന് ഇറങ്ങുന്ന ആനുകാലികങ്ങളുടെയും മൂന്നു പ്രതികൾ വീതം ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന് സൗജന്യമായി അയയ്ക്കേണ്ടതാണ്. (സ.ഉ. (സാ)നം. 26/2002/ഉഭപവ/2.2.2002)

27. എല്ലാ വർഷവും നവംബർ ഒന്ന് മലയാളദിനമായും നവംബർ ഒന്ന് മുതൽ ഏഴു വരെ ഭരണഭാഷാവാരമായും സംസ്ഥാന ജില്ലാ-താലൂക്കു-പഞ്ചായത്തുതലങ്ങളിലും സ്കൂൾതലത്തിലും ആഘോഷിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് എല്ലാ സർക്കാർ ഓഫീസുകളിലും സ്കൂളിലും വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കേണ്ടതും താഴെച്ചേർക്കുന്ന പ്രതിജ്ഞ എടുക്കേണ്ടതുമാണ്.

**ഭരണഭാഷാ പ്രതിജ്ഞ** (ഓഫീസുകൾക്ക്): മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിനുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും.


**ഭാഷാപ്രതിജ്ഞ** (സ്കൂളുകൾക്ക്): മലയാളം എന്റെ ഭാഷയാണ്, മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാളഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും. (സർക്കുലർ നമ്പർ.14931/ഔ.ഭാ 4/04/ഉഭപവ/7.10.2004)

28. സംസ്ഥാന തലത്തിൽ, ഔദ്യോഗികരംഗത്ത് മലയാളത്തിൽ ചെയ്ത ജോലിയുടെ അടിസ്ഥാനത്തിൽ ക്ലാസ് 3 വിഭാഗത്തിൽ പ്പെട്ട സംസ്ഥാന ജീവന

ക്കാർക്ക് ഭരണഭാഷാ സേവനപുരസ്കാരവും മലയാളത്തിൽ ഔദ്യോഗികഭാഷ സംബന്ധിച്ചുള്ള സ്വതന്ത്രകൃതികൾ രചിക്കുന്ന ജീവനക്കാർക്ക് ഭരണഭാഷാഗ്രന്ഥ രചനാ പുരസ്കാരവും നൽകുന്നതാണ്. രണ്ടിനും പതിനായിരം രൂപയും സത്സേവനരേഖയും ഒന്നാം സമ്മാനവും അയ്യായിരം രൂപയും സത്സേവനരേഖയും രണ്ടാം സമ്മാനവും വീതം നൽകുന്നുണ്ട്. ജില്ലാതലത്തിൽ ഭരണഭാഷാസേവനപുരസ്കാരം അയ്യായിരം രൂപയും സത്സേവനരേഖയുമാണ്. ജില്ലാതല പുരസ്കാരത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാകളക്ടർക്കും സംസ്ഥാനതല പുരസ്കാരത്തിനുള്ള അപേക്ഷ വകുപ്പുതലവൻ മുഖേന ഔദ്യോഗികഭാഷാവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും എല്ലാ വർഷവും സെപ്റ്റംബർ 30 നകം ലഭിച്ചിരിക്കേണ്ടതാണ്. (സ. ഉ. (അച്ചടിച്ചത്) 29/2003/ ഉഭപവ/23.9.2003; സ.ഉ. (അച്ചടിച്ചത്) നം. 7/2004/ഉഭപവ/15.5.2004)

29. സർക്കാർ വകുപ്പുകളിലെ കോഡുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തുന്നതിനു നേതൃത്വം നൽകുന്നതിനായി എല്ലാ വകുപ്പുകളിലും ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ മൂന്നിൽ കുറയാത്ത അംഗസംഖ്യയുള്ള പരിഭാഷാസെല്ലുകൾ രൂപീകരിക്കേണ്ടതാണ്. പരിഭാഷാപുരോഗതി സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് ഔദ്യോഗികഭാഷാ വകുപ്പിന് അയയ്ക്കേണ്ടതാണ്. (സ.ഉ. (കൈയെഴുത്ത്) നം. 19/03/ഉഭപവ/ 16.7.2003)
30. പൂർണമായ ഭരണഭാഷാമാറ്റം ആദ്യം കൈവരിക്കുന്ന വകുപ്പിനും ജില്ലയ്ക്കും ഭരണഭാഷാ പുരസ്കാരം നൽകുന്നതാണ്. (സ.ഉ. (അച്ചടിച്ചത്) നം. 22/2005/ ഉഭപവ/5.11.2005)
31. ഡൽഹിയിലും സമീപപ്രദേശങ്ങളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനും കേരളസംസ്കാരം പരിചയിക്കുന്നതിനുംവേണ്ടി മലയാളഭാഷാപഠനകേന്ദ്രങ്ങൾ ഏർപ്പെടുത്തി. (സ. ഉ. (അച്ചടിച്ചത്) നം.24/2005/ ഉഭപവ/1.2.2005)
32. ബഹു. ഹൈക്കോടതിയുടെ കീഴിലുള്ള സിവിലും ക്രിമിനലുമായ കോടതികളിൽ കേസുവിസ്താരം, വിധിപ്രസ്താവം തുടങ്ങിയവയ്ക്ക് മലയാളം ഉപയോഗിക്കാവുന്നതാണ്. (സ.ഉ. (കൈയെഴുത്ത്) 77/73/ ആഭ്യന്തരം/11.5.1973)
33. പൊതുജനങ്ങളിൽനിന്ന് മലയാളത്തിൽ ലഭിക്കുന്ന കത്തുകകൾക്കും മറ്റും മലയാളത്തിൽത്തന്നെ മറുപടി നൽകുന്നതുപോലെ താഴെയുള്ള ഓഫീസുകളിൽ നിന്നും ലഭിക്കുന്ന മലയാളത്തിലുള്ള കത്തുകൾക്കും മറ്റും മലയാളത്തിൽത്തന്നെ മറുപടി അയയ്ക്കണം. (സർക്കുലർ 7173/ഔ. ഭാ. 3/83/പി.ആൻഡ്. എ. ആർ.ഡി./5.7.1983) ■

*ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന ഭാഷയും ഭരണഭാഷയും എന്ന പുസ്തകത്തിൽ നിന്ന്*




'ജനപഥം' മാസികയോടൊപ്പം ഇത്തവണ കംപ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സോഫ്റ്റ് വെയറുകളും ഉൾപ്പെടുന്ന സി.ഡി. സൗജന്യമായി വരിക്കാർക്ക് നൽകുന്നു. സ്പേയ്സ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പ്, സാംസ്കാരിക വകുപ്പ്, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തദ്ദേശഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് സംസ്ഥാന ഐ.ടി. മിഷൻ നടപ്പാക്കുന്ന മലയാളം കംപ്യൂട്ടിങ് പ്രചാരണ പരിപാടികളുടെ ഭാഗമായാണ് ഈ സി.ഡി.കൾ നിങ്ങളിലെത്തിക്കുന്നത്. പ്രധാനപ്പെട്ട വാക്കുകൾ ഉൾപ്പെടുത്തിയ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ഈ സി.ഡി.യിലുണ്ട്.

സി.ഡി.കൾ ലഭിക്കുന്നവർ ആവശ്യമുള്ള മറ്റുള്ളവർക്ക് കൂടി നൽകണമെന്നഭ്യർത്ഥിക്കുന്നു.

■ ഡോ. കെ.എസ്. രവികുമാർ

# മാറുന്ന മലയാളം

**ജനകീയമായ ഗദ്യഭാഷ രൂപപ്പെടുത്തുന്നതിലും നിലവാരപ്പെടുത്തുന്നതിലും മാധ്യമങ്ങൾ വഹിച്ച പങ്കിനെ മുൻനിറുത്തി മാറുന്ന മലയാളത്തെക്കുറിച്ച് ഒരന്വേഷണം**

ഇരുപതാം നൂറ്റാണ്ടിൽ കേരള സമൂഹത്തിനും മലയാള ഭാഷയ്ക്കും വലിയ പരിവർത്തനമുണ്ടായി. സമൂഹമെന്നതുപോലെ ഭാഷയും ഫ്യൂഡലിസത്തിന്റെ മൃതഭാരങ്ങളെ കുടഞ്ഞു കളഞ്ഞ് ഉണർന്നെണീറ്റു. കൊളോണിയൽ ആധുനികതയുടെ ഭാഗമായി രൂപപ്പെട്ട പുതിയ ലോകബോധത്തിന്റെ വ്യാപനത്തിൽ പുസ്തകങ്ങളും പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും മറ്റും വലിയ പങ്കുവഹിച്ചു. ഈ പരിവർത്തനത്തിന്റെ ആദ്യഘട്ടത്തിലായിരുന്നു ഇരുപതാം നൂറ്റാണ്ട് ആരംഭിച്ചത്. അത് പദ്യപ്രഭാവം മുറ്റി നിന്ന ഒരു കാലമായിരുന്നു. 1904 ൽ പോലും പൂർണമായും പദ്യത്തിലുള്ള ഒരു ആനുകാലിക പ്രസിദ്ധീകരണം (കവനകൗമുദി) ആരംഭിക്കത്തക്കവിധം സജീവമായിരുന്നു ആ പദ്യപ്രാമാണ്യം. പദ്യത്തിൽ രചിച്ചതെല്ലതാം കവിതയെന്നു കരുതപ്പെട്ടിരുന്ന കാലമായിരുന്നു അത്. ഇന്ന് പദ്യം കവിതയ്ക്കുപോലും ആവശ്യമില്ല എന്ന അവസ്ഥയിലെത്തിയിട്ടുണ്ട്. ഭാഷയിലും ഭാവുകത്വത്തിലും അത്ര വ്യാപകമായ പരിവർത്തനമാണ് ഈ കാലയളവിൽ മലയാളത്തിൽ ഉണ്ടായിട്ടുള്ളത്.

ഈ അന്തരീക്ഷത്തിൽ നിന്ന് ജനകീയമായ ഗദ്യം രൂപപ്പെടുകയും മാധ്യമങ്ങളിലൂടെ അത് നിലവാരപ്പെടുകയും ചെയ്ത കാലയളവാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതി. സാഹിത്യത്തിന്റെയും ഇതര ഭാഷാ സമാഹാരങ്ങളുടെയും മുഖ്യമേഖല ഗദ്യമായി തീർന്നു. ഗദ്യമാകട്ടെ, ക്രമേണ ജനകീയവും ലളിതവുമായി തീരുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിലെത്തുമ്പോഴേക്കും ഈ പരിവർത്തന പ്രക്രിയ ഒരു വിധം നിലവാരപ്പെട്ടു.

ചാക്യാൻമാരുടെ ആഖ്യാനങ്ങളുടെയും മിഷനറി മലയാളത്തിന്റെയും മണിപ്രവാള കാവ്യഭാഷയുടെയും ഒക്കെ അംശങ്ങൾ സ്വാംശീകരിച്ച ഗദ്യ രീതിയായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മലയാളത്തിൽ കണ്ടിരുന്നത്. ജീവൽഭാഷയുടെ ചടുലമുഖം കാണാൻ കഴിയുന്ന പത്രഭാഷയിൽ പോലും മേദസ്സും അനാവശ്യ ദൈർഘ്യവും പ്രകടമായിരുന്നു. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക:

(1) "ലക്നോ എന്ന സ്ഥലത്ത് ചില പട്ടാളക്കാർ മദ്യം സേവിച്ചുകൊണ്ട് പക്ഷികളെ വെടിവച്ചു കൊണ്ടിരുന്ന സമയം ഒരു തോട്ടക്കാരന്റെ നേരെ വെടി വച്ചതായും അയാളുടെ കക്ഷത്തിൽ കൂടി ഉണ്ട കടന്നു പോയതായും ഇപ്പോൾ കേസ് രാജിപ്പെട്ടു തീർന്നതായും കാണുന്നു." (മലയാള മനോരമ, 1906 ഒക്ടോബർ 13)

(2) "ലണ്ടനിൽ ഇപ്പോൾ അസാധാരണമായ ഒരു കാലാവസ്ഥയാണ് ആരംഭിച്ചിരിക്കുന്നതെന്നും രാത്രിയും പകലും ഒരുപോലെ ഇരുട്ടാണെന്നും ഞങ്ങൾക്ക് അദ്ദേഹം പകൽ പന്ത്രണ്ടുമണിക്കെഴുതിയ എഴുത്തുപോലും വിളക്കു കത്തിച്ചുവച്ചുകൊണ്ടാണ് എഴുതിയിരിക്കുന്നതെന്നും ഞങ്ങളുടെ ലണ്ടൻ ലേഖകൻ എഴുതിയിരിക്കുന്നു." (മലയാള മനോരമ 1906 ഒക്ടോബർ 20)

ഈ ഖണ്ഡങ്ങളിൽ പൊതുവെ ലളിതമായ വാക്കുകളാണുള്ളത്. എന്നാൽ വാക്യാംശങ്ങളെ കൂട്ടിക്കെട്ടി മുന്നോട്ട് പോകുന്ന ദീർഘവാക്യങ്ങളാണ് ഇവയിൽ കാണുന്നത്. ആ കാലത്തെ വാക്യരചനാരീതിയുടെ ഒരു പൊതുസ്വഭാവമാണ് ഇത്.

അതിവേഗം തന്നെ ഈ രീതിക്ക് മാറ്റമുണ്ടായി. ചെറിയ വാക്യങ്ങളിലൂടെ ആശയം അവതരിപ്പിക്കുന്ന രീതി വൈകാതെ പ്രചാരത്തിലായി. അക്കാലത്തിനിടയിൽ സാമൂഹിക രംഗത്തുവന്ന പരിവർത്തനങ്ങൾ ഇതിന് വഴിയൊരുക്കി. സാമാന്യവിദ്യാഭ്യാസത്തിന്റെ പ്രചാരം, പത്രങ്ങളുടെയും പുസ്തകങ്ങളുടെയും ലഭ്യത, സ്വാതന്ത്ര്യസമരത്തിന്റെയും തൊഴിലാളി പ്രസ്ഥാനങ്ങളുടെയും സ്വാധീനഫലമായി സമൂഹത്തിൽ പടർന്ന ജനാധിപത്യ ആശയങ്ങൾ, ജാതിശ്രേണിയുടെയും മറ്റും അടിസ്ഥാനത്തിലുണ്ടായിരുന്ന വരേണ്യതാ സങ്കൽപ്പങ്ങളുടെ തകർച്ച തുടങ്ങി പലതും ഈ മാറ്റത്തിന് വഴിയൊരുക്കി. ഭാഷാരീതിക്ക് ഇങ്ങനെയുണ്ടായ പരിവർത്തനങ്ങളുടെ അടയാളങ്ങൾ മാധ്യമങ്ങളിൽ പ്രതിഫലിച്ചു. 1950 ന് അടുത്തെത്തുമ്പോഴും ഈ മാറ്റം ഏത് നിലവാരത്തിലെത്തി എന്നതിന്റെ ഉദാഹരണങ്ങൾ നോക്കുക:

(1) "ബ്രിട്ടനിൽ പെയ്ന്റ് ഉണ്ടാക്കുന്ന ഒരു കമ്പനി ഒരു പുതിയ തരം കെട്ടിടനിർമാണവസ്തു കണ്ടുപിടിച്ചിരിക്കുന്നു. തളിച്ചു പിടിപ്പിക്കാവുന്ന ഒരുതരം മെഴുകുപോലെയുള്ള വസ്തുവാണിത്. കമ്പികൊണ്ട് കെട്ടിയ കണ്ണിവലയിൻമേലോ മരപ്പലക മേലോ ഇത് തളിച്ചു പിടിപ്പിക്കുന്നു. തളിച്ചു പിടിപ്പിക്കുന്നത് ഏതാണ്ട് എട്ടിഞ്ച് കനം വരെയാകാം. തളിച്ച വസ്തു ഉണങ്ങി ഉറപ്പുള്ള ചുവരാകാൻ 50 നിമിഷത്തിലധികം വേണ്ടിവരില്ല." (മാതൃഭൂമി 1948 മെയ് 30)

(2) "കേരള സ്റ്റേറ്റിന്റെ പിറവി ആഘോഷിക്കുന്ന കോഴിക്കോട് പട്ടണം ഇന്നലെ കണ്ടത് അഭൂതപൂർവമായ ആവേശത്തിലും ആഹ്ലാദത്തിലും ആർത്തിരമ്പുന്ന ഒരു മനുഷ്യമഹാസമുദ്രമായിരുന്നു. 31 ന് രാത്രി 12 മണിക്ക് ആരംഭിച്ച ആഘോഷച്ചടങ്ങ് ഒന്നാം തീയതി അർധരാത്രി കഴിഞ്ഞും അവസാനിച്ചില്ല. കിഴക്ക് വെള്ള കീറുന്നതുവരെ പരിപാടികൾ നീണ്ടുനിന്നു. അവി

സ്മരണീയമായ രംഗങ്ങളായിരുന്നു എവിടെയും." (ദേശാഭിമാനി 1956 നവംബർ രണ്ട്)

ഈ രീതിയിൽ അനാവശ്യമായ വളച്ചുകെട്ടുകൾ ഒഴിവാക്കി ഭാഷാരീതി നിലവാരപ്പെട്ട കാലമാണ് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം. അങ്ങനെ നമ്മുടെ മാധ്യമങ്ങളിൽ ആർജവവും തെളിച്ചവുമുള്ള ഗദ്യരീതി വികസിച്ചുവന്നു.

1950 കളിൽ നിലവിലുണ്ടായിരുന്ന ഭാഷാരീതിയിൽ നിന്ന് വലിയ വ്യത്യാസം ഇന്നത്തെ ഭാഷയ്ക്കുണ്ട് എന്ന് പറയാനാവില്ല. എന്നുവച്ചാൽ, കേരളപ്പിറവിക്കു മുൻപുള്ള അൻപതുകൊല്ലം കൊണ്ടുണ്ടായ ഗുണപരമായ പരിവർത്തനത്തോടു തട്ടിച്ചുനോക്കുമ്പോൾ പിന്നീടുള്ള അഞ്ചുപതിറ്റാണ്ടിനുള്ളിൽ ഉണ്ടായ മാറ്റം തുലോം കുറവാണ്. വാർത്താ മാധ്യമങ്ങൾ ഒതുക്കവും തെളിച്ചവുമുള്ള ഭാഷാരീതി വളർത്തിയെടുത്തതിൽ കാലത്തിന്റെ പ്രേരണ പ്രധാനമായിരുന്നു. ജനകീയമായ




ഒരു വാണിജ്യോത്പന്നമായിത്തീർന്ന പത്രങ്ങൾക്ക് വായനക്കാരെ ക്ലേശിപ്പിക്കാതെ നേരെചൊവ്വേ ആശയവിനിമയം ചെയ്യേണ്ടിയിരുന്നു. മറ്റൊരു കാരണം പത്രസ്ഥലത്തിന്റെ വിലയാണ്. പരസ്യത്തിന് ഏറെ വാണിജ്യമൂല്യമുള്ള കാലത്ത് വർത്താസ്ഥലം പരമാവധി ലാഭിക്കേണ്ടിയിരിക്കുന്നു. ഇത് വാർത്തകൾ വൃഥാസ്ഥൂലതയും ദുർമേദസ്സുമില്ലാത്ത ഭാഷയിൽ അവതരിപ്പിക്കാൻ പ്രേരണ നൽകുന്നു.

വാർത്തകൾ ഋജുവും സുതാര്യവുമായതിന്റെ മറുവഴിക്ക് ഫീച്ചറുകൾ പോലെയുള്ള വാർത്തേതര ലേഖനങ്ങളിൽ അലങ്കാര ബഹുലവും മേദസ്സുള്ളതുമായ ഭാഷയാണ് കണ്ടുവരുന്നത്. കാവ്യാത്മകം എന്ന് തെറ്റിദ്ധരിച്ചിട്ടുള്ള കൊഴുത്ത മിനുത്ത ഭാഷയിൽ എഴുതപ്പെടുന്നവയാണ് അവയിലേറെയും. കൈത്തഴക്കം വന്ന പത്രപ്രവർത്തകരെക്കാൾ തുടക്കക്കാരായ ഫ്രീലാൻസർമാരുടെ കൈക്രിയകളിലാണ് ഈ രീതി കൂടുതലായി കണ്ടുവരുന്നത്. ഫീച്ചറെഴുത്തുകാരെ ഏറെയും സ്വാധീനിച്ചിട്ടുള്ളത് ഒ.വി.വിജയന്റെ ഭാഷാരീതിയും ശൈലീമുദ്രകളും ആണെന്നു തോന്നുന്നു.

സമീപകാലത്തായി പത്രങ്ങളിൽ വാർത്താശീർഷകങ്ങൾ കൂടുതൽ അലങ്കാരബഹുലവും പ്രാസപ്രധാനവും ആയി മാറുന്നുണ്ട്. പുറമെ കാവ്യാത്മകം എന്ന പ്രതീതിയുണർത്തുമെങ്കിലും കൃത്യമായ ആശയം പകരുന്നതിന് ഈ രീതി പലപ്പോഴും പര്യാപ്തമാകാറില്ല. ആകസ്മിക സംഭവങ്ങളെക്കുറിച്ചുള്ള വാർത്തകളെക്കാൾ പ്രതീക്ഷിത സംഭവങ്ങളെക്കുറിച്ചുള്ള വാർത്തകളിലാണ് ഈ രീതി പ്രധാനമായും കാണുന്നത്. മഹാചരമങ്ങളും മറ്റും രേഖപ്പെടുത്തുന്ന വാർത്തകളുടെ ശീർഷകങ്ങളാണ് ഈ രീതിയിൽ വരാറുള്ളത്. ഇ.എം.എസ്, ഒ.വി.വിജയൻ, സുർജിത്ത് തുടങ്ങിയവരുടെ ചരമവാർത്തകളെ മലയാള ദിനപത്രങ്ങൾ അവതരിപ്പിച്ച രീതി നോക്കുക. തലേദിവസം തന്നെ ടെലിവിഷനിലൂടെയും റേഡിയോയിലൂടെയും അറിഞ്ഞു കഴിഞ്ഞ വാർത്ത പിറ്റേന്ന് എങ്ങനെ വായനക്കാരിൽ കൗതുകമുണർത്തുന്നവിധം അവതരിപ്പിക്കാം എന്ന വെല്ലുവിളിയെ നേരിടാനാവാം പത്രങ്ങൾ ഈ രീതി സ്വീകരിക്കുന്നത്.

അഭികാമ്യമല്ലാത്ത മറ്റ് ചില പ്രവണതകളും വർധിച്ചുവരുന്നുണ്ട്. കൃത്യമായ അർഥബോധം നൽകാൻ പര്യാപ്തമായ മലയാള വാക്കുകൾ ഉണ്ടായിരിക്കെത്തന്നെ പ്രത്യക്ഷത്തിൽ അർഥബോധം നൽകാത്ത സംസ്കൃതപദങ്ങൾ, പദയോജനകൾ എന്നിവ സ്വീകരിക്കുന്നത് അതിലൊന്നാണ്. ഇത് നേരിട്ടുള്ള സംസ്കൃത സ്വാധീനതയുടെ ഫലമായി സംഭവിക്കുന്നതല്ല. ഇംഗ്ലീഷിലുള്ള വാക്കുകളും ആശയങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിന്റെ ഭാഗമായി ഉണ്ടാകുന്നതാണ്. അപരിചിതമായ സാങ്കേതിക പദത്തിന് പരിഭാഷ കണ്ടെത്തുമ്പോൾ അർഥഗ്രഹണം സുഗമമാകുമെങ്കിൽ മലയാളത്തിന് ഇണങ്ങിയ അർഥബോധം നൽകുന്ന സംസ്കൃതവാക്കുകൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതിനുപകരം അപരിചിതമായ സംസ്കൃതപദങ്ങൾ സ്വീകരിക്കുന്ന രീതി വേണമോ എന്നാലോചിക്കേണ്ടതാണ്.

മാധ്യമങ്ങളിൽ ഇക്കാലത്ത് ധാരാളമായി ഉപയോഗിച്ചുവരുന്ന ഒരു വാക്കാണ് സമവായം. Consenses എന്ന വാക്കിന്റെ പരിഭാഷയായാണ് ഇതുപയോഗിക്കുന്നത്. പൊതുസമ്മതം, അഭിപ്രായൈക്യം, ആശയപ്പൊരുത്തം തുടങ്ങി മലയാളിക്ക് പരിചിതമായ വാക്കുകൾ പലതും Consenses ന് പകരമായുപയോഗിക്കാറുണ്ട്. എന്നിട്ടും സമവായത്തെ പ്രചരിപ്പിക്കുകയാണ് ഉണ്ടായത്. ഇത്തരം വാക്കുകൾ പ്രയോഗിക്കുന്നതുകൊണ്ട് സാധാരണക്കാരായ വായനക്കാർക്ക് പലപ്പോഴും കൃത്യമായ അർഥബോധം ലഭിക്കുകയില്ല.

അമിതമായ ഈ സംസ്കൃതവത്കരണം സാഹിത്യ പ്രബന്ധങ്ങളിലും മറ്റും ആരംഭിച്ചതാണ്. പുതിയ പാശ്ചാത്യ സിദ്ധാന്തങ്ങളും ചിന്തകളും പരിചയപ്പെടുത്തേണ്ടിവന്നപ്പോൾ രൂപപ്പെടുത്തിയവയാണ് അവയിൽ പലതും. അത്തരം പ്രബന്ധങ്ങൾ പത്രവാർത്തകൾ പോലെ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ളതല്ലാത്തതിനാൽ അവിടെ ആവശ്യക്കാർ നിഘണ്ടു നോക്കിയോ സാഹചര്യവുമായി ബന്ധിപ്പിച്ച് ആലോചിച്ചോ അർഥബോധം നേടിക്കൊള്ളും. മാത്രമല്ല, മിക്കയിടത്തും ഇങ്ങനെ രൂപപ്പെടുത്തുന്ന വാക്കുകളോടൊപ്പം അവയുടെ ഇംഗ്ലീഷ് രൂപങ്ങളും വലയത്തിനുള്ളിൽ കൊടുക്കാറുള്ളതുകൊണ്ട് സംശയത്തിനിടവരാറില്ല.

ഈ സംസ്കൃതവത്കരണ പ്രവണത മലയാളത്തിന് സഹജമായ ഒരു സ്വഭാവമാണ്. ദ്രാവിഡത്തനിമയുള്ള പദങ്ങളെക്കാൾ സംസ്കൃതത്തിൽ നിന്നുള്ള വാക്കുകളാണ് പുതിയ വാക്കുകൾ വേണ്ടിവരുമ്പോൾ മലയാളത്തിന് ഇണങ്ങാറുള്ളതും സ്വീകാര്യമായിത്തീരാറുള്ളതും. സംവരണ പ്രശ്നത്തോട് ബന്ധപ്പെട്ട് കുറേ കാലമായി വാർത്തകളിൽ ധാരാളമായി കടന്നുവരാറുള്ള പ്രയോഗമാണ് Creamy Layer. അതിന് ചില പത്രങ്ങൾ 'വെണ്ണപ്പാളി', 'മേൽത്തട്ട്' എന്നീ തനി മലയാളവാക്കുകൾ പ്രചാരത്തിലാക്കാൻ ശ്രമിച്ചെങ്കിലും അവയ്ക്ക് പൊതുസ്വീകാര്യത ലഭിച്ചില്ല. എന്നാൽ Information Technologyയെ കുറിക്കാൻ രൂപപ്പെടു

ത്തിയ 'വിവരസാങ്കേതിക വിദ്യ' എന്ന പദക്കൂട്ട് വേഗം സ്വീകരിക്കപ്പെടുകയും ചെയ്തു. അർഥവ്യക്തതയുള്ള ലളിതമായ സംസ്കൃതപദ സംയുക്തമായതുകൊണ്ടാണ് ഇത് പെട്ടെന്ന് സ്വീകരിക്കപ്പെട്ടത് എന്ന് തോന്നുന്നു. പദസ്വീകരണത്തിൽ മലയാളം പുലർത്തിപ്പോരുന്ന സംസ്കൃതാഭിമുഖ്യത്തിന്റെ ഒരു ഉദാഹരണമാണിത്.

മലയാളികളുടെ സംഭാഷണഭാഷയിലാകട്ടെ, ഇംഗ്ലീഷിന്റെ കടന്നുകയററം അതിവേഗം മുന്നേറുകയാണ്. ടെലിവിഷനിലെ ടോക്ഷോയിലും മറ്റുമാണ് ഇത് നന്നായി തെളിഞ്ഞുകാണുന്നത്. രാഷ്ട്രീയ നേതാക്കളും സാംസ്കാരിക പ്രവർത്തകരുമൊക്കെ സംസാരിക്കുമ്പോൾ ബോധപൂർവം മലയാളം തന്നെ പറയാൻ ശ്രമിക്കുമെങ്കിലും സാധാരണക്കാരുടെ സംഭാഷണത്തിൽ ഇംഗ്ലീഷ് വാക്കുകൾ ധാരാളം വരുന്നുണ്ട്. വിദ്യാർഥികളും യുവജനങ്ങളും സംസാരിക്കുമ്പോൾ ഇംഗ്ലീഷിന്റെ അളവ് കൂടുന്നു. സാമൂഹികമായും തൊഴിൽപരമായും മറ്റും ഉയർന്ന നിലവാരത്തിലുള്ളവരുടെ സംസാരത്തിൽ ഇംഗ്ലീഷിന്റെ അനുപാതം പിന്നെയും വർധിക്കുന്നു. ചിലരാകട്ടെ ഇംഗ്ലീഷിലുള്ള വാക്യങ്ങൾ ഇടക്ക് ഉപയോഗിക്കുകയും ചെയ്യുന്നു.

ആഗോളവത്കരണവും പരോക്ഷമായ അധിനിവേശവും അതിന്റെയെല്ലാം ഭാഗമായ ഉപഭോഗപരതയും വർധിച്ചുകൊണ്ടിരിക്കുന്ന വർത്തമാന സാഹചര്യത്തിൽ അതിന്റെയെല്ലാം ഫലമായുണ്ടാകുന്ന മാറ്റം ഭാഷയിലും പ്രകടമാകും. സാമ്പത്തിക ശേഷിയുള്ളവരും ഇല്ലാത്തവരും ഒരുപോലെ കനത്ത ഫീസ് കൊടുത്ത് കുട്ടികളെ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വിടുന്ന കാലത്ത് നാം സംസാരിക്കുന്ന ഭാഷ ഇംഗ്ലീഷ് ഒഴിവാക്കിക്കൊണ്ടാവണം എന്ന് ശഠിക്കുന്നതിൽ അർഥമില്ല. സമൂഹത്തിന്റെ എല്ലാ വിതാനങ്ങളിലും പെട്ട മുഴുവൻ ആളുകളുടെയും പൊതുസ്വത്തായ അവർ നിരന്തരമായ ഉപയോഗത്തിലൂടെ ഓരോ നിമിഷവും പുതുക്കിക്കൊണ്ടിരിക്കുന്ന ശുദ്ധിവാദത്തിന്റെ വേലിക്കെട്ടിനുള്ളിൽ ഒതുക്കിനിറുത്താനാവില്ല. വിദേശ സമ്പർക്കങ്ങളെയും അതുവഴിയുള്ള സാംസ്കാരിക സ്വാധീനതകളെയും തുറന്ന മനസ്സോടെ സ്വീകരിച്ച മലയാളിക്ക് അത് കഴിയുകയുമില്ല. ആ തുറന്ന മനോഭാവം മലയാളത്തിനുമുണ്ട്. അങ്ങനെയാണ് മലയാളത്തിന്റെ പദശേഖരത്തിൽ അറബി, പേർഷ്യൻ, പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ നിന്നുള്ള വാക്കുകൾ ധാരാളമായി അടിഞ്ഞുകൂടിയത്.

ഇന്നത്തെ പോക്കിൽ ഒരപകടമുള്ളത് ഈ അധിനിവേശം ക്രമാതീതമായാൽ ഭാഷയുടെ സ്വഭാവം തന്നെ മാറിപ്പോകുമെന്നതാണ്. സ്വന്തം ഭാഷയുടെയും സംസ്കാരത്തിന്റെയും സ്വത്വത്തെ നഷ്ടപ്പെടുത്തും വിധം അന്യഭാഷകളുടെ അധിനിവേശം നടക്കാതെ നോക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ജാഗ്രത പുലർത്താൻ മാധ്യമങ്ങൾക്ക് ബാധ്യതയുണ്ട്. പ്രത്യേകിച്ചും മാധ്യമങ്ങൾക്ക് അതിപ്രാധാന്യമുള്ള കേരള സമൂഹത്തിൽ.■

■ ഡോ. രാമന്തളി രവി

# മലയാളം കംപ്യൂട്ടിങ്
# ഭരണതല അനിവാര്യത

> കംപ്യൂട്ടർ ഏത് ഭാഷ സംസാരിക്കണമെന്ന് നിശ്ചയിക്കുന്നതിൽ രാഷ്ട്രീയമുണ്ട്. സാധാരണക്കാരുടെ പ്രശ്നങ്ങളവതരിപ്പിക്കാൻ അവരുടെ ഭാഷ ഉപയോഗിക്കുമ്പോഴാണ് കംപ്യൂട്ടറിന്റെ സാധ്യത പൊതുജനങ്ങൾക്ക് ബോധ്യപ്പെടുക.

ജനങ്ങൾക്കുവേണ്ടിയുള്ള ഭരണം എപ്പോഴും ജനങ്ങളുടെ ഭാഷയിൽ തന്നെ ആയിരിക്കണമെന്നതിൽ തർക്കത്തിന് ഇടമില്ല. എന്നാൽ മലയാളികൾക്ക് സ്വന്തം ഭാഷയിൽ തന്നെ സർക്കാർ സേവനം പൂർണ്ണമായി ലഭ്യമാകുന്നതിനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ നീളം കൂടി വരികയാണ്. ഭരണഭാഷ മലയാളമാക്കിയെന്ന് തീർപ്പ് കല്പിച്ചിരിക്കുന്നത് 69 സർക്കാർ വകുപ്പുകളും 36 അർദ്ധ സർക്കാർ-സ്വയംഭരണ സ്ഥാപനങ്ങളുമാണ്. എന്നിട്ടും ഇവിടത്തെ കാര്യങ്ങൾ മലയാളത്തിലേക്ക് പൂർണമായും മാറിയിട്ടില്ല. കേരളത്തിന്റെ മാതൃഭാഷയായ മലയാളം വലിയ പ്രതിസന്ധി നേരിടുന്നുണ്ട് എന്നു പറയുവാൻ മതിയായ കാരണങ്ങളൊന്നും പ്രത്യക്ഷമായി ലഭ്യമല്ല. എവിടെയും ഭാഷ മാത്രമായി ഒരു പ്രശ്നവും നേരിടാറില്ല. സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ നിരവധി പ്രതിസന്ധികൾ നേരിടുന്ന സമൂഹത്തിൽ ഭാഷയും അതിൽ ഉൾപ്പെടുന്നുവെന്നു മാത്രം. കേരളം നേരിടുന്ന വെല്ലുവിളികൾ ഓരോന്നായി വിലയിരുത്തുകയും അവയുടെ പരിഹാരത്തിനായി പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടുവരികയും ചെയ്യുമ്പോൾ അതിന്റെ ഭാഗമായി ഭാഷയും പ്രക്ഷോഭാവശ്യങ്ങളിലൊന്നായി പരുവപ്പെടുക തന്നെ ചെയ്യും.

ശാസ്ത്ര സാങ്കേതിക രംഗത്തെ ഓരോ കണ്ടുപിടിത്തവും സമൂഹത്തിന് അവകാശപ്പെട്ടതാണ്. സാമൂഹികവികാസത്തിന്റെ ഓരോ ഘട്ടത്തിലും അത് ഉപയോഗപ്പെടുത്തിയിട്ടുമുണ്ട്. വിവരസാങ്കേതികവിദ്യയുടെ നേട്ടങ്ങൾ എല്ലാ കേരളീയർക്കും എത്തിക്കുവാനുള്ള തീവ്രയത്നങ്ങളാണ് അക്ഷയ പദ്ധതി വഴി നടന്നുകൊണ്ടിരിക്കുന്നത്. കംപ്യൂട്ടറിന്റെ ഭാഷ ഇംഗ്ലീഷാണെന്ന് നമ്മിൽ പലരും ധരിച്ചുവശായിട്ടുണ്ട്. എന്നാൽ അതിൽ വാസ്തവമേതുമില്ല. എങ്കിലും ഇംഗ്ലീഷ് നന്നായി കൈകാര്യം ചെയ്യാനറിയാത്തതിന്റെ പേരിൽ ബഹുഭൂരിപക്ഷവും വിവരസാങ്കേതികവിദ്യയുടെ പുറത്താകുന്ന സ്ഥിതി വിശേഷമാണ് ഉണ്ടായിരുന്നത്. ഒരു മലയാളിക്കും കംപ്യൂട്ടർ അന്യമാകരുതെന്ന കാഴ്ചപ്പാടോടുകൂടിയാണ് 'എന്റെ കംപ്യൂട്ടറിൽ എന്റെ ഭാഷ' എന്ന മുദ്രാവാക്യം





സംസ്ഥാന സർക്കാർ പൊതുസമൂഹത്തിന്റെ മുന്നിൽ വെച്ചിരിക്കുന്നത്. കംപ്യൂട്ടർ ഏത് ഭാഷ സംസാരിക്കണമെന്ന് നിശ്ചയിക്കുന്നതിൽ രാഷ്ട്രീയമുണ്ട്. സാധാരണക്കാരുടെ പ്രശ്നങ്ങളവതരിപ്പിക്കാൻ അവരുടെ ഭാഷ ഉപയോഗിക്കുമ്പോഴാണ് കംപ്യൂട്ടറിന്റെ സാധ്യത പൊതുജനങ്ങൾക്ക് ബോധ്യപ്പെടുക. ഭാഷയുടെ അതിർവരമ്പുകൾ മുറിച്ചുകടന്ന് വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരിൽ എത്തുമ്പോഴാണ് ജനാധിപത്യം അതിന്റെ പൂർണമായ അർത്ഥത്തിൽ അനുഭവവേദ്യമാകുന്നത്. എല്ലാ സർക്കാർ-അർദ്ധസർക്കാർ വകുപ്പുകളിലുമുള്ള കംപ്യൂട്ടറുകളിലും മലയാളം-യൂണികോഡ് ലഭ്യമാകുന്ന പ്രവർത്തനം വരുംനാളുകളിൽ പൂർത്തിയാകും. പല വകുപ്പുകളിലും കംപ്യൂട്ടർവത്കരണം നടന്നു വരികയാണ്. പതിനൊന്നാം പദ്ധതി പൂർത്തിയാകുമ്പോഴേക്കും തദ്ദേശഭരണവകുപ്പുകളും ജില്ലാ കളക്ടറേറ്റും സദ്ഭരണത്തിന്റെ (ഇ-ഗവേർണൻസ്) ഭാഗമായി കംപ്യൂട്ടറിന്റെ സഹായത്തോടുകൂടിയുള്ള ഭരണരീതിയിലേക്ക് മാറും. സർക്കാരിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാകണമെന്നത് ഏതൊരു പൗരന്റേയും അവകാശമാണ്. അഴിമതിരഹിതവും സുതാര്യവും കാര്യക്ഷമവുമായ ഭരണമാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അത്തരമൊരു ഭരണത്തിന്റെ കാര്യത്തിൽ ഇച്ഛാശക്തിയുള്ള ഒരു സർക്കാർ ഭരണത്തിലിരുന്നതു കൊണ്ടുമാത്രം കാര്യങ്ങൾ നടപ്പാകുകയില്ല. അതിനുവേണ്ടുന്ന സാങ്കേതിക വിദ്യയും മനുഷ്യവിഭവവും കൂടി ആവശ്യമാണ്. അത്തരമൊരു സാമൂഹിക സാഹചര്യമാണ് കേരളത്തിലെ വിവിധ വകുപ്പുകളിലായി നടക്കുന്ന കംപ്യൂട്ടർവത്കരണത്തിലൂടെ സാധ്യമാകുവാൻ പോകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും പദ്ധതിയുടെ മോണിറ്ററിങ്ങും, സൃഷ്ടിക്കപ്പെടുന്ന ആസ്തിയുടെ കണക്കും പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സുതാര്യമായി രേഖപ്പെടുത്തിയെടുക്കുവാനുള്ള ശ്രമമാണ് ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്നത്. ജില്ലാ കളക്ട്രേറ്റിൽ സമർപ്പിക്കുന്ന ഒരപേക്ഷയുടെ മേൽ എന്തു നടപടികളായെന്ന് നാട്ടിന്റെ ഏതു ഭാഗത്തു നിന്നും ഇന്റർനെറ്റിന്റെ സഹായത്തോടെ അറിയുവാൻ കഴിയുന്ന ഒരു സാഹചര്യത്തിന് കേരളത്തിലിനി ഏറെ നാൾ കാത്തിരിക്കേണ്ടതില്ല. അങ്ങനെയൊരു മാറ്റത്തിലേക്ക് നടന്നടുക്കുമ്പോൾ ഭരണത്തിന്റെ എല്ലാതലങ്ങളിലും ഭരണഭാഷ എന്ന നിലയിൽ മലയാളം മാത്രം ഉപയോഗിക്കപ്പെടുവാനുള്ള സാധ്യത മാത്രമല്ല മലയാളം കംപ്യൂട്ടിങ് മുന്നോട്ട് വയ്ക്കുന്നത്. ഭാഷയുടെ ഉപയോഗം ഉറപ്പാക്കുന്നതിലൂടെ ഭാഷയുടെ വികസ്വരക്ഷമതയും അതു സംസാരിക്കുന്ന ജനതയുടെ സ്വത്വ ബോധവുമാണ് ഉയർത്തി പിടിക്കുന്നത്. ജനശക്തിയാണ് നിർണായക ശക്തിയെന്ന് വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം നിലവിലുള്ളവയെ നവീകരിച്ച പുതിയ ക്രമങ്ങൾ സൃഷ്ടിക്കലാണ് ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്. സർക്കാർ ജീവനക്കാരുടെ മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാകണം. വകുപ്പുകളുടെ വിവിധ ശ്രേണിബദ്ധ സ്ഥാനങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഫയലുകൾ എവിടെയാണ് വിശ്രമിക്കുന്നതെന്നറിയാനും അതിലിടപെടാനും ഇതു വഴി കഴിയും. വില്ലേജാഫീസു മുതൽ സെക്രട്ടേറിയേറ്റു വരെ കംപ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തനക്ഷമമാകും. അത്തരം പ്രവർത്തനങ്ങളിൽ മലയാളം ഭരണഭാഷയുടെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യും. ഒരിടത്തും കാലതാമസം അനുവദിക്കാതെ ഭരണവേഗത കൂടും. മാറിവരുന്ന യഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനും പുതിയ സാങ്കേതിക വിദ്യകളടക്കമുള്ള കാര്യങ്ങൾ നവീനമായ വിശകലന രീതികളോടെ അപഗ്രഥിക്കുവാനും കഴിയുമ്പോഴേ ഏതൊരു സമൂഹത്തിനും മുന്നോട്ട് പോകാനാവൂ. ചരിത്രം ആവിഷ്കരിക്കുന്ന പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും ഏറ്റെടുക്കണമെങ്കിൽ മനുഷ്യ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ ഇടപെട്ടേ പറ്റൂ. സ്വന്തം ഭാഷയിലെഴുതിയ ഒരു പരാതിക്ക് അതേ ഭാഷയിലൊരു മറുപടി ഏതൊരു പൗരന്റെയും ആഗ്രഹമാണ്. ഈ ആഗ്രഹത്തിന്റെ സഫലീകരണം കൂടിയാണ് മലയാളം കംപ്യൂട്ടിങ് നിർവ്വഹിക്കുന്നത്. വിജ്ഞാനത്തിനും വിവരത്തിനും മേലുള്ള നിയന്ത്രണത്തിലൂടെ സാമ്രാജ്യത്വം അതിന്റെ അധികാരസീമ വിപുലപ്പെടുത്തുകയാണ്. വിവരസമൂഹം ആഗോളമാനം ആർജ്ജിച്ചു കഴിഞ്ഞു. വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ശരിയായി മനസ്സിലാക്കാതെ സമകാലീന വിമോചന രാഷ്ട്രീയത്തിന് പ്രവർത്തിക്കാനാവില്ല. പാടത്തെ നെൽക്കൃഷിയുടെ ഗതിയും ആശുപത്രിയിലെ ശസ്ത്രക്രിയയുടെ ഉള്ളടക്കവും സർവ്വകലാശാലയിലെ ക്ലാസ്സ് മുറിയുടെ സമയവും പുതിയ സാങ്കേതികവിദ്യ നിയന്ത്രിച്ചു വരികയാണ്. ജനാധിപത്യപരമായ രീതിയിൽ സാർവത്രികവും നീതിപൂർവ്വകവുമായ വികസനം മലയാളിയുടെയും സ്വപ്നമാണ്. പൗരാവകാശ രേഖ പ്രഖ്യാപിക്കുകയും വിവരാവകാശ നിയമം നിലനിൽക്കുകയും ചെയ്യുന്ന ഏതൊരു സമൂഹത്തിനും പൗരന്റെ ആവശ്യങ്ങൾ സമയബന്ധിതമായി നിർവ്വഹിച്ചു കിട്ടുകയും അതിന്റെ സുതാര്യത ബോധ്യമാവുകയും ചെയ്യേണ്ടതാണ്. അതിനു വേണ്ടിയുള്ള ഒരു നിമിത്തമായി കൂടി കമ്പ്യൂട്ടർവത്ക്കരണവും മലയാള ഭാഷാ പ്രയോഗവും ഉപകരിക്കുക തന്നെ ചെയ്യും.■

■ ഡോ. ഗോവിന്ദരു. വി

# മലയാളം സോഫ്റ്റ് വെയറുകൾ

## "നിള" ഔദ്യോഗിക മലയാളം സോഫ്ട് വെയർ

സംസ്ഥാന ഔദ്യോഗികഭാഷാ വകുപ്പിനായി സി-ഡിറ്റിലെ കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക് ടീം വികസിപ്പിച്ചതാണ് 'നിള' ഔദ്യോഗിക മലയാളം സോഫ്റ്റ്‌വെയർ. ഇന്ത്യൻ ഭാഷകളിൽ ഒരു ഭാഷയ്ക്ക് പ്രത്യേകമായി നിർമിച്ച, മൈക്രോസോഫ്ട് വേഡ് പിന്തുണ ഉള്ള ആദ്യത്തെ സോഫ്റ്റ്‌വെയറാണ് നിള.




## 'നിള' കീബോർഡ്

വേഡിന് തുല്യമായ മലയാളം എഡിറ്റർ, യൂണികോഡിലുള്ള ലിപി സഞ്ചയം, യൂണികോഡ് പിന്തുണയില്ലാത്ത സോഫ്ട്‌വെയറുകളിൽ ടൈപ്പു ചെയ്ത ഉള്ളടക്കത്തെ വീണ്ടും ടൈപ്പു ചെയ്യാതെ യൂണികോഡിലേക്ക് മാറ്റാൻ സാധ്യമാക്കുന്ന കൺവേർഷൻ സംവിധാനം, മലയാളം, ഇംഗ്ലീഷ് അക്ഷരമാലാടിസ്ഥാനത്തിലുള്ള ക്രമീകരണം നടത്താൻ സഹായിക്കുന്ന സോർട്ടിങ് സമ്പ്രദായം എന്നിവയാണ് 'നിള'യുടെ പ്രത്യേകതകൾ.

കേന്ദ്രഗവൺമെന്റ് അംഗീകരിച്ച ഇൻസ്ക്രിപ്റ്റ് കീബോർഡ്, ഇംഗ്ലീഷിൽ മലയാളം ടൈപ്പ് ചെയ്യാൻ കഴിയുന്ന ഫൊണറ്റിക് കീബോർഡ്, സ്ക്രീനിൽ നിന്ന് മൗസ് ഉപയോഗിച്ച് ക്ലിക്ക് ചെയ്യാവുന്ന ഓൺ സ്ക്രീൻ കീബോർഡ്, ടൈപ്പ്റൈറ്റർ കീബോർഡ് എന്നിവ "നിള"യിലുണ്ട്. മലയാളം ടൈപ്പു ചെയ്യാൻ അറിയാത്തവർക്കും ഇനി കംപ്യൂട്ടറിൽ മലയാളം ഉപയോഗിക്കാം.

മലയാളത്തിൽ ടൈപ്പു ചെയ്താലും "നിള"യിൽ നിന്നും ഇ-മെയിൽ അയയ്ക്കാവുന്നതാണ്.

അനായാസം കത്തുകൾ തയ്യാറാക്കാൻ സഹായിക്കുന്ന ലെറ്റർ വിസാർഡ്, ഔദ്യോഗിക വിവരവിനിമയ മാതൃകകൾ, ഔദ്യോഗികാവശ്യങ്ങൾക്ക് സഹായകമാകുന്ന കത്ത്, ഉത്തരവ്, സർക്കുലർ, വിജ്ഞാപനം എന്നിവയുടെ ടെംപ്ലേറ്റുകൾ, ഔദ്യോഗിക ശബ്ദാവലി നിഘണ്ടു, മലയാളത്തിലെ ഉള്ളടക്കത്തെ ഇംഗ്ലീഷിലേക്ക് മാറ്റി സംഭരിക്കുന്ന മംഗ്ലീഷ് സേവിങ്, വെബ് ലിങ്കർ, പി.ഡി.എഫ്. സേവിങ്, വെബ്പേജ് എഡിറ്റിങ്, 2000 വർഷത്തെ കലണ്ടർ, മലയാളം ആശംസാ സന്ദേശങ്ങൾ, കേരളീയ ചിഹ്നങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ ഇതിലുണ്ട്.

## 'കാവേരി' സ്വതന്ത്ര മലയാളം സോഫ്റ്റ്‌വെയർ

സംസ്ഥാന ഔദ്യോഗികഭാഷാ വകുപ്പിനായി സി-ഡിറ്റിലെ കംപ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക് ടീം വികസിപ്പിച്ചെടുത്തതാണ് 'കാവേരി'. മൈക്രോസോഫ്റ്റ് ഓഫീസ് പാക്കേജിന് തുല്യമായ ആദ്യത്തെ സമ്പൂർണ്ണ മലയാളം ഓഫീസ് പാക്കേജാണ് 'കാവേരി'. വികസനോന്മുഖ മലയാളഭാഷാസാങ്കേതികവിദ്യയുടെ വിജയത്തിന്റെ രണ്ടാമത്തെ പൊൻതൂവലായ 'കാവേരി' ഔദ്യോഗിക ഭാഷാവകുപ്പിന്റെ മിഷൻ മലയാളം പദ്ധതിയിലെ രണ്ടാമത്തെ പ്രോജക്ടാണ്.

## 'കാവേരി' സവിശേഷതകൾ

പരിഷ്കരിച്ചതും തദ്ദേശീയവത്കരിച്ചതുമായ ഓപ്പൺ ഓഫീസ് പാക്കേജ്. ഈ പാക്കേജിൽ താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

മലയാളം സ്പെൽ ചെക്ക് - തെറ്റായി ടൈപ്പു ചെയ്ത വാക്കുകളെ അടിവരയിടുകയും അത് തിരുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

'കാവേരി'യിൽ തയ്യാറാക്കുന്ന ഓഫീസ് കണ്ടന്റ് മാനേജ്മെന്റ് സംവിധാനം രേഖകളെ വിഷയം, തീയതി, പ്രേഷകൻ, സ്വീകർത്താവ് തുടങ്ങിയ വിവരങ്ങളോടെ ഓഫീസ് പകർപ്പായി സൂക്ഷിക്കുന്നതിന് സഹായിക്കുന്നു. വിഷയാടിസ്ഥാനത്തിൽ പിന്നീട് രേഖകൾ തിരഞ്ഞ് കണ്ടുപിടിക്കാൻ ഇതു സഹായിക്കുന്നു.

ഡോക്യുമെന്റ് മുഴുവനോ തിരഞ്ഞെടുത്ത ഭാഗം മാത്രമോ മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിലേക്ക് ലിപിമാറ്റം നടത്തുന്ന ഭാരതീയ ലിപ്യന്തരണം




ഇംഗ്ലീഷ് പദങ്ങളുടെ തത്തുല്യ മലയാള അർത്ഥം നൽകി വിവർത്തനം അനായാസമാക്കുന്ന ഇംഗ്ലീഷ് - മലയാളം വിവർത്തന സഹായിയും ഇതിലുണ്ട്.

ബഹുഭാഷാകീബോർഡ് - ഇൻസ്ക്രിപ്റ്റിലും ഫൊണറ്റിക്കിലും മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി എന്നീ ഭാരതീയ ഭാഷകളിൽ ടൈപ്പ് ചെയ്യാം. ഇത് ദ്രവീഡിയൻ ഭാഷാ കീബോർഡ് എന്നാണ് അറിയപ്പെടുന്നത്.

ഭരണ ശബ്ദാവലി (ഇംഗ്ലീഷ് - മലയാളം) ഇംഗ്ലീഷ് ഔദ്യോഗിക പദങ്ങളുടെ തത്തുല്യ മലയാള പദം നൽകുന്നു.

മലയാളത്തിന് ഇന്ന് ഉപയോഗിക്കുന്ന ഓഫീസ് പാക്കേജുകളെല്ലാം പ്രായേണ ഇംഗ്ലീഷ് ഇന്റർഫേസോടുകൂടിയതാണ്. എന്നാൽ അതിൽ നിന്നെല്ലാം തികച്ചും ഭിന്നമായി മലയാളം ഇന്റർഫേസോടുകൂടിയ ഓഫീസ് പാക്കേജാണ് 'കാവേരി' ഇംഗ്ലീഷ് ഇന്റർഫേസ്.

'നിള'യും 'കാവേരി'യും വിൻഡോസിലും ലിനക്സിലും പ്രവർത്തിക്കുന്നു. ഇവ www.clickeralam.org എന്ന വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ കഴിയും.

*സി - ഡിറ്റിലെ സി.എൽ.റ്റി ടീം ലീഡറാണ് ലേഖകൻ*

സന്തോഷ് തോട്ടിങ്ങൽ



# വിവരസാങ്കേതികവിദ്യയും മലയാളവും

ഭാഷ ഉപയോഗിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഇതിനുള്ള ഏക പരിഹാരം". ഇതിനുള്ള ആദ്യപടി, വരും തലമുറയും ഇനിയുള്ള കാലഘട്ടങ്ങളിൽ നമ്മളും ഉപയോഗിക്കാൻ പോകുന്ന വിവരസാങ്കേതിക വിദ്യകൾക്കായി നമ്മുടെ ഭാഷയെ സജ്ജമാക്കുകയെന്നതാണ്.

മനുഷ്യചരിത്രത്തിലെ സുപ്രധാനമായ നാഴികക്കല്ലുകളിലൊന്നാണ് എഴുത്തുവിദ്യയുടെ കണ്ടുപിടിത്തം. വാമൊഴിയിലൂടെ കൈമാറിയിരുന്ന അറിവുകളെ വരുംതലമുറകൾക്കായി ഗുഹകളുടെ ചുമരുകളിലും പാറക്കല്ലുകളിലും രേഖപ്പെടുത്തിയാണ് വരമൊഴിയുടെ ചരിത്രം തുടങ്ങുന്നത്. പിന്നീടത് സംസ്കരിച്ചെടുത്ത ഓലകളിലേക്കു മാറി. കടലാസും അച്ചടിയന്ത്രവും വന്നപ്പോൾ അത് കടലാസിലേക്കു മാറി. ഇന്നത്തെ കാലഘട്ടത്തിൽ അറിവിന്റെ പ്രാഥമിക ശേഖരണം പുസ്തകങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇന്നിപ്പോൾ നാം വീണ്ടും ഒരു മാറ്റത്തെ അഭിമുഖീകരിക്കുന്നു. ഡിജിറ്റൽ രൂപത്തിലേക്കുള്ള മാറ്റം. എഴുത്തോലകളിൽ നിന്നു കടലാസിലേക്കുള്ള മാറ്റം വിവരങ്ങളുടെ ശേഖരണത്തിന്റെയും സംഭരണത്തിന്റെയും രീതിയിലുള്ള മാറ്റമായിരുന്നു. എന്നാൽ കടലാസിൽ നിന്ന് ഡിജിറ്റൽ രൂപത്തിലേക്കുള്ള മാറ്റം വിവരശേഖരണത്തോടോടൊപ്പം വിവരസംസ്കരണമെന്ന പുതിയൊരു സൗകര്യം കൂടി വാഗ്ദാനം ചെയ്യുന്നു.

## ഭാഷാ കംപ്യൂട്ടിങ്ങിന്റെ പ്രാധാന്യം

ലോകത്തിൽ ഏകദേശം 7000 ത്തോളം ഭാഷകളുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 83 ഭാഷകളാണ് ലോകത്തിലെ 80 ശതമാനത്തോളം പേർ ഉപയോഗിക്കുന്നത്. പക്ഷേ പല ഭാഷകളുടെയും നിലനില്പ് അപകടത്തിലുമാണ്. ഓരോ രണ്ട് ആഴ്ചയിലും ഒരു ഭാഷവീതം മരിച്ചുകൊണ്ടിരിക്കുകയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഭാഷയുടെ കാലങ്ങളിലൂടെയുള്ള



അതിജീവനം അതുപയോഗിക്കുന്നവരിലൂടെയാണ്. പക്ഷേ അതുപയോഗിക്കുന്നവരുടെ ജീവിതരീതികളും സാഹചര്യങ്ങളും മാറുമ്പോൾ അത് അവരുടെ ഭാഷയെയും ബാധിക്കുന്നു. ആഗോളീകരണത്തിന്റെ ലോകഭാഷയായ ഇംഗ്ലീഷിലേക്ക് നാം ചേക്കേറുമ്പോൾ നാം ഉപേക്ഷിച്ച് പോകുന്നത് നമ്മുടെ ഭാഷ മാത്രമല്ല, പരമ്പരയായി നേടിയ നമ്മുടെ അറിവുകളാണ്. ഭാഷ നഷ്ടപ്പെടുന്നത് അറിവ് നഷ്ടപ്പെടുന്നതിനു തുല്യമാണെന്ന് ഡേവിഡ് ഹാരിസൺ എന്ന ലിംഗ്വിസ്റ്റിക്സ് വിദഗ്ധൻ അഭിപ്രായപ്പെടുന്നു. ലിവിങ് ടങ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ ഗ്രിഗറി ഡി. എസ്.ആൻഡേഴ്സ് ഇങ്ങനെ അഭിപ്രായപ്പെടുന്നു: "ഭാഷയ്ക്ക് പരിക്കേല്ക്കുന്നത് അതുപയോഗിക്കുന്നവർ ആ ഭാഷ പുരോഗമനത്തിന് തടസ്സമാണെന്ന് കരുതുമ്പോഴാണ്. ഭാഷ ഉപയോഗിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഇതിനുള്ള ഏക പരിഹാരം". ഇതിനുള്ള ആദ്യപടി, വരും തലമുറയും ഇനിയുള്ള കാലഘട്ടങ്ങളിൽ നമ്മളും ഉപയോഗിക്കാൻ പോകുന്ന വിവരസാങ്കേതിക വിദ്യകൾക്കായി നമ്മുടെ ഭാഷയെ സജ്ജമാക്കുകയെന്നതാണ്. നിയതമായ ലിപിയോ രചനകളോ നിഘണ്ടുവോ ഇല്ലാതെ മരിച്ചുപോയ ഭാഷകൾ

നമ്മൾ കടലാസുകളുടെ കാലഘട്ടത്തിൽ കണ്ടു. ഡിജിറ്റൽ യുഗത്തിൽ വേണ്ടത്ര സാങ്കേതിക മുന്നേറ്റം നടത്താത്ത ഒരു ഭാഷയുടെയും ഗതി അതാണ് എന്ന് നാം വളരെ നേരത്തെ തന്നെ മനസ്സിലാക്കണം.

സാങ്കേതികവിദ്യ മുന്നേറുംതോറും നമ്മുടെ സംസ്കാരത്തിലും സംസ്കാരത്തിന്റെ പ്രധാനകണ്ണിയായ ഭാഷയിലും അതിന്റേതായ സ്പന്ദനങ്ങൾ കാണും. ധാരാളം ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ വരുന്നതും കമ്പോളസംസ്കാരത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷയെ ആളുകൾ പുണരുന്നതും കാണാൻ സാധിക്കും. അവിടെ നമ്മൾ മറന്നിട്ടു പോകുന്നത് നമ്മുടെ മാതൃഭാഷയെയാണ്. എഴുത്തോലകൾ കടലാസിനു വഴിമാറിയ പോലെ കടലാസ് ഡിജിറ്റൽ മീഡിയയ്ക്കും വഴിമാറിക്കൊടുക്കും. അവിടെ അന്യഭാഷാപ്രേമമല്ല കാണിക്കേണ്ടത് ഭാഷാ സാങ്കേതിക വിദ്യ വികസിപ്പിക്കുകയാണ്. സ്വന്തം ഭാഷയിൽ മാത്രം നിലനിൽക്കുന്ന ഇത്തരം അറിവുകളെയും രചനകളെയും ഡിജിറ്റൽ ഭാവിയിലേക്ക് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുക്കുകയാണ് വേണ്ടത്.

### സ്വതന്ത്ര സോഫ്റ്റ്‌വെയറും ഭാഷാ കംപ്യൂട്ടിങ്ങും

മറ്റേതു സോഫ്റ്റ്‌വെയറിനെക്കാളും ഭാഷാ സോഫ്റ്റ്‌വെയറുകളുടെ കുത്തകവത്കരണത്തെ തടയേണ്ടത് അത്യാവശ്യമാണ്. ഭാഷ സമൂഹത്തിന്റെ സ്വത്താണെന്ന പോലെ ഭാഷയെ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഉള്ള സോഫ്റ്റ്‌വെയറുകളും സമൂഹത്തിന്റെ പൊതു സ്വത്താകേണ്ടതുണ്ട്. തുറന്ന സോഴ്സസ് കോഡ് ഉപയോഗിക്കുന്നവർക്ക് അതു മനസ്സിലാക്കാനും തെറ്റുകൾ തിരുത്താനും നവീകരിക്കാനുമുള്ള സൗകര്യമുണ്ട്. ഭാഷാ സോഫ്റ്റ്‌വെയറുകൾ ഭാഷ ഉപയോഗിക്കുന്നവർക്കു തന്നെ പരിപാലിക്കുകയും നവീകരിക്കുകയും ചെയ്യാനുള്ള സൗകര്യമുണ്ട്. ഇവിടെ കച്ചവട താത്പര്യങ്ങൾക്കപ്പുറത്തു ഭാഷയുടെ താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നു. സാങ്കേതികമായ സ്വയം പര്യാപ്തതയും ഇതുമൂലമുണ്ടാവുന്നു. കുത്തക സോപഫ്റ്റ്‌വെയറുകൾ വിപണിയിലെ ഡിമാന്റനുസരിച്ച് സോഫ്റ്വെയറുകൾ വികസിപ്പിക്കുമ്പോൾ, ഭാഷയുടെ ആവശ്യങ്ങൾക്കായി നാം സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉണ്ടാക്കുന്നു. ഭാഷാ സോഫ്റ്റ്‌വെയറുകൾ എല്ലാ ഭാഷകളിലും വികസിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ സാങ്കേതികവിദ്യയുടെ കൊടുക്കൽ വാങ്ങലുകൾ സാധ്യമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറുകളാൽ ഇത് എളുപ്പമാകുന്നു. സ്വതന്ത്രസോഫ്റ്റ്‌വെയറുകളുടെ ഉപയോഗത്തിനോടു കേരളത്തിനുള്ള ആഭിമുഖ്യവും സ്കൂളുകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളിലധിഷ്ഠിതമായ സാങ്കേതികവിദ്യകൾ പഠിപ്പിക്കുന്നതും ലോകശ്രദ്ധ ആകർഷിച്ചിരിക്കുന്നതിൽ നമുക്കേവർക്കും അഭിമാനക്കാവുന്നതാണ്. ഇത്തരം ഒരു ചട്ടക്കൂട് കേരളീയ സമൂഹത്തിൽ നിലനിൽക്കുന്നതുകൊണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയറുകളിൽ വികസിപ്പിച്ചെടുക്കുന്ന ഭാഷാ സോഫ്റ്റ്‌വെയറുകൾക്ക് എളുപ്പത്തിൽ വേരോട്ടം കിട്ടുകയും ചെയ്യും.

ഇന്ന് മലയാളത്തിലെ അറിയപ്പെടുന്ന ഭാഷാ സോഫ്റ്റ്‌വെയറുകളിൽ ഭൂരിഭാഗവും മലയാളികൾ തന്നെ വികസിപ്പിച്ചെടുത്ത സ്വതന്ത്ര സോഫ്റ്റ്‌വെയറുകളാണ്. അതുകൊണ്ടു തന്നെ അവയുടെ നിലവാരവും വളരെക്കൂടുതലാണ്. അവയെല്ലാം നിരന്തരമായി പുതുക്കലിനും വിധേയമാകുന്നു. മൈക്രോസോഫ്റ്റ് മലയാളത്തിനു വേണ്ടി വികസിപ്പിച്ച കാർത്തിക എന്ന ഫോണ്ട് മലയാളികൾ കൂടുതലും ഉപയോഗിക്കുന്ന മീര, അഞ്ജലി ഓൾഡ്‌ലിപി, രചന എന്നി ഫോണ്ടുകളുമായി ഒരു താരതമ്യപഠനത്തിനുപോലും യോഗ്യമല്ല. കുത്തക സോഫ്റ്റ്‌വെയറുകളാകയാൽ, തെറ്റുതിരുത്തലിനും പുതുക്കലിനും അതിന്റെ ഉടമസ്ഥരുടെ ദയയ്ക്ക് നമ്മൾ കാത്തുനിൽക്കണം. മൈക്രോസോഫ്റ്റിന്റെ വിൻഡോസിൽ മലയാളം ഇന്റർഫേസിനായി ബിൽഗേറ്റ്സിനോട് നമുക്ക് അപേക്ഷിക്കേണ്ടി വന്നിട്ടുണ്ട്. ഇന്നിപ്പോൾ ആരുടെയും സഹായമില്ലാതെ സ്വതന്ത്രമലയാളം കൂട്ടായ്മയിലെ പ്രവർത്തകർ ലിനക്സിലെ ഡ്നോം ഡെസ്ക്ടോപ്പ് 80 ശതമാനത്തിലധികം പ്രാദേശികവത്കരിച്ചിരിക്കുന്നു.

### മലയാളവും സാങ്കേതികതയും

കുറ്റമറ്റ രീതിയിൽ മലയാളം കംപ്യൂട്ടറിൽ പ്രദർശിപ്പിക്കുക എന്നതാണ് ആദ്യപടി. 1,0 എന്നീ ബൈനറി ഗണിതം മാത്രം മനസ്സിലാക്കാവുന്ന കംപ്യൂട്ടറിനെ ഇംഗ്ലീഷ് മനസ്സിലാക്കിപ്പിച്ചത് ഓരോ അക്ഷരങ്ങൾക്കും ഒരു സംഖ്യ കൊടുത്തിട്ടായിരുന്നു. അതായത് A എന്നെഴുതാൻ 95 എന്ന് ഉപയോഗിക്കുക. വിവര സാങ്കേതിക വിദ്യ ജന്മം കൊണ്ടത് പടിഞ്ഞാറൻ നാടുകളിൽ

> ഇന്ന് മലയാളത്തിലെ അറിയപ്പെടുന്ന ഭാഷാസോഫ്റ്റ്‌വെയറുകളിൽ ഭൂരിഭാഗവും മലയാളികൾ തന്നെ വികസിപ്പിച്ചെടുത്ത സ്വതന്ത്ര സോഫ്റ്റ്‌വെയറുകളാണ്.

# ലോക മാതൃഭാഷാവർഷം 2008

## യൂണികോഡിന്റെ വരവോടെ ഇന്ന് ഇംഗ്ലീഷിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഇനി മലയാളത്തിലും ചെയ്യാമെന്ന നില കൈവന്നിരിക്കുന്നു

ഭാഷാ വൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യവും വിവിധ സമൂഹങ്ങളുടെ നിലനിൽപ്പും കണക്കിലെടുത്താണ് യുനെസ്കോ 2008 ലോകമാതൃഭാഷാവർഷമായി ആഘോഷിക്കുവാൻ തീരുമാനിച്ചത്. ഓരോ സമൂഹത്തിന്റെയും തനിമ അതിന്റെ മാതൃഭാഷയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ആശയവിനിമയം അഥവാ ആശയപ്രകാശനം അതിന്റെ പൂർണതയിലെത്തുന്നത് മാതൃഭാഷയിലൂടെയായിരിക്കും. ഭാഷാവൈവിധ്യവും ബഹുഭാഷാവിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുകയും ഭാഷയെയും പാരമ്പര്യത്തെയും കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും ചെയ്യുക എന്നതാണ് മാതൃഭാഷാവർഷം ആചരിക്കുന്നതിന്റെ ലക്ഷ്യം.

യുനെസ്കോ അംഗങ്ങളായ ലോകരാജ്യങ്ങളിലെ പ്രധാന സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലാണ് മാതൃഭാഷാവർഷാഘോഷത്തിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. സ്കൂളുകൾ, സർവകലാശാലകൾ, സാംസ്കാരിക സ്ഥാപനങ്ങൾ, മാധ്യമങ്ങൾ എന്നിവയെല്ലാം മാതൃഭാഷാ വർഷാചരണത്തിന്റെ ലക്ഷ്യത്തിനായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാണ്.

എല്ലാ ഭാഷകളും ഉൾക്കൊള്ളുന്ന പരസ്പരാശ്രിതസമൂഹങ്ങളുടെ നിലനിൽപ്പാണ് മാതൃഭാഷാവർഷം ലക്ഷ്യമിടുന്നത്. 1999-ൽ നടന്ന യുനെസ്കോയുടെ 30-ാം ജനറൽ കോൺഫറൻസിലാണ് മാതൃഭാഷാദിനം ആചരിക്കുവാൻ തീരുമാനം ഉണ്ടായത്. ഇതനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി 21 ലോകമാതൃഭാഷാദിനമായി ആഘോഷി

ക്കുന്നു. 2008 ലെ ലോകമാതൃഭാഷാദിനത്തിലാണ്, ഈ വർഷം ലോകഭാഷാ വർഷമായി ആഘോഷിക്കാൻ തീരുമാനിച്ചത്.

### ആസ്കി, ഇസ്കി-പിന്നെ യൂണികോഡും

കംപ്യൂട്ടറിന്റെ പ്രചാരം വർധിച്ചപ്പോൾ ഇംഗ്ലീഷിതര ഭാഷകളുപയോഗിക്കുന്ന വികസിത രാഷ്ട്രങ്ങളിൽ അവരുടെ ഭാഷയിലെ അക്ഷരങ്ങൾ ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാവേണ്ടത് ആവശ്യമായി വന്നു. ഇങ്ങനെ ശേഖരിക്കുന്നതിന് ഓരോന്നിനും അതിന്റേതായ കോഡുകൾ ഉണ്ടായിരിക്കും. അപ്പോൾ കംപ്യൂട്ടറിൽ അക്ഷരങ്ങളെയും മറ്റ് ചിഹ്നങ്ങളെയും സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന കോഡിൽ തന്നെ മാറ്റങ്ങൾ വേണ്ടിവന്നു. ASCII (American Standard Code for Information Interchange) എന്ന സമ്പ്രദായമാണ് കംപ്യൂട്ടറിൽ ആദ്യകാലങ്ങളിൽ വ്യാപകമായി ഉപയോഗിച്ചിരുന്നത്. ആസ്കി എന്നാണ് ഇതു വായിക്കുന്നത്. ആസ്കി കോഡുപയോഗിച്ച് 256 അക്ഷരങ്ങൾ മാത്രമെ ശേഖരിക്കാനാവൂ. ഇത് വ്യത്യസ്തമായ രണ്ട് ഭാഷകളിലെ അക്ഷരങ്ങളും അക്കങ്ങളും മാത്രം ശേഖരിക്കാൻ പോന്നവയാണ്. കൂടുതൽ ഭാഷകൾ ഇതിൽ ചേർക്കാൻ സാധ്യമല്ല. ആദ്യത്തെ 128 കോഡുകൾ ഇംഗ്ലീഷിനും ബാക്കി വരുന്ന 128 ഏതെങ്കിലും ഭാഷയ്ക്കും ഉപയോഗിക്കാം. കംപ്യൂട്ടറുകൾ വ്യാപകമായപ്പോൾ ഏതെങ്കിലും രണ്ട് ഭാഷ എന്ന നിലയിൽ നിന്ന് അതിൽ കൂടുതൽ ഭാഷകൾ കൈകാര്യം ചെയ്യാൻ കംപ്യൂട്ടർ നിർബന്ധിതമായി.

### ഇസ്കി

യൂണികോഡ് വരുന്നതിന് മുമ്പ് തന്നെ മലയാളത്തിലും മറ്റ് ഇന്ത്യൻ ഭാഷകളിലും വേഡ് പ്രോസസിങ്ങും ഡി.ടി.പിയും ചെയ്തിരുന്നു എന്ന കാര്യം ഓർമയുണ്ടോ? ഇന്ത്യൻ ഭാഷകളിൽ അക്ഷരങ്ങൾ രേഖപ്പെടുത്താൻ ISCII (Indian Standard Code for Information Interchange) എന്ന കോഡ് ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ സഹായത്താൽ പ്രവർത്തിക്കുന്ന പ്രത്യേകതരം സോഫ്റ്റ് വെയറുകൾ ഇന്ത്യൻ ഭാഷകളിലെ വേഡ് പ്രോസസിങ്ങിന് ലഭ്യമാണ്. ഉദാഹരണം: സി-ഡാകിന്റെ I-leap, ISM, സൂപ്പർ സോഫ്റ്റിന്റെ തൂലിക എന്നിവ. കീബോർഡിൽ നിന്നും വരുന്ന സന്ദേശങ്ങളെ മലയാളം അക്ഷരങ്ങളായി തിരിച്ചറിയുകയും അതനുസരിച്ച് മോണിട്ടറിൽ പ്രദർശിപ്പിക്കുകയും അച്ചടിക്കുകയും മാത്രമാണ് ഇത്തരം സോഫ്റ്റ്‌വെയറുകൾ ചെയ്യുന്നത്. ആന്തരികമായി അപ്പോഴും ഇംഗ്ലീഷ് അക്ഷരങ്ങൾ തന്നെയാണ് കംപ്യൂട്ടർ കൈകാര്യം ചെയ്യുന്നത്. ഇക്കാരണത്താൽ വാക്കുകൾ അക്ഷരമാലാക്രമത്തിലാക്കുക, അക്ഷരത്തെറ്റുകൾ കണ്ടുപിടിക്കുക, ഇൻഡക്സ് ചെയ്യുക, പര്യായ നിഘണ്ടു ഉപയോഗിക്കുക തുടങ്ങി പല കാര്യങ്ങളും ഏകീകൃതമായി അതിൽ ചെയ്യാനാവില്ലായിരുന്നു. യൂണികോഡ് വന്നതോടെ അതിന് പരിഹാരമായി.

### യൂണികോഡ്

ആസ്കിയെക്കാൾ വിപുലമായ യൂനികോഡ് (Unicode) പിന്നീട് നിലവിൽ വന്നു. ഇതിൽ ലോകത്തിലെ മിക്ക ഭാഷകളിലെയും അക്ഷരരൂപങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മലയാളവും ഉപയോഗിക്കാൻ യൂണികോഡിന്റെ സഹായത്തോടെ കഴിയും. ലോകഭാഷകളിലെ ലിപികളുടെ കംപ്യൂട്ടറുകളിലുള്ള ആവിഷ്കാരത്തിനായി നിർമിച്ചിരിക്കുന്ന ഒരു മാനദണ്ഡമാണ് യൂണികോഡ്. ഇംഗ്ലീഷ് അറിയുന്നവർക്ക് മാത്രമേ കംപ്യൂട്ടർ ഉപയോഗിക്കാൻ കഴിയൂ എന്ന ധാരണ തിരുത്താൻ യൂണികോഡ് സഹായകമായി. ലോകത്തിലെ ഏത് പ്രാദേശികഭാഷയിലും ഇന്ന് കംപ്യൂട്ടിങ് സാധ്യമായി വരികയാണ്.

പല പുതിയ ഓപ്പറേറ്റിങ് സിസ്റ്റങ്ങളും എക്സ് എം.എൽ, ജാവ തുടങ്ങിയ സാങ്കേതികവിദ്യകളും യൂണികോഡിനെ പിന്തുണയ്ക്കുന്നുണ്ട്. ഇതോടെ ഏത് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിലും മലയാളം ഉപയോഗിക്കാനും മലയാളത്തിൽ ടൈപ്പ് ചെയ്ത വാക്കുകളും വാചകങ്ങളും ഒരു ആപ്ലിക്കേഷനിൽ നിന്നു പകർത്തി മറ്റൊന്നിൽ പതിപ്പിക്കാനും മലയാളത്തിൽ ഇ-മെയിൽ അയയ്ക്കാനും മറ്റും കഴിയും. ചുരുക്കിപ്പറഞ്ഞാൽ ഇന്ന് ഇംഗ്ലീഷിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളും ഇനി മലയാളത്തിലും ചെയ്യാം.

ആയിരുന്നതിനാൽ സ്വാഭാവികമായും ലാറ്റിൻ അക്ഷരങ്ങൾക്കാണ് ഈ സംഖ്യകൾ കൊടുത്തത് അതായത് 28 = 256 അക്ഷരങ്ങൾ മാത്രം ഉപയോഗിക്കാൻ പറ്റുന്ന രീതി. ആയിരക്കണക്കിന് അക്ഷരങ്ങളുള്ള ചൈനീസ് പോലുള്ള ഭാഷകളൊക്കെ എന്തു ചെയ്യും? 256 ലാറ്റിൻ അക്ഷരങ്ങളിൽ താന്താങ്ങളുടെ ഭാഷകളെ ഒതുക്കാൻ പലരും പലരീതികളും ഉപയോഗിച്ചു. അതായത് ആന്തരികമായി കംപ്യൂട്ടറിൽ ശേഖരിക്കുന്ന വിവരം ലാറ്റിൻ രൂപത്തിൽ തന്നെയെങ്കിലും പ്രദർശിപ്പിക്കുന്ന അക്ഷരരൂപങ്ങൾ അതത് ഭാഷയായിരിക്കും.

വളരെ ലളിതമായ ഒരുദാഹരണം പറഞ്ഞാൽ A എന്നു ശേഖരിക്കപ്പെടുകയും ആ വിവരം പ്രദർശിപ്പിക്കുമ്പോൾ A എന്നതിന് പകരം അ എന്ന അക്ഷരമെടുത്ത് കാണിക്കുകയും ചെയ്യുക. അ എന്നതിനു പകരം A എന്നു തന്നെ ശേഖരിക്കുകയും ഉപയോക്താവിനെ ഈ വിവരങ്ങൾ കാണിക്കുമ്പോൾ A വരുന്നിടത്തെല്ലാം അ എന്നെടുത്തു കാണിക്കുകയും ചെയ്യാം. ഒരു ASCII അധിഷ്ഠിത ഫോണ്ടിൽ 900 ത്തോളം അക്ഷരചിത്രങ്ങളുള്ള മലയാളം ഒതുങ്ങില്ല. പ്രായോഗികമായി 256 ൽ താഴെ അക്ഷരചിത്രങ്ങളേ ഒതുങ്ങൂ. അപ്പോൾ വളരെ പെട്ടെന്ന് തോന്നുന്നതും ആത്മഹത്യാപരവുമായ ഒരു പരിഹാരമാണ് അക്ഷരങ്ങളെ വെട്ടിച്ചുരുക്കുക എന്നത്. വേറൊരു രീതിയിൽ പറഞ്ഞാൽ, സാങ്കേതിക വിദ്യയുടെ ശേഷിക്കുറവ് മറച്ചുവയ്ക്കാൻ ഭാഷയെ വെട്ടിച്ചെറുതാക്കുക. ചില കൂട്ടക്ഷരങ്ങളേയും അധികം ഉപയോഗിക്കാത്ത അക്ഷരങ്ങളേയും നീക്കം ചെയ്ത് ഭാഷയെ ചെറുതാക്കുക. കൂട്ടക്ഷരങ്ങൾക്ക് പകരം അവയെ ഇടയ്ക്ക് ചന്ദ്രക്കലയിട്ട് കാണിക്കുക എന്നിങ്ങനെയാണ് അതു സാധ്യമാകുക. "മലയാളത്തനിമ" എന്ന പേരിൽ 1997 ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇത്തരത്തിലൊരു ലിപി പരിഷ്കാര ശ്രമം നടത്തുകയുണ്ടായെങ്കിലും കാലക്രമത്തിൽ പുതിയ സാങ്കേതിക വിദ്യകൾ വന്നതോടെ അവ ആവശ്യമില്ലാത്ത നില വന്നു. രചനാ അക്രവേദി എന്ന പേരിലുള്ള ഒരു കൂട്ടായ്മ 6 ASCII ഫോണ്ടുകൾ ഒരുമിച്ച് ഉപയോഗിച്ച് മലയാളത്തിന്റെ തനതു ലിപി നിലനിർത്തിക്കൊണ്ട് 900 ത്തോളം അക്ഷരരൂപങ്ങളുള്ള രചന എന്ന പേരിലുള്ള ഫോണ്ട് പുറത്തിറക്കിയത് ഈ രംഗത്തെ വഴിത്തിരിവായി.

ASCII Font കളുപയോഗിച്ച് നടത്തിയ മുൻപു പറഞ്ഞ എളുപ്പവഴി പലരും പല രീതിയിലാണ് ചെയ്തത്. പക്ഷേ ആന്തരിക ശേഖരം ലാറ്റിനിൽ ആയതിനാൽ സവിശേഷമായ വിവരസംസ്കരണം എന്ന സൗകര്യം ഉപയോഗിക്കാൻ അത്യധികം വിഷമകരമാവുന്നു. ഇന്നു മലയാളത്തിലെ പ്രധാന പത്രങ്ങളെല്ലാം പിന്തുടരുന്ന സാങ്കേതിക വിദ്യ ഇതാണ്. *മാതൃഭൂമി* പോലുള്ള ചില പത്രങ്ങൾ ഈയിടെ യൂണിക്കോഡിലേക്ക് മാറി തുടങ്ങിയിട്ടുണ്ട്. ഒരു പത്രത്തിന്റെ വെബ്സൈറ്റിൽ വാർത്ത വായിക്കണമെങ്കിൽ അവിടെ മാത്രമുപയോഗിക്കാവുന്ന ഒരു ഫോണ്ട് വേണം. വേറൊരു പത്രത്തിന്റെ വെബ്സൈറ്റിൽ പോയാൽ ഈ ഫോണ്ട് ഉപയോഗിക്കാൻ പറ്റില്ല. പഴയ വാർത്തകൾ തെരയാനോ അവയിൽ നിന്ന് പുതിയ വിവരങ്ങൾ വേർതിരിച്ചെടുക്കാനോ കഴിയില്ല. ഇതിനു കാരണം സോഫ്റ്റ്‌വെയറുകൾ വിവരങ്ങൾ മലയാളത്തിൽ ആണ് എന്നുള്ള വസ്തുത അറിയുന്നില്ല എന്നതാണ്. കാണിക്കുമ്പോൾ മാത്രമേ മലയാളം ഉള്ളല്ലോ. ആന്തരിക ശേഖരണം ലാറ്റിനിൽ തന്നെ.

ഇതിനൊരു പരിഹാരമായാണ് യൂണിക്കോഡ് സമ്പ്രദായം വന്നത്. ഇന്ന് ലോകഭാഷകൾക്കെല്ലാം വേണ്ടി അംഗീകരിക്കപ്പെട്ട ഏകീകൃത കോഡിങ് സമ്പ്രദായം യൂണിക്കോഡാണ്.

### മലയാളം ഡിജിറ്റൽ സാങ്കേതികത വർത്തമാനം

കംപ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നത് ഇന്ന് വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നു. 6000 ത്തിൽപരം ലേഖനങ്ങളുള്ള

മലയാളം വിക്കീപീഡിയയും സജീവമായ മലയാളം ബ്ലോഗുകളും മലയാളം ഡിജിറ്റൽ കണ്ടന്റിന്റെ പ്രധാന ഉത്പാദനകേന്ദ്രങ്ങളാണ്. ഇ-മെയിൽ, ചാറ്റ് തുടങ്ങിയവ മലയാളത്തിൽ ഉപയോഗിക്കുന്നത് സാധാരണമായിക്കൊണ്ടിരിക്കുന്നു. ചാറ്റ് ചെയ്യാൻ മംഗ്ലീഷ് ഉപയോഗിച്ചിരുന്ന മലയാളികൾ പിന്നീട് മംഗ്ലീഷ് അടിസ്ഥാനമാക്കിയുള്ള നിവേശകരീതികളിൽ (input method) ആകൃഷ്ടരാവുകയും മലയാളത്തിൽ തന്നെ എഴുതി തുടങ്ങുകയും ചെയ്തു. ജനങ്ങൾക്ക് പൊതുവെ മലയാളം ടൈപ്പ് ചെയ്യാൻ ലിപ്യന്തരണം അഥവാ ട്രാൻസ്ലിറ്ററേഷൻ രീതികൾ ഉപയോഗിക്കാനാണ് ഇഷ്ടം. പഠിക്കാൻ എളുപ്പമാണെന്നുള്ളതാണ് പ്രധാന കാരണം. വരമൊഴി, മൊഴി, സ്വനലേഖ തുടങ്ങിയവ ഇതിനായി ഉപയോഗിക്കുന്നു. ഇതുകൂടാതെ വെബ് പേജുകളിൽ മാത്രം ഉപയോഗിക്കത്തക്ക രീതിയിലുള്ള ഇവയുടെ തന്നെ പകർപ്പുകളുമുണ്ട്. ഇൻസ്ക്രിപ്റ്റ് രീതി ഉപയോഗിക്കുന്നവരും ഉണ്ട്. തനതുലിപിയിലെ ഫോണ്ടുകൾക്കാണ് കൂടുതൽ പ്രചാരം. അഞ്ജലി ഓൾഡ്‌ലിപി, മീര, രചന തുടങ്ങിയ തനതുലിപി ഫോണ്ടുകൾ പ്രശസ്തമാണ്. മലയാളം റൻഡറിങ് (ചിത്രീകരണം) ഇപ്പോഴും പൂർണ്ണമായും പ്രശ്നരഹിതമല്ലെങ്കിലും പുരോഗമിച്ചിട്ടുണ്ട്.

പ്രവർത്തകസംവിധാനങ്ങളുടെയും മലയാളം പതിപ്പുകളുടെയും കാര്യത്തിൽ ലിനക്സ് സ്വാഭാവികമായും മുന്നിട്ടു നിൽക്കുന്നു. ഗ്നോം ഡെക്സടോപ്പ് 80 ശതമാനം മലയാളത്തിൽ ലഭ്യമാണ്. കെ.ഡി.ഇ യുടെ പ്രാദേശികവത്കരണം അതിവേഗത്തിൽ പുരോഗമിക്കുന്നു. ഡെബിയൻ, ഉബുണ്ടു, ഫെഡോറ തുടങ്ങിയവ മലയാളത്തിൽ തന്നെ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്. വിൻഡോസിനെ അപേക്ഷിച്ച് ഗ്നു/ലിനക്സിന്റെ മറ്റൊരു സവിശേഷത ഭാഷാ സോഫ്റ്റ്‌വെയറുകളുടെ സാന്നിദ്ധ്യമാണ്. സ്പെൽ ചെക്കർ, ടെക്സ്റ്റ് ടു സ്പീച്ച് സിസ്റ്റം ടൈപ്പിങ് ട്യൂട്ടർ, സ്പീച്ച് റെകഗ്നീഷൻ, നിരവധി നിവേശകരീതികൾ, കേരളത്തനിമയുള്ള ആർട്ട് വർക്കുകൾ എന്നിവയെല്ലാം ഗ്നു/ലിനക്സിൽ ലഭ്യമാണ്. യൂണിക്കോഡ് നന്നായി കൈകാര്യം ചെയ്യാവുന്ന എഡിറ്ററുകളും ഓപ്പൺ ഓഫീസ് പോലുള്ള ഓഫീസ് സ്യൂട്ടുകളുമുണ്ട്. ഇന്ത്യൻ ഭാഷകൾ തന്നെ മാതൃകയാക്കുന്ന രീതിയിലാണ് മലയാളം സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ മുന്നേറ്റം.

*മാതൃഭൂമി, മംഗളം* തുടങ്ങിയ പത്രങ്ങളുടെ വെബ്സൈറ്റുകളും ഇപ്പോൾ മലയാളത്തിൽ ലഭ്യമാണ്. മറ്റു പത്രങ്ങളെല്ലാം ആസ്കി ഫോണ്ടുകൾ അടിസ്ഥാനമാക്കിയുള്ള മലയാളം ആണ് ഉപയോഗിക്കുന്നത്. അതിനാൽ അവയിൽ മലയാളം ഭാഷാ പ്രൊസസ്സിങ് നടക്കില്ല. സാമ്പത്തികചെലവും മെച്ചപ്പെട്ട ഡി.ടി.പി. സോഫ്റ്റ് വെയറിന്റെ അഭാവവുമാണ് പത്രങ്ങളെ യൂണിക്കോഡിന്റെ ഗുണഫലങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നു തടയുന്നത്.■




ടി.വി. സിജു

കണ്ണൂർ തോട്ടടയിലെ തയ്യൽക്കാരൻ വാസുവേട്ടന് വയസ്സുകാലത്ത് ഒരാഗ്രഹം. തനിക്കും കംപ്യൂട്ടർ പഠിക്കണമെന്ന്. പക്ഷേ, മലയാളം മാത്രം അറിയുന്ന ഒരാൾക്ക് എങ്ങനെ കംപ്യൂട്ടർ പഠിക്കാനാകും. ഇംഗ്ലീഷ് ഭാഷ വശമാക്കിയാലേ കംപ്യൂട്ടർ കൈകാര്യം ചെയ്യാൻ പറ്റൂ എന്നാണ് വാസുവേട്ടൻ ഇതുവരെ കേട്ടിട്ടുള്ളത്. ആരോടെങ്കിലും ചോദിക്കാമെന്നുവച്ചാൽ കുഴിയിലേക്കു കാലും നീട്ടിയിരിക്കുമ്പോഴാണ് ഒരു കംപ്യൂട്ടർ പഠിത്തം. ഇയാൾക്ക് വേറെ പണിയൊന്നും ഇല്ലേ? എന്നോ മറ്റോ ആവും പറയുകയെന്ന് വാസുവേട്ടന് നല്ലപോലെ അറിയാം. അതുകൊണ്ട് ചെറുമക്കളോടു പോലും ഇക്കാര്യത്തെക്കുറിച്ച് മിണ്ടിയതേയില്ല. ജരാനരകൾ ബാധിച്ചെങ്കിലും വീട്ടിലെ തയ്യൽ മെഷീനിൽ കാലുകൾ അമരുമ്പോൾ വാസുവേട്ടന്റെ മനസ്സിൽ വീണ്ടും കംപ്യൂട്ടർ സ്വപ്നം ഓടിയെത്തും.

തന്റെ മക്കളെയെല്ലാം വാസുവേട്ടൻ കംപ്യൂട്ടർ പഠിക്കാൻ അയച്ചിട്ടുണ്ട്. അവരെല്ലാം ഇപ്പോൾ നല്ല നിലയിലുമാണ്. അവരുടെ മക്കളും ചെറുമക്കളും വരെ ഇപ്പോൾ കംപ്യൂട്ടർ പഠിക്കുന്നുണ്ട്. വീട്ടിലും കംപ്യൂട്ടറുണ്ട്. എന്നിട്ടും വാസുവേട്ടൻ ആരോടും മനസ്സു തുറന്നില്ല. എല്ലാവരും ഇപ്പോൾ കംപ്യൂട്ടറിന്റെ പിറകെയാണ്. പിന്നെ എനിക്കും കംപ്യൂട്ടർ പഠിച്ചാലെന്താ? ചിലപ്പോൾ വാസുവേട്ടന്റെ മനസ്സ് ഇങ്ങനെ വല്ലാതെ വാശിപിടിക്കും.

സർക്കാർ നടപ്പിലാക്കിയ മലയാളം കംപ്യൂട്ടിങ് പദ്ധതിയുമായി ബന്ധപ്പെട്ട് സ്കൂൾ വിദ്യാർത്ഥികൾ സർവെ എടുക്കാൻ വീട്ടിൽ വന്നപ്പോഴാണ് ഇംഗ്ലീഷിന്റെ എബിസിഡി പോലും അറിയാത്തവർക്കും കംപ്യൂട്ടർ പഠിക്കാനാവുമെന്ന് വാസുവേട്ടൻ അറിയുന്നത്. മലയാളം മാത്രം അറിഞ്ഞാലും പുഷ്പം പോലെ കംപ്യൂട്ടർ ഉപയോഗിക്കാൻ കഴിയുമെന്ന്. അതുകേട്ടപ്പോൾ വാസുവേട്ടന്റെ സന്തോഷം ഒന്നു കാണേണ്ടതായിരുന്നു. കംപ്യൂട്ടറുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ മനസ്സിലെ മറ്റുള്ള ചോദ്യങ്ങൾക്കും സർവെക്കെത്തിയ കുട്ടികൾ ഉത്തരം നൽകി. പിന്നെ വാസുവേട്ടന്റെ ചിന്ത കംപ്യൂട്ടറിനെക്കുറിച്ചായി, മലയാളത്തെക്കുറിച്ചായി. മലയാളം ഉപയോഗിച്ച് കംപ്യൂട്ടർ പഠിക്കുന്നതിനെപ്പറ്റിയായി.

## ചങ്ങാതിയാവുന്ന കംപ്യൂട്ടർ

കണ്ണൂർ ജില്ലയിലെ അക്ഷയ കേന്ദ്രത്തിലെ പഠിതാക്കളോട് ചോദിച്ചു നോക്കൂ. അവർ പറയും കംപ്യൂട്ടർ പഠനം പേടിക്കേണ്ട ഒരു കാര്യമല്ലെന്ന്. അത് നമുക്കും സുന്ദരമായി പഠിക്കാമെന്ന്. പഠനം ഇപ്പോൾ മലയാളത്തിലായി. കംപ്യൂട്ടറിലും മലയാളം എളുപ്പത്തിൽ ഉപയോഗിക്കാമെന്നായി. മലയാളം കംപ്യൂട്ടിങ് പദ്ധതി എന്ന സർക്കാർ പരിപാടിയും നിലവിൽ വന്നുകഴിഞ്ഞു.

അക്ഷയ എന്ന പേരിൽ മലപ്പുറത്ത് തുടക്കമിട്ട കംപ്യൂട്ടർ സാക്ഷരതാ പരിപാടിക്ക് ലഭിച്ച ആവേശകരമായ പ്രതികരണമാണ് കംപ്യൂട്ടിങ് നടപ്പിലാക്കാൻ സംസ്ഥാന ഭരണകൂടത്തെ പ്രേരിപ്പിച്ചത്. ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും കംപ്യൂട്ടറിനെക്കുറിച്ച് അറിവ് പകരുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ അക്ഷയ പദ്ധതി ഒരു വൻവിജയമായിരുന്നു. സ്വന്തം ഭാഷയായ മലയാളത്തിലൂടെ കംപ്യൂട്ടറുമായുള്ള ചങ്ങാത്തം കൂട്ടുകയാണ് അതിനു പിന്നാലെ നടപ്പിലാക്കുന്ന മലയാളം കംപ്യൂട്ടിങ് പദ്ധതിയിലൂടെ. വിദേശത്തുള്ള

# മലയാളം മരിക്കാതിരിക്കാൻ

ബന്ധുക്കളുമായി 'സൊറ' പറയാനും (ചാറ്റിങ്) അവർക്ക് കത്തകയക്കാനും (ഇ-മെയിൽ) ഇന്റർനെറ്റിന്റെ സേവനം ഉപയോഗപ്പെടുത്താനും ഇന്ന് ചെറുപ്പക്കാരെക്കാളേറെ മുൻപന്തിയിൽ നിൽക്കുന്നത് പ്രായമുള്ളവരാണ്. കംപ്യൂട്ടർ പഠിക്കാൻ ഏറ്റവും ഉത്സാഹം കാണിക്കുന്നതും അവർ തന്നെയാണെന്ന് കണ്ണൂർ ജില്ല അക്ഷയ കേന്ദ്ര ഇൻസ്ട്രക്ടർ സാക്ഷ്യപ്പെടുത്തുന്നു.



'വർഷങ്ങൾക്ക് മുമ്പ് ഗൾഫിൽ നിന്ന് മകൻ കൊണ്ടു വന്ന റിമോട്ട് കൺട്രോൾ സഹിതമുള്ള ടെലിവിഷനും സി.ഡി. പ്ലെയറും പ്രവർത്തിപ്പിക്കാൻ പേടിയായിരുന്നു. എന്നാൽ പിന്നീട് അതിനെപ്പറ്റി കൂടുതൽ മനസ്സിലാക്കിയപ്പോൾ ആ പേടിയൊക്കെ മാറി. അതുപോലെ കംപ്യൂട്ടറിനെക്കുറിച്ചും എനിക്ക് ഭയമുണ്ടായിരുന്നു. അതും ഇപ്പോൾ വളരെയെളുപ്പം പഠിച്ചു കഴിഞ്ഞു. യൂണികോഡ് സംവിധാനം നടപ്പായത് പഠനത്തെ വളരെയേറെ സഹായിച്ചിട്ടുണ്ട്. മനസ്സിൽ വരുന്ന കഥയും കവിതയുമൊക്കെ ഇപ്പോൾ നേരെ കംപ്യൂട്ടറിലേക്ക് പകർത്താം'. വർദ്ധിച്ച ആവേശത്തോടെയുള്ള ഈ അഭിപ്രായം അക്ഷയ കേന്ദ്രത്തിലെ മറ്റൊരു പഠിതാവിന്റേതാണ്.

### എന്റെ ഭാഷ, എന്റെ കംപ്യൂട്ടറിന്റെയും

'എന്റെ ഭാഷ, എന്റെ കംപ്യൂട്ടറിന്റെയും' എന്നാണ് പുതിയ രീതി. അതനുസരിച്ച് മലയാളവും കംപ്യൂട്ടറിന്റെ സ്വന്തം ഭാഷയാവുകയാണ്. മലയാള ഭാഷയെ ശക്തിപ്പെടുത്താനും ഭാഷയുടെ അതിർവരമ്പുകളില്ലാതെ വിവര സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ എല്ലാ മലയാളികളിലും എത്തിക്കാനും സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത മലയാളം കംപ്യൂട്ടിങ് പദ്ധതിയ്ക്ക് തുടക്കമായി. മലയാളികളുടെ കംപ്യൂട്ടർ അഭിരുചികളെയും പരിചയങ്ങളെയും മാറ്റി മറിക്കാൻ പോന്നതാണ് ഈ പദ്ധതി.

വിവിധ സർക്കാർ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് ചുക്കാൻ പിടിക്കുന്നത് സംസ്ഥാന ഐ.ടി. മിഷനാണ്. വിവര വിനിമയ സാങ്കേതികവിദ്യയുടെ സാധ്യതകൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനും മാതൃഭാഷയെ അതിനുള്ള ആയുധമാക്കാനും മലയാളം കംപ്യൂട്ടിങ് പദ്ധതി ലക്ഷ്യമിടുന്നു.

വിവര സാങ്കേതികവിദ്യയുടെ മേഖലയിലുണ്ടായ പുരോഗതി ആശയവിനിമയ രംഗത്ത് മാറ്റമായിരുന്നു. ഈ വികസനം പ്രാദേശിക ഭാഷകൾക്കാണ് വലിയ വെല്ലുവിളി ഉയർത്തിയത്. ഈ-മെയിൽ ബ്ലോഗ്, ചാറ്റ് തുടങ്ങിയ സംവിധാനങ്ങൾ ആശയ വിനിമയത്തിനായി കൂടുതലായി ഇന്ന് ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഇത്തരം സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് പലർക്കും തടസ്സം ഭാഷയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് മലയാളം കംപ്യൂട്ടിങ് പോലെയുള്ള പദ്ധതികൾ ഉപകരിക്കും. ഇതോടൊപ്പം മലയാള ഭാഷയിൽ നിലവിലുള്ളതും പുതുതായി നിർമ്മാണത്തിലിരിക്കുന്നതുമായ വിവിധ സോഫ്റ്റ്‌വെയറുകളും വെബ്സൈറ്റുകളും പ്രയോജനപ്പെടുത്തുകയുമാവാം.

മാതൃഭാഷയിലുള്ള കംപ്യൂട്ടർ ഉപയോഗത്തിലൂടെ മാത്രമേ കംപ്യൂട്ടർ സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ ജനസമൂഹത്തിലെത്തുകയുള്ളൂ. ഇതിനായി ഭാഷാ സോഫ്റ്റ്‌വെയറുകളും ഫോണ്ടുകളും വേണം. ഈ ജോലി പ്രതിഫലേച്ഛയില്ലാതെ ചെയ്യുന്ന വിവിധ സംഘങ്ങൾ ഇവിടെയുണ്ട്. സംസ്ഥാന ഐ.ടി. മിഷൻ, അക്ഷയ, ഫ്രീ സോഫ്റ്റ്‌വെയർ എന്ന ആശയം മുറുകെ പിടിക്കുന്ന സ്പേസ്, സ്വതന്ത്ര മലയാളം കംപ്യൂട്ടിങ് തുടങ്ങിയ ഗ്രൂപ്പുകളും ഇതിനു പിന്നിൽ കരുത്തുപകരുന്ന ശക്തികളാണ്.

യൂണികോഡ് സമ്പ്രദായമാണ് മലയാളഭാഷയെ കംപ്യൂട്ടറിന്റെ സ്വന്തം ഭാഷയാക്കാൻ സഹായിച്ചത്. മലയാളം മാത്രമല്ല അതത് ഇടങ്ങളിലെ പ്രാദേശിക ഭാഷകൾ കംപ്യൂട്ടറിൽ പ്രയോഗത്തിൽ വരുത്താൻ യൂണികോഡിന്റെ സഹായത്തോടെ സാധിക്കും.

കേരള സംസ്ഥാന ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന 'മലയാളം കംപ്യൂട്ടറിങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനം 2008 ജൂൺ 8-ന് മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്യുതാനന്ദനാണ് നിർവഹിച്ചത്.

### ആവേശകരമായ തുടക്കം

ഈ പദ്ധതി മൂന്ന് ഘട്ടങ്ങളിലാണ് നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ പരിശീലനം, വിദ്യാഭ്യാസ സ്ഥാപനങ്ങളും അക്ഷയ കേന്ദ്രങ്ങളും ഉൾക്കൊ


വിമൽ ജോസഫ്

# സ്വതന്ത്രമലയാളം കംപ്യൂട്ടിങ് കൂട്ടായ്മ

സാങ്കേതികവിദ്യയുടെ മുന്നേറ്റം നമ്മുടെ സംസ്കാരത്തിലും അതിന്റേതായ ഓളങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിന്റെ പ്രതിഫലനം സംസ്കാരത്തിന്റെ പ്രധാന കണ്ണിയായ ഭാഷയിലും കാണാം. സ്വന്തം ഭാഷ എന്നത് നിലനില്പിന്റെ ചരിത്രത്തിലെ ഒരേടാണ്. നമ്മുടെ ചരിത്രവും നാട്ടറിവും കലയും സാഹിത്യവുമെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് അതിലാണ്. സ്വന്തം ഭാഷയിൽ മാത്രം നിലനിൽക്കുന്ന ഇത്തരം അറിവുകളെയും രചനകളെയും ഡിജിറ്റൽ ഭാവിയിലേക്ക് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം കൂടി വരികയാണിന്ന്. ഒരു കാലത്ത് എഴുത്തോലകൾ കടലാസിന് വഴിമാറിയതു പോലെ ഇന്നോ നാളെയോ കടലാസ് ഡിജിറ്റൽ മീഡിയയ്ക്കാവും വഴിയൊരുക്കുക. കടലാസിൽ നിന്ന് ഡിജിറ്റൽ മാധ്യമത്തിലേക്കുള്ള കൂടുമാറ്റം കൊണ്ട് ഭാഷയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഭീമമായിരിക്കും. ഈ തടസങ്ങളെ അതിജീവിക്കാൻ പുതിയ ഭാഷാ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുകയാണ് വേണ്ടത്. അതല്ലാതെ നമ്മുടെ ഭാഷയെ മറന്ന് മറ്റു ഭാഷകളുടെ സ്വാധീനത്തിൽ വീണുപോവരുത്. ഇംഗ്ലീഷ് ഭാഷ നല്ലതാണ്, എന്നാൽ കംപ്യൂട്ടിങ് മാതൃഭാഷയിലാകുമ്പോൾ പല വെല്ലുവിളികളും ഭാഷയ്ക്ക് നേരിടേണ്ടിവരും. ഈ വെല്ലുവിളികൾ ചൈനക്കാരനോ അമേരിക്കാരനോ അല്ല നമ്മൾ തന്നെയാണ് നേരിടേണ്ടത്. അവർക്കതിന് കഴിയുകയുമില്ല. ഈ ലക്ഷ്യം വച്ചുകൊണ്ടാണ് മാതൃഭാഷയെയും സംസ്കാരത്തെയും സ്നേഹിക്കുന്ന ഒരു കൂട്ടം മലയാളികൾ സ്വതന്ത്ര മലയാളം കംപ്യൂട്ടിങ് (എസ്.എം.സി.) എന്ന കൂട്ടായ്മയ്ക്ക് രൂപം കൊടുക്കുന്നത്. കംപ്യൂട്ടർ മേഖലയിൽ പ്രാഗത്ഭ്യവും പരിചയവുമുള്ള കേരളത്തിലോ പുറംനാടുകളിലോ ഉള്ളവരാണ് ഇതിലെ അംഗങ്ങൾ പലരും. തങ്ങളുടെ ജോലിക്കിടയിലും പഠനത്തിനിടയിലും കിട്ടുന്ന സമയത്ത് മാതൃഭാഷയ്ക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ ശ്രമിക്കുന്നു എന്നതാണ് ഇവരുടെ പ്രത്യേകത. 2001 ലാണ് എം. ബൈജുവിന്റെ നേതൃത്വത്തിൽ എസ്.എം.സി. രൂപീകരിക്കുന്നത്. ഈ സമയത്ത് തന്നെയാണ് ആദ്യ യൂണികോഡ് മലയാളം ഫോണ്ട് പുറത്തിറക്കുന്നതും എഫ്. എസ്.എഫ്. ഇന്ത്യയുടെ നേതൃത്വത്തിൽ കേരള സർക്കാരിന്റെ പിന്തുണയോടെ ഗ്നോം (Gnome) പൂർണ്ണമായും മലയാളത്തിലേക്ക് മൊഴിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതും. എന്നാൽ സാങ്കേതികമായ പ്രശ്നങ്ങൾ മൂലം ഇക്കാലത്ത് എസ്.എം.സി.യുടെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലായിരുന്നു മുന്നോട്ട് പോയിരുന്നത്. 2006 അവസാനകാലത്താണ് അരിഷ്ടതകളെല്ലാം മാറി ഈ കൂട്ടായ്മ വീണ്ടും ഊർജ്ജിതമായത്. പിന്നീട് മികച്ച പ്രവർത്തനങ്ങളിലൂടെ ഭാരതീയ ഭാഷകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളിൽ മുന്നിലെത്തി. ഇന്റർനെറ്റിലൂടെയുള്ള ആശയവിനിമയത്തിനും ചർച്ചകൾക്കും ശേഷമാണ് ഈ ഗ്രൂപ്പിലെ പ്രവർത്തനങ്ങൾ തീരുമാനിക്കപ്പെടുന്നത്. 360 അംഗങ്ങളുള്ള ഈ കൂട്ടായ്മയിൽ നിരവധി പേർ സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി കൂട്ടായ്മ ഇപ്പോൾ ഭാഷാപ്രേമികളുടെ സഹായം തേടുകയാണ്. സോഴ്സ് കോഡുകൾ എല്ലാവർക്കും സ്വതന്ത്രമായി ഇഷ്ടാനുസരണം ഉപയോഗിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി കംപ്യൂട്ടിങ് ഉപയോഗപ്പെടുത്താനും ശ്രമിക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറുകളാണ് എസ്.എം.സി. വികസിപ്പിക്കുന്നത്. മലയാളികൾക്കിടയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതും ഗവൺമെന്റ് തലത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന് നൽകുന്ന മുൻഗണനയും കൂടിവരികയാണ്. സോഫ്റ്റ്‌വെയർ പ്രയോഗങ്ങളുടെ തർജ്ജമകളും ഫോണ്ടുകളുടെ വികസവും അല്ലാതെ വേറെയും സംരംഭങ്ങളിൽ എസ്.എം.സി. വ്യാപൃതരാണ്. കംപ്യൂട്ടറിനെകൊണ്ട് മലയാളം പറയിപ്പിക്കാനും മലയാളം പറഞ്ഞാൽ കംപ്യൂട്ടറിന് മനസ്സിലാക്കാനും സാധിക്കുന്ന

ള്ളുന്ന 6000 സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ഐ.ടി. അറ്റ് സ്കൂൾ, സാമൂഹിക സംഘടനകൾ എന്നിവയിലൂടെയും നൽകും. രണ്ടാംഘട്ടത്തിൽ പലവിധ മത്സരങ്ങളിലൂടെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും മലയാളം കംപ്യൂട്ടിങ് ഉപയോഗപ്രദമാക്കാനുള്ള പ്രോത്സാഹനം നൽകാനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കും. വികസനപ്രവർത്തനങ്ങൾക്ക് സഹായകമാവുംവിധം പദ്ധതി വിപുലപ്പെടുത്തുകയാണ് മൂന്നാംഘട്ടത്തിലൂടെ. കണ്ണൂർ ജില്ലയിൽ തുടക്കം കുറിച്ചിരിക്കുന്ന ഈ സംസ്ഥാനതല പദ്ധതി താമസിയാതെ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കും. തിരുവനന്തപുരത്തെ 'സ്പേസ്' എന്ന സംഘടനയാണ് ഈ പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്. ഐ.ടി. വകുപ്പിനെ കൂടാതെ തദ്ദേശസ്വയംഭരണം, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്, സാംസ്കാരികം എന്നീ വകുപ്പുകൾ ഈ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്.

മലയാളം കംപ്യൂട്ടിങ്ങിന്റെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഉദ്ഘാടനത്തിന് മുമ്പ് കണ്ണൂർ



സ്പീച്ച് പ്രോസസ്സിങ് സോഫ്റ്റ്‌വെയറുകൾ, എളുപ്പത്തിൽ മലയാളം എഴുതാൻ വേണ്ടിയുള്ള സോഫ്റ്റ്‌വെയർ, വിവിധ ഡെസ്ക്ടോപ്പ് ആർട്ട്‌വർക്കുകൾ, അക്ഷരപരിശോധനാ 9സ്പെൽ ചെക്കർ) സംവിധാനം, പരിശീലന സഹായികൾ, മലയാളം വിവരശേഖരത്തെ ക്രോഡീകരിക്കുന്നതിനുള്ള ഉപാധികൾ തുടങ്ങിയ പ്രോജക്ടുകളും എസ്.എം.സി. നിർവഹിക്കുന്നു. ഭാഷയുടെ തനത് ശൈലി നഷ്ടപ്പെടുത്താതെ വിട്ടുവീഴ്ചകളൊന്നുമില്ലാതെ ലിപികൾ തനതുശൈലിയിൽ തന്നെ നിലനിർത്തി കംപ്യൂട്ടിങ് ഇപ്പോൾ സാധ്യമാണ്. ഇതിനായി ഒരു സ്റ്റാൻഡേർഡ് ഉണ്ടാക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്ന് ശ്രമം ഉണ്ടാവണം എന്നാണ് ഇവരുടെ അഭിപ്രായം. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഗൂഗ്ൾ നടപ്പാക്കിയ 'സമ്മർ ഓഫ് കോഡ് 2007' പദ്ധതിയിൽ രണ്ട് ലക്ഷം രൂപ പാരിതോഷികമായി ലഭിച്ച ഇന്ത്യൻ കൂട്ടായ്മയാണ് എസ്.എം.സി. ഇന്ത്യയെ പ്രതിനിധീകരിച്ച് കാലിഫോർണിയയിൽ നടന്ന ഗൂഗ്ൾ സമ്മർ ഓഫ് കോഡ് – 2007 സമ്മേളനത്തിൽ രാജ്യത്തെ പ്രതിനിധീകരിച്ചതും ഇവരാണ്. മലയാളം കംപ്യൂട്ടിങ്ങിൽ മലയാളികളുടെ സംഭാവന വളരെ കുറവാണ്. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു. ഭാഷയെ സ്വന്തം പൈതൃകവും സംസ്കാരവും മൂല്യവും നഷ്ടമാകാതെ വരും തലമുറയ്ക്ക് കൂടി അഭിമാനിക്കാൻ കഴിയുന്ന വിധത്തിൽ പരിപാലിക്കാൻ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

| | | | | | | | |
|---|---|---|---|---|---|---|---|
| ***സ്വരങ്ങൾ*** | | | | | | | |
| അ | ആ | ഇ | ഈ | ഉ | ഊ | ഋ | ഌ |
| a | aa A | i | ii I ee | u | uu U oo | RR rr | l^^ |
| | ാ | ി | ീ | ു | ൂ | ൃ | |
| എ | ഏ | ഐ | ഒ | ഓ | ഔ | അം | അഃ |
| e | E | ai ei | o | O | au ou | am~ aM am_ | aH |
| െ | േ | ൈ | ൊ | ോ | ൗ ൌ | ം | ഃ |
| ***വ്യഞ്ജനങ്ങൾ*** | | | | | | | |
| ക | ഖ | ഗ | ഘ | ങ | | ങ്ക | ന്റെ |
| k | kh K | g | gh G | ng | | nk | nte |
| ച | ഛ | ജ | ഝ | ഞ | | റ്റ | ക്ഷ |
| ch | Ch chh | j | jh J | nj | | TT | x |
| ട | ഠ | ഡ | ഢ | ണ | | ക്യ | വൈ |
| t | T | D | Dh | N | | q | Y |
| ത | ഥ | ദ | ധ | ന | | ക്യ | ഞ്ച |
| th | thh Th | d | dh | n | | Q | nch |
| പ | ഫ | ബ | ഭ | മ | | | |
| p | f ph | b | bh B | m | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ |
| y | r | l | v w | S z | sh | s | h |
| ള | ഴ | റ | | | | | |
| L | zh | R | | | | | |
| ***ചില്ലുകൾ*** | | | | | | | |
| ൻ | ൺ | ൽ | ൾ | ർ | | | |
| n~ n_ | N~ N_ | l~ l_ | L~ L_ | r~ R~ r_ R_ | | | |

ജില്ലയിൽ റോഡ് ഷോ സംഘടിപ്പിച്ചു. പദ്ധതിയുടെ ലക്ഷ്യങ്ങൾ വിവരിച്ചുകൊണ്ട് ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ഈ വാഹനങ്ങൾ മൂന്ന് ദിവസങ്ങളിലായി ചുറ്റിക്കറങ്ങി. ജനങ്ങളിൽ കാര്യമായ ചലനങ്ങളുണ്ടാക്കാൻ റോഡ് ഷോ സഹായകമായി.

കണ്ണൂർ ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരും കീ റിസോഴ്സ് പേഴ്സൺമാരും അക്ഷയ സംരംഭകരും അക്ഷയ മലയാളം കംപ്യൂട്ടിങ് പദ്ധതിയോടനുബന്ധിച്ച് നടന്ന വിവിധ പരിശീലനക്കളരിയിൽ സംബന്ധിച്ചു. പദ്ധതിയെക്കുറിച്ചും അതിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചും തിരുവനന്തപുരത്തെ 'സ്പേസി'ന്റെ കോ-ഓർഡിനേറ്റർ എം.അരുൺ, സോഫ്റ്റ് വെയർ എൻജിനീയർമാരായ വിമൽ ജോസഫ്, എം.ഹരീഷ് എന്നിവർ ക്ലാസ്സുകൾ നൽകി. പരിപാടിയിൽ പങ്കെടുത്ത മാഹി ഗവ. കോളേജ് മലയാളം അധ്യാപകൻ ഡോ. മഹാഷേ മംഗലാട്ട് കംപ്യൂട്ടിങ്ങിൽ മലയാളം ഉപയോഗിക്കുന്നതിന്റെ സാധ്യതകളെപ്പറ്റിയും മറ്റും സംസാരിച്ചു.

എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് വാർഡുകൾ കേന്ദ്രീകരിച്ച് തോട്ടട വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾ നടത്തിയ സർവെ ഏറെ ശ്രദ്ധ പിടിച്ചുപറ്റി. 16, 20 വാർഡുകളിൽ 710 വീടുകളിലായി നടത്തിയ സർവെയിൽ 31 ശതമാനം വീടുകളിലും കംപ്യൂട്ടറുകൾ ഉണ്ടെന്ന കാര്യം ബോധ്യമായി. കംപ്യൂട്ടർ ഉള്ള 40 ശതമാനം വീടുകളിൽ ഇന്റർനെറ്റ് കണക്ഷനുമുണ്ട്. നാല് ശതമാനം വീടുകളിൽ മാത്രമാണ് ആദ്യം മുതൽക്കേ മലയാളം കംപ്യൂട്ടിങ്ങിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിരുന്നത്. സർവെ പ്രവർത്തനങ്ങളുടെ ഭാഗമായി നടക്കുന്ന പരിപാടിയിൽ കംപ്യൂട്ടറുള്ള 27 ശതമാനം വീടുകളിൽ കൂടി മലയാളം കംപ്യൂട്ടിങ്ങിനുള്ള സൗകര്യം കുട്ടികൾ ഏർപ്പെടുത്തിക്കൊടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വീട്ടുകാർക്കുള്ള സംശയദൂരീകരണവും കുട്ടികൾ തന്നെ നിർവഹിച്ചു. കൂടുതൽ പേർ ഇതിന്റെ സാധ്യതകളെപ്പറ്റി ആരായുന്നുണ്ട്. മൂന്ന് ഗ്രൂപ്പുകളിലായി 27 കുട്ടികളാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളായത്. സ്കൂളിനടുത്തുള്ള ഈ രണ്ട് വാർഡുകളിലെയും പ്രവർത്തനം വിജയിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ മറ്റ് വാർഡുകളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് വാർഡ്, സ്കൂൾതല കമ്മിറ്റികളുടെ തീരുമാനം.

ജില്ലയിലെ ഹാർഡ്‌വെയർ വിതരണക്കാരുമായി ജില്ലാ അധികൃതരും അക്ഷയ സെന്റർ ഉദ്യോഗസ്ഥരും നടത്തിയ ചർച്ചയിൽ മലയാളം കംപ്യൂട്ടിങ്ങിനെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ ഐ.ടി. ഡീലേഴ്സ് അസോസിയേഷന്റെ ഭാഗത്തു നിന്നുള്ള സഹകരണ വാഗ്ദാനം ലഭിക്കുകയും ചെയ്തു. പുതുതായി വാങ്ങുന്നവയ്ക്ക് മലയാളം യൂണികോഡ് എനേബിൾസ് കംപ്യൂട്ടറുകൾ എന്ന സ്റ്റിക്കർ ഒട്ടിച്ചു കൊടുക്കാനും ധാരണയായിട്ടുണ്ട്.

കണ്ണൂർ ജില്ലയെത്തുടർന്ന് കൊല്ലം, കോഴിക്കോട്, ————————— ജില്ലകളിലും ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. അടുത്ത ഘട്ടത്തിൽ വൈകാതെ തന്നെ ഇത് മറ്റു ജില്ലകളിലേക്കും ആരംഭിക്കും. മലയാള ഭാഷയ്ക്ക് സമീപകാലത്തു ലഭിച്ചിട്ടുള്ള ഏറ്റവും വലിയ സംഭാവനകളിലൊന്നായി മാറുകയാണ് കേരള സർക്കാരിന്റെ ഈ പദ്ധതി.

**മുല്ലപ്പൂക്കളാൽ സ്വാഗതമോതുന്നു...**

*അക്ഷരം ഒരു തിരിനാളമാണ്*
*അക്ഷരഖനിയുടെ ആഴങ്ങളിലൂടെ ഊളിയിടാൻ*
*ഉലയൂതി ഉലയൂതി ഒരു കിരണം ദർശിക്കാൻ*
*ഇളംതുമ്പ് മനസ്സുമായെത്തുന്ന*
*ഇളംപൂവുടലുകളെ*
*നിറയെ നിങ്ങളുടെ മനസ്സുകളിൽ*
*വിദ്യയുടെ കുഞ്ഞോളങ്ങൾ സൃഷ്ടിക്കാൻ*
*ഊഷ്മസ്നേഹത്തിന്റെ തൂവെള്ള നിറമാർന്ന*
*മുല്ലപ്പൂക്കളാൽ സ്വാഗതമോതുന്നു...*

– ഡി. റഷീദ്
എം.എം.ഇ.ടി. എച്ച്.എസ്. മേൽമുറി

(ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു കവിതയിൽ നിന്ന്)

മുല്ലപ്പൂക്കളാൽ സ്വാഗതമോതാൻ റഷീദിന് തുണയായത് മലയാളം കംപ്യൂട്ടിങ് പദ്ധതിയാണ്. യൂണികോഡ് സംവിധാനത്തിലൂടെ കംപ്യൂട്ടറിൽ മലയാളം അക്ഷരങ്ങൾ കുത്തിക്കുറിച്ച് (ടൈപ്പ് ചെയ്ത്) ഒരു കവിതയുണ്ടാക്കിയപ്പോൾ റഷീദ് മാത്രമല്ല സന്തോഷിച്ചത്. മലയാളം മനസ്സേറ്റി നടക്കുന്ന കംപ്യൂട്ടർ നിരക്ഷരരായ ഒരു സമൂഹമാണ്. ഒരു പക്ഷേ, നമ്മുടെ മനസ്സിലും ഇതുപോലെ തുള്ളത്തുളുമ്പുന്ന കവിതാശകലങ്ങൾ കണ്ടേക്കാം. അത് മറ്റുള്ളവർക്ക് മുന്നിലെത്തിക്കേണ്ടേ?

അതിനായി മലയാള ഭാഷയെ അതിന്റെ തനിമയും സൗന്ദര്യവും ചോരാതെ ഡിജിറ്റൽ ഭാവിയിലേക്ക് നയിക്കാൻ വേണ്ടി വിവിധ പദ്ധതികൾ വഴി വികസിപ്പിച്ച സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുന്നതിനും മനസ്സിലാക്കി മുന്നേറുന്നതിനും ഇനി ഇത്തിരി സമയമെങ്കിലും നീക്കിവെക്കാം.■

വി.കെ. ആദർശ്


# ആശയവിനിമയത്തിന്റെ

ഇന്റർനെറ്റിൽ ലഭ്യമാകുന്ന സൗജന്യസേവനമായ ബ്ലോഗുകളിലൂടെയുള്ള ആശയപ്രകാശനത്തിന്റെയും അതുമായി ബന്ധപ്പെട്ട തുടർചർച്ചകളുടെയും കാലമാണിത്. പത്തു വർഷത്തിന് മുമ്പുവരെ ഈ മാധ്യമരൂപം മാധ്യമ ചർച്ചകളിൽ പോലും ഇടംപിടിയ്ക്കുന്ന തരത്തിൽ എത്തിയിരുന്നില്ല, എന്നാൽ ഇന്ന് അന്താരാഷ്ട്ര പ്രശസ്തിയുള്ള പത്രപ്രവർത്തകരും അമിതാഭ് ബച്ചനെ പോലെയുള്ള സിനിമാതാരങ്ങളും അഭിനവ് ബ്രിന്ദ്ര ഒളിംപിക്സിൽ സ്വർണനേട്ടം കൈവരിച്ചതിന് ശേഷമുള്ള സന്ദേശവും ഒക്കെ പ്രത്യക്ഷപ്പെടുന്നത് നവലോകത്തിന്റെ ഈ സമാന്തര മാധ്യമത്തിലൂടെയാണ്. പ്രശസ്തിയോ സമ്പത്തോ ഉള്ളവരെക്കാളും അധികം ഇവിടെ സക്രിയമായി ഇടപെടുന്നത് സാധാരണക്കാരായ എഴുത്തുകാരാണ്. ഇന്റർനെറ്റിന്റെ വ്യാപനം കേരളത്തിൽ ഇതര ഭാരതീയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച ശതമാനക്കണക്കിലാണെന്നതും സമ്പ്രദായിക മാധ്യമങ്ങൾക്ക് (പത്രം, ടെലിവിഷൻ) ശക്തമായി വേരോട്ടമുണ്ടെന്നതും മലയാളം ബ്ലോഗുകളുടെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് അരങ്ങൊരുക്കി. എടുത്തുപറയേണ്ട മറ്റൊരു കാര്യം പ്രവാസി മലയാളികളുടെ ബ്ലോഗിലെ സാന്നിദ്ധ്യമാണ്. പ്രത്യേകിച്ചും തൊഴിലിനായി ഗൾഫ് രാജ്യത്തിലേക്കെത്തിയവരുടെ. കഥയും കവിതയും ലേഖനങ്ങളും ഒക്കെയായി ഗൾഫ് മലയാളികൾ ബ്ലോഗിൽ സക്രിയരാണ്.

### എന്താണ് ബ്ലോഗിനെ വ്യത്യസ്തമാക്കുന്നത് ?

സൗജന്യ ലഭ്യത എന്നതിലുപരിയായി ഈ നവമാധ്യമം പകർന്നു തരുന്ന ആശയ പ്രകാശന സ്വാതന്ത്ര്യമാണ് എഴുത്തുകാരെയും വായനക്കാരെയും ആകർഷിക്കുന്നതും കൂടുതൽ എഴുതാൻ പ്രേരിപ്പിക്കുന്നതും. ഒരു വാർത്തയോ, കഥയോ, കവിതയോ, ലേഖനമോ, സിനിമാസ്വാദനമോ നിങ്ങൾക്ക് പറയാനുള്ളത് എന്തുമാകട്ടെ അത് മറ്റാരുടെയും മുൻകൂർ അനുവാദം വാങ്ങാതെ നിങ്ങൾക്ക് പ്രസിദ്ധീകരിക്കാം. അതായത് എഴുത്തുകാരനും, പത്രാധിപരും, മാധ്യമ ഉടമയും പേജ് ഡിസൈനറും എല്ലാം നിങ്ങൾ തന്നെയാണ്, പിന്നെയോ വായനക്കാരെ അന്വേഷിച്ച് മാർക്കറ്റിങ് വിദഗ്ദ്ധരെ നിയമിക്കുകയും വേണ്ട. മികച്ച ആശയമാണ് നിങ്ങൾ ബ്ലോഗിൽ എഴുതുന്നതെങ്കിൽ വായനക്കാർ താനെ എത്തിക്കൊള്ളും. മാത്രമല്ല വായനക്കാരുടെ അഭിപ്രായം (ദിനപത്രങ്ങളിലെ പത്രാധിപർക്കുള്ള കത്തുകൾക്ക് സമാനം) അപ്പപ്പോൾ തന്നെ ബ്ലോഗെഴുത്ത് പ്രത്യക്ഷപ്പെട്ട പേജിൽ തന്നെ പ്രത്യക്ഷപ്പെടുത്താം. ഇവിടെയും എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തിനൊപ്പം തന്നെ വായനക്കാരന്റെ അഭിപ്രായ പ്രകടനത്തിനും പരിമിതികളില്ല. അച്ചടി പത്രത്തിനാണെങ്കിൽ പേജുകളുടെ എണ്ണം, മാറ്ററുകളുടെ വലിപ്പം തുടങ്ങി ഭൗതികമായ പ്രതിബന്ധങ്ങളുമുണ്ട്. മിക്ക ബ്ലോഗുകളിലെ എഴുത്തുകൾക്കും അതിനേക്കാൾ വലിയ അഭിപ്രായം ലഭിക്കാനുള്ള സാധ്യതയുണ്ട്. വായനക്കാരുടെ അഭിപ്രായത്തിനോ സംശയത്തിനോ ഉള്ള മറുപടിയും കമന്റായി തന്നെ അതേ എഴുത്തിനൊപ്പം എഴുത്തുകാരനും രേഖപ്പെടുത്താം.

അതായത് എഴുത്തിലും, വായനയിലും, രൂപകല്പനയിലും, വ്യാപനത്തിലും സാമ്പ്രദായിക മാധ്യമങ്ങളുടെ പരിമിതികൾ തകർത്തുകൊണ്ടാണ് ബ്ലോഗുകൾ പ്രയാണം ആരംഭിക്കുന്നതു തന്നെ. ഒരു ബ്ലോഗോ അതിലെ ഒരു ഭാഗമോ മറ്റൊരു വെബ്പേജുമായോ ബ്ലോഗെഴുത്തുമായോ കൂട്ടിയിണക്കുകയും ആകാം.



# ബ്ലോഗുലകം

ഇങ്ങനെ പരസ്പരം കണ്ണിയാക്കപ്പെട്ട ബ്ലോഗുകളാണ് ഇന്നധികവും ലഭിക്കുന്നത്. വായനയ്ക്കിടയിൽ തുടർച്ചങ്ങലയായ പേജുകളെ സ്വീകരിച്ചുകൊണ്ട് വായന തുടരാം. സാധാരണ പത്ര-പുസ്തക വായനയെ രേഖീയ വായന (linear reading) എന്നാണ് പറയുന്നത്. അതായത് ഒരു വരിയിൽ നിന്ന് തൊട്ടടുത്തത്, ഒരു പേജിൽ നിന്ന് അടുത്തതിലേക്ക്, എന്നാൽ ഇന്റർനെറ്റിലെ വായനയെ അരേഖീയ (non-linear reading) എന്നാണ് പറയുന്നത്. കൂടുതൽ വിശദാംശമോ, പരാമർശമോ ആവശ്യമുള്ള വാക്കിലോ വാചകത്തിലോ ചിത്രത്തിലോ അതുമായി ബന്ധപ്പെട്ട വെബ്പേജ് ലിങ്ക് ചെയ്ത് വച്ചിരിക്കും. വായനക്കിടയിൽ ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ സ്ക്രീനിൽ വായിച്ചു കൊണ്ടിരുന്ന പേജിന്റെ സ്ഥാനത്ത് ലിങ്കിൽ പരാമർശിച്ചിരിക്കുന്ന പേജ് ദൃശ്യമാകും. ബ്ലോഗുകളുടെ ലോകവും ഇത്തരത്തിൽ പരസ്പര ബന്ധിതമാണ്. ഓരോ ബ്ലോഗും മറ്റൊന്നുമായോ അനേകവുമായോ ചങ്ങലക്കണ്ണികൾ പോലെ യോജിപ്പിക്കും. ഇതിന്റെ നേട്ടം വായനക്കാരനാണ്. ഒരു ബ്ലോഗിൽ നിന്ന് അടുത്തതിലേയ്ക്കുള്ള യാത്രയിൽ പുതിയതിന്റെ ബ്ലോഗ് വിലാസം പോലും അറിയണമെന്നില്ല.

## സിറ്റിസൺ ജേണലിസം

ഓരോ വ്യക്തിയും തങ്ങളുടെ ആശയങ്ങൾ സൗജന്യവും സ്വതന്ത്രവുമായ ബ്ലോഗ് ഇടങ്ങളിൽ പങ്കുവയ്ക്കപ്പെടുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് സിറ്റിസൺ ജേണലിസത്തിന്റെ പുതിയ മാനങ്ങളാണ്. പ്രമുഖ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മാറ്ററുകളുടെ രചയിതാക്കൾ മിക്കപ്പോഴും ചിരപ്രതിഷ്ഠ നേടിയ എഴുത്തുകാരായിരിക്കും. നിങ്ങൾ താരതമ്യേന പുത്തൻ തലമുറക്കാരായ എഴുത്തുകാരനോ അല്ലെങ്കിൽ ജീവിതത്തിൽ ആദ്യമായി എഴുതുന്ന ആളോ ആയിരിക്കാം. നിലവാരവും വായനാസുഖവും ഉള്ള എഴുത്താണ് നടത്തിയതെങ്കിൽ നിസംശയം പറയാം എഴുതിപഴകിയ ആൾക്കാർക്ക് ലഭിച്ചതിനേക്കാൾ അധികം വായനക്കാർ ബ്ലോഗിൽ നിങ്ങൾക്കുണ്ടെന്ന്. കൂടാതെ, സാമ്പ്രദായിക മാധ്യമങ്ങൾ എക്സ്ക്ലൂസീവ് ആയ അല്ലെങ്കിൽ വിവാദമായേക്കാവുന്നവ പ്രസിദ്ധീകരിക്കാൻ ചിലപ്പോൾ മടികാണിക്കുന്നെങ്കിൽ നിങ്ങളുടെ ഇടം ബ്ലോഗ് തന്നെയാണ്. ആഗോള മാധ്യമങ്ങളായ ഗാർഡിയൻ, ടൈംസ് എന്നീ ദിനപത്രങ്ങൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്ന ശ്രദ്ധേയ രചനകൾ പത്രത്തിൽ പ്രസിദ്ധീകരിക്കാറുണ്ട്. മലയാളത്തിൽ *മാതൃഭൂമി* ആഴ്ചപ്പതിപ്പും ബ്ലോഗിൽ രചിക്കപ്പെട്ട വിവരങ്ങൾ ' ബ്ലോഗന ' എന്ന പേരിൽ അച്ചടിമഷി പുരട്ടി വായനക്കാരിലെത്തിക്കുന്നുണ്ട്.

## ബ്ലോഗിന്റെ ചരിത്രം

വ്യക്തികൾ തങ്ങളുടെ ദിനക്കുറിപ്പുകൾ എഴുതിയിരുന്ന ഡയറികളുടെ വെബ് വകഭേദമാണ് ബ്ലോഗുകൾ. WEB LOG പദത്തിന് മാറ്റം വരുത്തിയാണ് BLOG എന്നാക്കി മാറ്റിയത്. 1994ൽ സാർത് മോർ കോളേജിലെ വിദ്യാർത്ഥിയായിരുന്ന ജസ്റ്റിൻഹാൾ നടത്തിയ ഓൺലൈൻ ആശയവിനിമയമാണ് ബ്ലോഗിന്റെ തുടക്കമെന്ന് കരുതുന്നു. 1997 ൽ ജോ ബാർഗർ എന്ന വ്യക്തിയാണ് web log പദപ്രയോഗം ആദ്യമായി നടത്തിയതെങ്കിൽ 1999 ൽ പീറ്റർ മെൾഹോൾസ് ഈ രണ്ട് വാക്കിൽ നിന്ന് BLOG വാക്കിനെ അടർത്തിയുണ്ടാക്കി. ഏറെ സമയം കഴിയുന്നതിനുമുൻപ് തന്നെ വാർത്തകൾക്ക് ഇടയിൽപ്പെട്ട് ശ്രദ്ധിക്കാതെ പോകുന്ന വാർത്തകളുടെയും മനപ്പൂർവം ഒഴിവാക്കപ്പെടുന്ന വാർത്തകളുടെയും പ്രകാശനകേന്ദ്രമായി പതുക്കെ പതുക്കെ ബ്ലോഗുകൾ മാറി.

ബ്ലോഗിന്റെ ചരിത്രത്തെ തന്നെ മാറ്റിയത് ബാഗ്ദാദ് യുദ്ധമായിരുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യസേന നടത്തിയ ഇറാഖ് അധിനിവേശ കഥകൾ സാമ്പ്രദായിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ഒരു ഭാഗം മാത്രം കണ്ടിട്ടോ അല്ലെങ്കിൽ അമേരിക്കൻ പബ്ലിക് റിലേഷൻസ് ഏജൻസികൾ നൽകിയ വിവരങ്ങൾ അപ്പാടെ വിഴുങ്ങിയിട്ടോ ആയിരുന്നു. അമേരിക്കൻ താത്പര്യത്തിന് ഒട്ടും കോട്ടം തട്ടാത്ത വിവരങ്ങൾ പുറത്തെത്തിച്ചു കൊണ്ടിരുന്ന ജേണലിസം ശൈലിയെ ഞെട്ടിച്ചു കൊണ്ടാണ് ബ്ലോഗുകൾ അതിന്റെ ശക്തിയും വ്യാപ്തിയും വ്യക്തമാക്കിയത്. സലാം പാക്സ് എ ഇറാഖി ആർക്കിടെക്ട് തന്റെ മൊബൈൽ/ഡിജിറ്റൽ ക്യാമറ ഉപയോഗിച്ച് ഒപ്പിയെടുത്ത യുദ്ധത്തിന്റെ നേർചിത്രങ്ങളും അതിന് അകമ്പടിയായി താൻ കണ്ട യുദ്ധ അനുഭവങ്ങളും ഒട്ടും സമയം വൈകാതെ ബ്ലോഗിലൂടെ പുറം ലോകത്ത് എത്തിച്ചുകൊണ്ടിരുന്നു. അമേരിക്കൻ അധിനിവേശ കഥയുടെ മറ്റൊരു ചിത്രം പെട്ടെന്ന് അനാവൃതമാക്കപ്പെട്ടു. ബ്ലോഗിലേക്ക് വായനക്കാർ കൂട്ടത്തോടെ എത്തി. വാണിജ്യമാധ്യമങ്ങൾ അവസരത്തിനൊത്തുവന്നു!!! സലാം പാക്സിന്റെ where is read ബ്ലോഗിൽ നിന്നുള്ള വിവരങ്ങൾ അവരുടെ പത്രങ്ങളിൽ എക്സ്ക്ലൂസീവ് ആയി പ്രസിദ്ധപ്പെടുത്തി. മറ്റു പത്രപ്രവർത്തകർ വിവരസമ്പാദനത്തിനും ആധികാരിക വിവരത്തിനുമായി സലാം പാക്സിന്റെ ബ്ലോഗ് പരാമർശിക്കാനും തുടങ്ങി. ഇതിനെ തുടർന്നും അല്ലാതെയും സിറ്റിസൺ ജേണലിസത്തിന്റെ ഭാഗമായി ഒട്ടേറെ വിവര സമ്പുഷ്ടമായ ബ്ലോഗുകൾ ലോകത്തിന്റെ നാനാദേശങ്ങളിൽ നിന്നും ഇന്റർനെറ്റിലെത്തി. ദി ബാഗ്ദാദ് ബ്ലോഗ് എന്ന പേരിൽ പ്രധാന ബ്ലോഗ് പോസ്റ്റുകൾ സമാഹരിച്ച് സലാം പാക്സിന്റെ ഒരു പുസ്തകവും ആസ്വാദക സമക്ഷം എത്തി.

## പ്രാദേശിക ഭാഷാ ബ്ലോഗുകൾ

ഇംഗ്ലീഷ് ഭാഷയിലുള്ള ബ്ലോഗുകളാണ് ആദ്യകാലത്ത് പ്രചുരപ്രചാരം നേടിയതെങ്കിൽ ഇന്ന് മലയാളം പോലുള്ള പ്രാദേശിക ഭാഷയിലെ ബ്ലോഗെഴുത്തുകൾക്കും ആസ്വാദകരേറേയുണ്ട്. യൂണികോഡ് മലയാളം ഫോണ്ടിന്റെ വരവോടെ ബ്ലോഗിലും കേരള മാതൃക സൃഷ്ടിച്ചു എന്നു പറയാം. വിശാലമനസ്കൻ എന്ന ബ്ലോഗ് പേരിൽ കൊടകരപുരാണം എന്ന ബ്ലോഗെഴുതുന്ന സജീവ് എടത്താടന്റെ ബ്ലോഗ് ഇന്റർനെറ്റിൽ മാത്രമല്ല ഇപ്പോൾ പുസ്തക ലോകത്തും ഹിറ്റാണ്. ബ്ലോഗിൽ നിന്ന് അച്ചടി രൂപത്തിൽ വായനക്കാരുടെ കരങ്ങളിലെത്തിയ ആദ്യ പുസ്തകമാണിത്. പിന്നീട് കുറുമാൻ എഴുതിയ എന്റെ യൂറോപ്പ് സ്വപ്നങ്ങൾ വിപണിയിലെത്തി. കൊല്ലം സ്വദേശി സിമി നസ്രത്തിന്റെ ചിലന്തി എന്ന കഥാസമാഹാരമാണ് ഇക്കൂട്ടത്തിലെ ഏറ്റവും പുതിയ അച്ചടി പുസ്തകം.

മാതൃഭാഷയോടുള്ള സ്നേഹവും ഒപ്പം സ്വന്തം ഭാഷയിലെഴുതുന്നതിൽ ലഭിക്കുന്ന സംതൃപ്തിയും എഴുത്തുകാരന് ആശ്വാസം നൽകുമ്പോൾ, ഇന്റർനെറ്റിലൂടെ സാഹിത്യാസ്വാദനം നടത്താൻ മലയാളി വായനക്കാരനും സാധിക്കുന്നു.

## മലയാളം സാങ്കേതിക പ്രശ്നങ്ങൾ

ആദ്യമായി ഒരു കംപ്യൂട്ടറിൽ മലയാളം ബ്ലോഗുകൾ വായിക്കുന്നതിനോ എഴുതു

ന്നതിനോ മുൻപ് ചില സാങ്കേതിക പ്രശ്ന ങ്ങൾ പരിഹരിക്കേണ്ടതുണ്ട്. നിങ്ങളുടെ കംപ്യൂട്ടറിലെ അക്ഷര കൂട്ടത്തിൽ (fonts folder) ഒരു യൂണികോഡ് മലയാളം ഫോണ്ടെങ്കിലും ഉൾപ്പെടുത്തണം. ഇതിന് ശേഷം ഇന്റർനെറ്റ് ബ്രൗസറിൽ ചില ക്രമീ കരണങ്ങളും വരുത്തേണ്ടതുണ്ട്. കേരള സർക്കാർ യൂണികോഡ് മലയാളം ഫോണ്ടു കൾ വ്യാപിപ്പിക്കാനായി തുടങ്ങിയ വെബ് പേജ് ഇതിനായി പ്രയോജനപ്പെടുത്താം.

http://malayalam.kerala.gov.in എന്ന വെബ് പേജിലേക്കത്തിയാൽ ലിനക് സിലും വിൻഡോസിലും മലയാളം അക്ഷരം പ്രദർശിപ്പിക്കുന്നതിനുള്ള നിർദേ ശങ്ങൾ ലഭ്യമാണ്. അതിൽ പറഞ്ഞിരി ക്കുന്ന ക്രമീകരണങ്ങളോടെ നിങ്ങളുടെ കംപ്യൂട്ടറിലേക്ക് മലയാളം കൊണ്ടുവരിക. കേവലം 5 മിനിട്ടിൽ താഴെ മാത്രം സമയമേ ആവശ്യമുള്ളൂ. ഇ-മെയിൽ അയ യ്ക്കാനുള്ള സാങ്കേതികജ്ഞാനം വശമുള്ളവർക്ക് പുതുതായി ഒരു ബ്ലോഗ് തുടങ്ങുതിനും എളുപ്പമാണ്. ബ്ലോഗിൽ ആദ്യാക്ഷരം കുറിയ്ക്കുന്നതിന് http://bloghelpline.blogspot.com എന്ന ലിങ്കിൽ വിശദാംശങ്ങൾ ലഭ്യമാണ്.

ഇന്ന് മലയാളം ബ്ലോഗുകളിൽ സക്രീ യമായി ഇടപെടുന്നവരിൽ മിക്കപേരും ബ്ലോഗിലൂടെ എഴുതാൻ പഠിച്ചവരാണന്ന പ്രത്യേകതയും പ്രാധാന്യമർഹിക്കുന്നു. ഒരു പക്ഷെ ബ്ലോഗ് എന്ന മാധ്യമം ഇല്ലാ തായിരുന്നെങ്കിൽ ഇവരിൽ പലരുടേയും രചന പുറംലോകം കാണില്ലായിരുന്നു. അതേസമയം ഇതുവരെ പത്രാധിപർക്ക് കത്തുപോലും എഴുതാതിരുന്ന വായന ക്കാരോ ബ്ലോഗിൽ കമന്റുകൾ എഴുതുന്നു. ചില കമന്റുകൾ ഒറിജിനൽ ബ്ലോഗിനെ ക്കാൾ വിവരസമ്പുഷ്ടവും എഴുത്തു കാരന്റെ ചിന്തയെത്താത്ത ഇടങ്ങളിലൂടെ യുള്ള സഞ്ചാരവുമാണ്!

ബ്ലോഗ് നൽകുന്നത് സീമാതീതമായ ആശയ പ്രകാശന സൗകര്യമാണ്. സ്വത ന്ത്രമായി ചിന്തിക്കുന്നവർക്കും ഭയമില്ലാതെ വസ്തുതകൾ പുറം ലോകത്തെ അറിയിക്ക ണമെന്നുമുള്ളവർക്കുമുള്ള ജനാധിപത്യ സംവിധാനം തന്നെയാണ് ബ്ലോഗുകൾ. എന്തെഴുതണം എങ്ങനെയെഴുതണം എപ്പോൾ എഴുതണം എന്നിങ്ങനെയുള്ള ചോദ്യങ്ങൾ എഴുത്തുകാരന് എപ്പോൾ വേണമെങ്കിലും തീരുമാനിക്കാം. മറ്റാരു ടെയും കൈകടത്തലുകളില്ല എന്ന സൗക ര്യവും ബ്ലോഗെഴുത്തുകാരന്റെ ഊർജം വർധിപ്പിക്കുന്നു. വായനക്കാർക്കാകട്ടെ ഒരു പത്രാധിപരുടെയും അനുമതിയില്ലാതെ ഏത് ബ്ലോഗെഴുത്തിനെപറ്റിയും ഉള്ള അഭി പ്രായം തുറന്നെഴുതാനും പറ്റുന്നു. അതാ യത് എഴുത്തുകാരനും വായനക്കാരനുമി ടയിൽ ഒരു മാധ്യമസ്ഥാപനമോ എഡിറ്റ റുടെ കത്രികയോ ഇല്ല. വായനക്കാരന്റെ അർത്ഥപൂർണമായ ഇടപെടലിലൂടെയാണ് ഒരു ബ്ലോഗ് അതിന്റെ പൂർണത കൈവരി ക്കുന്നതും.■

*കൊല്ലം യൂനുസ് എൻജിനീയറിങ് കോളേജ് ലക്ചററാണ് ലേഖകൻ*
adarshpillai@gmail.com

**വി.എസ്.അച്യുതാനന്ദൻ,** മുഖ്യമന്ത്രി

# ഭാഷാവർഷവും മലയാളം കംപ്യൂട്ടിങ്ങും

ഭാഷകളുടെ വർഷത്തിൽ കേരളത്തിന്റെ ഏറ്റവും വലിയ ഒരു ചുവടുവയ്പാണ് മലയാളം കംപ്യൂട്ടിങ് സാർവത്രികമാക്കാനുള്ള യത്നം.



കേരളപ്പിറവിദിനമായ നവംബർ ഒന്നുമുതൽ ഏഴുവരെ ഭരണഭാഷാവാരാഘോഷങ്ങൾ സംസ്ഥാനസർക്കാർ സംഘടിപ്പിച്ചിരിക്കുകയാണ്. മലയാളത്തെ പൂർണമായും ഭരണഭാഷയാക്കുക എന്നതിനപ്പുറം ഭാഷ നേരിടുന്ന വെല്ലുവിളികളെ പ്രതിരോധിക്കുകയും ഭാഷയെ ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം കൂടി ഈ ആഘോഷപരിപാടികൾക്കുണ്ട്. സാങ്കേതികവിദ്യയുടെ മേഖലകളിൽ മലയാളത്തിന്റെ ഉപയോഗവും സാന്നിദ്ധ്യവും വർദ്ധിപ്പിക്കുക എന്നത് ഇക്കാര്യത്തിൽ വളരെ പ്രധാനമാണ്. അതു ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പ്രചാരണപരിപാടി സർക്കാർ ആരംഭിച്ചിട്ടുണ്ട്. ലയാളഭാഷയെ ശക്തിപ്പെടുത്തുകയും ഭാഷയുടെ അതിർവരമ്പുകളില്ലാതെ വിവരസാങ്കേതികവിദ്യയുടെ നേട്ടങ്ങൾ എല്ലാ മലയാളികൾക്കും എത്തിക്കുകയുമാണ് മലയാളം കംപ്യൂട്ടിങ് പ്രചാരണപരിപാടിയുടെ ലക്ഷ്യം. പദ്ധതി നിലവിൽ വരുന്നതോടെ സാധാരണക്കാർക്ക് കംപ്യൂട്ടറിന്റെ സേവനം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനുള്ള സൗകര്യമൊരുക്കുകയാണ് ലക്ഷ്യം.

രൂപപ്പെട്ടുകൊണ്ടിരിക്കുന്ന വിജ്ഞാനസമൂഹത്തിന്റെ മുന്നിലുള്ള ഒരു വെല്ലുവിളി, സമൂഹം ഡിജിറ്റൽ സാക്ഷരരും ഡിജിറ്റൽ നിരക്ഷരരുമായി വേർതിരിയുന്ന അവസ്ഥയെ എങ്ങനെ തരണം ചെയ്യാം എന്നതാണ്. ഇക്കാര്യത്തിലുള്ള പ്രധാനതടസ്സം കംപ്യൂട്ടറിന്റെ ഭാഷ അടുത്ത കാലം വരെ ഇംഗ്ലീഷായിരുന്നു എന്നതാണ്.

ഇന്റർനെറ്റിലും മറ്റും ലഭ്യമായ വിവരങ്ങളുടെയും അഥവാ ഉള്ളടക്കത്തിന്റെയും വലിയൊരു പങ്കും ഇംഗ്ലീഷിലാണ്. ഈ അവസ്ഥ കംപ്യൂട്ടർ നിരക്ഷരരെ മാത്രമല്ല, നവസാക്ഷരരെയും കംപ്യൂട്ടർ ഫലപ്രദമായി ഉപയോഗിക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

കംപ്യൂട്ടറിൽ ഏതു ഭാഷ ഉപയോഗിക്കുന്നു എന്നത് പ്രധാനമാണ്. മാതൃഭാഷയിൽ കംപ്യൂട്ടറിനോട് സംവദിക്കാൻ കഴിഞ്ഞാൽ മാത്രമേ സാധാരണ ജനങ്ങൾക്ക് ഈ മാധ്യമം പ്രയോജനപ്പെടുത്താൻ കഴിയൂ. ആദ്യം വേണ്ടത് കംപ്യൂട്ടർ മലയാളത്തിന്റെ സാധ്യതകൾ ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ്.

മൂവായിരത്തോളം വരുന്ന അക്ഷയ കേന്ദ്രങ്ങളിലൂടെ സംസ്ഥാനത്തുടനീളം പൊതുജനബോധവത്കരണ പരിപാടികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ പ്രാദേശിക ഭരണകൂടങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം ഉറപ്പാക്കും. അടുത്ത മൂന്നു വർഷം കൊണ്ട് അൻപതു ലക്ഷത്തോളം കുടുംബങ്ങളിൽ മലയാളം കംപ്യൂട്ടിങ്ങിന്റെ സന്ദേശമെത്തിക്കാനാവും എന്നാണ് പ്രതീക്ഷ.



ബോധവത്കരണ പരിപാടികളോടൊപ്പം തന്നെ കംപ്യൂട്ടറുകളിൽ മലയാളം ഉപയോഗിക്കുന്നതിനുള്ള പരിശീലനവും സംഘടിപ്പിക്കാനാണ് പരിപാടി. പ്രത്യേകം തയ്യാറാക്കിയ വെബ്സൈറ്റിലൂടെയും ലഘുലേഖകളിലൂടെയും മലയാളം കംപ്യൂട്ടിങ്ങിന്റെ സന്ദേശം ജനങ്ങളിലെത്തിക്കും. ഇപ്പോൾത്തന്നെ കണ്ണൂർ ജില്ലയിൽ കണ്ണൂർ മുനിസിപ്പാലിറ്റിയും (http://kannur.entegramam.gov.in/), അഴീക്കോട് (http://azhikode.entegramam.gov.in/), തലശ്ശേരി (http://thalassery.entegramam.gov.in), ശ്രീകണ്ഠാപുരം, പിണറായി, പാപ്പിനിശ്ശേരി, മാലൂർ, എരമം-കുറ്റൂർ, മുഴപ്പിലങ്ങാട്, പായം, വേങ്ങാട് ഗ്രാമപഞ്ചായത്തുകളും മലയാളത്തിലുള്ള വെബ്സൈറ്റുകൾ രൂപപ്പെടുത്തിക്കഴിഞ്ഞു.




പുതിയ സാങ്കേതികവിദ്യയ്ക്കു ചേർന്നതല്ല നിങ്ങളുടെ ഭാഷ, ശാസ്ത്ര സാങ്കേതികപഠനത്തിന് പറ്റുന്ന മാധ്യമമല്ല നിങ്ങളുടെ ഭാഷ എന്ന അസംബന്ധം പ്രചരിപ്പിച്ച് പ്രാദേശികഭാഷകളെ നശിപ്പിക്കുന്നതിനാണ് ശ്രമം നടക്കുന്നത്. ഈ അധിനിവേശത്തിനെതിരായ ചെറുത്തുനിൽപ്പ് അനിവാര്യമാണ്. മലയാളം കംപ്യൂട്ടിങ് പ്രചാരണം അതിന്റെ ഭാഗമാണ്.

ചില സ്കൂളുകളും മലയാളത്തിൽ സൈറ്റുകളുണ്ടാക്കാൻ തുടങ്ങിയിട്ടുള്ളത് ശുഭോദർക്കമാണ്. അടുത്ത ഏതാനും മാസത്തിനകം നൂറുകണക്കിന് വെബ്സൈറ്റുകളും പോർട്ടലുകളും മലയാളത്തിൽ തയ്യാറാക്കി വിന്യസിക്കും. മിക്ക ഡിപ്പാർട്ടുമെന്റുകൾക്കും വെബ്സൈറ്റുകളുണ്ട്. ഇതെല്ലാം വിവിധ ഏജൻസികളാണ് നോക്കിനടത്തുന്നത്. പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ വിവിധ വകുപ്പുകളുടെ വെബ്സൈറ്റുകൾ വ്യത്യസ്ത രൂപഭാവങ്ങളിൽ കാണുന്നത് വിവരശേഖരണത്തിന് പ്രയാസം സൃഷ്ടിക്കും.

ഇത്തരം സൈറ്റുകളുടെ ഏകീകരണത്തിനാണ് കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നത്. എല്ലാ വെബ്സൈറ്റുകളും മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

ഇതിനുള്ള പ്രവർത്തനങ്ങളും മലയാളം കംപ്യൂട്ടിങ് പദ്ധതിയുടെ ഭാഗമായി മുന്നോട്ടു കൊണ്ടു പോകാം. കേരള സർക്കാരിന്റെ ഐടി വകുപ്പ് സ്വതന്ത്ര സോഫ്റ്റ്വെയർ സ്ഥാപനമായ സ്പേസിന്റെ സഹായത്തോടെ നടപ്പാക്കുന്ന മലയാളം കംപ്യൂട്ടിങ് പദ്ധതി ഈ പ്രവർത്തനങ്ങൾക്ക് ഗതിവേഗം പകരും.

സർക്കാരും ഇതര സ്ഥാപനങ്ങളും നൽകുന്ന സേവനങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കുന്നതിനുവേണ്ടിയാണ് അക്ഷയകേന്ദ്രങ്ങൾ വ്യാപകമാക്കുന്നത്. വെള്ളം, വൈദ്യുതി, ടെലിഫോൺ ബില്ലുകൾ അടയ്ക്കുന്നതിനും റെയിൽ-വിമാന ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിനും ഇൻഷുറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഇതുപോലുള്ള നിരവധി കാര്യങ്ങൾക്കും സ്വന്തം ഗ്രാമത്തിലെ അക്ഷയകേന്ദ്രത്തിലെത്തിയാൽ മതി എന്ന അവസ്ഥയാണ് വരുന്നത്. ഇത്തരം സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി ജനങ്ങളെ കംപ്യൂട്ടർ സാക്ഷരരാക്കുന്ന പ്രവർത്തനവും അക്ഷയകേന്ദ്രങ്ങൾ വഴിയാണ് നടപ്പാക്കിവരുന്നത്.

പതിനാലു ജില്ലയിലുമായി ഇതിനകം 1174 അക്ഷയകേന്ദ്രങ്ങൾ സ്ഥാപിച്ചു. കണ്ണൂർ ജില്ല 2007 സെപ്റ്റംബർ 22ന് കംപ്യൂട്ടർ സാക്ഷരത പ്രഖ്യാപിച്ചു. മറ്റു ജില്ലകളിലും സാക്ഷരതാ പ്രഖ്യാപനം ഉടൻ നടത്താനാവും. 2008-09 ൽ ഏഴു ജില്ലകളിലേക്കുകൂടി ഇ-പേമെന്റ് സംവിധാനം വ്യാപിപ്പിച്ചു. പ്രതിമാസം രണ്ടുകോടിയോളം രൂപയുടെ വിനിമയം അക്ഷയകേന്ദ്രങ്ങൾവഴി നടക്കുന്നുണ്ട്.

സാർവദേശീയമായി ഇത് ഭാഷകളുടെ വർഷമാണല്ലോ. ആഗോളവത്കരണം സാമ്പത്തികരംഗത്തല്ല, ഭാഷകളുടെയും സംസ്കാരത്തിന്റെയും മേഖലയിലാണ് ഏറ്റവും വലിയ അധിനിവേശം നടത്തിയിരിക്കുന്നത്. അത് പ്രാദേശിക ജനവിഭാഗങ്ങളെ എല്ലാ അർഥത്തിലും ആത്മനിന്ദയിലേക്കു തള്ളാനാണ് ശ്രമിച്ചത്.

കംപ്യൂട്ടറിന്റെ ഭാഷ ഇംഗ്ലീഷാണ്. അതുകൊണ്ട് മലയാളത്തോട് സലാം എന്ന ചിന്താഗതി ഇവിടെയുണ്ടായി. പ്രാദേശികമായ എല്ലാം മോശമാണ്, അതത് നാട്ടിലെ രുചികൾപോലും അപരിഷ്കൃതമാണ് എന്ന തോന്നലുളവാക്കി. പ്രാദേശിക ഭാഷകളും സംസ്കാരങ്ങളും മരിക്കാൻ പോകുന്നു, അവ ക്ഷീണിക്കുകയാണ് എന്ന ആശങ്ക ശക്തമാണിന്ന്.

അത്തരമൊരു ആശങ്കയുടെ പശ്ചാത്തലത്തിലാവണം ഐക്യരാഷ്ട്രസഭ ഇക്കൊല്ലം ഭാഷാ വർഷമായി ആചരിക്കാൻ നിശ്ചയിച്ചത്. നമ്മുടെ സംസ്കാരത്തിന്റെ മാധ്യമം നമ്മുടെ ഭാഷയാണ്. ഭാഷയെ ക്ഷീണിപ്പിച്ചാൽ പിന്നെ സംസ്കാരവുമില്ല. പുതിയ സാങ്കേതിക വിദ്യക്കു ചേർന്നതല്ല നിങ്ങളുടെ ഭാഷ, ശാസ്ത്ര സാങ്കേതികപഠനത്തിന് പറ്റുന്ന മാധ്യമമല്ല നിങ്ങളുടെ ഭാഷ എന്ന അസംബന്ധം പ്രചരിപ്പിച്ച് പ്രാദേശികഭാഷകളെ നശിപ്പിക്കുന്നതിനാണ് ശ്രമം നടക്കുന്നത്. ഈ അധിനിവേശത്തിനെതിരായ ചെറുത്തുനിൽപ്പ് അനിവാര്യമാണ്.

മലയാളം കംപ്യൂട്ടിങ് പ്രചാരണം അതിന്റെ ഭാഗമാണ്. സാങ്കേതികവിദ്യ ലഭ്യമാവാനും, ആധുനിക വിജ്ഞാനങ്ങൾ ലഭ്യമാകാനും മറ്റു ഭാഷകളിലേക്ക് പോകേണ്ടതില്ല, ഇതാ ഇവിടെത്തന്നെയുണ്ട് എന്നു തെളിയിക്കുകയാണ്. തുറന്ന മനസ്സോടെയുള്ള പാരസ്പര്യത്തിലൂടെ, കൊടുക്കൽ വാങ്ങലിലൂടെ വളർന്നു വികസിച്ച ഉദാത്തമായ ഭാഷയാണ് മലയാളം.

ആരുടെയും മുമ്പിൽ മുഖംതാഴ്ത്തി നിൽക്കേണ്ട അപകർഷബോധം ഈ ഭാഷയ്ക്കില്ല. ഇത് ഉൽക്കർഷത്തിന്റെ ഭാഷയാണ്. വിജ്ഞാനങ്ങളെല്ലാം വഴങ്ങുന്നതും സ്വീകരിക്കുന്നതുമായ വികസ്വരഭാഷ. ഭാഷകളുടെ വർഷത്തിൽ കേരളത്തിന്റെ ഏറ്റവും വലിയ ഒരു ചുവടുവയ്പാണ് മലയാളം കംപ്യൂട്ടിങ് സാർവത്രികമാക്കാനുള്ള യത്നം.

കേരളത്തിൽ ഇപ്പോൾ കരിക്കുലം പരിഷ്കരണത്തിന്റെ നാളുകളാണ്. ശിശുകേന്ദ്രിതവും പ്രവർത്തനാധിഷ്ഠിതവുമായ ക്ലാസ് മുറികളാണ് നാം സ്വപ്നം കാണുന്നത്. മഹാഭൂരിപക്ഷം കുട്ടികളും മലയാളം മാധ്യമത്തിൽ പഠിക്കുന്ന കേരളത്തിൽ ഇംഗ്ലീഷിലുള്ള ഉള്ളടക്കം പ്രയോജനം ചെയ്യില്ല. ഇവിടെയാണ് മലയാളം കംപ്യൂട്ടിങ്ങിന്റെ പ്രസക്തി.

വിദ്യാഭ്യാസത്തിൽ സ്വന്തം അടിത്തറ ഉറപ്പാക്കുന്നതോടൊപ്പം നാടിന്റെ വിവിധ ഭരണതലങ്ങളിൽ കംപ്യൂട്ടർവത്കരണവും നടപ്പാക്കാൻ ശ്രമം നടക്കുന്നു. ഇതിൽ എടുത്തുപറയേണ്ട ഒന്നാണ് ഇ-ഗവേണൻസ് പരിപാടി. വിവിധ സർക്കാർ ഓഫീസുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ ഭരണസിരാകേന്ദ്രത്തെയും ഗ്രാമങ്ങളിലെ സർക്കാർ ഓഫീസുകളെയും ഒരേപോലെ ജനങ്ങൾക്ക് സമീപിക്കാനാവും. ഇതിനായി രൂപകൽപ്പനചെയ്ത സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ്വർക്ക് പദ്ധതി അന്തിമഘട്ടത്തിലാണ്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളെയും ഈ നഗരങ്ങളിൽ നിന്ന് ഓരോ ജില്ലയെയും ജില്ലകളിൽ നിന്ന് ബ്ലോക്കുകളെയും ഡാറ്റാ കേബിളുകൾ വഴി ബന്ധിപ്പിച്ചുകഴിഞ്ഞു. ബ്ലോക്കുകളിൽനിന്ന് വിവിധ സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതിനു സമാന്തരമായി വിവിധ വകുപ്പുകളിലെ കംപ്യൂട്ടർവത്കരണവും പൂർത്തിയായിവരുന്നു. മികച്ച ഇ-ഗവേണൻസ് സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചുവെന്നതും ശ്രദ്ധേയമാണ്.■

# ചരിത്രത്തിന്റെ ദിശയും ഗതിയും മാറ്റുന്ന സാമ്പത്തികത്തകർച്ച

■ ഡോ. കെ.എൻ. ഹരിലാൽ



അമേരിക്കയിലെ പാർപ്പിട – പണയ വായ്പകളുടെ വിപണിയിലുണ്ടായ തകർച്ചയിൽ നിന്നുതുടങ്ങി ആ രാജ്യത്തെ ഓഹരിവിപണിയിലേക്കും ധനകാര്യമേഖലയിലേക്കും നീറിപ്പടർന്ന പ്രതിസന്ധിയുടെ പശ്ചാത്തലമാണ് ഇവിടെ ചർച്ചചെയ്യപ്പെടുന്നത്.

ലോകത്തിന്റെ രാഷ്ട്രീയ - സാമ്പത്തിക ചരിത്രം ഇതുവരെ വന്ന വഴിയിലായിരിക്കില്ല ഇനി നീങ്ങുക. ഒന്നാം ദശകത്തിലെ മഹാതകർച്ചയ്ക്കു മുൻപും അതിനുശേഷവും എന്ന തരത്തിൽ ചരിത്രം വിഭജിക്കപ്പെടും. അക്ഷരാർഥത്തിൽ ഇതൊരു ദശാസന്ധിയാണ്.

അത്രത്തോളം വ്യാപകവും, ആഴത്തിലുമുള്ളതാണ് ഇന്നു ലോകം അകപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി. അമേരിക്കൻ ഐക്യനാടുകളാണ് ഈ പ്രതിസന്ധിയുടെ പ്രഭവകേന്ദ്രമെങ്കിലും അതിപ്പോൾ ലോകത്തെ ഏതാണ്ട് എല്ലാ രാജ്യങ്ങളേയും പ്രദേശങ്ങളെയും ഏറിയും കുറഞ്ഞും ബാധിച്ചുകഴിഞ്ഞു. ധനവിപണികളെയാണ് തകർച്ച തുടക്കത്തിൽ ബാധിച്ചതെങ്കിലും സാമ്പത്തിക പ്രവർത്തനങ്ങളുടെ ഏതാണ്ട് എല്ലാത്തുറകളിലേക്കും അത് കടന്നുകയറിക്കൊണ്ടിരിക്കുകയാണ്. വൈകാതെതന്നെ പ്രതിസന്ധിയുടെ ആഘാതം മനുഷ്യജീവിതത്തിലെ സാമ്പത്തികേതര ഇടങ്ങളേയും ബാധിക്കും എന്ന കാര്യത്തിലും സംശയമില്ല. പ്രതിസന്ധി അന്താരാഷ്ട്ര തർക്കങ്ങൾക്കും പുതിയ ചേരിതിരിവുകൾക്കും വഴിവച്ചാലും അദ്ഭുതത്തിന് അവകാശമില്ല. സാമ്പത്തികത്തകർച്ച കുടുംബങ്ങളിലും, മനുഷ്യ മനസ്സുകളിലും ഉണ്ടാക്കുന്ന സംഘർങ്ങളും ചില്ലറയാവില്ല. എന്താണ് സർവവ്യാപിയും സർവതല സ്പർശിയും അതിതീക്ഷ്ണവുമായ ഈ സാമ്പത്തിക ദുരന്തത്തിനു കാരണം? ഇതു ഇന്ത്യയെ, വിശേഷിച്ച് കേരളത്തെ എങ്ങനെയാണ് ബാധിക്കുക? ഇതിൽ നിന്നും പുറത്തേക്കു കടക്കാൻ വഴികളുണ്ടോ? എളുപ്പം ഉത്തരം പറയാവുന്ന ചോദ്യങ്ങളല്ല ഇവയൊന്നും ഉത്തരങ്ങൾ പറഞ്ഞു തുടങ്ങാനുള്ള ഒരു ശ്രമമായി മാത്രമെ ഈ ലേഖനത്തെ കണക്കിലെടുക്കാവൂ.

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഇപ്പോൾ കേന്ദ്രീകരിച്ചു കാണുന്നത് പെട്ടെന്നുള്ള പ്രകോപനങ്ങളുടെ മേലാണ്. അമേരിക്കയിലെ പാർപ്പിട പണയ വായ്പകളുടെ വിപണിയിലുണ്ടായ തകർച്ചയിൽ നിന്നു തുടങ്ങി ആ രാജ്യത്തെ ഓഹരിവിപണിയിലേക്കും ധനകാര്യമേഖലയിലേക്കും നീറിപ്പടർന്ന പ്രതിസന്ധിയുടെ പശ്ചാത്തലമാണ് പൊതുവെ ചർച്ചചെയ്യപ്പെടുന്നത്. ഏത് പ്രതിസന്ധിയുടെയും പെട്ടെന്നുള്ള പ്രകോപനങ്ങളെക്കുറിച്ചു അറിയുന്നത് പ്രധാനമാണ്. അതുകൊണ്ടുതന്നെ 'സബ്പ്രൈം ക്രൈസിസ്' എന്നറിയപ്പെടുന്ന അമേരിക്കയിലെ പാർപ്പിട-പണയ-വായ്പാ തകർച്ചയെക്കുറിച്ചുള്ള അന്വേഷണം തികച്ചും പ്രസക്തമാണ്. പക്ഷെ, പെട്ടെന്നുള്ള പ്രകോപനങ്ങളെക്കുറിച്ചുള്ള ചർച്ച കൂടുതൽ അടിസ്ഥാന സ്വഭാവമുള്ള പ്രശ്നങ്ങളിലേക്കും കാരണങ്ങളിലേക്കും നീങ്ങേണ്ടതുണ്ട്. നമുക്കു ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാന കാരണങ്ങളിൽ നിന്നും തുടങ്ങാം; സമീപകാല പ്രകോപനങ്ങളിലേക്കു പിന്നീടു വരാം.

മുതലാളിത്ത ഉത്പാദനവ്യവസ്ഥയുടെ വളർച്ചയ്ക്കു ചാക്രിക സ്വഭാവമുണ്ട് എന്ന കാര്യം അതിന്റെ ആരാധകരും വിമർശകരും ഒരുപോലെ സമ്മതിക്കുന്ന വസ്തുതയാണ്. മുതലാളിത്തത്തിന്റെ ഗതിയിൽ ഹ്രസ്വകാല തരംഗങ്ങളും ദീർഘകാല തരംഗങ്ങളും ഉണ്ടാവുക തികച്ചും സ്വാഭാവികമാണ്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം രണ്ടുരണ്ടര ദശാബ്ദക്കാലം ലോകമുതലാളിത്തം ഒരു ദീർഘകാല അഭിവൃദ്ധി തരംഗത്തിന്റെ മുകളേറി കുതിച്ചു മുന്നേറുകയുണ്ടായി. എഴുപതുകൾ മുതൽ തുടങ്ങിയ ദീർഘ



കാല മാന്ദ്യതരംഗമാകട്ടെ ആഗോളസമ്പദ്ഘടനയെ വിടാതെ പിൻതുടരുകയാണ്. എഴുപതുകൾക്കുശേഷം ഹ്രസ്വകാല വളർച്ചാചക്രങ്ങളുടെ ഭാഗമായി ചെറിയ വീണ്ടെടുപ്പുകൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയൊക്കെ അല്പായുസുകളായി പരിണമിക്കുകയാണ് ഉണ്ടായത്. ഇപ്പോൾ ദീർഘകാല മാന്ദ്യതരംഗം അതിന്റെ ഏറ്റവും താണ തലങ്ങളിലേക്കു ഇറങ്ങിവന്നു നെല്ലിപ്പലക മുട്ടാറായി നിൽക്കുകയാണ്. കൃഷിയിലും, വ്യവസായത്തിലും, സേവനത്തുറകളിലുമെല്ലാം ഉത്പാദനവളർച്ച കുറഞ്ഞു കുറഞ്ഞുവന്ന് വളർച്ചയ്ക്കു പകരം തളർച്ചയും, തകർച്ചയും വ്യാപകമായി റിപ്പോർട്ടു ചെയ്യപ്പെടുകയാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ മന്ദീഭവിക്കുകയും, തൊഴിലവസരങ്ങളും തൊഴിലും കുറയുകയും തൊഴിലാളികളെ പിരിച്ചുവിടുകയും ശമ്പളം വെട്ടിക്കുറയ്ക്കപ്പെടുകയും ജനങ്ങളുടെ വരുമാനം കുറയുകയും ചെയ്യുന്ന പ്രവണത വ്യാപിക്കുകയാണ്. തളർച്ച കൂടുതൽ തളർച്ചയേയും, അത് തകർച്ചയെയും ഉത്തേജിപ്പിക്കുന്ന തരത്തിൽ ലോകസമ്പദ്ഘടന ആഴങ്ങളിലേക്കു പതിയ്ക്കുകയാണ് ചെയ്യുന്നത്.

എന്താണ് ചാക്രിക വളർച്ചയുടെയും തകർച്ചകളുടെയും അടിസ്ഥാന കാരണം? മുതലാളിത്ത വ്യവസ്ഥ മത്സരാധിഷ്ഠിതമാണ്. എന്നാണ് അതിന്റെ ഉയർന്ന ചലനശേഷിയുടെയും ഉണ്ടാകുന്ന വളർച്ചയുടെയും അഭിവൃദ്ധിയുടെയും രഹസ്യം. മത്സരത്തിന്റെ അന്തരീക്ഷമാണ് ലാഭം പരമാവധി വർധിപ്പിക്കാനും കിട്ടുന്ന ലാഭത്തിൽ മുന്തിയ പങ്കും ആധുനിക മൂലധനനിക്ഷേപമായി മാറ്റാനും മുതലാളിമാരെ പ്രേരിപ്പിക്കുന്നത്. ലാഭം പരമാവധിയാക്കാനും അത് മൂലധനമാക്കി മാറ്റി മൂലധന സഞ്ചയനപ്രക്രിയ നടത്താനും ഉത്പാദനക്ഷമതയും ഉത്പാദനവും വർധിപ്പിക്കാനും തയ്യാറാവാത്ത മുതലാളിമാർ മത്സരത്തിൽ പരാജയപ്പെടും. ലാഭം കുന്നുകൂട്ടുകയും മൂലധനസഞ്ചയനം നടത്തുകയും ചെയ്യുന്ന മുതലാളിമാർ സാങ്കേതികവിദ്യ നിരന്തരം നവീകരിച്ചുകൊണ്ടും ഉത്പാദനച്ചെലവ് കുറച്ചുകൊണ്ടും വില കുറച്ചുകൊണ്ടും ഉത്പന്നത്തെ കൂടുതൽ ആകർഷകമാക്കിക്കൊണ്ടും അതിന്റെ ഉപയോഗമൂല്യം വർധിപ്പിച്ചുകൊണ്ടും പരസ്യയുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടും വിൽപനാനന്തരസേവനം കാര്യക്ഷമമാക്കിക്കൊണ്ടും മറ്റും മറ്റുള്ളവരെ പിന്തള്ളും. മത്സരത്തിൽ പരാജയപ്പെടുന്നവർ വിജയികൾക്കു വളമാകും. വലിയ മീനുകൾ ചെറിയ മീനുകളെ ആഹാരമാക്കും. ഇതിനെയാണ് ഷുപീറ്റർ 'ക്രിയാത്മകമായ നശിപ്പിക്കൽ' അഥവാ 'സർഗാത്മകമായ സംഹാരം' എന്നു വിശേഷിപ്പിച്ചത്. അതെന്തായാലും മുതലാളിമാർ തമ്മിലുള്ള മത്സരം മൂലധനം കുന്നുകൂടാനും അതുവഴി കൂടുതൽ ഉത്പാദനശേഷി സൃഷ്ടിക്കപ്പെടാനും ഇടയാക്കും എന്ന കാര്യം വ്യക്തമാണല്ലോ? ഓരോ ഉത്പാദനവട്ടവും കഴിയുമ്പോൾ മുതലാളിത്തവ്യവസ്ഥയിൽ കൂടുതൽ കൂടുതൽ സാധനങ്ങളും, സേവനങ്ങളും ഉത്പാദിപ്പിക്കാനുള്ളശേഷി സമാഹരിക്കപ്പെടുകയാണ് ചെയ്യുന്നത്. കൂടുതൽ കൂടുതൽ ഉത്പാദിപ്പിക്കുന്നതിനുള്ള ശേഷി സമാഹരിക്കപ്പെടുക മാത്രമല്ല അതുപയോഗിച്ചു കൂടുതൽ ഇത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് മുതലാളിത്തത്തിലെ ഉത്പാദനവളർച്ചയുടെയും അഭിവൃദ്ധിയുടെയും രഹസ്യം.




മുതലാളിത്തത്തിന്റെ ആരാധകർ മാത്രമല്ല മാർക്സിനെപ്പോലെയുള്ള കടുത്ത വിമർശകരും അതിന്റെ ഈ ചലനാത്മകതയെയും ഉയർന്ന വളർച്ചാശേഷിയെയും അഭിനന്ദിച്ചിട്ടുണ്ട്. ഈ മായാലോകം മുതലാളിത്തത്തിന്റെ സഹജമായ സവിശേഷതകളിൽ ഒന്നു മാത്രമാണ്. തുല്യപ്രാധാന്യമുള്ള മറുവശമാണ് ഓരോ അഭിവൃദ്ധി തരംഗത്തിനും പിന്നാലെയെത്തുന്ന തളർച്ചയും തകർച്ചയും. മുതലാളിത്തത്തിൽ വളർച്ച തന്നെയാണ് തകർച്ചയ്ക്കും വഴിമരുന്നിടുന്നത് എന്നതാണ് രസകരമായ വിരോധാഭാസം. വളർച്ചയുടെ ഭാഗമാണ് ഉത്പാദിപ്പിക്കാനുള്ള ശേഷിയും, ഉത്പാദനവും തുടർച്ചയായി വർധിച്ചുകൊണ്ടിരിക്കലും എന്നു സൂചിപ്പിച്ചല്ലോ? മുതലാളിത്തം അതിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള ഊർജം - അഥവാ ലാഭവും മൂലധനവും സമാഹരിക്കുന്ന മാർഗം തന്നെയാണ് പ്രശ്നങ്ങളുടെ ഹേതു. ലാഭം കുന്നുകൂടുന്നത് തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടാണ്. കേവല ചൂഷണത്തിലൂടെയോ, ആപേക്ഷിക ചൂഷണത്തിലൂടെയോ തൊഴിലാളികളെ കേവലമായോ ആപേക്ഷികമായോ പാപ്പരീകരിച്ചുകൊണ്ടാണ് മിച്ചമൂല്യം അഥവാ ലാഭം സൃഷ്ടിക്കപ്പെടുന്നത്. ഇത് തൊഴിലാളികളുടെ വാങ്ങൽ കഴിവിനേയും അവരുടെ ചോദനത്തെയും ബാധിക്കും. ഉത്പാദനശേഷിയും ഉത്പാദനവും വർധിക്കുന്നതിനനുസരിച്ചു വിപണി വലുതാവാത്തതിന്റെയും സാധനങ്ങൾ കെട്ടിക്കിടക്കുന്നതിന്റെയും പ്രശ്നം ഉണ്ടാവും. മുതലാളിത്ത മത്സരം ചെറുകിട ഉത്പാദകരെയും മത്സരത്തിൽ പരാജയപ്പെടുന്ന മുതലാളിമാരെയും കൃഷിക്കാരെയും പാപ്പരീകരിക്കും എന്നുള്ളതുകൊണ്ട് അവരുടെയും വാങ്ങൽ കഴിവിൽ ഇടിവുണ്ടാവും. മുതലാളിത്തവ്യവസ്ഥയിൽ അമിതോത്പാദനക്കുഴപ്പം അഥവാ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കപ്പെടാൻ ഇത്രയൊക്കെത്തന്നെ ധാരാളം മതി. അഭിവൃദ്ധികാലത്ത് എല്ലാവരുടെയും പ്രതീക്ഷകകൾ ഉയർന്നു പൊങ്ങിക്കൊണ്ടിരിക്കും. പ്രതിസന്ധിയുടെ കാലത്ത് പ്രതീക്ഷകർ നേരെ എതിർദിശയിൽ സഞ്ചരിക്കാനാരംഭിക്കും. ആളുകൾ കമ്പോളത്തിൽ നിന്നും സാധാനങ്ങളും സേവനങ്ങളും വാങ്ങുന്നത് അൽപം കുറച്ചാൽ മതി പ്രതീക്ഷകളുടെ ചീട്ടുകൊട്ടാരം തകർന്നു തുടങ്ങാൻ. വാങ്ങാൻ ആളില്ലാതെ സാധനങ്ങൾ കെട്ടിക്കിടക്കാൻ തുടങ്ങിയാൽ പലരും പുതിയ ഉത്പാദനപദ്ധതികൾ ഏറ്റെടുക്കാതെയാവും. അത് മൂലധനനിക്ഷേപവും ഉത്പാദനവും വെട്ടിക്കുറയ്ക്കൽ സംരംഭകരെ പ്രേരിപ്പിക്കും. ഇതിന്റെ ഫലമായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നത് കുറയുകയും, ജനങ്ങളുടെ വരുമാനം കുറയുകയും ചെയ്യും. സമ്പദ്ഘടനയിലെ ഡിമാന്റിന്റെ മൊത്തത്തിലുള്ള നിലവാരവും വില്പനയും ഉത്പാദനവും തൊഴിലവസരങ്ങളും പ്രതീക്ഷകളും എല്ലാം തന്നെ കിഴുക്കാംപാടു വീഴാൻ ആരംഭിയ്ക്കും. കിഴുക്കാംപാടുള്ള വീഴ്ചയും മുകളിലോട്ടുള്ള ഉയർച്ചയുടെ ഘട്ടത്തെപ്പോലെ തന്നെ ചടുലമാണ് എന്നുസാരം. എത്രത്തോളം വേഗത്തിലും ശക്തിയിലുമാണോ മുകളിലോട്ടുള്ള ഉയർച്ച അത്രത്തോളം വേഗതയിലും, ശക്തിയിലുമായിരിക്കും താഴോട്ടുള്ള വീഴ്ചയും എന്നും പറയാം.

മുതലാളിത്ത ഉത്പാദനവ്യവസ്ഥയിലെ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള

മേൽപറഞ്ഞ അടിസ്ഥാന വൈരുദ്ധ്യം തന്നെയാണ് അമേരിക്കയിൽ തുടങ്ങി ലോകമെങ്ങും പടർന്നുകയറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ആഗോളസാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനകാരണം. അടിസ്ഥാനരോഗം പുറത്തേക്കു പ്രകടമാവുന്നത് വ്യത്യസ്തമായ ലക്ഷണങ്ങളോടു കൂടി ആവുന്നത് സ്വാഭാവികം. ഇത്തവണ അത് അമേരിക്കയിൽ പുറത്തുവന്നത് പാർപ്പിട-പണയ-വായ്പാ തകർച്ചയുടെ രൂപത്തിലാണ് എന്നു കണ്ടാൽമതി.

മൂലധനവും ഉത്പാദനവും അധികമാവുകയും വിപണി വലുതാവാതിരിക്കുകയും ലാഭം ഇടിയുകയും ചെയ്യുന്ന പ്രവണത വിവിധ ലക്ഷണങ്ങളോടുകൂടി തളർച്ചയും തകർച്ചയുമായി പൊട്ടിപ്പുറപ്പെട്ടപ്പോഴൊക്കെ മുതലാളിത്തം അതിനു പരിഹാരവും തേടിയിട്ടുണ്ട്. തകർച്ചയെ അതിജീവിക്കാൻ മുതലാളിത്തരാജ്യങ്ങളിലെ ഭരണകൂടങ്ങൾ പല പരിഹാരക്രിയകളും അവലംബിക്കാറുണ്ട്. കമ്മിപ്പണം അടിച്ചിറക്കുക, പണലഭ്യത വർധിപ്പിക്കുക, പലിശനിരക്കുകൾ കുറയ്ക്കുക, ബാങ്കുകളുടെ കരുതൽ ധനാനുപാതം വെട്ടിക്കുറച്ച് അവയ്ക്കു വായ്പ നൽകാനുള്ള ശേഷി വർധിപ്പിക്കുക തുടങ്ങിയ നടപടികളൊക്കെ സ്വീകരിക്കുന്നത് ഇപ്രകാരം വിപണി വിപുലമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ്. മുതലാളിമാർ നടത്തുന്ന അമിത ചൂഷണത്തിന്റെ പാപത്തിനുള്ള പ്രായശ്ചിത്തമാണ് ഇതെന്നു തമാശരൂപേണ പറയുകയും ആവാം. കൈയ്യും കണക്കുമില്ലാതെ വായ്പകോരിക്കൊടുത്ത് ജനങ്ങളുടെ വാങ്ങൽ കഴിവും ഉപഭോഗവും വർധിപ്പിക്കാൻ അമേരിക്കൻ സർക്കാർ നടത്തിയ ശ്രമമാണ് അവിടെ പാർപ്പിട-പണയ-വായ്പാ പ്രതിസന്ധിയായി പരിണമിച്ചത്. അതിലേക്കു കടക്കുന്നതിനു മുൻപ് മുതലാളിത്തം നേരിടുന്ന അടിസ്ഥാന വൈരുദ്ധ്യം, അതായത് ഉത്പാദനം വളരുകയും വിപണി ചുരുങ്ങുകയും ചെയ്യുന്നതിന്റെ പ്രശ്നം, പരിഹരിക്കുന്നതിനുള്ള ക്രമത്തിന്റെ ഭാഗമായാണ് മുതലാളിത്തം സാമ്രാജ്യത്വമായി പരിണമിക്കുന്നത് എന്നുകൂടി ഇവിടെ എടുത്തു പറയേണ്ടതുണ്ട്. സാമ്രാജ്യത്വകേന്ദ്രരാജ്യങ്ങളിലെ അമിത മൂലധനവും, അധികമാവുന്ന ഉത്പന്നങ്ങളും കയറ്റുമതി ചെയ്യാനുള്ള ഇടങ്ങളായണല്ലോ കോളനികൾ സൃഷ്ടിക്കപ്പെട്ടത്. യൂറോപ്പിൽ വളർന്നുവന്ന മുതലാളിത്തത്തിൽ പുറംവിപണി കണ്ടെത്താനുള്ള നെട്ടോട്ടത്തിന്റെ ഭാഗമായാണ് ലോകം കോളനികളായി യൂറോപ്യൻ കോയ്മകൾ വെട്ടിപ്പിടിച്ച് വീതംവച്ചെടുത്തത്. വിപണി വെട്ടിപ്പിടിയ്ക്കുക എന്ന ഇതേ ധർമമാണ് ഇന്നു പുത്തൻ കൊളോണിയൽ വ്യവസ്ഥയിൽ സാർവദേശീയ നാണയനിധിയും ലോകബാങ്കും ലോകവ്യാപാരസംഘടനയും നിർവഹിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ലെനിൻ സാമ്രാജ്യത്വത്തെ മുതലാളിത്ത വ്യവസ്ഥയുടെ ഏറ്റവും ഉയർന്ന ഘട്ടമായി വിശേഷിപ്പിച്ചത്. എഴുപതുകൾ മുതൽ തുടങ്ങിയ ദീർഘകാല മാന്ദ്യത രംഗം രൂക്ഷമാവുന്നതും അധികോത്പാദനക്കുഴപ്പത്തിനു ഈട്ടം കൂടിവരുന്നതുമാണ് സമീപകാലത്ത് സാമ്രാജ്യത്വത്തെ കൂടുതൽ അക്രമാസക്തമാക്കുന്നത്. ഇറാഖിലും, അഫ്ഗാനിസ്ഥാനിലും മറ്റും നടന്ന കൈയ്യേറ്റങ്ങളെയും ലോകവ്യാപാരസംഘടനയിലെ വ്യാപാരയുദ്ധത്തെയും ഈ പശ്ചാത്തലത്തിലാണ് മനസിലാക്കേണ്ടത്.

അമിതോത്പാദനത്തിന്റെ കുഴപ്പം പരിഹരിക്കാൻ നിയന്ത്രണങ്ങളില്ലാത്ത കടം പെരുക്കിയതാണ് അമേരിക്കയിലെ പ്രതിസന്ധിയുടെ തുടക്കം എന്നു സൂചിപ്പിച്ചല്ലൊ. റിയൽ എസ്റ്റേറ്റ് പാർപ്പിടമേഖലകളായിരുന്നു ഇതിന്റ കേന്ദ്രം അപേക്ഷകർക്കു ജോലിയുണ്ടോ, മറ്റു ബാധ്യതകകളുണ്ടോ എന്തെങ്കിലും ഈടുനൽകാനുണ്ടോ എന്നൊന്നും നോക്കാതെ ആർക്കും ഭവന വായ്പ നൽകുന്ന രീതി ഒന്നരപതിറ്റാണ്ടായി അമേരിക്കയിൽ തുടരുകയായിരുന്നു. ഇത് ഭവനനിർമാണരംഗത്തും തത്ഫലമായി മറ്റു മേഖലകളിലും വലിയ ഉണർവും, അത്ഭുതകരമായ വളർച്ചയും ഉണ്ടാക്കി. ഈ രംഗത്തേക്കു കടം കൊടുക്കാൻ അമേരിക്കയിൽ നിന്നുമാത്രമല്ല പുറംരാജ്യങ്ങളിൽ നിന്നും പണം ഒഴുകിയെത്തി. താഴേത്തട്ടിൽ ബാങ്കുകൾ ഒരു ലാഭവും സുരക്ഷിതത്വവുമില്ലാതെ എല്ലാവർക്കും പാർപ്പിടവായ്പ ഉയർന്ന പലിശയ്ക്കു നൽകി. ഭവനവായ്പ നൽകുന്ന ബാങ്കുകൾക്കു കടം നൽകാൻ വലിയ ബാങ്കുകളും ഇൻവെസ്റ്റ്മെന്റ് കമ്പനികളും മുന്നോട്ടുവന്നു. പഞ്ചതന്ത്രം കഥകളെ അനുസ്മരിപ്പിക്കുംവിധം ഭവനവായ്പ നൽകിയ ബാങ്കുകൾക്കു ഇൻഷുറൻസ് പരിരക്ഷ നൽകി ലാഭത്തിൽ പങ്കാളികളാകാൻ ഇൻഷുറൻസ് കമ്പിനികളും രംഗത്തു വന്നു. ലീമാൻ ബ്രദേഴ്സ് എന്ന സ്ഥാപനം ഇപ്രകാരം വായ്പ നൽകിയ ബാങ്കുകൾക്കു വായ്പ നൽകിയ ഒരു ഇൻവെസ്റ്റ്മെന്റ് കമ്പനിയാണ്. അമേരിക്കൻ ഇന്റർനാഷണൽ ഗ്രൂപ്പാകട്ടെ ഇവർക്കെല്ലാം ഇൻഷുറൻസ് നൽകിയ ഇൻഷുറൻസുകമ്പനികളിൽ ഒന്നാണ്. വായ്പകളുടെ ഈ ചീട്ടുകൊട്ടാരം ഉയർന്നുവന്നത് വീടുകളുടെ പണയാധാരങ്ങളുടെ മാത്രം ബലത്തിലാണ്. കൊള്ളപ്പലിശയ്ക്കു വായ്പ വാങ്ങിയവർ തവണകൾ മുടക്കുന്നതിനേക്കുറിച്ചു അധികമാരും ആലോചിച്ചില്ല. അവരിൽ കുറേപ്പേർ കടം തിരിച്ചടച്ചില്ലെങ്കിൽ തന്നെ വീടു പിടിച്ചെടുത്ത് ലേലം ചെയ്തു കാശു മുതലാക്കാം എന്ന ധൈര്യവും ഉണ്ടായിരുന്നു. അമേരിക്കയിൽ ഭൂമിയ്ക്കും വീടുകൾക്കും,അതായത് പണയ ആസ്തിയ്ക്ക്, വില കുറയില്ല എന്ന ആത്മവിശ്വാസവും ഈ കടപ്പെരുപ്പത്തിനു തുണയായി പക്ഷെ, തകർച്ച തുടങ്ങിയതോടെ വായ്പാ തവണ മുടക്കുന്നവരുടെ എണ്ണം പെരുകി. കമ്പോളത്തിൽ ഭൂമിക്കും വീടുകൾക്കും വിലയിടിഞ്ഞു. പണയ ഉരുപ്പടി ലേലത്തിൽ വിറ്റാൽ കടം കൊടുത്ത കാശിന്റെ ചെറിയ അംശം പോലും മുതലാകാത്ത സ്ഥിതിയിലായി. ഭവന വായ്പ കൊടുത്ത ബാങ്കിനും കടംകൊടുത്ത ഇൻവസ്റ്റ്മെന്റ് കമ്പനിക്കും കടം കൊടുത്തവരും അവരെയെല്ലാം ഇൻഷുർ ചെയ്തവരും എല്ലാം കൂട്ടതോടെ തകർന്നടിയുന്ന കാഴ്ചയാണ് പിന്നീടു കണ്ടത്. ഈ തകർച്ചയുടെ അനുകരണങ്ങളാണ് ഇപ്പോൾ ഓഹരിവിപണികളുടെ തകർച്ചയായും ബാങ്കിങ് തകർച്ചയായും ഉത്പാദന തകർച്ചയായും ആഗോള സമ്പദ്ഘടനയെ ആകെ ബാധിച്ചിരിക്കുന്നത്.



തകർച്ചയുടെ കരകാണാക്കയത്തിൽ നിന്നും തങ്ങളുടെ സമ്പദ്ഘടനകളെ രക്ഷിക്കുന്നതിനായി അമേരിക്കൻ സർക്കാർ നൽകിയ എഴുന്നൂറ് മില്യൺ ഡോളറിന്റെ രക്ഷാപദ്ധതിക്കും മറ്റ് രാജ്യങ്ങൾ പ്രഖ്യാപിച്ച സമാനമായ ഭീമൻ രക്ഷാ പദ്ധതികൾക്കും തകർച്ചയ്ക്ക് പരിഹാരം കാണുന്നതിനോ ജനങ്ങളിലേക്ക് ആത്മവിശ്വാസം തിരിച്ചുകൊണ്ടുവരുന്നതിനോ കഴിഞ്ഞിട്ടില്ല. പ്രതിസന്ധി തീരും കാര്യങ്ങൾ ഇനിമുതൽ മെച്ചപ്പെട്ടുതുടങ്ങും എന്ന ചിന്ത വരാൻ അത്ര ഏളുപ്പമല്ല. വ്യവസ്ഥയിലുള്ള വിശ്വാസത്തകർച്ച അത്രത്തോളം ആഴത്തിലുള്ളതാണ്. ഭരണകൂടത്തെയും പൊതുമേഖലയേയും നിയന്ത്രണങ്ങളേയും തള്ളിപ്പറഞ്ഞ് കമ്പോളമൗലികവാദികളായി മാറിയവർ തങ്ങളുടെ തെറ്റ് ഏറ്റുപറഞ്ഞ് നയങ്ങൾ തിരുത്തുന്നതായി ആണയിട്ട് പറഞ്ഞിട്ടും സമ്പദ്ഘടനയിൽ വിശ്വാസത്തിന്റെയും ഉൾക്കരുത്തിന്റെയും അന്തരീക്ഷം തിരിച്ചുവരുന്നില്ല.

## പ്രതിസന്ധി ഇന്ത്യയിലും കേരളത്തിലും

ഒന്നാം ദശകത്തിലെ ഈ സാമ്പത്തിക മഹാതകർച്ച ബാധിക്കാത്ത ഒരു രാജ്യവും പ്രദേശവും ലോകത്തുണ്ടാവില്ല എന്ന് സമാന്യമായി പറയാം. ഇന്നത്തെ ലോകം

അത്രത്തോളം പരസ്പരബന്ധിതമാണ്. പ്രതിസന്ധിയുടെ പ്രഭാവം കൂടുതൽ ആഗോളവത്കരിക്കപ്പെട്ട സമ്പദ്ഘടനകളിൽ ആപേക്ഷികമായി കൂടുതലായിരിക്കുമെന്നുമാത്രം. ഇന്ത്യയും കേരളവും ലോകവ്യവസ്ഥയുമായി ഏറെ ഉദ്ഗ്രഥിക്കപ്പെട്ട സമ്പദ്ഘടനകളാണ് എന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. സ്വാഭാവികമായും പ്രതിസന്ധിയുടെ ആഘാതം നേരിടാൻ നമ്മളും തയ്യാറാവേണ്ടി വരും. ഇന്ത്യയെ ഈ പ്രതിസന്ധി പ്രധാനമായും രണ്ട് തരത്തിൽ ബാധിക്കാൻ സാധ്യതയുണ്ട് എന്ന് പൊതുവെ കാണാം. ഒന്നാമത്തെ മാർഗം കയറ്റിറക്കുമതികൾ വഴിയുള്ളതാണ്. രണ്ടാമത്തേതാകട്ടെ നമ്മുടെ ധനകാര്യമേഖലയുടെ ആഗോളവത്കരണത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ്. രാജ്യത്തിനകത്തേക്കും പുറത്തേക്കുമുള്ള മൂലധന പ്രവാഹത്തിനുമേലുള്ള നിയന്ത്രണങ്ങൾ ഉദാരവത്കരിച്ചതാണ് ഇതിന് കാരണം.

ആഗോള സാമ്പത്തികതകർച്ച നമ്മുടെ ഏതാണ്ട് എല്ലാ കയറ്റുമതികളേയും പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. കയറ്റുമതി ഓർഡറുകൾ കുറയുകയും സാർവദേശീയ വിപണികളിലെ വിലകൾ കുറയുകയും ചെയ്യാം. കയറ്റുമതിയിലെ കുറവ് അവയുടെ ഉത്പാദനത്തിലെ കുറവായും ആ മേഖലകളിലുണ്ടാകുന്ന തൊഴിൽ നഷ്ടത്തിന്റെ രൂപത്തിലും നല്ല നഷ്ടമുണ്ടാകാം. കയറ്റുമതി ഉത്പന്നങ്ങളുടെ മേഖലയിലെ തകർച്ച ഇതരമേഖലകളിലേക്ക് പടർന്നു സമ്പദ്ഘടനയുടെ വളർച്ചയുടെ വേഗത കുറയ്ക്കാം. ആ ദിശയിലേക്കാണ് ഇപ്പോൾ കാര്യങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുന്നത് എന്ന സത്യത്തിനുനേരെ കണ്ണടച്ചിട്ട് കാര്യമില്ല. പ്രതിസന്ധിയെ കണ്ണടച്ച് ഇല്ലാതാക്കാൻ ആവില്ല. പ്രതിസന്ധി ഇന്ത്യൻ കയറ്റുമതിയെ ബാധിക്കുമെന്ന് പറയുമ്പോൾ തന്നെ ഏറ്റവും ചെലവുകുറഞ്ഞ ഒരു ഉത്പാദന കേന്ദ്രമെന്ന നിലയ്ക്ക് പ്രതിസന്ധിയെ പരമാവധി പ്രതിരോധിച്ച് പിടിച്ചുനിൽക്കാൻ ഇന്ത്യയിലെ ചില വ്യവസായങ്ങൾക്കെങ്കിലും കഴിയും എന്ന് സമാശ്വസിക്കാം. കയറ്റുമതി കുറയുന്ന മുറയ്ക്ക് ഉത്പന്ന വില കുറയാനുള്ള പ്രവണത ഉണ്ടായാൽ അത് ഏറെ പ്രതികൂലമായി ബാധിക്കുക കാർഷികോത്പന്നങ്ങളെ ആയിരിക്കും. ഇതിൽ തന്നെ തോട്ടവിളകളെ ഏറെ ആഴത്തിൽ ബാധിക്കും എന്നതാണ് മുൻ സാമ്പത്തിക തകർച്ചകളുടെ ചരിത്രം നൽകുന്ന പാഠം. കർഷകർ അസംഘടിതരാണെന്നും കൂട്ടായ പ്രതിരോധം സംഘടിപ്പിക്കാൻ അവർക്ക് കഴിയാറില്ല എന്നതുമാണ് കാർഷിക വിളകളുടെ ദൗർബല്യം. തോട്ടവിളകളിൽ പലതും അവശ്യ ഉത്പന്നങ്ങളല്ല എന്നതാണ് മാന്ദ്യം. അവയുടെ വിലകളെ കൂടുതൽ പ്രതികൂലമായി ബാധിക്കാൻ ഇടയാവുന്നത്. തകർച്ചയുടെ കാലത്ത് ആഡംബരവസ്തുക്കളുടെ ഉപഭോഗം ഗണ്യമായി കുറയുകയും വിലകൾ കുത്തനെ ഇടിയുകയും ചെയ്യാം. ഇതേ കാരണം കൊണ്ടുതന്നെ ഈ തകർച്ച കേരളത്തിലെ വിനോദസഞ്ചാരമേഖലയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. വിവരസാങ്കേതിക രംഗം ഇപ്പോൾ തന്നെ പ്രതിസന്ധിയുടെ ചൂട് അനുഭവിച്ചുതുടങ്ങിയിട്ടുണ്ട്.

ഇന്ത്യൻ ധനകാര്യമേഖലയിൽ സമീപകാലത്ത് നടന്ന ഉദാരവത്കരണമാണ് നമ്മുടെ സമ്പദ്ഘടനയെ കൂടുതൽ ദുർബലവും അപകടസാധ്യതയുള്ളതും ആക്കുന്നത്. വിദേശ ഓഹരി ഇടപാട് സ്ഥാപനങ്ങൾക്കുമേലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കി അവർക്ക് എപ്പോൾ വേണമെങ്കിലും കടന്നുവരാനും പുറത്തുപോകാനുമുള്ള സ്വാതന്ത്ര്യമാണ് നാം നൽകിയത്. വിദേശ നിക്ഷേപകർ കൂട്ടമായി കടന്നുവന്ന് പതിനായിരക്കണക്കിന് കോടി ഡോളറിന്റെ നിക്ഷേപം തുടർച്ചയായി നടത്തിയതാണ് ഇന്ത്യൻ ഓഹരി വിപണി ഇത്രത്തോളം ഉയരാൻ കാരണം. വിദേശ നിക്ഷേപകർ വൻതോതിൽ ഓഹരി വാങ്ങി കൂട്ടുകയും ഓഹരിവിലകൾ ഉയർന്നു പൊങ്ങുകയും ചെയ്തത് കണ്ടുകൊണ്ടാണ് ധാരാളം നിക്ഷേപകർ ഓഹരി വിപണിയിൽ പണം മുടക്കാൻ തയ്യാറായത്. ഇത് ഓഹരി വിലകൾ വീണ്ടും ഉയരാനും ഇടയാക്കി. വിദേശ നിക്ഷേപകർ കൂട്ടമായി വന്നതോടുകൂടി രൂപയ്ക്കുള്ള ഡിമാന്റും രൂപയുടെ വിലയും ഏറെ ഉയരുകയും ചെയ്തു. ആഗോളസാമ്പത്തിക തകർച്ച വന്നതോടുകൂടി കാര്യങ്ങൾ നേരെ എതിർ ദിശയിൽ നീങ്ങാനാരംഭിച്ചു. മാതൃരാജ്യത്തെ തകർച്ച തുടർന്നു. പെൻഷൻ ഫണ്ടുകൾ അടക്കമുള്ള വിദേശ നിക്ഷേപകർ അവരുടെ ഇന്ത്യയിലെ ഓഹരികൾ വൻതോതിൽ വിറ്റഴിക്കാൻ തുടങ്ങി. കഴിഞ്ഞ രണ്ട് മൂന്ന് ആഴ്ചകളിൽ ഏതാണ്ട് എല്ലാ ദിവസവും ശരാശരി ആയിരം കോടിയുടെ ഓഹരികൾ അവർ വിറ്റു. സ്വാഭാവികമായും ഇന്ത്യൻ ഓഹരികമ്പോളം കുത്തനെ തകർന്നടിഞ്ഞു. വിദേശനിക്ഷേപകർ ഓഹരിവിറ്റു കിട്ടിയ രൂപ മാറ്റി ഡോളറാക്കി മാറ്റി പുറത്തേക്ക് കൊണ്ടുപോകാൻ തുടങ്ങിയതോടെ ഇന്ത്യൻ രൂപയുടെ മൂല്യവും ഗണ്യമായി ഇടിഞ്ഞു. ഓഹരിവിലകളിലെ ഇടിവും രൂപയുടെ തകർച്ചയും ഇനിയും തുടരാനാണ് സാധ്യത. കാരണം മറ്റൊന്നുമല്ല. വിദേശനിക്ഷേപകർ അവരുടെ പക്കലുള്ള ഓഹരികൾ വിറ്റഴിച്ച് അതിൽ നിന്നും കിട്ടുന്ന രൂപ മാറ്റി ഡോളറാക്കി പുറത്തേയ്ക്ക് കൊണ്ടുപോകാൻ ഇനിയും നല്ല സന്ദർഭത്തിനുവേണ്ടി നോക്കിയിരിക്കുകയാണ്. വിദേശ ഓഹരി ഇടപാടുസ്ഥാപനങ്ങൾക്കു വിൽക്കാൻ ഏറെ തുകയ്ക്കുള്ള ഓഹരികൾ ഇനിയും ബാക്കിയുണ്ട്.

> ഇന്ത്യയും കേരളവും ലോകവ്യവസ്ഥയുമായി ഏറെ ഉദ്ഗ്രഥിക്കപ്പെട്ട സമ്പദ്ഘടനകളാണ്. സ്വാഭാവികമായും പ്രതിസന്ധിയുടെ ആഘാതം നേരിടാൻ നമ്മളും തയ്യാറാവേണ്ടി വരും.

വിദേശനിക്ഷേപകരുടെ കൂട്ടത്തോടെയുള്ള പുറത്തേക്കുള്ള ഒഴുക്ക് ഓഹരിക്കമ്പോളത്തെ തകർക്കുകയും രൂപയുടെ വില ഇടിയുകയും ചെയ്യുന്നതിന് പുറമെ ഗുരുതരമായ മറ്റു ചില പ്രത്യാഘാതങ്ങൾക്കു കൂടി ഇടവയ്ക്കുന്നുണ്ട്. അവർ വേണ്ടെന്നു വയ്ക്കുകയും വിൽക്കുകയും ചെയ്യുന്ന ഓഹരികൾ വാങ്ങിക്കേണ്ടി വരുന്നത് ഇന്ത്യൻ പൊതുമേഖലാസ്ഥാപനങ്ങളാണ്. ഓഹരിക്കമ്പോളത്തിലെ തകർച്ച ഒഴിവാക്കാൻ പൊതുമേഖലാ സ്ഥാപനങ്ങളോട് ഓഹരി വാങ്ങിക്കൂട്ടാൻ കേന്ദ്ര സർക്കാർ നിർദേശം നൽകുകയാണ്. തുടർച്ചയായി വില കുറയുന്ന ഈ ഓഹരികൾ വാങ്ങിക്കൂട്ടുന്നത് പൊതുമേഖലാസ്ഥാപനങ്ങൾക്ക് വലിയ നഷ്ടം വരുത്തിവയ്ക്കും. പൊതുമേഖലാസ്ഥാപനങ്ങളിൽ പണം നിക്ഷേപിച്ചിട്ടുള്ള സാധാരണക്കാരുടെ ചെലവിലാണ് ഓഹരി കമ്പോളത്തെ പിടിച്ചുനിർത്താൻ സർക്കാർ ശ്രമിക്കുന്നത് എന്ന് സാരം. തൊഴിലാളികളുടെ പി.എഫ് തുക ഓഹരിക്കമ്പോളത്തിൽ ഇറക്കാനുള്ള തീരുമാനത്തിന്റെയും പ്രത്യാഘാതം സമാനമാണ്. പൊതുമേഖലാബാങ്കുകളും മറ്റു സ്ഥാപനങ്ങളും ഇപ്രകാരം ഓഹരിക്കമ്പോളത്തിൽ കൂടുതൽ പണം ഇറക്കാൻ നിർബന്ധിക്കപ്പെടുന്നതിന്റെ ഫലമായി അവർക്ക് കടം കൊടുക്കാനും മറ്റു മുൻഗണനാ ആവശ്യങ്ങൾക്കും ആവശ്യത്തിനു പണം ഇല്ലാതാവുന്നതിന്റെ പ്രശ്നവുമുണ്ട്. ഇത് സമ്പദ്ഘടനയിലെ പണലഭ്യതയെയും സാമ്പത്തിക പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. പ്രതിസന്ധി ഇനിയും രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ ഇടപെടാനുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കഴിവും ഇതിലൂടെ നഷ്ടമാകും. അതുപോലെ തന്നെ രൂപയുടെ വിലയിടിവു തടയാൻ റിസർവ്ബാങ്കു നടത്തുന്ന ഇടപെടലുകളും ആശങ്കാജനകമാണ്. തങ്ങളുടെ പക്കലുള്ള ഡോളർ കരുതൽ ശേഖരത്തിൽ നിന്നും ഡോളർ കൊടുത്ത് രൂപ വാങ്ങിക്കൊണ്ടാണ് രൂപയുടെ വിലയിടിവ് തടയുന്നത്. ഇത് വിദേശനാണയ കരുതൽ ശേഖരം ഗണ്യമായി കുറയാൻ കാരണമാവുന്നുണ്ട്.

ചുരുക്കത്തിൽ ഇന്ത്യയും കേരളവും ഈ പ്രതിസന്ധിയിൽ നിന്നും മുക്തമല്ല. ആഗോള പ്രതിസന്ധിയിൽ നിന്നും രക്ഷ നേടാൻ എല്ലാവരും എല്ലാരാജ്യങ്ങളും ചേർന്നുള്ള ശ്രമം ആവശ്യമാണ്. പ്രതിസന്ധി ദുർബലരുടെയും അശരണരുടെയും ചെലവിൽ പരിഹരിക്കാനുള്ള ശ്രമത്തിനെതിരെ പ്രത്യേക ജാഗ്രതയും ഉണ്ടാവേണ്ടതുണ്ട്.■

*സംസ്ഥാന ആസൂത്രണ ബോർഡംഗമാണ് ലേഖകൻ*

■ യു. ഹരിപ്രിയ

Chiak
Comprehensive Health Insurance Agency of Kerala

## തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. അവയിൽ ഏറ്റവും മാതൃകാപരമായ പദ്ധതികളിലൊന്നാണ് RSBY ആരോഗ്യ ഇൻഷുറൻസ് പദ്ധതി. *ആരോഗ്യം എല്ലാവർക്കും* എന്ന ലക്ഷ്യം നേടിയെടുക്കാനുള്ള പദ്ധതിയാണിത്.

വേലായുധൻ ദാരിദ്ര്യരേഖയ്ക്കു താഴെ വരുമാനമുള്ള തൊഴിലാളിയാണ്. അച്ഛനും അമ്മയും ഭാര്യയും കുട്ടികളും അടങ്ങിയ വലിയ കുടുംബമാണ് അയാളുടേത്. തുച്ഛമായ വരുമാനം. അച്ഛന്റെയും അമ്മയുടെയും രോഗചികിത്സയ്ക്കും കുട്ടികളുടെ പഠിത്തത്തിനും പണം തികയാതെ കടത്തിൻമേൽകടം കയറി അയാൾ കഷ്ടപ്പെടുകയാണ്. ഇങ്ങനെയുള്ള നിരവധി പേരെ നമ്മുടെ സമൂഹത്തിൽ ഇന്നും കാണാം. അവർക്ക് ഇതാ ഒരു സന്തോഷവാർത്ത-സർക്കാരിന്റെ പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ "രാഷ്ട്രീയ സ്വാസ്ത്യ ബീമായോജന" (RSBY).

തൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. അവയിൽ ഏറ്റവും മാതൃകാപരമായ പദ്ധതികളിലൊന്നാണ് കേന്ദ്രസർക്കാരുമായി ചേർന്ന് നടപ്പിലാക്കുന്ന RSBY ആരോഗ്യ ഇൻഷുറൻസ് പദ്ധതി. 'ആരോഗ്യം എല്ലാവർക്കും' എന്ന ലക്ഷ്യം നേടിയെടുക്കാനുള്ള പദ്ധതിയാണിത്.

കേന്ദ്ര പ്ലാനിങ് കമ്മീഷൻ മാനദണ്ഡപ്രകാരമുള്ള തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കുമായി ആശുപത്രിചെലവ് വഹിക്കുകയാണ് ഈ ആരോഗ്യ ഇൻഷുറൻസ് പദ്ധതി.

കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം ബി.പി.എൽ വിഭാഗത്തിൽപ്പെട്ട തൊഴിലാളി ഭാര്യ/ഭർത്താവ്, കുട്ടികൾ, ആശ്രയിച്ച് കഴിയുന്ന രക്ഷിതാക്കൾ എന്നിവർ ഉൾപ്പെടുന്ന അഞ്ചംഗ കുടുംബത്തിന് 30,000 രൂപയുടെ പ്രതിവർഷ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകും. ഈ പദ്ധതിയിൽ പ്രീമിയത്തിന്റെ 75 ശതമാനവും (പരമാവധി 565 രൂപ) ഓരോ കുടുംബത്തിനുള്ള സ്മാർട്ട് കാർഡിന്റെ ചെലവും (ഒരു കാർഡിന് 60 രൂപ) കേന്ദ്ര സർക്കാരും ബാക്കി പ്രീമിയം തുകയും ഭരണച്ചെലവും സംസ്ഥാന സർക്കാരും വഹിക്കും. ഗുണഭോക്താക്കൾ ഒരു കുടുംബത്തിന് 30 രൂപ ക്രമത്തിൽ വാർഷിക രജിസ്ട്രേഷൻ ഫീസ് മാത്രം നൽകിയാൽ മതി. ഓരോ ഗുണഭോക്താവിനും ഗൃഹനാഥന്റെ ഫോട്ടോപതിപ്പിച്ച ഒരു സ്മാർട്ട് കാർഡ് നൽകും.കേന്ദ്ര പ്ലാനിങ് കമ്മീഷന്റെ മാനദണ്ഡ പ്രകാരമല്ലാതെയുള്ള 10 ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്ക് 100 ശതമാനം പ്രീമിയവും സംസ്ഥാനസർക്കാർ നൽകുന്നു. കൂടാതെ എ.പി.എൽകാർക്ക് കുടുംബം ഒന്നിന് രജിസ്ട്രേഷൻ/റിന്യൂവൽ ഫീസ് ആയി 506 രൂപ നൽകി RSBY-ൽ ചേരാവുന്നതാണ്. കേന്ദ്രസർക്കാരിന്റെ മാർഗ നിർദേശപ്രകാരം പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി Comprehensive Health Insurance Agency Kerala (CHIAK) എന്ന സൊസൈറ്റിയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴയിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. 2008-2009-ൽ തന്നെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പാക്കാൻ കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

സംസ്ഥാനസർക്കാർ ബഡ്ജറ്റിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (CHIS) പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്രപ്ലാനിങ് കമ്മീഷന്റെ മാനദണ്ഡപ്രകാരം കേരളത്തിലെ 11.79 ലക്ഷം കുടുംബങ്ങൾ RSBY പദ്ധതിയുടെ പരിധിയിൽ പെടും. ഇതുകൂടാതെ സംസ്ഥാനസർക്കാരിന്റെ കണക്കനുസരിച്ച് മറ്റൊരു 10 ലക്ഷം BPL കുടുംബങ്ങളും എ.പി.എൽ കുടുംബങ്ങളും CHIS പദ്ധതിയുടെ പരിധിയിലാണ്.

പദ്ധതി നടത്തിപ്പ് കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി ചെയർമാനും ആരോഗ്യ വകുപ്പു മന്ത്രി വൈസ്ചെയർമാനുമായ ഒരു ഉന്നതാധി

# പാവങ്ങളുടെ ചികിത്സയ്ക്ക് സമഗ്ര ഇൻഷുറൻസ് സുരക്ഷാപദ്ധതി



**ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴയിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവഹിക്കുന്നു. തൊഴിൽമന്ത്രി പി.കെ ഗുരുദാസൻ, ധനമന്ത്രി ടി.എം. തോമസ് ഐസക്, ആരോഗ്യമന്ത്രി പി.കെ. ശ്രീമതി എന്നിവർ സമീപം.**

കാര സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന പ്ലാനിങ് ബോർഡ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനു വേണ്ട കൺസൾട്ടൻസി സർവീസും ഉപദേശവും സർക്കാരിനു നൽകും.

ഇൻഷുറൻസ് കമ്പനികളുമായി വില പേശുന്നതിനും കമ്പനികൾ സമർപ്പിക്കുന്ന ശുപാർശകൾ പരിശോധിക്കുന്നതിനും തൊഴിൽ വകുപ്പ് സെക്രട്ടറി കൺവീനറായ ഒരു ഉന്നതാധികാര കമ്മിറ്റിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനപ്രകാരം 100 ശതമാനം പൊതുമേഖലാസ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയെയാണ് സംസ്ഥാനത്തെ 14 ജില്ലകളിലെയും ഇൻഷുറൻസ് ദാതാവായി തിരഞ്ഞെടുത്തിരിക്കുന്നത്. RSBY യുടെ നടത്തിപ്പിന് സംസ്ഥാന സർക്കാർ നീക്കിവച്ചിരിക്കുന്നത് 20 കോടി രൂപയും CHIS-ന് 40 കോടി രൂപയും ആണ്.

കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളും, ഇ.എസ്.ഐ, സർക്കാർ സഹകരണ ആശുപത്രികളും എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളും പദ്ധതിയുടെ പരിധിയിൽപ്പെടും. ഏതുതരം രോഗചികിത്സയ്ക്കും ഒരുദിവസം പരമാവധി 500 രൂപയും ഐ.സി.യു. ചികിത്സയ്ക്ക് പരമാവധി 1000 രൂപയുമാണ് അനുവദിക്കുന്നത്.

ആശുപത്രിയിൽ കിടത്തി ചികിത്സി ആവശ്യമായ ചിക്കൻപോക്സ്, ഡെങ്കിപ്പനി, ഡിഫ്തീരിയ, മഞ്ഞപ്പിത്തം, ന്യുമോണിയ തുടങ്ങിയ 22-ഓളം രോഗങ്ങൾക്കും ഡയാലിസിസ്, കീമോതെറാപ്പി, റേഡിയോതെറാപ്പി പോലുള്ള ഇരുപതോളം രോഗങ്ങൾക്കും പദ്ധതിപ്രകാരം ചികിത്സാനുകൂല്യം ലഭിക്കുന്നു. കൂടാതെ ചികിത്സ കഴിഞ്ഞ് മടങ്ങുമ്പോൾ ആശുപത്രിയിൽ നിന്ന് പരമാവധി 100 രൂപ യാത്രാക്കൂലി നൽകുന്നു. എന്നാൽ ജൻമവൈകല്യങ്ങൾക്കും ലഹരിവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾക്കും നാച്ചുറോപ്പതി, യുനാനി, സിദ്ധ-ആയുർവേദ ചികിത്സകൾക്കും ആനുകൂല്യം ലഭ്യമല്ല.

ഇൻഷുറൻസ് വഴി ലഭിക്കുന്ന തുക ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഡോക്ടർമാർക്കും മറ്റു സ്റ്റാഫുകൾക്കും ഇൻസെന്റീവായി നൽകുന്നതിനും രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉപയോഗിക്കും. ഫീൽഡ് കിഓഫീസേഴ്സിന് സ്മാർട്ട് കാർഡ് ഒന്നിന് രണ്ടുരൂപ ഇൻസെന്റീവായി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിൽ പൊതുജനാരോഗ്യ വ്യവസ്ഥപ്രകാരം പാവപ്പെട്ടവർക്ക് ചികിത്സ സൗജന്യമാണ്. അതോടൊപ്പം ആരോഗ്യകേന്ദ്രങ്ങങ്ങൾക്ക് 30,000 രൂപവരെ ചികിത്സച്ചെലവായി ഓരോ കേസിലും ഇൻഷുറൻസ്ദാതാവ് ലഭ്യമാക്കണം. ഉദാഹരണം 50,000 രൂപ ചികിത്സച്ചെലവ് വരുന്ന കേസ്സിൽ ഒരു പാവപ്പെട്ട രോഗി പൊതുജനാരോഗ്യ കേന്ദ്രത്തെ സമീപിച്ചാൽ ആവശ്യമായ ചികിത്സ ലഭ്യമാക്കണം. ആയതിന് 30,000 രൂപ ഇൻഷുറൻസ്ദാതാവിൽ നിന്നും ലഭിക്കുമ്പോൾ ബാക്കി 20,000 രൂപ സർക്കാർ ആശുപത്രികൾ വഹിക്കേണ്ടതാണ്. അതുപോലെ ഏഴ് പേരുള്ള ബി.പി.എൽ കുടുംബത്തിൽ 5 പേർ മാത്രമേ പദ്ധതിയുടെ കീഴിൽ വരുന്നുള്ളൂ. ബാക്കി രണ്ടുപേർക്ക് നിലവിലുള്ള സൗജന്യചികിത്സാസഹായം ലഭ്യമാകും. ഡിസംബർ മുതൽ പദ്ധതിയുടെ ഗുണം ലഭിച്ചുതുടങ്ങും.

കേന്ദ്രസർക്കാർ നിശ്ചയിച്ചതിലും കുറഞ്ഞ പാക്കേജ് റേറ്റുകളാണ് സംസ്ഥാനം ചികിത്സയ്ക്കായി നിശ്ചയിച്ചിട്ടുള്ളത്. ഇങ്ങനെ കേരളത്തിൽ നടപ്പിലാക്കുന്ന RSBY, CHIS പദ്ധതികൾക്ക് സവിശേഷതകൾ നിരവധിയാണ്.■

# ഗാന്ധിജയന്തി വാരാഘോഷം- 2008

■ ജെ.എം. റഹീം

കേരള സർവകലാശാല ഗാന്ധിയൻ പഠനകേന്ദ്രം, സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, വിവിധ സർക്കാർ-സർക്കാരിതര ഏജൻസികൾ, ഗാന്ധിയൻ സാമൂഹിക സാംസ്കാരിക സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഈ വർഷത്തെ സർക്കാർതല ഗാന്ധിജയന്തി വാരാഘോഷം വൈവിധ്യമാർന്ന പരിപാടികളാലും വിപുലമായ ജനപങ്കാളിത്തത്താലും ഏറെ ശ്രദ്ധേയമായി.

### ലോക അഹിംസാദിനാചരണം

ഒക്ടോബർ രണ്ടിന് രാവിലെ തിരുവനന്തപുരത്ത് ഗാന്ധിപാർക്കിൽ നടന്ന സർവമത പ്രാർഥനയ്ക്ക് ഗാനഗന്ധർവൻ കെ.ജെ.യേശുദാസ് നേതൃത്വംനല്കി. തിരുവനന്തപുരം നഗരസഭാ മേയർ സി.ജയൻബാബു ഗാന്ധിപ്രതിമയിൽ ഹാരാർപ്പണം ചെയ്തു. നഗരത്തിലെ സ്കൂൾ-കോളേജ് വിദ്യാർഥികൾ പുഷ്പാഞ്ജലി അർപ്പിച്ചു.

### കാർട്ടൂൺ സംഗമവും ഉദ്ഘാടന സമ്മേളനവും

ഗാന്ധിജി വരകളിലൂടെ എന്ന കാർട്ടൂൺ സംഗമം വി.ജെ.റ്റി ഹാളിൽ സ്വാതന്ത്ര്യസമരസേനാനി കെ.ഇ.മാമൻ ഉദ്ഘാടനം ചെയ്തു. മധു ഓമല്ലൂരിന്റെ നേതൃത്വത്തിൽ പ്രമുഖരായ 10 കാർട്ടൂണിസ്റ്റുകൾ ഗാന്ധിജിയുടെ കാരിക്കേച്ചർ ഓപ്പൺ കാൻവാസിൽ പകർത്തി. മദ്യ-ലഹരി വിരുദ്ധ വിഷയം ആസ്പദമാക്കി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിൽ ഇരുന്നൂറോളം വിദ്യാർഥികൾ പങ്കെടുത്തു. സംസ്ഥാനതല ഗാന്ധിജയന്തി വാരാഘോഷം ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വി.ശിവൻകുട്ടി എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. കേരള സർവോദയ മണ്ഡലം പ്രസിഡന്റ് ഡോ:എം.പി. മത്തായി മുഖ്യപ്രഭാഷണം നടത്തി. തലേക്കുന്നിൽ ബഷീർ, മലയിൻകീഴ് ഗോപാലകൃഷ്ണൻ, ഐ&പി.ആർ.ഡി. ഡയറക്ടർ ഇൻചാർജ് പി.കെ.ലാൽ, ഡെപ്യൂട്ടി ഡയറക്ടർ എ.ഫിറോസ്, ഗാന്ധിയൻ പഠനകേന്ദ്രം കോ-ഓർഡിനേറ്റർ ജെ.എം. റഹിം എന്നിവർ സംസാരിച്ചു. തുടർന്ന് മദ്യ-ലഹരി വിരുദ്ധ വിഷയങ്ങളിൽ നടത്തിയ കഥ, കവിത, ഉപന്യാസ മത്സരങ്ങളിൽ മുന്നൂറിലധികം സ്കൂൾ, കോളേജ്, വിദ്യാർഥികൾ പങ്കെടുത്തു.

ശംഖുമുഖം കടൽത്തീരത്ത് ദീപക് മൗത്താട്ടിലിന്റെ നേതൃത്വത്തിൽ എഴുപതോളം കലാകാരൻമാർ 10 മണിക്കൂർ കൊണ്ട് ഒരുക്കിയ ഗാന്ധിജിയുടെ കൂറ്റൻ മണൽശില്പം പൊതുജനങ്ങൾക്ക് സമർപ്പിക്കുന്ന ചടങ്ങ് നിയമപാർലമെന്ററി കാര്യ മന്ത്രി എം.വിജയകുമാർ ഉദ്ഘാടനം ചെയ്തു. വി. സുരേന്ദ്രൻപിള്ള. എം.എൽ.എ അധ്യക്ഷനായിരുന്നു. വി.ജെ.റ്റി.ഹാളിൽ ഗാന്ധിജിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു മണിക്കൂർ ദൈർഘ്യമുള്ള സ്റ്റേജ്ഷോ (നാടകീയ ദൃശ്യാവിഷ്കാരം) കവയിത്രി സുഗതകുമാരി ഉദ്ഘാടനം ചെയ്തു. ആറ്റിങ്ങൽ വിജയകുമാറിന്റെ നേതൃത്വത്തിലുള്ള മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഗാന്ധിജി സ്റ്റേജ്ഷോ ഒരുക്കിയത്.

പള്ളിപ്പുറം സി.ആർ.പി.എഫ് ഭടൻമാരുടെയും മെഡിക്കൽ കോളേജ് എൻ.എസ്.എസ്. വിദ്യാർഥികളുടെയും സഹകരണത്തോടെ ഒക്ടോബർ 3-ന് മെഡിക്കൽ കോളേജ് പരിസരം ശുചീകരണം നടത്തി. വിദ്യാഭ്യാസ സാംസ്കാരിക വകുപ്പ് മന്ത്രി





സർവമതപ്രാർത്ഥനയ്ക്ക് ഡോ.കെ.ജെ.യോശുദാസ് നേതൃത്വം നൽകുന്നു.

എം.എ.ബേബി ഉദ്ഘാടനം ചെയ്തു.

### പ്രാദേശിക സെമിനാറുകൾ

സമകാലിക ജനകീയ വിഷയങ്ങളെ അടിസ്ഥാനമാക്കി മൂന്ന് മേഖലാതല സെമിനാറുകളും സംഘടിപ്പിച്ചു. വെമ്പായം (മദ്യവും മയക്കുമരുന്നുകളും-പ്രശ്നങ്ങൾ പ്രതിവിധികൾ), വെങ്ങാനൂർ (ഭക്ഷ്യസുരക്ഷാ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും), പെരുങ്കടവിള (സ്വാശ്രയത്വവും കേരളത്തിന്റെ വികസനവും) എന്നിവിടങ്ങളിൽ നടന്ന സെമിനാറുകൾ യഥാക്രമം മങ്കോട് രാധാകൃഷ്ണൻ എം.എൽ.എ, ജോർജ് മേഴ്സിയർ എം.എൽ.എ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ എന്നിവർ ഉദ്ഘാടനം ചെയ്തു. എൽ ആർ മധുജൻ, ഡോ.സുബ്രമഹ്മണ്യ അയ്യർ, ഡോ.ആർ.വി.ജി. മേനോൻ എന്നിവർ വിഷയം അവതരിപ്പിച്ചു. ശാസ്ത്രസാഹിത്യ പരിഷത്ത്, ജില്ലാ സർവോദയ മണ്ഡലം, ലൈബ്രറി കൗൺസിൽ, ഇതര പ്രാദേശിക സംഘടനകൾ തുടങ്ങിയവയുടെകൂടി സഹകരണവും പൊതുജനപങ്കാളിത്തവും കൊണ്ട് സെമിനാറുകൾ സജീവമായി.

ഒക്ടോബർ 3 മൂന്നു മുതൽ 6 വരെ യൂണിവേഴ്സിറ്റി സ്റ്റുഡന്റ് സെന്ററിലെ രണ്ടു വേദികളിലായി 17 ഇനങ്ങളിൽ എൽ.പി. മുതൽ കോളേജ് തലം വരെ 5 വിഭാഗങ്ങളിലായി വിദ്യാർഥികൾക്ക് കലാസാഹിത്യമത്സരങ്ങൾ സംഘടിപ്പിച്ചു. എല്ലാ മത്സരങ്ങളുടെയും അടിസ്ഥാനവിഷയം മദ്യ-ലഹരി വിരുദ്ധ ബോധവത്കരണവും അഹിംസാസന്ദേശ പ്രചരണവും ആയിരുന്നു. ഇരുന്നൂറോളം സ്കൂൾ-കോളേജുകളിൽ നിന്നായി 2500-ഓളം വിദ്യാർഥി



ശുചീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മന്ത്രി എം.എ ബേബി നിർവഹിക്കുന്നു.

കൾ പങ്കെടുത്തു. എല്ലാദിവസവും ഉച്ചയ്ക്ക് പ്രമുഖരുമായി വിദ്യാർഥികളുടെ മുഖാമുഖം പരിപാടി സംഘടിപ്പിച്ചിരുന്നു. പെരുമ്പടവം ശ്രീധരൻ, ഡി.വിനയചന്ദ്രൻ, വി.കൃഷ്ണകുമാർ (സിംഫണി), കാർട്ടൂണിസ്റ്റ് സുകുമാർ എന്നിവർ അതിഥികളായെത്തി.

സമാപന ദിവനമായ ഒക്ടോബർ 7-ന് വി.ജെ.റ്റി ഹാളിൽ അഡിക് ഇൻഡ്യയുടെ സഹകരണത്തോടെ ലഹരി-വിരുദ്ധ സെമിനാറും പ്രദർശനവും വനംവകുപ്പ് മന്ത്രി ബിനോയ്‌വിശ്വം ഉദ്ഘാടനം ചെയ്തു. റ്റി.എൻ. ജയചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ഡോ.എ.അബ്ദുൾബാരി, ജോൺസൺ ഇടയാറൻമുള എന്നിവർ വിഷയാവതരണം നടത്തി.

സമാപന ദിവസം വെള്ളയമ്പലം



ഇലക്കറികളുടെ പ്രദർശനോദ്ഘാടനം പെരുങ്കടവിളയിൽ

അക്കാമ്മ ചെറിയാൻ സ്ക്വയറിൽ നിന്നും ആരംഭിച്ച സമാപനഘോഷയാത്ര ഐ.ആന്റ് പി.ആർ.ഡി ഡയറക്ടർ ഇൻചാർജ് പി.കെ.ലാൽ ഫ്ളാഗ് ഓഫ് ചെയ്തു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എൽ. കമലമ്മ നേതൃത്വം നൽകിയ ഘോഷയാത്രാ റാലിയിൽ നഗരത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള 2000-ത്തോളം വിദ്യാർഥികൾ പങ്കെടുത്തു.

സമാപനസമ്മേളനം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ കൗൺസിൽ ഓഫ് ഗാന്ധിയൻ സ്റ്റഡീസ് ചെയർമാർ ഡോ: എൻ രാധാകൃഷ്ണൻ അദ്ധ്യക്ഷനായിരുന്നു. പന്ന്യൻ രവീന്ദ്രൻ എം.പി, മുഖ്യപ്രഭാഷണം നടത്തി. ഗാന്ധിജയന്തി മത്സരങ്ങളിൽ വിജയികളായവർക്കുള്ള ട്രോഫികളും സർട്ടിഫിക്കറ്റുകളും വിശിഷ്ടാതിഥികൾ വിതരണം ചെയ്തു.■



■ എം.എ.വിൻസന്റ്



# കോട്ടയം കൊഞ്ച് വയനാട്ടിൽ

കോട്ടയം കൊഞ്ച് എന്ന പേരിലറിയപ്പെടുന്ന ശുദ്ധജല കൊഞ്ചിന്റെ കൃഷി വയനാട്ടിലും പ്രചരിക്കുന്നു. തിരുനെല്ലി പഞ്ചായത്തിലെ തൃശ്ശിലേരി പള്ളിക്കവലയിൽ കുളരാനിയിൽ ജോസഫ് എന്ന കർഷകനാണ് ആറ്റു കൊഞ്ച് കൃഷി വിജയകരമാണെന്ന് കണ്ടെത്തിയത്. സ്പെഷ്യൽ ഫിഷറീസ് പാക്കേജിലെ ഗുണഭോക്താവായ ജോസഫ് കഴിഞ്ഞവർഷം സെപ്റ്റംബറിലാണ് തൃശൂർ അഴീക്കോട് ഹാച്ചറിയിൽ നിന്ന് വിത്ത് സംഭരിച്ചത്.

എട്ട് മാസം വളർച്ചയെത്തിയപ്പോഴേക്കും 150ഗ്രാം ഭാരമുള്ള ആറ്റ് കൊഞ്ചിനെ ലഭിച്ചുതുടങ്ങി. ഇപ്പോൾ വീട്ടാവശ്യത്തിനുപയോഗിക്കുന്ന ഇവയെ ശാസ്ത്രീയമായി പരിചരണം നൽകി വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാനാണ് ജോസഫ് ശ്രമിക്കുന്നത്. 30 സെന്റ് ജലാശയം ഇതിനായി ഉപയോഗപ്പെടുത്തും. ശാസ്ത്രീയ മത്സ്യകൃഷിയിൽ ലഭിച്ച അറിവും ധനസഹായമായി കിട്ടിയ 12144 രൂപയും കൃഷി നടത്താൻ ജോസഫിന് ആത്മവിശ്വാസമേകി.

വിത്തൊന്നിന് 60 പൈസ തോതിലാണ് കുഞ്ഞുങ്ങളെ സംഭരിച്ചത്. കടലപ്പിണ്ണാക്ക്, തവിട്, അടുക്കളയിലെ അവശിഷ്ടങ്ങൾ, പെലറ്റ് എന്നിവ തീറ്റ നൽകി. എന്നാൽ, ഇഷ്ടതീറ്റയായ കക്കയിറച്ചി പ്രാദേശികമായി ലഭ്യമായില്ല. രണ്ട് വർഷം മുൻപ് ഇൻഫാം മുഖേന ആഫ്രിക്കൻ മുഷിയെ വളർത്തിയിരുന്നെങ്കിലും പരാജയമായി. തൃശ്ശിലേരി ഒണ്ടയങ്ങാടി പള്ളിക്കവലയിൽ മുത്തുമാരി റോഡിൽ ആണ് ജോസഫിന്റെ കൃഷിയിടം. സ്ഥലഭേദമനുസരിച്ച് ആറ്റു കൊഞ്ച്, കോട്ടയം കൊഞ്ച്, കുട്ടനാടൻ കൊഞ്ച്, അഷ്ടമി കൊഞ്ച് എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നു. 30 മുതൽ 32 സെന്റീമീറ്റർ വരെ നീളത്തിൽ വളരും. ശരീരത്തിന്റെ പകുതി ഭാഗവും തലയാണ്. ആൺകൊഞ്ചുകൾക്ക് പെൺകൊഞ്ചുകളെക്കാൾ വലുപ്പമുണ്ടായിരിക്കും. ആൺകൊഞ്ചിന്റെ കാലുകളുടെ സാധാരണയിൽ കവിഞ്ഞ വലുപ്പം കാരണം ഇതിനെ കാലൻകൊഞ്ച് എന്നും പറയാറുണ്ട്. മാക്രോബ്രാക്കിയം റോസൻ ബർജി എന്നാണ് ശാസ്ത്രീയ നാമം. ലോകവിപണിയിൽ സ്കാംപി എന്നപേരിൽ അറിയപ്പെടുന്ന ആറ്റുകൊഞ്ച് കിലോയ്ക്ക് ഇരുന്നൂറ്റി അൻപത് രൂപയ്ക്കാണ് വിറ്റുപോകുന്നത്.

ഒരു കാലത്ത് വേമ്പനാട്ടു കായലിലും പമ്പാനദീതടങ്ങളിലും ആറ്റുകൊഞ്ച് ഗണനീയമായി ഉണ്ടായിരുന്നു. 1960-ൽ ആറ്റുകൊഞ്ചിന്റെ വാർഷിക ഉത്പാദനം 400 ടൺ ആയിരുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ തണ്ണീർമുക്കം ബണ്ട് നിലവിൽവന്നതോടെ സ്വാഭാവിക പ്രജനന പ്രയാണങ്ങൾ തടസ്സപ്പെടുകയും ശരാശരി വാർഷികോത്പാദനം ഏകദേശം 40 ടൺ ആയി കുറയുകയും ചെയ്തു. കുളങ്ങളിലും ടാങ്കുകളിലും പാടശേഖരങ്ങളിലും ആറ്റുകൊഞ്ച്കൃഷി വ്യാപകമാക്കിയതും നദികളിലും തടാകങ്ങളിലും ആറ്റു കൊഞ്ച് വിത്ത് വൻതോതിൽ സംഭരിച്ച് ഉത്പാദനം വർധിപ്പിക്കാനും നിർദിഷ്ട മത്സ്യകേരളം പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

വയനാട്ടിൽ കർളാട് തടാകത്തിൽ 2001-ൽ സാമൂഹിക മത്സ്യകൃഷി പദ്ധതിയിൽ ആറ്റുകൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിച്ചിരുന്നു. പക്ഷേ നിരന്തരപ്രജനനം ഇല്ലാത്തതിൽ ഭൂരിപക്ഷവും നശിച്ചുപോയി. ഒറ്റപ്പെട്ട ചില സംരംഭകർ ഉണ്ടായെങ്കിലും തുടർച്ചയുണ്ടായില്ല. വെള്ളമുണ്ട പഞ്ചായത്തിലെ ചുള്ളിയാണ ജോർജ്, പനമരം പഞ്ചായത്തിലെ ടി.എഫ്. വർക്കി, യേശുദാസൻ, പൂതാടി പഞ്ചായത്തിലെ എ.സി.രവീന്ദ്രൻ എന്നിവർ ആറ്റുകൊഞ്ച് കൃഷി ജില്ലയിൽ പ്രചരിപ്പിച്ച പ്രമുഖ കർഷകരാണ്.

ജില്ലയിൽ ഈ വർഷവും ആറ്റുകൊഞ്ച് കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി നടപ്പിലാക്കുന്നുണ്ട്. താത്പര്യവും സ്വന്തമായി അഞ്ച് മുതൽ പത്ത് സെന്റ് വരെ എങ്കിലും ജലാശയം ഉള്ളവരുമായ കർഷകർക്ക് ആറ്റുകൊഞ്ച് കൃഷിക്ക് ധനസഹായം നൽകുന്ന ഈ പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജന മുഖേന നടപ്പിലാക്കുന്നു. ജില്ലയിൽ നൂറു കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കൂടാതെ ആറ്റുകൊഞ്ചിന്റെ കുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുമെന്ന് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ കെ.ഇ. ജീവരാജൻ അറിയിച്ചു. വിശദവിവരങ്ങൾ 255214 ഫോൺ നമ്പറിൽ അറിയാം.■

■ വിനോദ് പി.



മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, വനം മന്ത്രി ബിനോയ് വിശ്വം, വൈദ്യുതി മന്ത്രി എ.കെ. ബാലൻ എന്നിവർ മൂന്നാർ സന്ദർശനത്തിനിടയിൽ.

# മൂന്നാർ: വീണ്ടെടുപ്പിന്റെയും പുന:സൃഷ്ടിയുടെയും നാളുകൾ

**അന്യാധീനപ്പെട്ട** സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ചരിത്രപ്രധാനമായ നടപടികൾക്ക് തുടക്കം കുറിച്ചത് 2007 ഏപ്രിൽ 22നാണ്. അന്ന് മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ആലുവ ഗവ. ഗസ്റ്റ് ഹൗസിൽ നടത്തിയ പത്രസമ്മേളനത്തിലെ പ്രഖ്യാപനം കേരളത്തിലെ ഭൂമിയേയും പ്രകൃതിയേയും രക്ഷിക്കാനുള്ള ദൗത്യത്തിന്റെ വീരോചിതമായ തുടക്കം കുറിക്കലായിരന്നു.

സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലായി കുത്തകകളും വൻകിടക്കാരും കാലാകാലങ്ങളായി കൈയ്യടക്കിവച്ചിരിക്കുന്ന ഭൂമി സമയബന്ധിതമായി വീണ്ടെടുത്ത് കേരളത്തെ പുനർനിർമ്മിക്കുമെന്ന് മുഖ്യമന്ത്രി നടത്തിയ പ്രഖ്യാപനം സംസ്ഥാനത്തു മാത്രമല്ല, ദേശീയ-അന്തർദേശീയ തലങ്ങളിലും ശ്രദ്ധിക്കപ്പെട്ടു.

ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിലും മൂന്നാർ, വാഗമൺ, ശാന്തൻപാറ, ബൈസൺവാലി, ചിന്നക്കനാൽ, പള്ളിവാസൽ തുടങ്ങിയ മേഖലകളിലുമായി 50000 ഏക്കർ ഭൂമിയാണ് ടാറ്റയും വൻകിടക്കാരും റിയൽ എസ്റ്റേറ്റ് മാഫിയയും മറ്റും ചേർന്ന് ദശകങ്ങളായി വെട്ടിപ്പിടിച്ച് കൈവശമാക്കിയിട്ടുള്ളത്. 2007ൽ കെ. സുരേഷ്കുമാറിന്റെ നേതൃത്വത്തിലുള്ള ദൗത്യസംഘം ഏതാനും മാസങ്ങളിലെ പ്രവർത്തനം കൊണ്ടു തന്നെ ഇതിന്റെ നല്ലൊരു പങ്ക് പ്രദേശങ്ങളും വീണ്ടെടുത്തു. മൂന്നാറിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സങ്കീർണ്ണത നിറഞ്ഞ സർവേ രേഖകളും ചില കോടതി നടപടികളും നിയമ പ്രശ്നങ്ങളും മൂലം ഭൂമി വീണ്ടെടുക്കൽ പ്രക്രിയയ്ക്ക് ഇടക്കാലത്ത് വേഗത കുറഞ്ഞിരുന്നു. കൂടാതെ, റവന്യു, സർവേ, വനം, വൈദ്യുതി, തദ്ദേശഭരണം, നിയമം, ടൂറിസം തുടങ്ങിയ ഒട്ടേറെ വകുപ്പുകളുടെയും വിഭാഗങ്ങളുടെയും ഔപചാരികമായുള്ള ഏകോപനവും ഒത്തിണക്കവും ഈ കാലയളവിൽ രുപപ്പെടുത്താനും സർക്കാർ ശ്രദ്ധിച്ചിരുന്നു.

ഇതെല്ലാം താളക്രമത്തിലാക്കാൻ വേണ്ടിവന്ന ഏതാനും മാസങ്ങളിലെ പ്രക്രിയയെ മൂന്നാർ ദൗത്യത്തിന്റെ അന്ത്യരംഗമായി കണ്ട് ആഘോഷിക്കാൻ ശ്രമിച്ചവർക്കുള്ള ചുട്ടമറുപടിയായിരുന്നു മുഖ്യമന്ത്രി സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ നടത്തിയ മൂന്നാർ സന്ദർശനം.

കൈയേറ്റമൊഴിപ്പിക്കുന്നതിനുള്ള ദൗത്യത്തിന് ഊർജം പകരാനാണ് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ മൂന്നാറിലെത്തിയത്. ഇതിനകം ഒഴിപ്പിച്ചെടുത്ത 11582 ഏക്കർ ഭൂമി ഭൂരഹിതരായ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിയും കൈയേറ്റമെന്ന് ദൗത്യസംഘം കണ്ടെത്തിയ ഭൂമി ഒഴിപ്പിച്ചെടുക്കാനുള്ള നീക്കത്തിനും തുടക്കമിടാൻ സന്ദർശനം സഹായകരമായി.

ഒന്നരവർഷമായി തുടർന്നുവരുന്ന മുന്നാറിലെ കൈയേറ്റം, ഒഴിപ്പിക്കാൻ നടപടികൾ ശക്തമായി തുടരാനും ഒഴിപ്പിച്ചെടുക്കുന്ന ഭൂമി സമയബന്ധിതമായി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാനും ഒക്ടോബർ 9ന് മൂന്നാറിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭാ ഉപസമിതി യോഗം തീരുമാനിച്ചു. മുഖ്യമന്ത്രിക്കു പുറമെ മന്ത്രിമാരായ കോടിയേരി ബാലകൃഷ്ണൻ, കെ.പി. രാജേന്ദ്രൻ, എ.കെ. ബാലൻ, ബിനോയ് വിശ്വം എന്നിവരും പങ്കെടുത്തു. ഇതിനകം ഒഴിപ്പിച്ചെടുത്ത 1662



**തുടർ നടപടികളെ കുറിച്ചുള്ള ചർച്ച :** മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, റവന്യു മന്ത്രി കെ.പി. രാജേന്ദ്രൻ, വനം മന്ത്രി ബിനോയ് വിശ്വം, വൈദ്യുതി മന്ത്രി എ.കെ. ബാലൻ

ഏക്കർ മൂന്നു മാസത്തിനകം ആദിവാസികളും തോട്ടം തൊഴിലാളികളും ഉൾപ്പെടെയുള്ള ഭൂരഹിതർക്ക് പതിച്ചു നൽകുമെന്ന് യോഗത്തിനുശേഷം മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞു. 16000-ൽ പരം ഏക്കർ കൈയേറ്റ ഭൂമി ഇതുവരെ ഒഴിപ്പിച്ചു കഴിഞ്ഞു. 304 ഏക്കർ മൂന്നാറിലെ ടൂറിസം വികസന പദ്ധതികൾക്കായി നീക്കിവയ്ക്കും. ഏറ്റെടുത്ത ഭൂമി ഓരോ മൂന്നു മാസം കൂടുമ്പോഴും അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യും. താലൂക്ക് അസൈൻമെൻറ് കമ്മിറ്റികൾ ഇതിനായി രൂപവത്കരിച്ചിട്ടുണ്ട്.

മൂന്നാർ ടൗണിൽ സർക്കാർ ഭൂമി കൈയടക്കി വച്ചിരിക്കുന്ന ടാറ്റാ കമ്പനി അവിടെ താമസിക്കുന്നവരിൽ നിന്നും കച്ചവടം ചെയ്യുന്നവരിൽ നിന്നും തറവാടക വാങ്ങുകയാണ്. ഇത്തരം വേലത്തരങ്ങൾ വച്ചുപൊറുപ്പിക്കില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. അർഹരായവർക്ക് ഏലപ്പാട്ടം പുതുക്കി നൽകാനാണ് തീരുമാനം. എന്നാൽ ഏലമലക്കാടുകളിൽ കെട്ടിടം പണിത് റിസോർട്ടാക്കി കൊള്ളലാഭം കൊയ്യുന്നത് അവസാനിപ്പിക്കുക തന്നെചെയ്യും - മുഖ്യമന്ത്രി പറഞ്ഞു.

ഏറ്റെടുത്ത ഭൂമിയുടെ വിതരണത്തിന് സമയബന്ധിതമായ നടപടിക്രമങ്ങളും സമിതി കൈക്കൊണ്ടു. 150 ലേറെ റവന്യൂ ഉദ്യോഗസ്ഥരെ ഇതിനായി മൂന്നാറിലേക്ക് നിയോഗിക്കും. മൂന്നാറിലെ ടൂറിസം വികസനത്തിന് മാസ്റ്റർ പ്ളാൻ തയ്യാറാക്കാൻ ദൽഹി ആസ്ഥാനമായുള്ള കൺസൾട്ടൻസി എൻജിനീയറിംഗ് സർവീസിനെ ചുമതലപ്പെടുത്തി. ജനുവരിയോടെ ഇവർ റിപ്പോർട്ട് സമർപ്പിക്കും. മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ, വട്ടവട, കാന്തല്ലൂർ, ദേവികുളം പഞ്ചായത്തുകൾ മാസ്റ്റർ പ്ളാനിന്റെ പരിധിയിൽ വരും. മൂന്നാറിലും പരിസര പ്രദേശങ്ങളിലും നടന്ന ഭൂമി കൈയേറ്റങ്ങൾ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ പ്രത്യേക പൊലീസ് സംവിധാനം നിലവിൽ വരും. ഇവയ്ക്കായി ഹൈക്കോടതി അനുമതിയോടെ പ്രത്യേക കോടതി സ്ഥാപിക്കാനുള്ള തീരുമാനവും ഉണ്ട്.

മൂന്നാറിൽ അഞ്ചോ പത്തോ സെന്റിൽ താമസിക്കുന്ന ചെറുകിടക്കാരെയും പാവപ്പെട്ടവരെയും ഒരു കാരണവശാലും കുടിയൊഴിപ്പിക്കില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*എറണാകുളം*

# നാളത്തെ കേരളം

നവംബർ ഒന്ന്. വീണ്ടും ഒരു കേരളപ്പിറവിദിനം കൂടി.
ഈ വേളയിൽ നമ്മുടെ മനസ്സിൽ ഒരു ചിന്ത ഉയരേണ്ടതുണ്ട്.
എങ്ങനെയാവും നാളത്തെ കേരളം? എങ്ങനെയാവണം നാളത്തെ കേരളം?

കൂടുതൽ വികസിതമായ ഒരു കേരളമാവണമതെന്ന കാര്യത്തിൽ നാമെല്ലാവരും യോജിക്കും.

പക്ഷേ എന്താണ് കൂടുതൽ വികസിതം എന്നതിന്റെ അർത്ഥം? വികസനമെന്നാൽ ഉത്പാദനവളർച്ചയും സാമ്പത്തികപുരോഗതിയുമാണെന്ന നിർവചനം പഴങ്കഥയാവുകയാണ്. ആ വളർച്ച ജനങ്ങളുടെ ജീവിതത്തിൽ പ്രതിഫലിക്കുകയും തദ്ഫലമായി അവരുടെ ജീവിതനിലവാരം ഉയരുകയും വേണം. അതുകൊണ്ടാണ് ദേശീയ മൊത്ത വരുമാനം (ജി.ഡി.പി.) പോലുള്ള സൂചികകൾക്കപ്പുറം മാനവജീവിതഗുണത (Human Development Index) വികസനത്തിന്റെ അളവുകോലാകുന്നത്. പക്ഷേ ജീവിതനിലവാരം ഉയർന്നാൽ മാത്രം പോരാ, ജീവിതസംതൃപ്തി കൂടി വർദ്ധിക്കണം എന്നതാണ് ഏറ്റവും പുതിയ സമീപനം. അതിനാൽ, പുതിയൊരു വികസനസൂചിക വന്നിരിക്കുന്നു - ദേശീയ സംതൃപ്തി സൂചികയെന്നു വിളിക്കാവുന്ന ഗ്രോസ് നാഷണൽ ഹാപ്പിനസ് (ജി.എൻ.പി.). ഈ അളവുകോൽ കൂടി സ്വീകരിക്കാൻ ചില രാഷ്ട്രങ്ങളെങ്കിലും തയ്യാറായിരിക്കുന്നു.

തീർച്ചയായും നാളത്തെ കേരളത്തിൽ ജനങ്ങളുടെ ജീവിതസംതൃപ്തി ഇന്നത്തെതിനെക്കാൾ ഉയരേണ്ടതുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളെ താരതമ്യം ചെയ്ത് *സി എൻ എൻ - ഐ.ബി.എൻ, ഇന്ത്യാടുഡേ - മാർഗ്, ഔട്ട്ലുക്ക്* പോലുള്ള മാധ്യമങ്ങളുടെയും മറ്റ് ഏജൻസികളുടെയും മുൻകൈയിൽ നടത്തിയ എതാനും സർവെ റിപ്പോർട്ടുകൾ ഈ അടുത്ത കാലത്ത് പുറത്തിറങ്ങുകയുണ്ടായി. അവപ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, ക്രമസമാധാനം, ക്ഷേമപദ്ധതികൾ, നിക്ഷേപക സാഹചര്യം തുടങ്ങി പല മേഖലകളിലും മുൻനിരയിലാണ് കേരളം. സർക്കാരിന്റെ ദീർഘവീക്ഷണത്തോടുകൂടിയ നയങ്ങളും നടപടികളും അവയ്ക്കു ജനങ്ങൾ നൽകിയ സഹകരണവും ആ നേട്ടങ്ങൾക്കു കാരണമായിട്ടുണ്ട്.

എങ്കിലും നാളത്തെ കേരളത്തിലേക്കു മുന്നേറുന്നതിന് പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ഇനിയും എറെയുണ്ട്.

സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നതാണ് അതിൽ പ്രധാനം. പ്രാന്തവത്കരിക്കപ്പെട്ടവരും ഓരങ്ങളിൽ ഒതുക്കപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തി വിവിധ ജനവിഭാഗങ്ങളും വിവിധ പ്രദേശങ്ങളും തമ്മിലുള്ള അസന്തുലിതാവസ്ഥ ഇല്ലാതാക്കേണ്ടതുണ്ട്. 38 ശതമാനം ജനങ്ങൾ ഉപജീവനം കഴിക്കുന്ന കാർഷികമേഖലയിൽ വളർച്ചയുണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ മേഖലയുടെ പങ്ക് കുറഞ്ഞുവരികയാണ്. ഇതു നമ്മുടെ ഭക്ഷ്യസുരക്ഷയെയും അപകടപ്പെടുത്തും. അരിയുടെ ഉത്പാദനം കൂട്ടുന്നതിനും പച്ചക്കറി, പാൽ, മുട്ട, മാംസം തുടങ്ങിയവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സർക്കാർ പദ്ധതി ആരംഭിച്ചത് ഇതു മുന്നിൽ കണ്ടുകൊണ്ടാണ്.

സംസ്ഥാനത്തിന്റെ വ്യസായമേഖല ഉണർവിന്റെപാതയിലാണ്. എങ്കിലും ഇന്നത്തെതിനെക്കാൾ വലിയതോതിൽ വ്യവസായവളർച്ചയും തൊഴിൽ സംരഭങ്ങളും ഉണ്ടാകേണ്ടതുണ്ട്. പ്രത്യേകിച്ചും ഗ്രാമങ്ങളിലെ ചെറുകിട സംരംഭങ്ങൾ. ഒപ്പം, നമുക്കു മത്സരശേഷിയുള്ള ഐ.ടി., ബി.ടി., ലൈറ്റ് എൻജിനീയറിങ് വ്യവസായങ്ങളും. അതനനുസൃതമായി അടിസ്ഥാന സൗകര്യങ്ങളും വർദ്ധിക്കേണ്ടതുണ്ട്.

ഭൂമിയെ ഒരു ഉത്പാദനോപാധിയെന്നതിനു പകരം ഒരു വില്പനച്ചരക്കാക്കി മാറ്റുന്ന പ്രവണതയും നദികളും വനങ്ങളും തണ്ണീർത്തടങ്ങളും പോലുള്ള പ്രകൃതിവിഭവങ്ങളിൻമേലുള്ള കൈയേറ്റങ്ങളും കേരളത്തെ ഒരു പരിസ്ഥിതിത്തകർച്ചയിലേക്കു നയിക്കും. അവ തടയേണ്ടതുണ്ട്.

സാംസ്കാരികമായും ഒട്ടേറെപ്രശ്നങ്ങൾ നിലനിൽക്കുന്നു. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള വിഭാഗീയപ്രവണതകളും മദ്യപാനം പോലുള്ള സാമൂഹികതിന്മകളും പെരുകിവരുന്നു. എല്ലാറ്റിലും വലിയ പ്രശ്നം, കമ്പോളം സൃഷ്ടിക്കുന്ന ഉപഭോഗാർത്തിയും മത്സരമൂല്യങ്ങളും മാനവികമൂല്യങ്ങൾക്കും കേരളത്തിന്റെ നവോത്ഥാന പാമ്പര്യത്തിനും വെല്ലു വിളിയാകുന്നുണ്ട് എന്നതാണ്. പേപ്പട്ടി കടിച്ചുകുടയുന്ന മനുഷ്യനെ രക്ഷിക്കുന്നതിനു പകരം മിഴിവുള്ള ചിത്രമെടുക്കാൻ തിരക്കുകൂട്ടുന്നതും വഴിവക്കിൽ അപകടാവസ്ഥയിലാവുന്ന ഒരാൾ സഹായം ലഭിക്കാതെ മണിക്കൂറുകൾ കിടക്കേണ്ടി വരുന്നതും അതുകൊണ്ടാണ്. കെട്ടുകാഴ്ചയുടെ ഉത്സവങ്ങളൊരുക്കി അരാഷ്ട്രീയതയുടെ സാംസ്കാരികപരിസരം തീർക്കുന്ന മാധ്യമപ്രവണതകളും വർദ്ധിച്ചുവരുന്നു.

ഇവയോടൊക്കെയുള്ള പോരാട്ടം നാളത്തെ കേരളത്തിന്റെ സൃഷ്ടിക്ക് അനിവാര്യമാണ്. ഒപ്പം ജനാധിപത്യപ്രക്രിയയിൽ ജനങ്ങൾക്കു കൂടുതൽ സ്ഥാനം ലഭിക്കുന്ന തരത്തിൽ വികേന്ദ്രീകൃതമായ ഒരു ഭരണം സംവിധാനവും.

ഈ ലക്ഷ്യങ്ങൾ മുൻനിറുത്തിസർക്കാർ ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ വിപുലമായ സഹകരണം ഉണ്ടാകേണ്ടതുണ്ട്.

ഒത്തുചേർന്നുള്ള പ്രവർത്തനങ്ങൾക്കായി ഈ കേരളപ്പിറവിദിനത്തിൽ നമുക്ക് പുനരർപ്പണം ചെയ്യാം.



**ഭക്ഷ്യസുരക്ഷയ്ക്ക് തുടക്കമാകുന്നു**
**ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ തൃശ്ശൂരിൽ നിർവഹിച്ചപ്പോൾ. മന്ത്രിമാരായ കെ. പി. രാജേന്ദ്രൻ, മുല്ലക്കര രത്നാകരൻ സ്പീക്കർ കെ. രാധാകൃഷ്ണൻ എന്നിവർ സമീപം.**

# മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകും

**മുഴുവൻ** ആദിവാസികൾക്കും ഭൂമി എന്ന സ്വപ്നത്തിലേക്ക് അടുക്കുകയാണ് സംസ്ഥാനം. ഇതു സംബന്ധിച്ച പ്രഖ്യാപനം മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ കണ്ണൂരിൽ നടത്തി. ഭൂമിയില്ലാത്ത മുഴുവൻ ആദിവാസികൾക്കും സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പെ ഭൂമി നൽകുമെന്ന് മുഖ്യമന്തി അറിയിച്ചു. ഭൂവിതരണ മേളയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ മുനിസിപ്പൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. രണ്ട് വർഷത്തിനിടെ 2500 ആദിവാസികൾക്ക് ഭൂമി നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവർക്ക് ഉടൻ നൽകും. 14 ജില്ലകളിലും ഭൂവിതരണ മേളകൾ സംഘടിപ്പിച്ചു വരികയാണ്.

ചടങ്ങിൽ റവന്യൂ വകുപ്പു മന്ത്രി കെ. പി. രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ എ. കെ. ബാലൻ, പി.കെ. ശ്രീമതി ടീച്ചർ എന്നിവരും മറ്റു ജനപ്രതിനിധികളും സംസാരിച്ചു. പത്ത് സെന്റ് വീതം 1559 പേർക്ക് മിച്ചഭൂമി പട്ടയവും ആലക്കോട് എസ്റ്റേറ്റിൽ 251 ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമിയും വീതമാണ് ചടങ്ങിൽ നൽകിയത്. ഭൂമി അളന്നുതിരിച്ച് സ്ഥലത്തിന്റെ ഭൂപടം ഉൾപ്പെടെ നൽകി. എസ്റ്റേറ്റിലെ വിളകളുള്ള ഏറ്റവും ഫലഭൂയിഷ്ഠമായ ഭൂമിയാണ് വിതരണം ചെയ്തത്. എല്ലാ പ്ലോട്ടിലേക്കും റോഡ് സൗകര്യം ഏർപ്പെടുത്തും.



ആദിവാസികൾക്ക് വിതരണം ചെയ്യാൻ വർഷങ്ങൾക്കു മുമ്പെ ഏറ്റെടുത്തതാണ് ആലക്കോട് എസ്റ്റേറ്റ് ഭൂമി. വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷമാണിവിടെ ആദിവാസികൾ ഭൂമിക്കുടമകളായത്. സംസ്ഥാനത്ത് ഭൂനയം ഉടനെ പ്രഖ്യാപിക്കുമെന്ന് അധ്യക്ഷത വഹിച്ച മന്ത്രി കെ. പി. രാജേന്ദ്രൻ പറഞ്ഞു. സർക്കാർ പിടിച്ചെടുത്ത് ലാന്റ് ബാങ്കിൽ സൂക്ഷിച്ച ഭൂമി നവംബർ 15 മുതൽ വിതരണം ചെയ്യും.

വന പ്രദേശത്ത് താമസിക്കുന്ന മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകാനുള്ള നടപടിയും നവംബറോടെ പൂർത്തിയാക്കുമെന്ന് പട്ടിക വിഭാഗക്ഷേമവകുപ്പുമന്ത്രി എ.കെ. ബാലൻ പറഞ്ഞു. കേന്ദ്രനയമനുസരിച്ചാണ് ഭൂമി നൽകുന്നത്. ഫെബ്രുവരിയോടെ വനാന്തരങ്ങളിൽ താമസിക്കുന്ന പട്ടിക വിഭാഗങ്ങളിൽപ്പെടാത്ത മറ്റ് ആദിവാസികൾക്കും ഭൂമി നൽകും.

16 വയസ്സിന് താഴെയുള്ള കുട്ടികളുടെ കാൻസർ രോഗത്തിന് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി പി.കെ. ശ്രീമതി ചടങ്ങിൽ പറഞ്ഞു. ഇതിനുള്ള എല്ലാ ചെലവുകളും സർക്കാർ വഹിക്കുമെന്നും അവർ അറിയിച്ചു.

**പി.പി ചന്ദ്രൻ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ

# ലക്ഷം വീടുയർന്നു; മാന്ത്രിക സ്പർശത്താൽ

**"വീടുകൾ ഉണ്ടാകുന്നു**, ഞങ്ങൾക്കും ഒരുലക്ഷം വീടുകൾ, ആഹ്ലാദങ്ങൾ തേങ്ങുന്നു വാക്കില്ലാതെ"...... 1975-ൽ തിരുനെല്ലൂർ കരുണാകരൻ കുറിച്ചിട്ട ആ വരികൾ കല്ലറ ഗോപന്റെ ശബ്ദത്തിൽ ഒഴുകിയപ്പോൾ വേദിയിൽ മങ്ങിയ നിറത്തിൽ ലക്ഷം വീട് ഉയർന്നു. വരികൾ അവസാനിക്കുമ്പോഴേക്കും മങ്ങിയ ലക്ഷം വീടിന്റെ സ്ഥാനത്ത് മോടിപിടിപ്പിച്ച് ഭംഗിയാക്കിയ വീട്.

വീടിന്റെ താക്കോൽ മാന്ത്രികൻ മന്ത്രി ബിനോയ് വിശ്വത്തിന് നൽകി...തുറന്നപ്പോൾ വീടിനുള്ളിൽ നിന്ന് തേങ്ങുന്ന ആഹ്ലാദങ്ങളുമായി ഗൃഹനാഥന്റെ വരവ്. സ്നേഹോപഹാരമായി മന്ത്രിക്ക് ആ പാവം മനുഷ്യന്റെ ഉപഹാരം പൂച്ചെണ്ടായി. ആദരമായി സദസ്സിൽ നിന്ന് നിലയ്ക്കാത്ത കൈയടിയും.

എം.എൻ.ലക്ഷം വീട് പുനർനിർമാണപദ്ധതിയുടെ വിഭവസമാഹരണത്തിനുള്ള പ്രചാരണത്തിന്റെ ഭാഗമായി സെനറ്റ് ഹാളിൽ ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച ഇന്ദ്രജാലം ഭവനനിർമാണ ബോർഡ് പരിപാടിയോട് നീതിപുലർത്തുന്നതായി.

സംസ്ഥാന ഭവനനിർമാണബോർഡ് സംഘടി



**ലക്ഷം വീട് പുനർനിർമാണപദ്ധതിയുടെ വിഭവസമാഹരണത്തിനുള്ള പ്രചാരണ പരിപാടി മന്ത്രി എം.എ ബേബി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ബിനോയ് വിശ്വം, പന്ന്യൻ രവീന്ദ്രൻ എം.പി., പി. ഗോവിന്ദപ്പിള്ള എന്നിവർ സമീപം**

# കയർ മേഖലയെ കൈപിടിച്ചുയർത്തുന്നു

**വികസനത്തിന്റെ** പൊൻകതിരൊളി ഇനിയും പതിക്കാത്ത പരമ്പരാഗത തൊഴിൽ മേഖലകളെ കൈപിടിച്ചുയർത്തുന്നതിന് സർക്കാർ പദ്ധതികൾ തയ്യാറാക്കുന്നു. ഇതിന്റെ ഭാഗമായി കയർ മേഖലയെ പുനരുദ്ധരിക്കുന്നതിന് നിരവധി പരിപാടികൾ ശുപാർശ ചെയ്തിരിക്കുകയാണ്. ഉത്പാദനക്ഷമത വർധിപ്പിക്കാനും റാട്ടുകൾ യന്ത്രവത്കരിക്കാനും 10500 കയർപിരിയന്ത്രങ്ങൾ സ്ഥാപിക്കണമെന്നും ഈ മേഖലയിൽ 450.56 കോടി രൂപ ചെലവഴിക്കണമെന്നും സ്ഥാപിക്കുന്നതിന് 20 കോടി രൂപയും ചെലവഴിക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

തൊണ്ടുസംഭരണം,ചകിരി സംസ്കരണം, തൊഴിലാളിക്ഷേമ പദ്ധതികളും കടാശ്വാസ പദ്ധതികളും, ഗവേഷണം ഊർജിതമാക്കൽ, പൊതുമേഖല ശക്തിപ്പെടുത്തൽ, വിപണനത്തിനു കൺസോർഷ്യം തുടങ്ങിയ നിർദേശങ്ങൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. 150–200 തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന രീതിയിൽ സംഘങ്ങൾ പുനഃസംഘടിപ്പിക്കും.




**കയർ മേഖലയിലെ പുനരുദ്ധാരണം സംബന്ധിച്ച റിപ്പോർട്ട് ആനത്തലവട്ടം ആനന്ദനിൽ നിന്ന് മന്ത്രി ജി. സുധാകരൻ ഏറ്റുവാങ്ങുന്നു. ധനമന്ത്രി ടി.എം. തോമസ് ഐസക്, ആസൂത്രണബോർഡംഗം ഡോ. കെ. രാമചന്ദ്രൻ നായർ എന്നിവർ സമീപം**

ഉള്ള നിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് ആനത്തലവട്ടം ആനന്ദൻ ചെയർമാനായുള്ള കയർ മിഷൻ സർക്കാരിനു സമർപ്പിച്ചു.

സംസ്ഥാനത്തെ കയർ മേഖലയുടെ സമഗ്ര വികസനത്തിന് അപ്പക്സ് ബോഡി രൂപീകരിക്കുക, ആസൂത്രണ കമ്മീഷൻ മാതൃകയിൽ കയർവകുപ്പു മന്ത്രി ചെയർമാനും വിദഗ്ധൻ വൈസ് ചെയർമാനുമായുള്ള സമിതി രൂപീകരിക്കുക തുടങ്ങിയ നിർദേശങ്ങളുമുണ്ട്. സ്വകാര്യമേഖലയിലും പൊതുമേഖലയിലുമുള്ള റാട്ടുകൾ യന്ത്രവത്കരിക്കുന്നതിന് 15 കോടി രൂപയും കയർപിരിയന്ത്രങ്ങളുടെ നിർമാണത്തിനും .യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി ആലപ്പുഴയിൽ ഫാക്ടറി പാരമ്പര്യ കയർ ബ്രാൻഡ് ചെയ്തു വിൽക്കും. ഇടവിട്ടുള്ള സംഭരണത്തിനു വില സ്ഥിരതാ ഫണ്ട് ഏർപ്പെടുത്തും. തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമാണപദ്ധതി കേന്ദ്രസഹായത്തോടെ നടപ്പാക്കും. പെൻഷൻതുക സർക്കാർ നൽകണം. ചെറുകിട ഉത്പാദകർക്ക് കടാശ്വാസത്തിനായി 10 കോടിരൂപ മാറ്റിവയ്ക്കണം. ഐ.ടി.ഐകളിലും പോളിടെക്നിക്കിലും കയർ ടെക്നോളജി കോഴ്സുകൾ തുടങ്ങേണ്ടതാണ്. പുനരുദ്ധാരണ പദ്ധതികൾ നാല് വർഷം കൊണ്ട് നടപ്പാക്കാനാണ് ശുപാർശ.

മന്ത്രി ജി.സുധാകരൻ റിപ്പോർട്ട് ഏറ്റുവാങ്ങി. ധനമന്ത്രി ടി.എം. തോമസ് ഐസക് ചടങ്ങിൽ സംബന്ധിച്ചു.

പ്പിച്ച കലാസന്ധ്യയുടെ ഭാഗമായാണ് മുതുകാടിന്റെ ജലാവിദ്യ അരങ്ങേറിയത്. കലാസന്ധ്യ മന്ത്രി എം.എ ബേബി ഉദ്ഘാടനം ചെയ്തു. മന്ത്രി ബിനോയ് വിശ്വം അധ്യക്ഷനായിരുന്നു. 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ലക്ഷം വീട് പുനർനിർമാണത്തിന് 22 കോടി രൂപയാണ് സർക്കാരിന്റേത്. പോരാത്തത് കേരളത്തിലെ ജനങ്ങൾ തരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലക്ഷം വീട് ഭവനപദ്ധതിക്കായി ഏർപ്പെടുത്തിയ ഭാഗ്യക്കുറി വഴി ആറുകോടി 25 ലക്ഷം രൂപ ലഭിച്ചതായും മന്ത്രി പറഞ്ഞു. ഈ സംരംഭത്തിന് എല്ലാവിധ ജനപിന്തുണയും അദ്ദേഹം അഭ്യർത്ഥിച്ചു.

*മാതൃഭൂമി, 16 ഒക്ടോബർ 08*


3

ലക്ഷംവീടുയർന്നു; മാന്ത്രികസ്പർശത്താൽ

# മൊഴിച്ചെപ്പ്

സമ്പത്തിന്റെ യഥേഷ്ടമുള്ള സഞ്ചാരത്തിന് ആഗോള ഭീമൻമാർ ഒരുങ്ങുന്നു. സമ്പത്തിൽ അധിഷ്ഠിത മായ ലോകം ഒരുവൻ ഷോപ്പിങ് മാളായി മാറിയിരിക്കുന്നു. വാങ്ങാൻ കഴിയുന്നവരെക്കാൾ കാഴ്ചക്കാരുള്ള മാൾ. പക്ഷേ, അതിനിടയിലും മുറി വേറ്റ മനുഷ്യരുടെ ഭൂഖണ്ഡങ്ങൾ നില നിൽക്കുന്നുണ്ട്. അവ പദമൂന്നി നിൽക്കുന്നത് സാഹിത്യത്തിലാണ്.

**അശോക് വാജ്പേയ്**

വിവിധ വാദ്യങ്ങൾ പ്രയോഗി ക്കുന്നയാൾ മാസ്റ്റർ ആവില്ല. ഒന്നിൽ കേന്ദ്രീകരിക്കുകയാണ് നല്ലത്. ചെമ്പൈ വയലിൻ വായിച്ചിരുന്നു. പാട്ട റിയാമെങ്കിൽ വയലിനും വഴങ്ങും. ചെണ്ട കൊട്ടുന്ന ഒരാൾക്ക് കൈ നടക്കു മെങ്കിൽ ഇടയ്ക്കയും കൊട്ടാം. പഴയ കണക്കിൽ ചിത്രം വരയ്ക്കാനറിയാ വുന്ന ഒരാൾക്ക് ശില്പം ചെയ്യാം. ഡാവിഞ്ചി ശില്പം ചെയ്തിരുന്നു. കല്ലാ യാലും മണ്ണായാലും കാൻവാസായാലും ചെയ്യാൻ സാധിക്കും. ഒന്നു തന്നെ ആയു ഷ്കാലം പഠിക്കാനുണ്ട്. വാദ്യകലയുമ തെ, പഠനം തീരൽ ഇല്ലല്ലോ

**ആർട്ടിസ്റ്റ് നമ്പൂതിരി**

എങ്ങനെയാണ് ഈ മണ്ണിൽ മത ങ്ങൾ ജനിച്ചത്, മതങ്ങൾ സഞ്ചരിച്ചത് എങ്ങനെയാണ്, ആശയങ്ങൾ കൈമാറ്റം ചെയ്യപ്പെട്ടതെങ്ങനെ തുടങ്ങി ഇന്ത്യൻ ചരിത്രത്തിൽ നിർണായകമായ പലതും ഇന്നത്തെ വിദ്യാർഥികൾ അറിയാതെപോകുന്നു.

**പത്മശ്രീ ടീസ്റ്റ സെറ്റൽവാദ്**

"പാകപ്പെട്ടിട്ടില്ലാത്ത ഒന്നിലും മാറ്റം സ്ഥിരസ്ഥായിയാവില്ല. സ്വയം പാക പ്പെടുകയെന്നാൽ ഘടനയിൽ കാരണ വശാൽ വന്നുപെടുന്ന മാറ്റം എന്നർത്ഥം. കേരളീയസമൂഹം പരി വർത്തനത്തിന് പാകമാണെങ്കിൽ മാത്രമേ പാശ്ചാത്യർക്ക് പരിവർത്തിപ്പി ക്കാൻ കഴിയൂ."

**ഡോ: എം.ആർ. രാഘവവാരിയർ**

ഞാൻ കളി നിർത്തണമെന്ന വിമർശകരുടെ എഴുത്ത് ഞാൻ കാര്യ മാക്കാറില്ല. അതൊക്കെ അവരുടെ അഭിപ്രായം മാത്രമാണ്. അത് എല്ലാ യ്പോഴും ശരിയാകണമെന്നില്ല. എന്റെ മനസിനെക്കുറിച്ച് അവർക്കെങ്ങനെ എഴുതാൻ കഴിയുമെന്ന് എനിക്കറിയി ല്ല. കാരണം, എന്റെ മനസ്സിൽ എന്താ ണെന്ന് എനിക്കുതന്നെ അറിയില്ല.

**സച്ചിൻ ടെൻഡുൽക്കർ**

# ഇടിച്ചക്കപ്ലാമൂട്ടിലെ രാജകുമാരിയും മുഖം മാറുന്ന ബാലപുസ്തകങ്ങളും

വഞ്ചിയൂർ ഗ്രാമത്തിൽ സദാസമയവും പുളു വടിക്കുന്ന ഒരു അണ്ണാച്ചിയുണ്ടായിരുന്നു. അവളുടെ പുളുവടി കാരണം മകൾ കനകത്തിന് ഒരക്കിടി പറ്റി. പാവം കനകം, ആ ഊരാക്കുടുക്കിൽ നിന്ന് ഒരു വിധത്തിൽ രക്ഷപ്പെടുന്നു. എങ്ങനെ? ജിജ്ഞാസാഭരിതമായ ആ കഥയാണ് ഡോ. അച്യുത് ശങ്കർ എസ്. നായർ പറയുന്നത് – *ഇടിച്ചക്കപ്ലാമൂട്ടിലെ രാജകുമാരി* എന്ന പുസ്തകത്തിലൂടെ. ക്ലോഡ് ഷാനന്റെ ഗൗരവമേറിയ ശാസ്ത്രസിദ്ധാന്തങ്ങളാണ് ഈ പുസ്തകം അതീവ ലളിതമായി കുട്ടികളിലെത്തിക്കുന്നത്.















ഈ കൃതിയുൾപ്പെടെ രചനയിലും പുസ്തകനിർമിതിയിലും ഉയർന്ന നിലവാരം പുലർത്തുന്ന കുറേ പുതിയ പുസ്തകങ്ങൾ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ട് കുട്ടികൾക്കായി പുറത്തിറക്കിയിരിക്കുകയാണ്. ലളിതമായ ഭാഷയിൽ ജീവചരിത്ര കഥ പറയുന്ന *കെ. കേളപ്പൻ* (കെ. ശ്രീകുമാർ) ആലോചനാമൃതങ്ങളായ ബാലകവിതകൾ ഉൾപ്പെടുന്ന *ഭൂമി പാടുന്ന ശീലുകൾ* (പി. മധുസൂദനൻ) കളിയിലൂടെ പഠനത്തിനു സഹായിക്കുന്ന ഒറിഗാമി വിദ്യകൾ പരിചയപ്പെടുത്തുന്ന *കളിക്കാം പഠിക്കാം*(അരവിന്ദ് ഗുപ്ത), രസകരങ്ങളായ കഥകൾ ഉൾപ്പെടുത്തിയ *മന്ത്രക്കോട്ടയിലെ മാതളരാജകുമാരി* (സിപ്പി പള്ളിപ്പുറം), വായനയിലേക്ക് കുട്ടികളെ അടുപ്പിക്കുവാൻ സഹായിക്കുന്ന *വായനശാല* (സക്കറിയ) എന്നിവയാണ് മറ്റു പുസ്തകങ്ങൾ. ഒറ്റനോട്ടത്തിൽത്തന്നെ അവ ഒരുകാര്യം വിളിച്ചുപറയുന്നുണ്ട്. ബാലസാഹിത്യ ഇൻസ്റ്റിട്യൂട്ടിന്റെ പുസ്തകപ്രസാധന ശൈലിയുടെ മുഖം മാറുകയാണ്. മുൻപ് ഒട്ടേറെ പുസ്തകങ്ങൾ ഇൻസ്റ്റിട്യൂട്ട് പുറത്തിറക്കിയിട്ടുണ്ടെങ്കിലും കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും കുട്ടികളുടെ മനസിനു പാകമാകുന്ന കാര്യത്തിലുമൊക്കെ ഉയർന്ന നിലവാരം പുലർത്തുന്നവ അക്കൂട്ടത്തിൽ കുറവാണെന്ന വിമർശനമുണ്ടായിരുന്നു. അതു തിരിച്ചറിഞ്ഞ പരിഹരിക്കാൻ സർക്കാരിനും ഇൻസ്റ്റിട്യൂട്ടിന്റെ പുതിയ സാരഥികൾക്കും കഴിഞ്ഞിരിക്കുന്നു എന്ന് പുതിയ പുസ്തകങ്ങൾ ബോദ്ധ്യപ്പെടുത്തും.

**പിഎസ്.ആർ**

## വായനശാലയിലെ അരുണ

**സക്കറിയയുടെ *വായനശാല* എന്ന പുസ്തകത്തെ ഒരു സ്കൂൾ വിദ്യാർത്ഥി വിലയിരുത്തുന്നു.**




**ഞങ്ങൾ** കുട്ടികളുടെ മനസ്സിൽ നിന്നും വായന അകന്നുകൊണ്ടിരിക്കുന്നു എന്ന് എല്ലാവരും പറയുന്നു. പാഠപുസ്തകങ്ങളുടെയും നോട്ടുപുസ്തകങ്ങളുടെയും ചങ്ങലയാൽ വരിഞ്ഞുമുറുക്കപ്പെട്ട കുട്ടികൾക്ക് വായന എന്താണെന്നോ അത് എന്തിനാണെന്നോ ഒന്നും അറിയാൻ കഴിയുന്നില്ല എന്നതാണ് സത്യം. എങ്കിലും പുതിയ പാഠ്യപദ്ധതിയിൽ പഠിക്കുന്ന എന്നെപ്പോലുള്ള കുട്ടികളിൽ പലർക്കും വായന ഒരു ഹരമാകുന്നുണ്ട്. മലയാളത്തിലെ മികച്ച ചെറുകഥാകൃത്തുക്കളിൽ ഒരാളായ ശ്രീ.സക്കറിയയുടെ 'വായനശാല' എന്ന പുസ്തകം വായനയുടെ മഹത്വം ഒരു കുട്ടിയിലൂടെ പറഞ്ഞുപോവുകയാണ്. നമ്മുടെ മരിച്ചുകൊണ്ടിരിക്കുന്ന വായനസംസ്കാരത്തിന് ഉയിർത്തെഴുന്നേൽക്കാൻ പ്രചോദനമാകുന്നു ഈ കൃതി.

അരുണ എന്ന പന്ത്രണ്ടുവയസ്സുകാരി. ഒരു പുസ്തകപ്പുഴു. വായനശാലയുടെ ജീവൻ. വായനശാലയിലെ മിക്കവാറും പുസ്തകങ്ങളും അവളുടെ സ്പർശനമേറ്റിട്ടുള്ളതാണ്. 1000-ൽ ചില്വാനം പേജുകൾ ഉള്ള *യുദ്ധവും സമാധാനവും* കേവലം അഞ്ചാഴ്ച കൊണ്ട് വായിച്ചവളാണവൾ.

ആണ്ടിലൊരിക്കൽ വാർഷിക ഗ്രാന്റുമായി പട്ടണത്തിൽ പോയി സെക്രട്ടറി പുസ്തകങ്ങൾ വാങ്ങുന്ന ദിവസം അവൾക്ക് സന്തോഷത്തിന്റെ ദിനമാണ്. അന്ന് വായനശാലയുടെ നിയമം ലംഘിച്ച് പുസ്തകം രജിസ്റ്ററിൽ എഴുതാതെ അരുണയ്ക്ക് കൊടുക്കേണ്ടി വരും. വായനയോടും പുസ്തകങ്ങളോടുമുള്ള അവളുടെ സ്നേഹം അത്രത്തോളം വലുതായിരുന്നു.

ഒരിക്കൽ ഇതുവരെ അവൾ ശ്രദ്ധിക്കാതെ പോയ ഒരു പുസ്തകം അവൾക്ക് കിട്ടി. തുടക്കത്തിലെ പേജുകളും അവസാനത്തെ പേജുകളുമില്ലാത്ത ലൈബ്രറി മുദ്രയില്ലാത്ത ഒരു അത്ഭുതപുസ്തകം. അവൾ നടുവിലെ ഭാഗമായാലും വായിക്കാൻ തന്നെ തീരുമാനിച്ചു.

അശോക് എന്ന കുട്ടി കണക്ക് ട്യൂഷനു പോകുമ്പോൾ വഴിയിൽ പതിവായി ഉണ്ടാവാറുള്ള പൂച്ചകളിലൊന്ന് അവനോട് സംസാരിച്ചു. താനൊരു കാലപര്യടകൻ ആണെന്നും തന്റെ നാട് സൗരയൂഥത്തിൽ നിന്നും 3000 പ്രകാശവർഷമകലെയുള്ള ഒരു സൂര്യന്റെ അഞ്ചു ഗ്രഹങ്ങളിലൊന്നാണെന്നും ആ പൂച്ച പറഞ്ഞു. "ഒരു യാത്രയ്ക്കിടയിൽ മനോഹരമായ ഭൂമിയിൽ ഒന്നുകയറി. 7018-ാം ആണ്ടാണ്. പൂച്ചകൾ മാത്രമേയുള്ളൂ. അങ്ങനെ താനും ഒരു പൂച്ചയായി വേഷമിട്ടു. അവിടെ പൂച്ചകൾ തമ്മിലുള്ള യുദ്ധത്തിനിടയിൽ എന്റെ കാലപര്യടനത്തിനു സഹായിക്കുന്ന രണ്ട് ബട്ടണുകൾ കളഞ്ഞുപോയി." അതെടുക്കാൻ അശോകിനോട് പോകാൻ പറയുകയും അവൻ പോവുകയും ചെയ്യുന്നു. കാലം മാറി അവൻ മറ്റൊരു സ്ഥലത്ത് അവനെത്തന്നെ നേരിൽ കാണുന്നു. അവർ അതിശയിക്കുന്നു. അതോടെ ആ പുസ്തകത്തിന്റെ താളുകൾ തീരുന്നു. ഇനിയുള്ള കഥയെഴുതി നിങ്ങളുടെ പുസ്തകം വായിക്കുമ്പോഴുള്ള രസം ഞാൻ കളയുന്നില്ല.

വളരെ രസകരമായി കഥകളെ അവതരിപ്പിക്കാനും അതിലൂടെ ഒരു സന്ദേശം വായനക്കാരിലെത്തിക്കാനും ശ്രീ. സക്കറിയയ്ക്ക് കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ കഴിവ്. കഥയ്ക്കനുയോജ്യമായ ചിത്രങ്ങൾ, ആകർഷണീയമായ പുറംചട്ട എന്നിവയും ഈ പുസ്തകം ഒറ്റയിരിപ്പിനു വായിക്കാൻ എന്നെ പ്രേരിപ്പിച്ച ഘടകങ്ങളാണ്. ഈ പുസ്തകത്തിന്റെ ഏറ്റവും വലിയ വിജയമായി ഞാൻ കാണുന്നത് അരുണ വായിക്കുന്ന പുസ്തകത്തിന്റെ ബാക്കി ഭാഗം വായനക്കാരന്റെ സ്വപ്നങ്ങളിലേക്ക് രചയിതാവ് വിട്ടുകൊടുക്കുന്നു എന്നതാണ്. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്താൻ ഈ പുസ്തകത്തിന് കഴിയും. എല്ലാ കൂട്ടുകാരും ഇതു വായിക്കണമെന്നാണ് എന്റെ ആഗ്രഹം.

**ശ്രീരാഗ് എസ്.ആർ.**
ക്ലാസ് എട്ട്, എസ്.എം.വി.ഗവ:മോഡൽ
ഹയർസെക്കൻഡറി സ്കൂൾ,
തിരുവനന്തപുരം.

# മലയിടിച്ചിൽ തടയാൻ രാമച്ചകൃഷി

പ്രകൃതിയുടെ വെല്ലുവിളി നേരിടാൻ പുതിയ പരീക്ഷണത്തിന് തുടക്കം കുറിക്കുകയാണ് മലപ്പുറം ജില്ല. വിജയിച്ചാൽ അത് രാജ്യത്തിന് മുഴുവൻ മാതൃകയാകും.

നിരന്തരം മണ്ണിടിച്ചിൽ ഉണ്ടാകുന്ന ജില്ലയിലെ ആനമറി - നാടുകാണി ചൂരം വനഭാഗങ്ങളിൽ മണ്ണിടിച്ചിൽ തടയുന്നതിന് മലഞ്ചെരിവുകളിൽ രാമച്ചം വച്ചുപിടിപ്പിക്കുന്ന ബൃഹത്തായ പദ്ധതിക്ക് വേദിയാകുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിന്റെയും നിലമ്പൂർ നോർത്ത് വന വികസന ഏജൻസിയും വെള്ളക്കട്ട വന സംരക്ഷണ സമിതിയുടെയും നേതൃത്വത്തിലാണ് പദ്ധതി. ദേശീയ തൊഴിലുറപ്പ് പദ്ധതി വനമേഖലയിലെ വന സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങളുമായി സംയോജിക്കുന്ന സംസ്ഥാനത്തെ ആദ്യ സംരംഭമാണിത്. മണ്ണ് മണ്ണ് പിടിച്ചു നിർത്താൻ സാധിക്കുന്ന പക്ഷം ഒരു പരിധി വരെ മണ്ണൊലിപ്പും തുടർന്നുള്ള മണ്ണിടിച്ചിലും ഇല്ലാതാക്കാൻ സാധിക്കുമെന്ന അറിവിലാണ് ആഴത്തിൽ വേരോട്ടമുള്ളതും എന്നാൽ അധികം പരിചരണം ആവശ്യമില്ലാത്തതുമായ രാമച്ചം പദ്ധതിക്ക് ജില്ലാ കലക്ടർ എം. സി.മോഹൻ ദാസ് ഉൾപ്പടെയുള്ളവരെ പ്രേരിപ്പിച്ചത്.

പദ്ധതി പ്രകാരം മൂന്നു ഘട്ടങ്ങളിലായി നാടുകാണിച്ചൂരത്തിന്റെ ആനമറി ഭാഗം മുതൽ റോഡിനിരുവശവും പല തട്ടുകളിലായി എട്ടു കിലോ മീറ്റർ ദൂരം 55.75 ലക്ഷം രൂപ ചെലവഴിച്ച് വി.എസ് - 9 എന്ന പ്രത്യേക വിഭാഗത്തിൽപ്പെട്ട രാമച്ചം വച്ചു പിടിപ്പിക്കും. പദ്ധതി വിജയിക്കുന്ന പക്ഷം 8 കി. മീറ്ററിലേറെ ദൈർഘ്യം വരുന്നതും 40-75 ഡിഗ്രി വരെ ചരിവുള്ളതുമായ വലിയ ഭൂഭാഗം സംരക്ഷിക്കാൻ കഴിയും. പരോക്ഷമായി ആനമറി നാടുകാണി ചൂരത്തിന് മുകളിലും താഴെയുമുള്ള കാരകോടൻ പുഴ വരെയുള്ള 6000 ഏക്കർ വിസ്തൃതി വരുന്ന ഭൂഭാഗത്തെ സംരക്ഷിച്ച് നിർത്താൻ ഇത് സഹായിക്കും.



വനംമന്ത്രി ബിനോയ് വിശ്വം പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കുന്നു.

രാമച്ചത്തെക്കുറിച്ച് കേൾക്കുമ്പോൾ അതിന്റെ ഗന്ധമാണ് ഓർമ്മ വരിക. എന്നാൽ മണ്ണൊലിപ്പ് തടയുന്നതിന് ഗന്ധമുള്ള രാമച്ചം ആവശ്യമില്ലല്ലോ. ഒരു ദീർഘകാല വിള എന്ന നിലയിലാണ് മലഞ്ചെരിവുകളിൽ രാമച്ചം വച്ചുപിടിപ്പിക്കുന്നത്. അതുകൊണ്ടാണ് കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി ഈ മേഖലയനോബെൽവെറ്റിവേർ നെറ്റ്‌വർക് ക്രോഡീകരിച്ച വി. എസ് -9 (ശാസ്ത്ര നാമം - ക്രിസോപോഗൻ സിസനോയിഡിസ്) എന്നയിനം രാമച്ചം പ്രത്യേകമായി തെരഞ്ഞെടുത്ത് ഈ മലഞ്ചെരിവുകളിൽ ശാസ്ത്രീയമായി നട്ടുപിടിപ്പിക്കുന്ന ഈ പദ്ധതിക്ക് രൂപം നൽകിയത്. വന മേഖലയിലെ മലയിടിച്ചിലിന് പ്രതിവിധിയെന്ന നിലയിലുള്ള ആദ്യത്തെ സംരംഭമാണിത്. അതുകൊണ്ടുതന്നെ സൂചകങ്ങളോ വിജയഗാഥകളോ ഇതിനില്ല. ആത്മാർത്ഥമായ നിരീക്ഷണവും കർമശേഷിയും കുറ്റമറ്റ പരിചരണവും നൽകി തദ്ദേശവാസികളുടെ സഹകരണത്തോടെ പദ്ധതി വിജയിപ്പിക്കാനുള്ള ശ്രമത്തിലാണ് ഏവരും.

ജലം എന്നിവയുടെ സംരക്ഷണവും വനത്തിന്റെ സുസ്ഥിരതയും ഉറപ്പ് വരുത്തുന്നതും, ഒപ്പം 26,392 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതുമായ ഈ പദ്ധതി വനം മന്ത്രി ബിനോയ് വിശ്വം ആനമറിയിൽ ഉദ്ഘാടനം ചെയ്തു.

രണ്ടു വർഷത്തിനുള്ളിൽ ചെറുതും വലുതുമായ ഒൻപതോളം മലയിടിച്ചിലുകൾ ഉണ്ടായ ഭൂഭാഗമാണ് ആനമറി - നാടുകാണി മലഞ്ചെരിവ്. 2007 ൽ തണുപ്പൻചോലയിലുണ്ടായ മലയിടിച്ചിലിൽ നിലമ്പൂർ - ഗുഡല്ലൂർ റോഡിലെ ഗതാഗതം ഉദ്ദേശം രണ്ട് മാസത്തിലേറെക്കാലം തടസപ്പെട്ടിരുന്നു.പാളികളായി കിടക്കുന്ന ഭൗമഘടന, ഘട്ടം ഘട്ടമായി അപ്രതീക്ഷിതമായി ഊർന്നിറങ്ങിപോകുന്ന മണ്ണ് അവശേഷിപ്പിക്കുന്ന അന്തർപാളികൾ, ഉപരിതലത്തിന്റെ താഴ്ചയായും വിള്ളലായും പരിണമിക്കുന്നു എന്ന് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ ഇവിടെ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും ഭൗമപാളികൾക്ക് ഇളക്കം തട്ടാതെയും ലഭ്യമായ

**രാധാകൃഷ്ണൻ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം.

## സെസ് നയം പുതുക്കി ഉത്തരവായി

സ്പെഷ്യൽ ഇക്കണോമിക് സോൺ (സെസ്) (പ്രത്യേക സാമ്പത്തിക മേഖല) സംബന്ധിച്ച് പുതുക്കിയ നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

സെസ് പദവി ലഭിക്കുന്ന ഭൂമിയുടെ 50 ശതമാനം വ്യവസായ ആവശ്യത്തിനുണ്ടാക്കി പാർപ്പിടം, ഹോട്ടൽ, വാണിജ്യം, റിക്രിയേഷൻ റോഡ് തുടങ്ങിയ അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കാമെന്നാണ് ഇപ്പോഴത്തെ കേന്ദ്ര സർക്കാർ നയം. എന്നാൽ കേരളത്തിൽ സെസ് പദവി ലഭിക്കുന്ന ഭൂമിയുടെ 70 ശതമാനം വ്യവസായ ആവശ്യത്തിനും 30 ശതമാനം അനുബന്ധ കാര്യങ്ങൾക്കും ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. അനുബന്ധ കാര്യങ്ങൾക്കുപയോഗിക്കുന്ന ഭൂമിയിൽ നിർമിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ പ്രസ്തുത സെസിലെ ജീവനക്കാരുടെ താമസസ്ഥലം മാത്രമായി ഉപയോഗിക്കണം. പുറമെയുള്ളവർക്ക് വില്പന നടത്താൻ പാടില്ല. ഈ വ്യവസ്ഥകൾ ഇതുവരെ കേന്ദ്ര അംഗീകാരം ലഭിച്ചതും വികസന പ്രവർത്തനം നടന്നിട്ടില്ലാത്തതും ഭാവിയിൽ അംഗീകാരം ലഭിക്കുന്നതുമായ എല്ലാ സെസുകൾക്കും ബാധകമാണ്.

വാറ്റ് ഉൾപ്പെടെ കെ.ജി.എസ്.ടി. ആക്ട് പ്രകാരം പിരിക്കുന്ന നികുതികളിൽ നിന്ന് സെസിലെ വ്യവസായ സംരംഭങ്ങളെ മാത്രം പ്രവർത്തനം ആരംഭിച്ച് 10 വർഷം വരെ ഒഴിവാക്കുന്നതാണ്.

സംസ്ഥാനത്തെ സെസുകളെ തൊഴിൽ നിയമങ്ങൾ, ട്രെയിഡ് യൂണിയൻ നിയമങ്ങൾ, ക്ഷേമനിധി നിയമം, പ്രോവിഡന്റ് ഫണ്ട് നിയമം, ഫാക്ടറീസ് ആക്ട്, ഗ്രാറ്റുവിറ്റി ആക്ട് തുടങ്ങി തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട ഒരു നിയമത്തിൽ നിന്നും ഒഴിവാക്കാവുന്നതല്ല. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ അധ്യായം അഞ്ച് ബിയിൽ നിന്നും സെസുകളെ ഒഴിവാക്കുമെന്ന കേന്ദ്ര വ്യവസ്ഥ നടപ്പാക്കുന്നതല്ല.

സെസുകളിൽ കോൺട്രാക്ട് ലേബർ റെഗുലേഷൻ ആന്റ് അബോളിഷൻ ആക്ടിന്റെ വ്യവസ്ഥകൾ ബാധകമായിരിക്കും. എല്ലാ സെസുകളിലും പഞ്ചായത്ത് രാജ് ആക്ട് ബാധകമായിരിക്കും. പ്രസ്തുത ആക്ടിലെ 200-ാം വകുപ്പിൽ ആർക്കും ഒഴിവ് നൽകുന്നതല്ല.

സെസുകളിൽ സിംഗിൾ വിൻഡോ ക്ലീയറൻസ് ആക്ട് ബാധകമായിരിക്കും. മിച്ചഭൂമി കേസുകളുള്ളവരെ ശുപാർശ ചെയ്യുന്നതല്ല. പദ്ധതി നിർമാണം ആരംഭിക്കുന്നതിന് മുൻപായി ഈ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ടുള്ള കരാർ സംരംഭകരുമായി ഒപ്പുവയ്ക്കേണ്ടതാണ്.

ഈ നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിജ്ഞാപനങ്ങളിൽ മാറ്റം വരുത്തുന്നതും പുതിയ വിജ്ഞാപനം ഇറക്കുന്നതുമാണ്.

## 2009 ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരമുള്ള പൊതു അവധിദിനങ്ങൾ

2009 കലണ്ടർ വർഷം നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം ചുവടെ പറയുന്ന തീയതികളിൽ പൊതു അവധിയായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. ജനുവരി 26 റിപ്പബ്ലിക് ദിനം, ഫെബ്രുവരി - 23 ശിവരാത്രി, മാർച്ച് ഒൻപത് - മിലാഡി ഷെരീഫ്, ഏപ്രിൽ ഒന്ന് - വാർഷിക കണക്കെടുപ്പ്, ഏപ്രിൽ 10 - ദുഃഖവെള്ളി, 14 - വിഷു/അംബേദ്കർ ജയന്തി, മെയ് ഒന്ന് - മെയ് ദിനം, ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം, സെപ്റ്റംബർ ഒന്ന് - ഒന്നാം ഓണം, സെപ്റ്റംബർ രണ്ട് - തിരുവോണം, സെപ്റ്റംബർ നാല് - ശ്രീനാരായണ ഗുരു ജയന്തി, സെപ്റ്റംബർ 21 - ശ്രീനാരായണ ഗുരുസമാധി, സെപ്റ്റംബർ 28 - വിജയദശമി, സെപ്റ്റംബർ 30 - അർദ്ധ വാർഷിക കണക്കെടുപ്പ്, ഒക്ടോബർ രണ്ട് - ഗാന്ധി ജയന്തി, ഒക്ടോബർ 17 - ദീപാവലി, നവംബർ 27 - ബക്രീദ്, ഡിസംബർ 25 - ക്രിസ്തുമസ്. ഈ ദിവസങ്ങൾക്ക് പുറമെ ഞായറാഴ്ചകളും അവധിയായിരുക്കും. ഈസ്റ്റർ (ഏപ്രിൽ 12), റംസാൻ (സെപ്റ്റംബർ 20), മഹാനവമി (സെപ്റ്റംബർ 27) എന്നിവ ഞായറാഴ്ചകളിലാണ്.

## ഡോക്ടർമാരുടെ രജിസ്ട്രേഷൻ

സംസ്ഥാനത്ത് മോഡേൺ മെഡിസിനിൽ പ്രാക്ടീസ് നടത്തുന്ന എല്ലാ ഡോക്ടർമാരും അവരുടെ അംഗീകൃത ബിരുദവും ബിരുദാനന്തര ബിരുദങ്ങളും ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യണം. അംഗീകൃത യോഗ്യതയും രജിസ്ട്രേഷനും ഇല്ലാതെ പ്രാക്ടീസ് ചെയ്യാൻ പാടില്ലെന്ന് കൗൺസിൽ രജിസ്ട്രാർ അറിയിച്ചു.

അധിക യോഗ്യത രജിസ്റ്റർ ചെയ്യാത്തവർ പേരിനൊപ്പം അത് പ്രദർശിപ്പിക്കാനോ സ്പെഷ്യലിസ്റ്റായി പ്രാക്ടീസ് ചെയ്യാനോ പാടില്ല.

## സഹകരണ ബാങ്കുകൾ പലിശനിരക്ക് പുതുക്കി

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും സ്ഥിര നിക്ഷേപങ്ങൾക്ക് നൽകേണ്ട പരമാവധി പലിശ നിരക്ക് ഒക്ടോബർ ഒന്നു മുതൽ പരിഷ്കരിച്ചു. ബാങ്കുകളിൽ നിക്ഷേപിക്കുന്ന സ്ഥിര നിക്ഷേപ പലിശ നിരക്ക് ശതമാനക്കണക്കിൽ ചുവടെ:

നിക്ഷേപങ്ങളുടെ കാലാവധി, സംസ്ഥാന സഹകരണ ബാങ്കിലെ പലിശ നിരക്ക്, ജില്ലാ സഹകരണ ബാങ്കിലെ പലിശ നിരക്ക്, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/അർബൻ സഹകരണ ബാങ്കുകൾ നൽകുന്ന പലിശ നിരക്ക് എന്ന ക്രമത്തിൽ,

15 ദിവസം മുതൽ 45 ദിവസം വരെ അഞ്ച്, അഞ്ച്, 5.25. 46 ദിവസം മുതൽ 90 ദിവസം വരെ ആറ്, ആറ്, 6.25. 91 ദിവസം മുതൽ 179 ദിവസം വരെ ആറ്, ഏഴ് മുതൽ 7.25 വരെ, 7.50 180 ദിവസം മുതൽ 364 ദിവസം വരെ എട്ട്, 8.50, 8.75. ഒരു വർഷം മുതൽ രണ്ടു വർഷത്തിനു താഴെ വരെ 8.75, 10.25, 10.50. രണ്ടു വർഷം മുതൽ മൂന്ന് വർഷത്തിനു താഴെ വരെ 8.75, 10, 10.25. മൂന്ന് വർഷം മുതൽ അഞ്ച് വർഷത്തിനു താഴെ വരെ ഒൻപത്, 9.50, 9.75. അഞ്ച് വർഷവും അതിനു മുകളിലും 9.25, 9.25, 9.75.

മേൽ നിരക്കുകൾക്ക് പുറമെ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് അര ശതമാനം മുതൽ ഒരു ശതമാനം വരെ അധിക പലിശ നൽകും.

## ലേബർ ബഡ്ജറ്റ് രൂപീകരണം: മാർഗനിർദേശം പുറപ്പെടുവിച്ചു

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2009-2010 ലേക്കുള്ള ലേബർ ബഡ്ജറ്റിന്റെയും കർമ്മ പദ്ധതിയുടെയും രൂപീകരണം സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു.

പദ്ധതി നടപ്പാക്കിയ 10 ജില്ലകൾ ഉൾപ്പെടെ മുഴുവൻ ജില്ലകൾക്കും ലേബർ ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം നേടിയാൽ മാത്രമെ അടുത്ത സാമ്പത്തിക വർഷം ഫണ്ട് അനുവദിക്കുകയുള്ളൂ. അതിനാൽ നവംബർ 12 ന് മുൻപ് ഗ്രാമപഞ്ചായത്തിന്റെയും നവംബർ 26 ന് മുൻപ് ബ്ലോക്ക് പഞ്ചായത്തിന്റെയും അംഗീകാരം നേടി ജനുവരി 12 ന് മുൻപ് സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ അനുമതി വാങ്ങേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതി ആദ്യം നടപ്പാക്കിയ വയനാട്, പാലക്കാട്, കാസർകോട്, ഇടുക്കി ജില്ലകളിലെ ലേബർ ബഡ്ജറ്റ് അംഗീകരിച്ച് ഈ വർഷത്തേക്ക് 168 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ അടുത്ത വർഷത്തേക്കുള്ള ഫണ്ട് അനുവദിക്കുന്നത് ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ്. ഗ്രാമപഞ്ചായത്തുകളിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് ആദ്യം കർമ്മ പദ്ധതി തയ്യാറാക്കുന്നതിനും അതിനെ അടിസ്ഥാനമാക്കി എത്ര തൊഴിൽദിനങ്ങൾ വേണ്ടിവരുമെന്ന് മുൻകൂട്ടി കണക്കാക്കുന്നതിനുമാണ് ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത്.

# സാമൂഹിക സുരക്ഷാമിഷൻ

അവശത അനുഭവിക്കുന്നവരുടെയും പാവപ്പെട്ടവരുടെയും പ്രായമായവർ, സ്ത്രീകൾ, ക്യാൻസർ രോഗികൾ തുടങ്ങിയവരുടെയും സംരക്ഷണം ലക്ഷ്യമാക്കി സാമൂഹിക ക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹിക സുരക്ഷാ മിഷൻ രൂപീകരിച്ചു.

പ്രായമായവരുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ള പ്രത്യേക പദ്ധതികളും സാമൂഹിക സുരക്ഷാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുക, അവശത അനുഭവിക്കുന്നവർക്ക് സഹായം ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പാക്കുക, സാമൂഹിക ക്ഷേമ സ്ഥാപനങ്ങൾ നവീകരിക്കുക, സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനൊപ്പം നിരാലംബരുടെ പുനരധിവാസവും പാവപ്പെട്ടവർക്കിടയിലെ പോഷകാഹാര ലഭ്യതാ നിലവാരവും ഉയർത്തുക, ക്യാൻസർ ബാധിതരായ കുട്ടികളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതി നടപ്പാക്കുക, സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണവും വിവരശേഖരണവും നടത്തുക, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിൽ താത്പര്യമുള്ള സംഘടനകൾക്ക് പരിശീലനം നൽകുക തുടങ്ങിയവയാണ് മിഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്ന മിഷന്റെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും. സാമൂഹിക ക്ഷേമ മന്ത്രി ചെയർമാനും സാമൂഹിക ക്ഷേമ സെക്രട്ടറി വൈസ് ചെയർമാനുമായി രൂപീകരിക്കുന്ന ഗവേണിങ് ബോഡിയിൽ തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യം, ആസൂത്രണം, സാമ്പത്തിക കാര്യം, ആരോഗ്യ വകുപ്പ് സെക്രട്ടറിമാർ, സാമൂഹിക ക്ഷേമം, ആരോഗ്യം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർമാർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സർക്കാർ നാമനിർദേശം ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരായ നാല് പേർ അംഗങ്ങളും സാമൂഹിക സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമാണ്.

സാമൂഹിക ക്ഷേമ സെക്രട്ടറി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഫിനാൻസ് (എക്സ്പെൻഡിച്ചർ) സെക്രട്ടറി, സാമൂഹിക സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടർ, സർക്കാർ നാമനിർദേശം ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധൻ എന്നിവർ അംഗങ്ങളാണ്.

# കുടുംബി സമുദായത്തിന് ഒരു ശതമാനം സംവരണം

കുടുംബി സമുദായത്തിന് പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഒരു ശതമാനം സംവരണം നൽകുന്നതിന് ഉത്തരവായി. സ്റ്റേറ്റ് മെരിറ്റ് ക്വാട്ടയിൽ ഒരു ശതമാനം കുറവു വരുത്തി എസ്.ഇ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ഇത് തരപ്പെടുത്തിയത്.

കുടുംബി സമുദായത്തെ വിദ്യാഭ്യാസാനുകൂല്യത്തിനായി ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. വിവിധ കോഴ്സുകൾക്ക് പട്ടികജാതിയിൽപ്പെട്ട അപേക്ഷകർ ഇല്ലാതെ വന്നാൽ അത്തരം സീറ്റുകളും സംവരണം ചെയ്തിട്ടുണ്ട്. കുടുംബി സമുദായത്തെ ഉദ്യോഗ സംവരണത്തിനായി ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവരെ ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്.

# ഭരണഘടനയുടെ ഇംഗ്ലീഷ് – മലയാളം പതിപ്പ്

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമാണ) കമ്മീഷൻ പ്രസിദ്ധീകരിച്ച ഭാരത ഭരണഘടനയുടെ ഇംഗ്ലീഷ് – മലയാളം ദ്വിഭാഷ പതിപ്പ് കമ്മീഷന്റെ തിരുവനന്തപുരം പേട്ട മൂന്നുമുക്കിലുള്ള ആഫീസിൽ വില്പനയ്ക്ക് തയ്യാറായി. രാവിലെ 11 മുതൽ മൂന്ന് മണിവരെയാണ് വില്പന സമയം. 256/– രൂപ വിലയുള്ള ഗ്രന്ഥത്തിന് 20 ശതമാനം തുക കമ്മീഷൻ കിഴിച്ച് 205/– രൂപയാണ് ഈടാക്കുന്നത്. പുസ്തകം തപാലിൽ ലഭിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ 235/– രൂപയും മറ്റ് സ്ഥലങ്ങളിലേക്ക് കമ്മീഷൻ ആസ്ഥാനത്ത് നിന്നും 500 കി.മീ വരെ 252 രൂപയും 1000 കി.മീ വരെ 263/– രൂപയും അതിൽ കൂടുതൽ ദൂരത്തേക്ക് 274/– രൂപയുമാണ്. തുക മണി ഓർഡറായി സെക്രട്ടറി, കേരള ഔദ്യോഗിക ഭാഷാ (നിയമനിർമാണ) കമ്മീഷൻ, മൂന്നുമുക്ക്, പേട്ട പി.ഒ, തിരുവനന്തപുരം – 24 വിലാസത്തിൽ അയയ്ക്കണം. ചെക്ക്, ഡ്രാഫ്റ്റ് എന്നിവ സ്വീകരിക്കുന്നതല്ല. വിശദവിവരം 0471 –2743131, 2743657 എന്നീ ഫോൺ നമ്പരുകളിൽ ലഭിക്കും.



# പരസ്പരം

ഞാൻ 53 വയസുള്ള കൊല്ലം സ്വദേശിയാണ്. എനിക്ക് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്?. അതിനുള്ള അർഹതയുടെ മാനദണ്ഡം എന്താണ്?

**സുശീലൻ**
കാരയ്ക്കോട്

കേരളത്തിൽ ജനിച്ചവർക്കും അവരുടെ മക്കൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭിക്കും. മറ്റു സംസ്ഥാനങ്ങളിൽ ജനിച്ചിട്ട് വിവാഹാനന്തരം കേരളത്തിൽ സ്ഥിരതാമസമാക്കുന്നവരുടെ കുട്ടികൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള അർഹതയുണ്ട്.

അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളപേപ്പറിൽ അപേക്ഷിക്കാം.( SC /ST വിഭാഗക്കാർ സ്റ്റാമ്പ് പതിക്കണ്ട). അപേക്ഷയിൽ പേര്, വിലാസം, ജനനസ്ഥലം, മാതാപിതാക്കളുടെ പേരും ജനനസ്ഥലവും എന്നിവ ഉൾപ്പെടുത്തി, വില്ലേജ് ഓഫീസർക്ക് അപേക്ഷിക്കണം. റേഷൻ കാർഡും ഓഫീസർ ആവശ്യപ്പെടുന്ന രേഖകളും ഹാജരാക്കേണ്ടതാണ്. മറ്റ് ആവശ്യങ്ങൾക്കുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസറാണ് നൽകുക.

സർട്ടിഫിക്കറ്റ് സംസ്ഥാന കേന്ദ്ര പ്രതിരോധ തലങ്ങളിൽ ഹാജരാക്കേണ്ടതാണെങ്കിൽ അപേക്ഷ തഹസീൽദാർക്കാണ് നൽകേണ്ടത്.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001* ***വിലാസത്തിൽ അയയ്ക്കുക.***






# പെൺമയുടെ നൻമ സംവാദം വിളംബരം ചെയ്തു

**സ്കൂളിനും ആശുപത്രിക്കും** ഭൂമിക്കും കൂലിക്കും റേഷനും ഉൾപ്പെടെയുള്ള ജനകീയാവശ്യങ്ങളോട് വിവിധ കാലങ്ങളിൽ സർക്കാരുകൾ ക്രിയാത്മകമായി പ്രതികരിച്ചപ്പോഴാണ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന് മുന്നേറാനായതെന്നും ഈ മുന്നേറ്റമാണ് കേരള വികസന മാതൃകയെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക് പറഞ്ഞു. കേരളത്തിലെ വിദ്യാഭ്യാസ-ആരോഗ്യ-പൊതുവിതരണ രംഗത്തുണ്ടായ മുന്നേറ്റങ്ങൾ ഏതെങ്കിലും പ്രജാക്ഷേമതത്പരരായ രാജാക്കൻമാരുടെ സംഭാവനകളല്ലെന്നും ഇത് സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ നിരന്തരം ചെലുത്തിവന്ന സമ്മർദങ്ങളുടെ ഫലമാണെന്നും അവർ പറഞ്ഞു. ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലാ ഇൻഫർമേഷൻ ആഫീസ് കിഴക്കേ യാക്കര പുരോഗമന ഗ്രന്ഥശാലയുടെ സഹകരണത്തോടെ സംഘടിപ്പിച്ച 'പെൺമയുടെ നൻമ' എന്ന സംവാദത്തിൽ പങ്കെടുത്ത് ഇത് സംബന്ധിച്ച ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അവർ. തദ്ദേശസ്ഥാപനങ്ങളിലെ വനിതാ അംഗങ്ങളാണ് സംവാദത്തിൽ പങ്കെടുത്തത്.

നിയമം മൂലം തദ്ദേശഭരണ സ്ഥാപനങ്ങളിൽ മൂന്നിലൊന്നു സ്ഥാനങ്ങളിൽ സ്ത്രീകൾ എത്തിയിട്ടുണ്ടെങ്കിലും ഈ പ്രാതിനിധ്യം രാഷ്ട്രീയ പാർട്ടികളിലും ഉണ്ടാകേണ്ടതിനെപ്പറ്റിയാണ് ജില്ലാ പഞ്ചായത്തംഗം പി.വിജയലക്ഷ്മി സൂചിപ്പിച്ചത്.

നിലവിലെ പുരുഷ കേന്ദ്രീകൃത ഭരണ നേതൃത്വം ഒരിക്കലും തങ്ങളെ അടിച്ചമർത്തുന്ന നയം സ്വീകരിച്ചിട്ടില്ലെന്നും-ആദ്യകാല ഗ്രാമസഭകൾ ഇതിനുതെളിവാണെന്നും ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷ അഡ്വ. കെ.ശാന്തകുമാരി പറഞ്ഞു.

അധികാരം വികേന്ദ്രീകരിക്കണമെന്ന് ആഗ്രഹിക്കുന്നവരും കേന്ദ്രീകരിക്കണമെന്ന് ആഗ്രഹിക്കുന്നവരും തമ്മിലുള്ള സമരമാണ് ജനകീയാസൂത്രണത്തിന്റെ രാഷ്ട്രീയമെന്ന് തുടർന്ന് സംസാരിച്ച കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തംഗം ബിനുമോൾ പറഞ്ഞു. ഈ അഭിപ്രായം എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും ഏറ്റക്കുറച്ചിലുകളോടെ നിലനിൽക്കുന്നതായും അവർ പറഞ്ഞു.

കുടുംബശ്രീ ആയാലും തൊഴിലുറപ്പ് പദ്ധതി ആയാലും ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് രൂപം കൊണ്ട സ്ത്രീകളുടെ കൂട്ടായ്മ മുളയിലെ തകരാതെ വളർത്തിയെടുക്കാൻ പൊതുസമൂഹത്തിനും പ്രസ്ഥാനങ്ങൾക്കും ബാധ്യതയുണ്ടെന്ന് മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് യു.ലക്ഷ്മീദേവി അഭിപ്രായപ്പെട്ടു. പുരോഗമന ഗ്രന്ഥശാല ഹാളിൽ നടന്ന സംവാദത്തിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങളായ എൻ.ശിവകുമാരി, ടി.സി.രാധ, ഇന്ദിരാ ബാലകൃഷ്ണൻ, പുഷ്പലത, എൻ.ഇന്ദിര, കൊടുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ.ജയ എന്നിവരും തങ്ങളുടെ അനുഭവങ്ങൾ വിശദീകരിച്ചു. അസി.എഡിറ്റർ വി.പി.സുലഭ സ്വാഗതം പറഞ്ഞു. ഗ്രന്ഥശാല സെക്രട്ടറി ആർ. ഗംഗാധരൻ നന്ദി പറഞ്ഞു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ടി.സി.ജോസഫ്, അസി.ഇൻഫർമേഷൻ ഓഫീസർ പി.വി.കവിത എന്നിവർ നേതൃത്വം നൽകി.

**വി.പി.സുലഭ**
അസിസ്റ്റന്റ് എഡിറ്റർ, പാലക്കാട്

# സംശയമില്ല, ദൈവത്തിന്റെ നാടുതന്നെ


**പാലക്കാട്** നഗരത്തിൽ നിന്ന് എട്ട് കി.മീ. വടക്ക് സ്ഥിതിചെയ്യുന്ന അകത്തേത്തറ ഗ്രാമത്തിലെ കൽമാടം അയ്യപ്പക്ഷേത്രമുറ്റത്ത് നടന്ന ചരിത്രത്തിന്റെ നേരറിവ് തേടിയുള്ള കൂട്ടായ്മ വർത്തമാന സമൂഹത്തിന് മാതൃകയായി. ഗാന്ധിജയന്തി വാരാഘോഷങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസാണ് പരിപാടി സംഘടിപ്പിച്ചത്. അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെയും പുരോഗമന കലാസാഹിത്യ സംഘത്തിന്റെയും സഹകരണത്തോടെ നടന്ന കൂട്ടായ്മയിൽ നാനാജാതി മതസ്ഥരായ നൂറു കണക്കിനാളുകൾ പങ്കെടുത്തു.

ക്ഷേത്രപ്രവേശനത്തിനും വളരെ മുമ്പേ, അധഃസ്ഥിതനു തുറന്നുകൊടുത്ത ക്ഷേത്രമാണ് കൽമാടം അയ്യപ്പക്ഷേത്രം. ആദ്യത്തെ അധഃസ്ഥിത പൂജാരിയും ഇവിടെ നിന്നായിരുന്നു. അധഃസ്ഥിതൻ ദേവസന്നിധിയിലെത്തിയതിൽ പ്രതിഷേധിച്ച് ശാന്തിക്കാരൻ പൂജ ചെയ്യാൻ മടിച്ചപ്പോൾ ക്ഷേത്രത്തിന് സ്ഥലം സംഭാവന ചെയ്ത പാലക്കാട് രാജവംശത്തിലെ അപ്പുയജമാനൻ തന്നെ പൂജാരിയായും ബ്രാഹ്മണ്യത്തിന് വെല്ലുവിളി ഉയർത്തിയതും ഇവിടെ ആയിരുന്നു. 1934-ലെ ശബരി ആശ്രമ സന്ദർശന വേളയിൽ കസ്തൂർബാഗാന്ധിയാണ് ക്ഷേത്രം അധഃസ്ഥിതർക്കായി തുറന്നുകൊടുത്തത്-ക്ഷേത്രപ്രവേശന വിളംബരത്തിന് രണ്ട് വർഷം മുമ്പ്.

ക്ഷേത്രം ചുറ്റുമതിലിനകത്ത്, സോപാനത്തിനഭിമുഖമായി തീർത്ത പ്രത്യേക പന്തലിലായിരുന്നു കൂട്ടായ്മ. നാനാജാതി മതസ്ഥരായ വിശ്വാസികളും ഒരു മതത്തിലും വിശ്വസിക്കാത്തവരുമായ നൂറു കണക്കിനാളുകളുടെ സാന്നിധ്യം കൊണ്ട് ധന്യമാക്കിയ സദസ്-മതിലുകളെല്ലാം ഇടിഞ്ഞു വീണ് മനസിന്റെ വാതിലുകൾ വാനോളം വളർന്ന ഈ ധന്യച്ചടങ്ങിൽ പങ്കെടുത്ത ആന്ധ്രാ സ്വദേശിയായ ജില്ലാ കലക്ടർ കെ.എസ്.ശ്രീനിവാസ് ഒരു കാര്യം സാക്ഷ്യപ്പെടുത്തി. 'സംശയമില്ല-കേരളം ദൈവത്തിന്റെ സ്വന്തം നാടുതന്നെ'

**റ്റി.സി.ജോസഫ്**, ജില്ലാഇൻഫർമേഷൻ ഓഫീസർ, പാലക്കാട്







## ഇന്ത്യ ചന്ദ്രനിലേയ്ക്ക്

ശ്രീഹരിക്കോട്ടയിൽ ചരിത്രം പിറന്നു. 1968-ൽ ആരംഭിച്ച ഇന്ത്യൻ ബഹിരാകാശ ദൗത്യമാണ് ഒക്ടോബർ 22-ന് രാവിലെ 6.22-ന് സാക്ഷാത്കരിക്കപ്പെട്ടത്. ചാന്ദ്ര രഹസ്യങ്ങളുടെ ചുരുളഴിക്കാൻ ചന്ദ്രയാൻ ഒന്നുമായി പി.എസ്.എൽ.വി.സി. 11 സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് കുതിച്ചുയർന്നപ്പോൾ എഴുതിച്ചേർക്കപ്പെട്ടത് ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിലെ പുതിയ അധ്യായമാണ്. രാജ്യം ഉറ്റുനോക്കുന്ന നിർണായക നിമിഷങ്ങളാണിനി. ഒക്ടോബർ 22 മുതൽ നവംബർ 14 വരെ. നമ്മുടെ പേടകം ചന്ദ്രനിൽ ഇറങ്ങുന്നത് നവംബർ 14-നാണ്. ചന്ദ്രയാൻ ഒന്നിന്റെ വിജയത്തിലൂടെ റഷ്യ, അമേരിക്ക, ജപ്പാൻ, ചൈന, യൂറോപ്യ സ്പേസ് ഏജൻസി എന്നിവർ അംഗങ്ങളായ 'ലൂണാർ ക്ലബ്ബിൽ' ഇന്ത്യ സ്ഥാനം പിടിക്കും. 'ചന്ദ്രയാനി'ന്റെ ആകെ ചെലവ് 386 കോടി രൂപയാണ്. ഡോ: ജി. മാധവൻനായർ നേതൃത്വം നൽകിയ ചന്ദ്രയാൻ പദ്ധതിയുടെ അമരത്ത് എം.അണ്ണാ ദുരൈ, ജോർജ് കോശി, എം. ചന്ദ്രദത്തൻ, കെ. രാധാകൃഷ്ണൻ എന്നിവരാണ്.

മാനവരാശിയുടെ ഊർജപ്രതിസന്ധികളെ മുഴുവൻ തരണം ചെയ്യാൻ പ്രയോജനപ്പെടുന്ന ഹീലിയം മൂന്നിന്റെ ലഭ്യതയെക്കുറിച്ച് മനസ്സിലാക്കുക, ആ ഊർജം നമ്മുടെ രാഷ്ട്രത്തിന് എങ്ങനെ പ്രയോജനപ്പെടുത്താം എന്നിവയാണ് ദൗത്യത്തിന്റെ സുപ്രധാന ലക്ഷ്യങ്ങൾ. കൂടാതെ ചന്ദ്രനിലെ ജലം, രാസധാതുക്കൾ എന്നിവയെക്കുറിച്ചുള്ള അറിവ്, ചന്ദ്രോപരിതലത്തിന്റെ വ്യക്തമായ ഭൂപടം എന്നിവയും ഉൾപ്പെടുന്നു.

നൂറുകോടി ജനതയുടെ സ്വപ്നവും പേറി ചന്ദ്രയാൻ ഭ്രമണപഥങ്ങളോടൊപ്പം ശാസ്ത്രത്തിന്റെ നാഴികക്കല്ലുകളും പിന്നിടട്ടെ.




## ഹീലിയോസ് ഫിയർ ചുരുങ്ങുന്നു

സൂര്യകവചമായ ഹീലിയോസ്ഫിയരാണ് ഭൂമിയെ മാരകമായ സൂര്യരശ്മിയിൽ നിന്നും രക്ഷിക്കുന്നത് എന്ന വസ്തുതയ്ക്ക് ഏറെ പഴക്കമുണ്ട്. എന്നാൽ, ഹീലിയോസ്ഫിയർ ചുരുങ്ങുന്നതായി നാസായിലെ ഒരു സംഘം ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടുത്തം പുതിയതും നടുക്കമുണ്ടാക്കുന്നതുമാണ്. ഐബക്സ് എന്ന ഉപഗ്രഹം ഇതിനു വേണ്ടി വിക്ഷേപിച്ചാണ് നിരീക്ഷണം നടത്തിയത്. കഴിഞ്ഞ പത്തു വർഷത്തെ അപേക്ഷിച്ചു നോക്കുമ്പോൾ 25 ശതമാനം ദുർബലമായിരിക്കുന്നു ഹീലിയോസ്ഫിയർ. ഏതായാലും പാരിസ്ഥിതിക നിരീക്ഷകർക്ക് മകുടം ചാർത്താൻ മറ്റൊരു കാരണം കൂടി.

## നാനോ വേവ്സ്

കാൻസറും അതിന്റെ ചികിത്സാ രീതിയും ഇന്നും മനുഷ്യശരീരത്തിനും മനസിനും ആധിയും വ്യാധിയും വർദ്ധിപ്പിക്കുന്നു എന്നതു പകൽ പോലെ സത്യം. കാരണം കാൻസർ ചികിത്സയ്ക്കുപയോഗിക്കുന്ന കീമോ റേഡിയേഷൻ രീതികൾ രോഗമുള്ള കോശങ്ങളോടൊപ്പം രോഗമില്ലാത്ത കോശങ്ങളെയും വിവേചനരഹിതമായി നശിപ്പിക്കുന്നു. എന്നാൽ സാൻ ഡിയാഗോയിലെ കാലിഫോർണിയ സർവകലാശാലയിലെ മൈക്കൽ ജെ.സെയിലർ എന്ന കെമിസ്റ്റ് രൂപപ്പെടുത്തിയെടുത്ത നാനോവേവ്സ് ഇതിനൊരപവാദമാകുന്നു. അയൺ ഓക്സൈഡ് പാർട്ടിക്കിൾസിന്റെ നൂലുകളാണ് നാനോ വേവ്സ്. ഇവയ്ക്ക് കാൻസറായ ട്യൂമറുകളെ നശിപ്പിക്കാൻ കഴിയുമത്രെ.





## ഇന്റർനെറ്റ് മസ്തിഷ്ക ശേഷി ഉയർത്തും

ഇന്റർനെറ്റിനെ ജീവിതത്തിന്റെ ഭാഗമാക്കിയവർക്ക് പ്രോത്സാഹനവും ആത്മവിശ്വാസവും നൽകുന്ന ഒരു വാർത്ത. ഇന്റർനെറ്റ് ഉപയോഗം മസ്തിഷ്കശേഷിയെ ഉണർത്തുകയും ഉയർത്തുകയും ചെയ്യുമെന്നാണ് പഠന റിപ്പോർട്ട്. തീരുമാനങ്ങളെടുക്കാനും സങ്കീർണ്ണ അനുമാനങ്ങളിലെത്താനും സഹായിക്കുന്ന മസ്തിഷ്ക ഭാഗങ്ങളുടെ പ്രവർത്തനം ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ മെച്ചപ്പെടുന്നതായാണ് കണ്ടത്. പ്രായവുമായി ബന്ധപ്പെട്ട് മസ്തിഷ്കത്തിലെ സിരാകോശങ്ങളുടെ പ്രവർത്തനത്തിലുണ്ടാകുന്ന മന്ദത തടയാൻ ഇന്റർനെറ്റ് ഉപയോഗം സഹായിച്ചേക്കുമെന്നാണ് പുതിയ പഠനം പറയുന്നത്. വായിക്കുമ്പോൾ സംഭവിക്കുന്നതിനേക്കാൾ വ്യാപകമായി സിരാശൃംഖലാ പ്രവർത്തനം സെർച്ചിങ് സമയത്ത് മസ്തിഷ്കത്തിലുണ്ടാകുന്നു. എന്നാൽ ഇന്റർനെറ്റ് ഉപയോഗിച്ച് പരിചയം ഉള്ളവരിലേ ഇത് സംഭവിക്കുന്നുള്ളൂ. കൂടുതൽ വിവരങ്ങൾ ലഭിക്കാൻ എവിടെ ക്ലിക് ചെയ്യണം തുടങ്ങിയ തന്ത്രങ്ങൾ സെർച്ചിങ് വേളയിൽ ആവശ്യമായി വരുന്നു. അതാണ് മസ്തിഷ്കത്തിന് ഉൻമേഷം നൽകുന്നത്.

# വിജ്ഞാനവീഥി

## ഊർജതന്ത്ര നോബെൽ പുരസ്കാരം

ഈ വർഷത്തെ ഊർജതന്ത്ര നോബെൽ പുരസ്കാരത്തിന് രണ്ടു ജപ്പാനീസ് ശാസ്ത്രജ്ഞരും ഒരു അമേരിക്കൻ ശാസ്ത്രജ്ഞനും പങ്കിട്ടു.



മകോട്ടോ മസ്കാവ നമ്പു

കണികാ ഭൗതികത്തിലെ (പാർട്ടിക്കിൾ ഫിസിക്സ്) കണ്ടെത്തലുകളാണ് ഇവരെ സമ്മാനാർഹരാക്കിയത്. സ്പൊണ്ടേനിയസ് ബ്രോക്കൺ സിമ്മെട്രി എന്ന പ്രതിഭാസം കണ്ടെത്തിയതിനാണ് അമേരിക്കൻ ശാസ്ത്രജ്ഞൻ യോയ്ചിറോ നമ്പുവിന് പുരസ്കാരം. ചിക്കാഗോ സർവകലാശാലയിലെ ഗവേഷകനാണ് ഇദ്ദേഹം.

സൂക്ഷ്മകണങ്ങളായ ക്വാർക്കുകളുടെ മൂന്നു ഗണങ്ങൾ നിലനിൽക്കുന്നതായുള്ള കണ്ടെത്തലിനാണ് ജാപ്പനീസ് ശാസ്ത്രജ്ഞരായ മകോട്ടോ കോബയാഷി, തോഷിഹിതെ മസ്കാവ എന്നിവർക്ക് സമ്മാനം ലഭ്യമായത്. ഇവരുടേത് സംയുക്ത ഗവേഷണമായിരുന്നു. സുകൂബയിലെ കെ. ഇ.കെ ലബോറട്ടറിയിലെ ഗവേഷകനാണ് കോബയാഷി. മസ്കാവ ക്യോട്ടോ സർവകലാശാലയിലെ ഗവേഷകനും.

## വൈദ്യശാസ്ത്ര നോബെൽ പുരസ്കാരം

എയ്ഡ്സിനും ഗർഭാശയ അർബുദത്തിനും കാരണമായ വൈറസുകൾ കണ്ടെത്തിയ മൂന്നു യൂറോപ്യൻ ശാസ്ത്രജ്ഞർക്ക് വൈദ്യശാസ്ത്രത്തിലുള്ള നോബെൽ പുരസ്കാരം ലഭിച്ചു.



സിനൗസി ലൂക് ഹോസൻ

എയ്ഡ്സ് വൈറസായ എച്ച്. ഐ. വി യെ കണ്ടെത്തിയതിനാണ് ഫ്രാൻസിലെ ഫ്രാൻകിസ് ബാരെ സിനൗസി, ലൂക് മൊണ്ടാഗ്നീർ എന്നീ ഗവേഷകർക്ക് ബഹുമതി ലഭിച്ചത്. ഗർഭാശയ അർബുദത്തിനിടയാക്കുന്നത് ഹ്യൂമൻ പാപ്പിലോമ വൈറസാണെന്ന കണ്ടെത്തലാണ് ജർമ്മൻ ശാസ്ത്രജ്ഞനായ ഹരാൾഡ് സൂർ ഹോസന് സമ്മാനം നേടിക്കൊടുത്തത്. സമ്മാനത്തുകയായ 14.2 ലക്ഷം ഡോളർ ഇവർ തുല്യമായി പങ്കുവയ്ക്കും. പാരീസിലെ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞയാണ് അവാർഡിനർഹയായ ബാരെ സിനൗസി. മൊണ്ടാഗ്നീർ പാരീസിലെ വേൾഡ് ഫൗണ്ടേഷൻ ഫോർ എയ്ഡ്സ് റിസർച്ച് ഡയറക്ടറും. ഹിഡൻ ബർഗിലെ ജർമ്മൻ ക്യാൻസർ റിസർച്ച് സെന്ററിലെ എമരിറ്റസ് പ്രൊഫസറാണ് ഹോസൻ.

## രസതന്ത്ര നോബെൽ

ഇക്കൊല്ലത്തെ രസതന്ത്ര നോബെൽ പുരസ്കാരം രണ്ടു അമേരിക്കൻ ശാസ്ത്രജ്ഞരും ഒരു ജപ്പാൻ ഗവേഷകനും പങ്കിട്ടു.



ഒസാമു ചാൾഫീ സീയെൻ

ഒസാമു ഷിമോമുറ, മാർട്ടിൻ ചാൾഫീ, റോജർ സീയെൻ എന്നിവർക്കാണ് പുരസ്കാരം. അൾഷിമെഴ്സ്, അർബുദം തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്ന കോശങ്ങളെപ്പറ്റിയുള്ള പഠനത്തിൽ നിർണായക ഘടകമായ ഹരിത പ്രോട്ടീൻ (ജിഎഫ്പി) കണ്ടെത്തിയതിനും വികസിപ്പിച്ചതിനുമാണ് ഇവരെ പുരസ്കാരങ്ങൾ തേടിയെത്തിയത്.

## ഫ്രഞ്ച് നോവലിസ്റ്റ് ലെ ക്ലെസിയോയ്ക്ക് സാഹിത്യ നോബെൽ പുരസ്കാരം

ഈ വർഷത്തെ സാഹിത്യ നോബെൽ പുരസ്കാരത്തിന് ഫ്രഞ്ച് നോവലിസ്റ്റ് ഴാങ് മാരി ഗുസ്താവ് ലെ ക്ലെസിയോ അർഹനായി.



ഒട്ടേറെ വൈവിധ്യമുള്ള രചനകളാണ് ഇദ്ദേഹത്തിന്റേതെന്ന് നോബെൽ സമ്മാനങ്ങൾ നൽകുന്ന സ്വീഡിഷ് അക്കാദമിയുടെ പെർമനന്റ് സെക്രട്ടറി ഹൊറേസ് എങ്ദഹി പറഞ്ഞു. പുതിയ പുറപ്പാടുകളുടെയും കാവ്യാത്മക സഹനങ്ങളുടെയും ഇന്ദ്രീയാനന്ദങ്ങളുടെയും എഴുത്തുകാരനായി നോബെൽ സമ്മാന സമിതി അദ്ദേഹത്തെ വിശേഷിപ്പിച്ചു. ലെ പ്രൊസസ് വെർബൽ, ഡെസർട്ട്, ഒനിത്ഷാ, മോൺടോ, വാണ്ടറിങ് സ്റ്റാർ തുടങ്ങിയവ ലെ ക്ലെസിയോയുടെ ശ്രദ്ധേയ നോവലുകളാണ്.

## ധനശാസ്ത്രത്തിനുള്ള നോബെൽ



ഈ വർഷത്തെ ധനശാസ്ത്രത്തിനുള്ള നോബെൽ സമ്മാനത്തിന് പോൾ ക്രൂഗ്മാൻ അർഹനായി. സ്വതന്ത്ര വ്യാപാരത്തിന്റെയും ആഗോളീകരണത്തിന്റെയും അനന്തരഫലങ്ങളെക്കുറിച്ചും ലോകവ്യാപകമായ നഗരവത്കരണത്തിന് പിന്നിലെ ചാലകശക്തികളെപ്പറ്റിയുമുള്ള പുതിയ സിദ്ധാന്തം രൂപവത്കരിച്ചതാണ് ക്രൂഗ്മാന് പുരസ്കാരം നേടിക്കൊടുത്തത്.

## സമാധാന നോബെൽ



ഫിൻലൻഡിലെ മുൻ പ്രസിഡന്റും ശാന്തിയുടെയും അനുരഞ്ജനത്തിന്റെയും ദൂതനെന്നും ലോകം അംഗീകരിച്ച മാർട്ടി അഹ്തിസാരിക്ക് സമാധാന നോബെൽ പുരസ്കാരം ലഭിച്ചു. കൊസൊവയിലും ഇന്തോനേഷ്യയിലെ ആചെ പ്രവിശ്യയിലും നടത്തിയ സമാധാന ദൗത്യങ്ങളും നമീബിയയിലെ സ്വാതന്ത്ര സമ്പാദനത്തിനും നൽകിയ സഹായവുമാണ് അഹ്തിസാരിയുടെ സംഭാവനകളിൽ പ്രധാനം.

## റൈറ്റ് ലൈവ്ലിഹുഡ് പുരസ്കാരം



ബദൽ നോബെൽ സമ്മാനമെന്നറിയപ്പെടുന്ന റൈറ്റ് ലൈവ്ലിഹുഡ് പുരസ്കാരത്തിന് ഇന്ത്യൻ ദമ്പതിമാർ അർഹരായി. പ്രമുഖ ഗാന്ധിയന്മാരും ലാൻഡ് ഫോർ ദ ടില്ലേർസ് ഫ്രീഡം ( കൃഷിഭൂമി കൃഷിക്കാരന്) പ്രസ്ഥാനത്തിന്റെ നേതാക്കളുമായ കൃഷ്ണമ്മാളും ശങ്കര ലിംഗം ജഗനാഥനുമാണ് ഈ ഉന്നത പുരസ്കാരത്തിന് അർഹരായത്. ഒരു കോടി 35 ലക്ഷത്തോളം രൂപയാണ് സമ്മാനത്തുക. ഗാന്ധിയൻ സ്വപ്നങ്ങൾ പ്രയോഗവത്കരിക്കാനും നാടിന്റെ സുസ്ഥിര വികസനത്തിനും വേണ്ടി സമർപ്പിത ജീവിതം നയിക്കുന്ന കൃഷ്ണമ്മാളും ശങ്കര ലിംഗവും തമിഴ്നാട്ടിലെ നാഗപട്ടണത്താണ് പ്രവർത്തിക്കുന്നത്. ഇന്ത്യയുടെ ആത്മാവ് എന്നാണ് ഈ ദമ്പതിമാരെ ലൈവ്ലിഹുഡ് പുരസ്കാര നിർണയ അധികൃതർ വിശേഷിപ്പിച്ചത്. .

## വള്ളത്തോൾ പുരസ്കാരം പുതുശ്ശേരി രാമചന്ദ്രന്



ഈ വർഷത്തെ വള്ളത്തോൾ സമ്മാനം കവിയും ഭാഷാശാസ്ത്രജ്ഞനും ചരിത്ര ഗവേഷകനുമായ ഡോ. പുതുശ്ശേരി രാമചന്ദ്രനു ലഭിച്ചു. ആറ് ദശാബ്ദക്കാലമായി മലയാള കാവ്യശാഖയ്ക്ക് അമൂല്യസംഭാവനകൾ നൽകി വരുന്ന പുതുശ്ശേരി രാമചന്ദ്രന്റെ ശബ്ദം തനതായ വ്യക്തിത്വവും ഗാംഭീര്യവും കൊണ്ട് ശ്രദ്ധേയമാണെന്ന് അവാർഡ് നിർണയ സമിതി വിലയിരുത്തി.

## അരവിന്ദ് അഡിഗയ്ക്ക് ബുക്കർ സമ്മാനം

ഇന്ത്യയിലെ ദരിദ്ര ഗ്രാമത്തിൽ നിന്നും വ്യവസായ ലോകത്തിന്റെ ഉന്നതികളിലെത്തിയ ആളുടെ കഥ പറയുന്ന ചെന്നൈക്കാരൻ അരവിന്ദ് അഡിഗയുടെ ദി വൈറ്റ് ടൈഗറിന് ഇത്തവണത്തെ മാൻ ബുക്കർ സമ്മാനം. ബ്രിട്ടനിലെ ഈ ഉന്നത പുരസ്കാരം ഇന്ത്യയിൽ എത്തുന്നത് ഇത് അഞ്ചാം തവണയാണ്. ഏകദേശം 42 ലക്ഷം രൂപയും ഫലകവുമാണ് സമ്മാനമായി ലഭിച്ചത്. അരവിന്ദിന്റെ വൈറ്റ് ടൈഗർ ഒരേസമയം ഞെട്ടിക്കുന്നതും ആസ്വാദ്യകരവുമാണെന്നാണ് വിധികർത്താക്കൾ വിലയിരുത്തിയിരിക്കുന്നത്. ഇന്ത്യയിൽ ഈയിടെ ഉണ്ടായ സാമ്പത്തിക അഭിവൃദ്ധിക്കിടയിൽ മുഖമില്ലാതെ പാവപ്പെട്ടവനായിത്തന്നെ നിലനിൽക്കുന്ന പൗരന്റെ കഥയാണ് ദി വൈറ്റ് ടൈഗർ പറയുന്നത്. ആദ്യ നോവലിനു തന്നെ ബുക്കർ സമ്മാനം ലഭിക്കുന്ന മൂന്നാമത്തെ എഴുത്തുകാരനാണ് അരവിന്ദ് അഡിഗ.

